


കാഞ്ചിയാർ ഗ്രാമപഞ്ചായത്ത്

ജനകീയാസൂത്രണം

വികസന റിപ്പോർട്ട്

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ലക്ഷ്യങ്ങൾ

- സംസ്ഥാന പദ്ധതിയുടെ 40% വരുന്ന സ്കീമുകളും നിർണ്ണയിക്കുന്നതിൽ പരമാവധി ജനങ്ങളെ പങ്കാളികളാക്കുക.
- കൃഷി, മൃഗസംരക്ഷണം തുടങ്ങി പ്രാദേശികാസൂത്രണത്തിന് അതിയായ പ്രാധാന്യമുള്ള മേഖലകളിൽ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുകയും വിവിധ സേവനങ്ങളുടെ നിലവാരം വർദ്ധിപ്പിക്കുകയും ചെയ്യുന്നതിൽ സമൂഹപങ്കാളിത്തമുണ്ടാവുക.
- പഞ്ചായത്തുകളുടേയും മുനിസിപ്പാലിറ്റികളുടേയും ആസൂത്രണ ശേഷി വർദ്ധിപ്പിക്കുക. ഇതുവഴി 74-ാം ഭരണഘടനാ ഭേദഗതി വിഭാവനം ചെയ്ത ജില്ലാ ആസൂത്രണസംവിധാനത്തെ ഏറ്റവും കാര്യക്ഷമമാക്കുക.
- ഗ്രാമ-നഗര പ്രദേശങ്ങളിലുള്ള ഐദഗ്ധ്യം പരമാവധി പ്രയോജനപ്പെടുത്തുക.
- ആസൂത്രണത്തിന്റെ രീതി സമ്പ്രദായം കൂടുതൽ ജനകീയമാക്കുക
- സ്വന്തം നാടിന്റെ പ്രശ്നങ്ങളും സ്വയം തിരിച്ചറിയുന്നതിനും അതിനുള്ള പരിഹാരമാർഗങ്ങളും സ്വയം നിർണ്ണയിക്കുന്നതിനുമുള്ള അറിവും കഴിവും സാമാന്യ ജനങ്ങൾക്കുണ്ടെന്ന ബോധം അവരിലുണ്ടാക്കുക വഴി ജനങ്ങളെ സ്വയം ശക്തരാക്കുവാൻ സഹായിക്കുക.
- കേരള സമ്പദ്വ്യവസ്ഥ നേരിടുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിനുള്ള ഒരു ഘടകമെന്ന നിലയിൽ വികേന്ദ്രീകരണം പ്രായോഗികമാക്കുക.

63-4




ജനകീയാസൂത്രണം


വികസന റിപ്പോർട്ട്




കാഞ്ഞിയാർ ഗ്രാമ പഞ്ചായത്ത്

കേരളം





ഇടുക്കി ജില്ല



കാഞ്ചിയാർ ഗ്രാമപഞ്ചായത്ത്

എഡിറ്റർ



കാഞ്ചിയാർ രാജൻ

എഡിറ്റോറിയൽ ബോർഡ്

ജേക്കബ് വടക്കൻ
ജോർജ് ജോസഫ് മാമ്പറ
ബെന്നി പയ്യംപള്ളിൽ
ആർ. രഘുനാഥ് കുന്നേൽ
ജോസഫ് ഈയോപറമ്പിൽ
അഗസ്റ്റ്യൻ മാത്യു കണ്ടത്തിൽ
ടി.കെ. രാമചന്ദ്രൻ
ബെന്നി തെക്കേൽ

ഡ്രാഫ്റ്റിംഗ് കമ്മിറ്റി

റോയി ജോൺ മാന്ത്രക്കുഴി
കെ. ആർ. സുകുമാരൻ കല്ലുവെട്ടത്ത്
എ.എം. ജോർജ് ഐപ്പൻപറമ്പിൽ
ഡെസ്മോൻ പുത്തൻപുരയ്ക്കൽ
ഇ.കെ. രാജൻ ഇന്തുങ്കൽ
പി.എസ്സ്. വിജയകുമാർ മുരിയ്ക്കാട്ടുകുടി
ജി. മണി മരുതുംചുവട്ടിൽ

ലേഔട്ട് :- ഉപാസന കട്ടപ്പന
ഡി.ടി.പി :- പ്രിന്റെക്, കാഞ്ഞിരപ്പള്ളി
അച്ചടി :- അക്ഷരാ പ്രിന്റേഴ്സ്, കട്ടപ്പന

വിഷയവിവരം

1 ആമുഖം
2 പഞ്ചായത്ത് പൊതുവിവരം
3 സാമൂഹിക സാംസ്ക്കാരിക ചരിത്രം
4 ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി, വനം
5 സാമൂഹിക സാമ്പത്തിക മേഖലകൾ
5 – 1 കൃഷിയും ജലസേചനവും
5 – 2 മൃഗസംരക്ഷണവും മത്സ്യബന്ധനവും
5 – 3 വ്യവസായം
5 – 4 വിദ്യാഭ്യാസം
5 – 5 കുടിവെള്ളവും പൊതുജനാരോഗ്യവും
5 – 6 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
5 – 7 പാർപ്പിടവും സാമൂഹ്യക്ഷേമവും
5 – 8 സംസ്ക്കാരം
5 – 9 വനിത
5 – 10 സഹകരണം
5 – 11 പട്ടികജാതി പട്ടികവർഗ്ഗക്ഷേമം
5 – 12 വിഭവസമാഹരണം
5 – 13 ടൂറിസം
5 – 14 പരിസ്ഥിതി
6 ഉപസംഹാരം
7 വികസനരേഖയ്ക്കു പിന്നിൽ

ആമുഖം

നമ്മുടെ രാഷ്ട്രപിതാവിന്റെ ഗ്രാമസ്വരാജ് എന്ന സങ്കല്പം പ്രായോഗിക തലത്തിൽ എത്തിക്കുവാനുള്ള അവസരം നമുക്ക് ലഭിച്ചിരിക്കുകയാണല്ലോ. 73–74 ഭരണഘടനാഭേദഗതിയാണ് ഇതിനുവഴിതെളിക്കുന്നതിന് നമ്മെ സഹായിച്ചിട്ടുള്ളത്,

9–ാം പദ്ധതിയുടെ അടങ്കലിന്റെ നാല്പതു ശതമാനം തുകയ്ക്ക വരുന്ന വികസന പരിപാടികൾ താഴെത്തട്ടിൽത്തന്നെ ജനപങ്കാളിത്തത്തോടെ രൂപപ്പെടുത്തുക എന്നതാണ് ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ ലക്ഷ്യം. ഇപ്രകാരം ജനപങ്കാളിത്തത്തോടെ സ്കീമുകൾ തയ്യാറാക്കാൻ കഴിഞ്ഞാൽ ജനങ്ങളുടെ ആശയഭിലാഷങ്ങളോട് കൂടുതൽ അടുത്ത് നില്ക്കുന്നതും. അതുകൊണ്ടുതന്നെ ഫലപ്രദവുമായ പഞ്ചവത്സര പദ്ധതി രൂപപ്പെടുത്താനാവും. അതിലൂടെ വികസനപ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം വർദ്ധിപ്പിക്കാനാവും. എന്നതാണ് ഏറ്റവും വലിയ പ്രത്യേകത.

ഈ ലക്ഷ്യപ്രാപ്തിക്കുവേണ്ടി 10–9–96 മുതൽ കഴിഞ്ഞ രണ്ടര മാസക്കാലമായി നാം കഠിനമായി യത്നിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായി ഒന്നാംഘട്ട പ്രവർത്തനങ്ങളുടെ ലക്ഷ്യമായിരുന്ന ഗ്രാമസഭകൾ നാം വിജയകരമായി ചേരുകയുണ്ടായി. രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ ഉല്പന്നമായ വികസന സെമിനാറിൽ അവതരിപ്പിക്കേണ്ട വികസനറിപ്പോർട്ടും പൂർത്തിയായിരിക്കുന്നു.

ഒന്നാംഘട്ട പരിശീലനപരിപാടികൾക്കുശേഷം 19–9–96–ൽ കാഞ്ഞിയാർ പഞ്ചായത്തിലാണ് ജനകീയ ആസൂത്രണപരിപാടികളുടെ പഞ്ചായത്തുതല ഉദ്ഘാടനം നടന്നത്. ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. ജെക്കബ് വടക്കനേറ അദ്ധ്യക്ഷതയിൽ ചേർന്ന .യോഗത്തിൽ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് അഡ്വ. മേരി സിറിയക് ഭദ്രദീപം കൊളുത്തിയാണ് ഉദ്ഘാടനകർമ്മം നിർവ്വഹിച്ചിരുന്നത്. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. ജോർജ് ജോസഫ് പടവൻ, കെ.ആർ.പി. ശ്രീ. പി.ഒ. ജെക്കബ് എന്നിവരും വിവിധ രാഷ്ട്രീയ നേതാക്കന്മാരും പങ്കെടുത്തു.

തുടർന്ന് എൽ.ആർ.പി.മാരുടെ ട്രെയിനിംഗ്, വിശേഷാൽ ഗ്രാമസഭകൾ ഡി.ആർ.പി. യോഗങ്ങൾ, വനിതാ സംഗമം, പുനരർപ്പണദിനം. രണ്ടാംഘട്ട പരിശീലനം, വികസനജ്യോതി, കാരണവസംഗമം തുടങ്ങി വിവിധ ഘട്ടങ്ങൾ പിന്നിട്ടു കഴിഞ്ഞിരിക്കുന്നു.

ഓരോ ഘട്ടത്തിലെയും പ്രവർത്തനങ്ങളിൽ നൂറുകണക്കിനാളുകളുടെ സഹായസഹകരണവും കഠിനാധ്വാനവും നിസ്വാർത്ഥ സേവനവും നമുക്ക് ലഭിച്ചിട്ടുണ്ട്.

വിശേഷാൽ ഗ്രാമസഭകൾ സംബന്ധിച്ച വിശദവിവരങ്ങളും ആസൂത്രണ പ്രസ്ഥാനത്തിന്റെ വിവിധ ഘട്ടങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ട്.

കാഞ്ഞിയാർ ഗ്രാമപഞ്ചായത്തിലെ സംഘർഷരഹിതമായ രാഷ്ട്രീയ പശ്ചാത്തലത്തിന്റെയും സന്നദ്ധ സേവനതൃഷ്ണയുടെയും അടിത്തറയിൽ നിന്നുകൊണ്ട് എല്ലാവിഭാഗം ജനങ്ങളുടെയും സഹായ സഹകരണത്തോടെ ഭാവിയിൽ രൂപപ്പെടുവാൻ പോകുന്ന അയൽക്കൂട്ട സംരംഭങ്ങളെ ഫലപ്രദമായി വിനിയോഗിച്ച് ജനകീയ ആസൂത്രണവും ഇതിന്റെ നിർവ്വഹണവും യാഥാർത്ഥ്യമാക്കാൻ നമുക്കൊറ്റക്കെട്ടായി മുന്നേറാം.


അങ്ങനെ നമ്മുടെ നാടെ എങ്ങനെയായിരിക്കണമെന്ന് നമ്മുടെ സ്വപ്നങ്ങളെങ്ങനെയായിരിക്കണമെന്നും. നമുക്ക് നിശ്ചയിക്കാം.

വെറും കാഴ്ചക്കാരായി നോക്കി നില്ക്കാതെ ഈ മഹായജ്ഞത്തിൽ നമുക്കും പങ്കാളികളാകാം.


കാഞ്ഞിയാർ ഗ്രാമപഞ്ചായത്ത് ഭരണസമിതി



വി.ആർ. ശശി
(വൈ. പ്രസിഡണ്ട്)



ജേക്കബ് വടക്കൻ
(പ്രസിഡണ്ട്)




വത്സമ്മ ബേബി
(സ്റ്റാ: ക: ചെയർപേഴ്സൺ)




പി.റ്റി. ഏലിയാമ്മ
(സെക്രട്ടറി)

മെമ്പറന്മാർ




എം.ആർ. കൃഷ്ണൻ
(വാർഡ് 1)



ജോയി കുട്ടൻ
(വാർഡ് 3)




ലാലി ജോസഫ്
(വാർഡ് 4)



റ്റി.കെ. മധുസൂദനൻ
(വാർഡ് 5)



സെലിൻ തോമസ്
(വാർഡ് 6)



എം.എൽ. ആഗസ്തി
(വാർഡ് 7)



കുമാരിശേഖരൻ
(വാർഡ് 9)

ഗ്രാമപഞ്ചായത്ത് സ്റ്റാഫ്

പിറ്റി. ഏലിയാമ്മ (സെക്രട്ടറി)
കെജി. രവീന്ദ്രൻനായർ (ജൂ: സൂപ്രണ്ട്)
പി.ഡി. ദേവസ്യ (യൂഡി ക്ലർക്ക്)
എം.കെ. പൗലോസ് (യൂഡി ക്ലർക്ക്)
വി.കെ. രാഘവൻ) (യൂഡി ക്ലർക്ക്)
കെ.എം. സാമുവൽ (എൽ.ഡി. ക്ലർക്ക്)
വിനു മാത്യൂസ് (എൽ.ഡി. ക്ലർക്ക്)
വി.റ്റി. ഷൈലജ (എൽ.ഡി. ക്ലർക്ക്)
പി.വി ഓമന (പ്യൂൺ)
ആലീസ് ജോൺ (ഫുൾടൈം സ്വീപ്പർ)
റ്റി.കെ. ഗോപാലൻ (പൗണ്ട് കീപ്പർ)

ജനകീയാസൂത്രണ പ്രസ്ഥാനം
വിവിധ ഘട്ടങ്ങൾ

1	10–9–96 മുതൽ 12–9–96	:	ഒന്നാം ഘട്ട ഡി.ആർ.പി. പരശീലനം
2	15–9–96	:	പഞ്ചായത്തു തല ഉൽഘാടനം
3	19–9–96	:	വികസന വിളംബരറാലി
4	20–9–96	:	ഒന്നാം ഘട്ട എൽ.ആർ.പി. പരിശീലനം
5	21–9–96 മുതൽ 2–10–96	:	വിശേഷാൽ ഗ്രാമസഭകൾ
6	17–10–96	:	പഞ്ചായത്തു മെമ്പറുന്മാരുടെയും ഡി.ആർ.പിമാരുടെയും യോഗം
7	18–10–96	:	എൽ.ആർ.പി.ഡി.ആർ.പി. യുടെ സംയുക്ത യോഗം
8	20–10–96	:	വനിതാ സംഗമം
9	28–10–96മുതൽ 30–10–96	:	രണ്ടാം ഘട്ട ഡി.ആർ.പി. പരിശീലനം
10	1–11–96	:	പുനരർപ്പണദിനം, പഞ്ചായത്തു തലത്തിൽ ആശുപത്രി ജനറൽ വാർഡിനു തുടക്കം കുറിച്ചു വാർഡുകളിൽ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്കു തുടക്കം കുറിച്ചു.
11	6–11–9 രാവിലെ	:	ഉദ്യോഗസ്ഥ യോഗം
12	6–11–96 ഉച്ച	:	കാരണവസംഗമം
13	8–11–96	:	പഠനപര്യടനം വികസന വിളംബര ജ്യോതി
14	9–11–96	:	രണ്ടാം ഘട്ട എൽ.ആർ.പി. പരിശീലന ക്യാമ്പ്
15	10–11–96	:	പഠന പര്യടനം
16	22–10–96 മുതൽ 9–11–96	:	ദ്വിതീയ വിവര ശേഖരണം
17	10–11–96 മുതൽ 18–11–96	:	റിപ്പോർട്ട് തയ്യാറാക്കൽ
18	17–11–96	:	വികസന സെമിനാർ സ്വാഗത സംഘം

വിവിധ ഗ്രാമ സഭകൾ ചേർന്ന സ്ഥലവും പങ്കെടുത്തവരും

വാർഡ്	തീയതി	ഗ്രാമസഭകൂടിയ സ്ഥലം	പങ്കെടുത്ത പുരുഷന്മാർ	പങ്കെടുത്ത സ്ത്രീകൾ	മൊത്തം പങ്കെടുത്തവർ
1	21-9-96	T.H.S മുരിയ്ക്കാട്ടു കുടി	156	62	218
2.	21-9-96	S.M.U.P.S. കാഞ്ചിയാർ	90	46	136
3	21-9-96	TLPS കാഞ്ചിയർ	168	63	231
4	22-9-96	S.M.L.P.S കാഞ്ചിയാർ	74	13	87
5	22-9-96	A.M.U.P.S കൽത്തൊട്ടി	151	26	177
6.	22-9-96	നന്ദഗോപാൽ എസ്റ്റേറ്റ്	120	44	164
7	29-9-96	A.M.U.P.S കൽത്തൊട്ടി	126	2	128
8	29-9-96	S.M.U.P.S കാഞ്ചിയാർ	97	18	115
9	2-10-96	T.H.S. മുരിയ്ക്കാട്ടുകുടി	158	62	220
10	1-10-96	T.L.P.S. കോഴിമല	210	112	322
		ആകെ	1350	448	1798

൨

പഞ്ചായത്ത് പൊതുവിവരണം

പഞ്ചായത്തിന്റെ പേര്	:	കാഞ്ഞിയാർ ഗ്രാമപഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജുകൾ	:	അയ്യപ്പൻകോവിൽ
ബ്ലോക്ക് പഞ്ചായത്ത്	:	കട്ടപ്പന
താലൂക്ക്	:	ഉടുമ്പൻചോല
അസംബ്ലി മണ്ഡലം	:	ഉടുമ്പൻചോല
വിസ്തീർണ്ണം	:	64.65 ച.കി..മീ.

അതിരുകൾ

വടക്ക്	:	കട്ടപ്പന, കാമാക്ഷി പഞ്ചായത്ത്
കിഴക്ക്	:	കട്ടപ്പന
തെക്ക്	:	അയ്യപ്പൻകോവിൽ പഞ്ചായത്ത്
പടിഞ്ഞാറ്	:	പെരിയാർ

ജനസംഖ്യ	:	21096
പുരുഷന്മാർ	:	7739
സ്ത്രീകൾ	:	7601
കുട്ടികൾ	:	5756
ജനസാന്ദ്രത	:	326
വാർഡുകൾ	:	10
പ്രസിഡൻറിന്റെ പേര്	:	ജേക്കബ് വടക്കൻ
വൈസ് പ്രസിഡൻറിന്റെ പേര്	:	വി.ആർ. ശശി വരകുകാലായിൽ
സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ	:	വത്സമ്മ ബേബി

3 സാമൂഹിക സാംസ്ക്കാരിക ചരിത്രം

ഹൈറേഞ്ചിലെ പഴക്കം ചെന്ന കുടിയേറ്റ ഗ്രാമങ്ങളിലൊന്നാണ് കാഞ്ചിയാർ. നൂറ്റാണ്ടുകൾ പഴക്കമുള്ള ആദിവാസി ജീവിതവും കുടിയേറ്റ കർഷകരുടെ ഉദ്ദേശം അരനൂറ്റാണ്ടുകാലത്തെ ജീവിത സമരങ്ങളും കൂടിച്ചേർന്നതാണ് കാഞ്ചിയാറിന്റെ പ്രാദേശിക ചരിത്രം.

ആദിവാസി ചരിത്രം

കാഞ്ചിയാറ്റിലെ ആദിവാസികൾ മന്നാൻ സമുദായത്തിൽ പെട്ടവരാണ്. 'മന്നവർ' എന്ന പദത്തിൽ നിന്നാണത്രേ ഈ സമുദായ പേരിന്റെ ഉൽഭവം. പാണ്ഡ്യ ചോളരാജാക്കന്മാർ തമ്മിൽ നടന്ന യുദ്ധത്തിൽ പാണ്ഡ്യരാജനെ സഹായിച്ചതിന്റെ പേരിൽ പ്രത്യുപകാരമായി പാണ്ഡ്യരാജൻ 'വനാധിപതികൾ' എന്ന ശ്രേഷ്ഠ സ്ഥാനം നൽകി സമുദായത്തെ ആദരിക്കുകയും വനപരിപാലനം അവരെ ഏല്പിക്കുകയും ചെയ്തുവെന്നുമാണ് ഒരു ഐതിഹ്യം. ഭരണധികാരികൾക്കു വേണ്ടി വനവിഭവങ്ങൾ ശേഖരിക്കുവാൻ നിയോഗിക്കപ്പെട്ടവർ കാടും മേടും താണ്ടി തമിഴ്നാട്ടിൽ നിന്ന് ക്രമേണ കേരളത്തിന്റെ വനാന്തരങ്ങളിൽ എത്തപ്പെടുകയാണുണ്ടായതെന്നും പറയപ്പെടുന്നു.

ഇൻഡ്യയിൽ കേരളത്തിലും ത്രിപുരയിലും മാത്രമേ ആദിവാസികൾക്കു രാജാവുള്ളു എന്നാണ് പറയപ്പെടുന്നത്. കേരളത്തിലാണങ്കിൽ മന്നാൻ വിഭാഗത്തിൽ പെട്ടവർക്കു മാത്രവും, രാജാവും പ്രജകളും രാജഭരണവുമെല്ലാം ഇപ്പോഴും നിലനില്ക്കുന്നു. ഇപ്പോഴത്തെ രാജാവായ തേവൻരാജമന്നാൻ 15–ാംമത്തെ രാജാവാണത്രെ. മുൻഗാമിയായ നായൻരാജമന്നാൻ 1995 മാർച്ചുമാസം 4–ാം തീയതി ചരമമടഞ്ഞതിനെതുടർന്നാണ് മരുമക്കത്തായ വ്യവസ്ഥയനുസരിച്ച് തേവൻ രാജമന്നാന് രാജാധികാരം ലഭിച്ചത് രാജാവിന്റെ ആസ്ഥാനം പഞ്ചായത്തിലെ 10–ാം വാർഡിൽ പെടുന്ന 'കോവിൽമല' എന്ന കോഴിമലയിലാണ്. അതിനുമുമ്പ് പഞ്ചായത്തിലെ മൂന്നാം വാർഡിൽപെടുന്ന കുടിയിലായിരുന്നു.

ജില്ലയിലെ ദേവികുളം, കുമളി, തോപ്രാംകുടി, കഞ്ഞിക്കുഴി, കൊരങ്ങാട്ടി, ചിന്നപ്പാറ, ചെട്ടിമുടി, മുരിക്കാട്ടുകുടി തുടങ്ങിയ വിവിധ പ്രദേശങ്ങളിലായി ആധിവസിക്കുന്ന മന്നാൻ സമുദായത്തിന്റെയാകെ രാജാവാണ് തേവൻരാജമന്നാൻ.

ജീവിതരീതികളിലും ഭരണക്രമത്തിലുമെല്ലാം ഏറെ വ്യത്യസ്തത പുലർത്തുന്നവരാണ് മന്നാൻ സമുദായക്കാർ. തമിഴ് കലർന്ന ലിപികളില്ലാത്ത പ്രത്യേക ഭാഷയാണ് ഇവർ ഉപയോഗിക്കുന്നത്. ഒരു കുഞ്ഞുജനിക്കുമ്പോൾ തന്നെ അവനെ തങ്ങൾ കാലാകാലങ്ങളായി പാലിച്ചു പോരുന്ന ചിട്ടകളും നിയമങ്ങളും പഠിപ്പിച്ചുതുടങ്ങുമെന്ന് പ്രായമായിവർ പറയുന്നു. ഉടുമുണ്ടു മടക്കിക്കുത്തി നടക്കുക, ചെരുപ്പ് ഉപയോഗിക്കുക അസഭ്യം പറയുക തുടങ്ങിയ കാര്യങ്ങളൊക്കെ കുറ്റങ്ങളായി കണക്കാക്കും.

കല്ല്, തടി മുതലായ ഭാരിച്ച വസ്തുക്കൾ മുതുകിൽ കെട്ടിയിടുക, 'മുദ്രവടി' കൊണ്ട് അടിക്കുക, മുട്ടിന്മേൽ നിർത്തുക, ഏത്തമിടുവിക്കുക, മിണ്ടരുതെന്നു കല്പിക്കുക സമുദായ വിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്നവരുടെ പാത്രങ്ങൾ, ഉലക്ക, ഉരൽ, അരകല്ല് തുടങ്ങിയ ജംഗമ വസ്തുക്കൾ ജപ്തിചെയ്യുക, സമുദായത്തിൽ നിന്ന് പുറത്താക്കുക തുടങ്ങി ഒട്ടേറെ ശിക്ഷാവിധികളും നടപ്പാക്കിയിരുന്നു.

പ്രജകൾക്ക് നല്ല ഭരണം കാഴ്ച വയ്ക്കുന്നതിൽ രാജാവും കാവലാളുകളും പ്രത്യേകം ശ്രദ്ധ പതിപ്പിക്കുന്നു. കാര്യക്ഷമമായ ഭരണ നിർവ്വഹണത്തിനു വേണ്ടി ഉദ്യോഗസ്ഥവൃന്ദത്തെ പല തട്ടുകളായി തിരിച്ച് അധികാരമേല്പിച്ചിരിക്കുന്നു. നിത്യേന ആദിവാസി കുടിലുകൾ സന്ദർശിച്ച് വിശേഷങ്ങളും പ്രശ്നങ്ങളും അപ്പപ്പോൾ രാജാവിനെ അറിയിക്കുന്ന സംവിധാനങ്ങളുമുണ്ട്. ഭരണകാര്യങ്ങളിൽ രാജാവിനെ സഹായിക്കുവാൻ തണ്ടക്കാരൻ, തണ്ണിപ്പാത്ത, ഇളയവട്ടം, വലിയുളംതാര, ഉളംതാരി, കുടിയാനവർ, ചെറിയകുടിയാനവർ, വാരിക്കുടിയാനവർ തുടങ്ങിയ ഉദ്യോഗസ്ഥ പ്രമുഖരുമുണ്ട്. രാജാവും മന്ത്രിയും കഴിഞ്ഞാൻ ഏറെ അധികാരങ്ങളുള്ള രണ്ടു തട്ടുകളാണ് ആയിരം 'കുടിയാന്മാരുടേതും' 'കാണിക്കാരുടേതും'.

സമുദായത്തിലെ ഏതാനം കാരണവന്മാരുടെ സംഘമാണ് ആയിരം കുടിയാന്മാരുടേത്. കുടിയുലുണ്ടാകുന്ന വിഷമ പ്രശ്നങ്ങൾക്കൊക്കെ ആധികാരിക തീരുമാനമെടുക്കുന്നതിവരാണ്. പന്ത്രണ്ട് അംഗങ്ങളുള്ള യുവാക്കളുടെ സംഘമാണ് കാണിക്കാരുടേത്. ഭരണ നിർവ്വഹണത്തിന് രാജാവിനെ ഏറ്റവും അധികം സഹായിക്കുന്നത് ഇവരാണ്.

എല്ലാ പ്രഭാതങ്ങളിലും സമുദായത്തിലെ എല്ലാ

പുരുഷന്മാരും രാജാവിന്റെ സാന്നിദ്ധ്യത്തിൽ ഒന്നിച്ചു ചേരുകയും അന്ന് ചെയ്യേണ്ട ജോലികളേക്കുറിച്ച് തീരുമാനിക്കുകയും വേണമെന്നാണ് വെപ്പ്.

രാജഭരണം മരുമക്കത്തായ വ്യവസ്ഥിതിയിൽ അധിഷ്ഠിതമാണ്. രാജാവ് മരിക്കുമ്പോൾ സഹോദരീപുത്രനെ പ്രത്യേക ചടങ്ങുകൾ കഴിച്ച് രാജാവാക്കി വാഴിച്ചു കൊടുക്കുന്നു.

ഹിന്ദുമത വിശ്വാസികളാണ് മന്നാൻ സമുദായക്കാർ. ശ്രീ അയ്യപ്പൻ, ശ്രീ. പത്മനാഭസ്വാമി, മധുരമീനാക്ഷിയുടെ പ്രതിരൂപമായ കാഞ്ചിയാർ മുത്തി എന്നീ ദൈവങ്ങളാണ് ആരധാനാ മൂർത്തികൾ.

കുറുമ്പുല്ലാണ് (പഞ്ഞപ്പുല്ല്) ഇഷ്ടഭക്ഷണം. ഉപ്പോ, പഞ്ചസാരയോ പണ്ടുകാലത്ത് ഉപയോഗിച്ചിരുന്നില്ല. നെല്ല്, മരച്ചീനി, ചോളം എന്നിവയെല്ലാം ഇപ്പോഴും കൃഷി ചെയ്യുന്നു.

വിളവെടുപ്പുകാലമാണ് കാടിന്റെ മക്കളുടെ ഉത്സവകാലം. എല്ലാ വർഷവും പതിവായി വിളവെടുപ്പുത്സവം (ക്രാലാഉൗട്ട്) കൊണ്ടാടുന്നു. പല കുടിലുകളിൽ നിന്നായി എത്തിച്ചേരുന്ന നൂറുകണക്കിന് ആദിവാസികൾ രാജാവിന്റെ സാന്നിദ്ധ്യത്തിൽ ആഹ്ലാദതിമിർപ്പോടെ ഉത്സവം കൊണ്ടാടുന്നു. ഏറെ പ്രസിദ്ധമായ 'കൂത്ത്' (ആദിവാസി നൃത്തം) അരങ്ങേറുന്നത് ഈ ഉത്സവത്തിനാണ്. മുൻകൂർ ചിട്ടപ്പെടുത്താതെ ആണുങ്ങൾ ആൺപെൺ വേഷങ്ങൾ ധരിച്ചാണ് കൂത്തിനിറങ്ങുന്നത്.. പെണ്ണുങ്ങൾ കൂത്തിൽ പങ്കെടുക്കുകയില്ല. ചായങ്ങളും പച്ചിലകളും കൊണ്ടുള്ള അലങ്കാരങ്ങളും മുഖം മൂടിയും വേഷവിധാനങ്ങളാണ്. ചെണ്ട, മദ്ദളം തുടങ്ങിയ വാദ്യോപകരണങ്ങളുടെ അകമ്പടിയോടെ പുകഴ്ത്തു പാട്ടുകൾ പാടി താളത്തിനൊത്തു നൃത്തം വയ്ക്കുന്നു. കൂത്തിന് നാനാജാതി മതസ്ഥരും എത്തിച്ചേരുന്നു.

ഇന്ന് ആദിവാസി ജീവിതം ഏറെ സങ്കീർണ്ണമാണ്. വാച്ച്, റേഡിയോ തുടങ്ങിയ കൗതുകവസ്തുക്കളോടുള്ള ഭ്രമവും പുകയില മദ്യം തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ സ്വാധീനവും ഭൂമി അന്യാധീനപ്പെട്ടുപോകാൻ കാരണമായ പ്രധാന ഘടകങ്ങളാണ്. ബോധപൂർവ്വമായ ചൂഷങ്ങളുടെ കഥയുമുണ്ട്.

മദ്യവും മയക്കുമരുന്നുകളും വ്യാമോഹങ്ങളും മാത്രമല്ല രോഗങ്ങളും കുടിയേറ്റക്കാർ കൊണ്ടുവന്നതാണെന്ന് ആദിവാസികൾ വിശ്വസിക്കുന്നു. പഴയകാലത്ത് രോഗം വന്നാൽ രോഗിക്കുവേണ്ടി പ്രാർത്ഥിച്ച് നേർച്ചകാഴ്ചകൾ നടത്തി, കണിയിട്ട മന്ത്രത്തോടൊപ്പം പച്ചമരുന്നും കൊടുത്തു കഴിയുമ്പോൾ ഏതു രോഗവും പമ്പ കടക്കുമായിരുന്നുവത്രേ. ഇന്ന് ഭക്തിയില്ല, വിശ്വാസമില്ല. അതുകൊണ്ടു തന്നെ മരുന്നും മന്ത്രവും ഫലിക്കുന്നുമില്ല. ആശുപത്രിയിൽ പോകുകയെന്നത് ഇന്നും പഴയതലമുറയിൽ പെട്ടവർക്ക് ഉൾക്കൊള്ളാനാവാത്ത കാര്യമാണ്.

തനതായ ആചാരങ്ങളും വിശ്വാസങ്ങളിലും ക്രമേണ നഷ്ടപ്പെടുന്നു. പുതുമകളുടെ പുത്തൻ സാഹചര്യങ്ങൾ പൂർണ്ണമായി കരഗതമാകുന്നുമില്ല. രണ്ടിനുമിടയിൽ അതി സങ്കീർണ്ണമായ ഒരു ജീവിതാവസ്ഥയാണ് ഇന്ന് ആദിവാസികളെ ചൂഴ്ന്നു നില്ക്കുന്ന ജീവിത സാഹചര്യം അതുകൊണ്ടു തന്നെ പോയ കാലത്തിലെ ആ 'നല്ല ഇന്നലെ കളിലേക്ക്' മടങ്ങിപ്പോകാനാണ് ഓരോ ആദിവാസി മനസുകളും ഇന്നാഗ്രഹിക്കുന്നത്.

മന്നാൻ വിഭാഗം കഴിഞ്ഞാൽ പഞ്ചായത്തിലെ പ്രബലമായ ആദിവാസി വിഭാഗം ഊരാളിമാരുടേതാണ്. പഞ്ചായത്തിലെ പേഴുംകണ്ടം, കോടാലിപ്പാറ, കിഴക്കേമാട്ടുക്കട്ട എന്നിവിടങ്ങളിലായി താമസിക്കുന്നു. തീക്കോയി പ്രദേശത്തു നിന്നു കുടിയേറിയവരും കാലങ്ങളായി പഞ്ചായത്തിൽ താമസിക്കുന്നവരുമുണ്ട്. ഇവരിൽ ഹിന്ദു മത വിശ്വാസികളും ക്രിസ്തുമത വിശ്വാസികളുമുണ്ട്.

കുടിയേറ്റ ചരിത്രം

സാധാരണ കേരളീയ ഗ്രാമങ്ങളിൽ നിന്നെല്ലാം തികച്ചും വ്യത്യസ്തമാണ് കാഞ്ചിയാറിന്റെ ചരിത്രം പല പല പ്രദേശങ്ങളിൽ നിന്നായി ചേക്കേറിയ, പറിച്ചു നടപ്പെട്ട കുറെ ജീവിതങ്ങൾ തനതായ ഒരു സംസ്ക്കാരിക പാരമ്പര്യം ഇനിയും രൂപപ്പെട്ടു എന്നു പറയാനാവില്ല. അനുസ്മരിക്കുവാൻ ഒരു തുഞ്ചൻ പറമ്പോ തോന്നയ്ക്കലോ, രാഘവൻ പറമ്പോ നമുക്കില്ല. ഊറ്റം കൊള്ളുവാൻ ഐതിഹാസിക സംഭവവികാസങ്ങളും അധികമില്ല.

കുടിയേറ്റ കർഷകന്റെര കണ്ണുനീർ വീണ് നനഞ്ഞുകുതിർന്നതാണ് കറുത്തമണ്ണ്. ദേശീയ സമരങ്ങളുമായോ നവോത്ഥാന പ്രസ്ഥാനങ്ങളുമായോ ബന്ധപ്പെട്ട സമര ചരിത്രമൊന്നും കാഞ്ചിയാറിനില്ലെങ്കിലും ഐതിഹാസികമായ അമരാവതി സത്യാഗ്രഹവുമായി ബന്ധപ്പെട്ട ഒരു സമര പാരമ്പര്യം ഈ കൊച്ചു ഗ്രാമത്തിനുണ്ട്. ഒരു കാലത്ത് അസംഘടിതരായിരുന്ന ഏലത്തോട്ടം തൊഴിലാളികളെ സംഘടിപ്പിക്കുന്നു കാര്യത്തിലും പട്ടയത്തിനു വേണ്ടിയുള്ള പോരാട്ടത്തിലുമെല്ലാം പഞ്ചായത്ത് അതിന്റെറതായ പങ്ക് വഹിച്ചിട്ടുണ്ട്. നരിയമ്പാറ മലയിൽ നിന്ന് കോളേജ് മാറ്റി സ്ഥാപിക്കുന്നതിനു വേണ്ടി നടത്തിയ സമരത്തിലും ഈ പഞ്ചായത്ത് മുൻപന്തിയിലുണ്ടായിരുന്നു. സമരവുമായി ബന്ധപ്പെട്ട രക്തസാക്ഷിയായ കുന്നേൽ ദേവസ്യയെ നമുക്ക് വിസ്മരിക്കാനാവില്ല.

1937 കാലഘട്ടത്തിലാണ് കാഞ്ചിയാറിന്റെറ കുടിയേറ്റ ചരിത്രം ആരംഭിക്കുന്നതെന്നു പറയാം. ഏലം കൃഷിയുമായി ബന്ധപ്പെട്ട് ഏതാനും കുടുംബക്കാർ മലകയറി വരുന്നതോടെയാണ് അതിന്റെറ തുടക്കം. എട്ടിയിൽ, കളപ്പുര, പാലമറ്റം, മടുക്കാവിൽ, ഇരോലിയ്ക്കൽ, ചൂരപ്പൊയ്ക, കുറ്റിമുളച്ചിയിൽ തുടങ്ങിയ കുടുംബങ്ങൾ ഈ പട്ടികയിൽപെടും.

വന്യ മൃഗങ്ങളുടെ ആക്രമണങ്ങളിൽ നിന്നു രക്ഷനേടാൻ ഏറുമാടങ്ങളിലും വലിയ കിടങ്ങുകൾ തീർത്ത് അതിനു നടുവിൽ കുടിൽ കെട്ടിയുമാണ് ആദ്യകാലങ്ങളിൽ താമസിച്ചിരുന്നത്. നരിയമ്പാറയിലും കിടങ്ങുഭാഗത്തും ഇത്തരം കിടങ്ങുകൾ ഉണ്ടായിരുന്നു. നാലാം വാർഡിലെ കിടങ്ങുഭാഗം പേരുതന്നെ ഇതിൽനിന്നും രൂപപ്പെട്ടതാണ്.

രണ്ടാം ലോക മഹായുദ്ധത്തെ തുടർന്ന് ഭക്ഷ്യക്ഷാമം കൊടുമ്പിരികൊണ്ടപ്പോൾ ഭക്ഷ്യകമ്മി നികത്തുക എന്ന ലക്ഷ്യത്തോടെ സർക്കാർ ആവിഷ്ക്കരിച്ച 'ഗ്രോമോർഫുഡ്' പ്രോഗ്രാം പദ്ധതിയനുസരിച്ച് ഹൃസ്വകാല കൃഷിക്കായി കർഷകർക്ക് ഭൂമി വിതരണം ചെയ്യുകയും കുറേശ്ശേയായി കൃഷിക്കാർ ഇവിടേക്കു കടന്നു വരികയുമാണുണ്ടായത്. വെള്ളിലാംകണ്ടം പ്രദേശങ്ങളായിരുന്നു ആദ്യകാല താവളങ്ങൾ.

1949 കാലഘട്ടത്തിൽ ഈ പരിപാടി ദീർഘകാലാടിസ്ഥാനത്തിൽ ആക്കിയതോടെ കുടിയേറ്റം വ്യാപകമായി. സർക്കാർ തലത്തിൽ വ്യാപകമായി ഇക്കാലത്ത് പ്രചരിച്ചിരുന്ന ഒരു പരസ്യം തന്നെ. 'അദ്ധ്വാനിക്കാൻ തയ്യാറുള്ളവർ ഹൈറേഞ്ചിലേക്ക്' എന്നതായിരുന്നുവത്രെ.

ആദ്യകാലത്ത് ഏക്കറിന് 5 രൂപാ സർവ്വേ ചാർജ് വാങ്ങി കൃഷിക്കാർക്ക് പട്ടയം നൽകിയിരുന്നതായും പറയുന്നു. എന്നാൽ സർ. സി.പി. യുടെ ഭരണകാലത്ത് ഈ നടപടി നിർത്തി വച്ചുവത്രെ.

ഹൈറേഞ്ചിലെ കുടിയേറ്റം പ്രോത്സാഹിപ്പിച്ചത് സർക്കാർ തന്നെയാണെന്നും പട്ടയത്തിനു തടസ്സം നില്ക്കുന്ന വനനിയമത്തിലെ അർത്ഥശൂന്യത ഇതിൽ നിന്നു വ്യക്തമാവും.

ആദ്യകാലത്ത് ഏലപ്പാറയിൽ വരെയാണ് ബസ് എത്തിയിരുന്നത്. ഏലപ്പാറയിൽ നിന്ന് നടന്ന് ഉപ്പുതറയിൽ എത്തി അവിടെ ഒരു ദിവസം തങ്ങി അടുത്ത ദിവസമാണ് കാഞ്ഞിയാറ്റിൽ എത്തിയിരുന്നത്. കാട്ടുമൃഗങ്ങളും കാട്ടു രോഗങ്ങളും പൊതു ശത്രുക്കളായിരുന്നു. അതുകൊണ്ടു തന്നെ ജാതിയും മതവും മറന്ന്, ഉച്ചനീചത്വങ്ങൾ മറന്ന് ഒരുമിക്കേണ്ടിയിരുന്നു. ഒരു പാത്രത്തിലുണ്ടും ഒരു മാടത്തിലുറങ്ങിയും സൗഹൃദങ്ങൾ വളർത്തിയവർ സമൃദ്ധിയും പൊതു ശത്രുക്കളുടെ തിരോധാനവും ക്രമേണ ഈ നിലക്കു മാറ്റം വരുത്തിയെങ്കിലും പോയ കാലത്തിലെ ആ നല്ല വശങ്ങൾ ഇന്നും മനസ്സിൽ സൂക്ഷിക്കുന്നവർ നിരവധി. സംഘർഷരഹിതവും മതേതരവുമായ ഒരു സാമൂഹ്യഘടനയുടെ അടിസ്ഥാനവും ഒരു പക്ഷേ ഇതായിരിക്കണം. മലനാടിന്റെയാകെ ഒരു പ്രത്യേകതയാണല്ലോ ഇത്.

മലമ്പനിയെ ചെറുക്കുന്നതിന് വ്യാപകമായി ഉപയോഗിച്ചിരുന്ന 'കൊയ്നോ' ഗുളികയുടെ നടുക്കുന്ന ഓർമ്മകൾ മനസ്സിൽ സൂക്ഷിക്കുന്ന കൃഷിക്കാർ ഇന്നും നിരവധി. നെൽകൃഷിക്കു മാത്രമായിരുന്നു അനുമതി. കപ്പ കൃഷി ചെയ്തതിന് ക്രൂരമായി മർദ്ദനമേൽക്കേണ്ടി വന്ന കൃഷിക്കാരുമുണ്ട്.

വസൂരി രോഗം പടർന്നു പിടിച്ചതിനേതുടർന്ന് പരവേശം കൊണ്ട് നിരവധി ആദിവാസികൾ വെള്ളത്തിൽ ചാടി മരിച്ച നടക്കുന്ന ഒരു സംഭവവും ഈ ഗ്രാമത്തിനു പറയാനുണ്ട്. ഇല്ലായ്മകളുടെ കഥകൾ നിരവധിയാണ്. നാഴിയരി നാലായി വീതിച്ചതും, ഒരു ബീഡി പുകയെണ്ണി എട്ടും പത്തും പേർ കൂടിയിരുന്ന് വലിച്ചിട്ടുള്ള കഥകളും ധാരാളം.

വെൽഫയർ ബോർഡിന്റെ കീഴിൽ 1956 ജൂലൈ മാസം 16-ാം തീയതി പഞ്ചായത്തിലെ മൂന്നാം വാർഡിലുള്ള രാജ മന്നാൻ സെറ്റിൽമെൻറ് ലക്ഷ്യമാക്കി ആരംഭിച്ച ഏകാദ്ധ്യാപക വിദ്യാലയമാണ് ആദ്യത്തെ സ്ക്കൂൾ. 'ഗവ. പയൽസ്ക്കൂൾ കാഞ്ഞിയാർ' എന്നായിരുന്നു പേര്. എം. കെ. ഗോപിയായിരുന്നു അദ്ധ്യാപകൻ. തുരുത്തി മറ്റം വക കെട്ടിടത്തിലായിരുന്നു ഇതു പ്രവർത്തിച്ചിരുന്നത്. 1958ൽ ഇതിന്റെ പേര് ഗവ. ട്രൈബൽ സ്ക്കൂൾ എന്നാക്കി. കെ.കെ. മാധവനായിരുന്നു ഹെഡ്മാസ്റ്റർ. 1972, 73 കാലഘട്ടത്തിൽ 11 അദ്ധ്യാപകർ വരെ ഈ സ്ക്കൂളിൽ ഉണ്ടായിരുന്നു.

നാട്ടുകാരുടെ ശ്രമഫലമായി പഞ്ചായത്തിൽ ആരംഭിച്ച ആദ്യത്തെ സ്ക്കൂൾ നരിയമ്പാറ എം.എം. എൽ.പി. എസ്. ആണ്.

ഏറ്റവും പഴക്കമുള്ള ആരാധനാകേന്ദ്രം അയ്യപ്പൻകോവിൽ നിന്ന് മാറ്റി സ്ഥാപിച്ചതും ഇപ്പോൾ ഒന്നാം വാർഡിലെ തൊപ്പിപ്പാളയിൽ സ്ഥിതി ചെയ്യുന്നതുമായ ശ്രീ ധർമ്മ ശാസ്താ ക്ഷേത്രവും രണ്ടാം വാർഡിലെ പാലാക്കട ഭാഗത്തുള്ള മുത്തി അമ്പലവുമാണ്. ഈ ക്ഷേത്രങ്ങൾക്ക് നൂറ്റാണ്ടുകളുടെ പഴക്കമുണ്ടന്ന് പറയപ്പെടുന്നു. ആദ്യത്തെ ക്രിസ്ത്യൻ ദേവാലയങ്ങൾ ഷെഡുകളിൽ ആരംഭിച്ച കൽത്തൊട്ടി ഹോളിഫാമിലി ചർച്ചും കാഞ്ഞിയാർ സെ. മേരിസ് ചർച്ചുമാണ്. ആകെ ഒരു മുസ്ലീം ദേവാലയമുള്ളത് പേഴും കണ്ടത്തിലുള്ളതാണ്.

1958-ൽ കാഞ്ഞിയാർ പള്ളിക്കവല കേന്ദ്രീകരിച്ച് പ്രവർത്തനം ആരംഭിച്ച പി.എസ്.എസ്. ലൈബ്രറിയാണ് ആദ്യത്തെ അനൗപചാരിക വിദ്യാഭ്യാസ കേന്ദ്രം. 120 അംഗങ്ങളും 3000ത്തോളം പുസ്തകങ്ങളും ഗ്രന്ഥശാലാ സംഘത്തിന്റെ അംഗീകാരമുണ്ടായിരുന്ന, നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന ഈ സ്ഥാപനം ഇന്ന് നിലവിൽ ഇല്ല. ആദ്യകാല പ്രസിഡന്റ് ഇരുപ്പക്കാട്ട് ഇ.വി. തോമസും സെക്രട്ടറി പുളിമൂട്ടിൽ കുഞ്ഞേപ്പും ലൈബ്രേറിയൻ വാഴക്കാട്ട് കുഞ്ഞാഗസ്തിയുമായിരുന്നു.

1963 ലാണ് ബസ് സർവ്വീസ് ആരംഭിക്കുന്നത്. 13 പേരുടെ പെർമിറ്റോടെ ഏലപ്പാറ കട്ടപ്പന റൂട്ടിൽ ആരംഭിച്ച ജെ.എം.എസ്. ആദ്യത്തെ ബസ്.

1976 ഡിസംബർ 26-ാം തീയതിയാണ് പഞ്ചായത്തിൽ ആദ്യമായി വൈദ്യുതി എത്തുന്നത്. കാഞ്ഞിയാർ പള്ളി വികാരിയായിരുന്ന ഫാ. സെബാസ്റ്റ്യൻ വെള്ളാരം പറമ്പിലാണ് ഇതിന് നേതൃത്വം നൽകിയത്.

ആദ്യകാലത്ത് ചന്ത അയ്യപ്പൻകോവിലിൽ ആയിരുന്നു. പിന്നീട് കൊച്ചുമ്മാവൻ പ്രസിഡൻറായിരുന്ന കാലത്തും ഐഷാ വഹാബ് പ്രസഡൻറായിരുന്ന കാലത്തും കാഞ്ഞിയാർ പള്ളിക്കവലയിൽ ചന്ത ആരംഭിച്ചെങ്കിലും അധികകാലം തുടരുകയുണ്ടായില്ല.

ആദ്യത്തെ പോസ്റ്റാഫീസ് കക്കാട്ടുകടയിലാണ് പ്രവർത്തനം ആരംഭിച്ചത്. പിന്നീട് പള്ളിക്കവലയിലും അതിനുശേഷം പാലാക്കടയിലേക്കും മാറ്റി. ഇപ്പോൾ വീണ്ടും പള്ളിക്കവലയിൽ പ്രവർത്തിക്കുന്നു.

സഹകരണസംഘം

1961 ലാണ് സംഘം പ്രവർത്തനമാരംഭിച്ചത്. അംഗസംഖ്യ 8150 അഗീകൃത മൂലധനം 15 ലക്ഷം രൂപ പ്രഥമ പ്രസിഡൻറ് വി.കെ. നാരായണൻനായർ ആയിരുന്നു. ആദ്യത്തെ സെക്രട്ടറി കുഞ്ഞേപ്പ് പുളിമൂട്ടിൽ ആണ്.

കുടിയിറക്കിനെതിരെ

1961 മെയ്മാസം രണ്ടാം തീയതിയാണ് പാവങ്ങളുടെ പടത്തലവനായിരുന്ന എ.കെ. ജിയുടെ ഐതിഹാസികമായ അമരാവതി സത്യാഗ്രഹത്തിന് കാരണമായിത്തീർന്ന കുടിയൊഴിപ്പിക്കൽ നടന്നത്. അയ്യപ്പൻകോവിൽ കാഞ്ഞിയാർ പ്രദേശങ്ങളിൽ നിന്ന് 2000ത്തോളം കുടുംബങ്ങളേയാണ് അന്നു കുടിയിറക്കിയത്. ലോക ചരിത്രത്തിൽ കേട്ടു കേൾവി പോലുമില്ലാത്ത കേരളം കണ്ട ഏറ്റവും വലിയ കുടിയൊഴിപ്പിക്കലായിരുന്നു ഇത്. അത് തികച്ചും ക്രൂരവും ബീഭത്സവും മനുഷ്യത്വ രഹിതവുമായ നടപടിയായിരുന്നു. സൂചി കുത്താൻ പോലുമുള്ള സ്ഥലം നൽകാതെയാണ് ഇത് ചെയ്തത്. കുട്ടികളെന്നോ വൃദ്ധരെന്നോ, ഗർഭിണികളെന്നോ പോലും നോക്കിയായിരുന്നില്ല. കുടിലുകൾ തല്ലിപ്പൊളിച്ചു തീയിട്ടു. കൃഷിദേഹണ്ഡങ്ങളാകെ കാട്ടാനകളെപ്പോലെ ചവുട്ടി മെതിച്ചു. ആളുകളെ കൂട്ടത്തോടെ ട്രാൻസ്പോർട്ട് ബസുകളിൽ കയറ്റി അൻപതിലധികം കിലോമീറ്റർ ദൂരമുള്ള അമരാവതി കാടുകളിൽ ഇറക്കി വിട്ടു. ഒന്നോ, രണ്ടോ കുടുംബങ്ങൾക്കു മാത്രം താമസിക്കാവുന്ന ഷെഡുകളിൽ മൂപ്പതും, നാല്പതും കുടുംബങ്ങലെ കുടിയിരുത്തി ആഹാരവും മരുന്നുമില്ലാതെ വലയുകയും ചെയ്തു. മരം കോച്ചുന്ന തണുപ്പ്, ചീറിയടിക്കുന്ന കോടക്കാറ്റ്. നൂൽ വണ്ണത്തിൽ പെയ്യുന്ന മഴ. മുട്ടോളമെത്തുന്ന ചെളിക്കുണ്ടുകൾ

സമരവുമായി ബന്ധപ്പെട്ട് ഇപ്പോഴത്തെ സാംസ്ക്കാരിക മന്ത്രിയായിരുന്ന ശ്രീ. ടി.കെ. രാമകൃഷ്ണനും, ഫാ. വടക്കനും രേഖപ്പെടുത്തിയ ദൃക്സാക്ഷിവിവരണത്തിലെ ഏതാനും വരികൾ ചുവടെ ചേർക്കുന്നു.

ഫാദർ വടക്കൻ

"മരിക്കുമെന്നായപ്പോൾ എ.കെ.ജി. അറസ്റ്റു ചെയ്തു കോട്ടയം ആശുപത്രിയിലേക്കു കൊണ്ടു പോയിരിക്കുന്നു. മലയോരമാകെ ചെങ്കൊടികളാൽ നിറഞ്ഞിരിക്കുന്നു. ആയിരങ്ങളുടെ ഒരുഗ്രൻ പ്രകടനം നടക്കുകയാണ്. ഞങ്ങൾ ഒരു ഭാഗത്തേക്കു മാറി നിന്നു. അപ്പോഴതാ മുഷ്ടി ചുരുട്ടി മുദ്രാവാക്യം വിളിച്ചിരുന്ന ഒരു ചെറുപ്പക്കാരൻ എന്റെ പക്കലോട്ട് ഓടി വരുന്നു. നെഞ്ചത്ത് സ്വയം ഒരിടിയിടിച്ച് ഇടറിയ സ്വരത്തിൽ അലറിപ്പറഞ്ഞു 'വടക്കനച്ചോ, അച്ചൻ ഇവിടെ ഉണ്ടായിരുന്നെങ്കിൽ ഈ കുടിയിറക്കു' നടക്കില്ലായിരുന്നു. മീനച്ചിൽ താലൂക്കിലെ ഒരു വിരുദ്ധമുന്നണി പ്രവർത്തകനായിരുന്നു ആ യുവാവ്. അപ്പോഴേക്കും ജാഥയിലെ ആളുകൾ എന്നെ വളഞ്ഞു. ചട്ടയും ഞൊറിയുമുള്ള സ്ത്രീകളായിരുന്നു കൂടുതൽ. എല്ലാവരും കൂടി ഒരു കൂട്ടനിലവിളി 'അച്ചോ, അച്ചൻ ഞങ്ങളെ രക്ഷിക്കണം.' എന്റെ ഹൃദയം ഭ്രമിച്ചു. ഒരു കൊച്ചു കുട്ടിയെപ്പോലെ ഞാനും കരഞ്ഞുപോയി. കണ്ണീർ തുടച്ച് തൊണ്ടയിടറിപ്പറഞ്ഞു. 'ഞാൻ നിങ്ങൾക്കുവേണ്ടി മരിക്കും' എ.കെ.ജി..യും ഞാനും കമ്മ്യൂണിസ്റ്റുകളും ആൻറി കമ്മ്യൂണിസ്റ്റുകളും ഒറ്റക്കെട്ടായി നിന്ന് ഈ കുടിയിറക്കിനെ നേരിട്ടും ജന സഹസ്രം ജയാരവം മുഴക്കി ഒരു പുതിയ രക്ഷകനെ കണ്ടെത്തിയതു പോലെ ആ അമ്മ പെങ്ങന്മാർ നെടുവീർപ്പിട്ടു"

(എന്റെ കുതിപ്പും കിതപ്പും പേജ് 152)

ടി.കെ. രാമകൃഷ്ണൻ

"കമ്മിറ്റിയുടെ തീരുമാനത്തിനു ശേഷം ജൂൺ 4ന് നിരാഹാരമാരംഭിക്കേണ്ട സ്ഥലം തിട്ടപ്പെടുത്താനും മറ്റൊരുക്കങ്ങൾ സംഘടിപ്പിക്കാനും വേണ്ടി ഞങ്ങൾ സി.എച്ച്., കെ.ടി. ജേക്കബ്ബ്, സുശീല, ഞാൻ എന്നിവർ അമരാവതിയിലെത്തി. ഞങ്ങൾ കർഷകർ താമസിക്കുന്ന ക്യാമ്പുകളിൽ പോയി. ചെളി കെട്ടി നില്ക്കുന്ന ക്യാമ്പിലെ കാഴ്ച അതിദയനീയമായിരുന്നു. മരിക്കാൻ കിടക്കുന്ന ഒരു വൃദ്ധനു ചുറ്റും വട്ടമിട്ടു നില്ക്കുന്നവർ. മറ്റൊരിടത്ത് സ്ത്രീകളുടെ മാത്രമായ ഒരു കൂട്ടം കണ്ടു. ഞങ്ങൾ ആ ഭാഗത്തേക്കു മാറിയപ്പോൾ മറ്റുള്ളവർ ഞങ്ങളെ തടഞ്ഞു. ഒരു പ്രസവം നടക്കുകയായിരുന്നു അവിടെ. ഞാനും വിട്ടു നില്ക്കുന്ന മനുഷ്യരെയാണെങ്ങും കണ്ടത്".

(കർഷക സംഘം സുവർണ്ണജൂബിലി സൊവനീർ പേജ് 107)

പദ്ധതികൾക്കുവേണ്ടി ഒഴിപ്പിക്കുമ്പോൾ പട്ടയം ലഭിക്കാത്തവരാണെങ്കിലും അവർക്ക് പകരം ഭൂമിയും പുനരധിവാസ സാമ്പത്തിക സഹായവും നൽകിയിട്ടു മാത്രമെ ഒഴിപ്പിക്കാവൂ എന്ന, മലയോര കർഷകന്റെ 'മാഗ്നാ കാർട്ടാ' യെന്നു വിശേഷി

പ്പിക്കാവുന്ന ഒത്തു തീർപ്പു വ്യവസ്ഥകളോടെയാണ് ആ സമരം അവസാനിച്ചത്.

സമരത്തിനു വേണ്ടി കാഞ്ചിയാറ്റിലെ ജനങ്ങൾ ചോരയും കണ്ണീരും നൽകിയവരാണ്. അവരുടെ പേരുകൾ അനവധിയാണ്. ചില പ്രധാന പേരുകൾ മാത്രം ചുവടെ ചേർക്കുന്നു.

ശ്രീ. ജോസഫ് വടക്കൻ, സി. രാജപ്പണിക്കർ ഒണക്കപ്പാറ കുഞ്ഞുമോൻ, വട്ടമറ്റം കേശവൻ, എം.സി. ചാക്കോ, പി.എ. തോമസ്, വി.കെ. നാരായണൻനായർ, ജെ.സി. പെരുമന, പറക്കിരി ഔസേപ്പച്ചൻ, വി.പി. കുട്ടപ്പൻനായർ, വയലുങ്കൽ അച്ചൻ, ഫാ. ജെയിംസ് വെട്ടുകാട്ടിൽ.

തോട്ടം തൊഴിലാളി സമരം

ഹൈറേഞ്ചിലെ കുടിയേറ്റ കാലഘട്ടത്തിന് മുമ്പു തന്നെ തമിഴ്നാട്ടുകാരായ വൻകിട തോട്ടം ഉടമകൾ ഹൈറേഞ്ചിന്റെ മലമടക്കുകൾ ഏലം ഉൽപാദനത്തിന് അനുയോജ്യമെന്ന് കണ്ടെത്തി. ഏലത്തോട്ടങ്ങൾ അരംഭിച്ചിരുന്നു. ഈ മേഖലകളിൽ തമിഴ് നാട്ടിൽ നിന്നും ആയിരക്കണക്കിന് തൊഴിലാളികൾ പണിയെടുക്കുന്നതിനായി എത്തിച്ചേരുകയും ചെയ്തു. തോട്ടമുടമകൾക്ക് ആവശ്യമായ തൊഴിലാളികലെ എത്തിച്ചു കൊടുക്കുന്നതിന്റെ ഉത്തരവാദിത്വം തമിഴ്നാട്ടുകാരായ ഏതാനും കങ്കാണിമാർ ഏറ്റെടുക്കുകയും ജീവിത സമ്മർദ്ദങ്ങളിൽപ്പെട്ട ആയിരക്കണക്കിനാളുകൾ ഈ മലമടക്കുകളിലെത്തി തികച്ചും ദരിദ്രമായ ചുറ്റുപാടുകളിൽ കഴിഞ്ഞുപോരുകയും ചെയ്തു.

ഈ തൊഴിലാളികളുടെ അവസ്ഥ തീർത്തും ദയനീയമായിരുന്നു. തൊഴിലുടമകൾക്ക് ദൈവദത്തമായ അധികാരങ്ങൾ ഉള്ളവരാണെന്ന് ഈ പാവങ്ങൾ വിശ്വസിച്ചു പോന്നു. തിരുവായ്ക്ക് എതിർവായില്ല എന്ന ചൊല്ല് തികച്ചും അന്വർത്ഥമായിരുന്നു.

ജോലിയിൽ വീഴ്ച വരുത്തുക, അച്ചടക്ക ലംഘനം നടത്തുക എന്നിവ ഗുരുതരങ്ങളായ കുറ്റങ്ങളായി കണക്കാക്കി മുതലാളിയുടെ വക്താക്കൾ പരസ്യമായി അടി ശിക്ഷനല്കുകയും ജോലിയിൽ നിന്നും പറഞ്ഞയയ്ക്കുകയും സർവ്വസാധാരണമായിരുന്നു. രോഗം മൂലം മരണമടയുന്ന തൊഴിലാളികളെ ഇവിടെത്തന്നെ സംസ്ക്കരിക്കുകയാരുന്നു പതിവ്. ഉറ്റവരെയോ ഉടയവരെയോ അറിയിക്കാൻ പോലും കൂട്ടാക്കിയിരുന്നില്ല. തോട്ടങ്ങളുടെ നടത്തിപ്പിൽ വൈദഗ്ദ്ധ്യമേറിയ മാനേജ്മെന്റ് സംഘിധാനം നിലവിലിരുന്നു. എസ്റ്റേറ്റ് മാനേജ്മെന്റുകൾ സാമ്പത്തിക സാമൂഹ്യ രംഗങ്ങളിൽ പ്രത്ഭരും ഭരണാധികാരികളെ വരെ നിയന്ത്രിക്കുന്നതിൽ ശക്തരുമായിരുന്നു. ഈ ശക്തി സംവിധാനം തികഞ്ഞ അടിമത്തം തൊഴിലാളികളുടെ മേൽ അടിച്ചേൽപ്പിക്കുന്നതിന് ഇടയാക്കി. എസ്റ്റേറ്റുകളോടനുബന്ധിച്ചുള്ള ലയങ്ങളുടെ ചെറിയ മുറികളിൽ ഒരു കുടുംബം ഒന്നാകെ കഴിഞ്ഞുകൂടേണ്ടി വന്നിരുന്നു. പ്രാഥമിക സൗകര്യങ്ങൾ പോലും ഈ ലയങ്ങളിൽ ഏർപ്പാടാക്കായിരുന്നില്ല. ആദ്യകാലങ്ങളിൽ തൊഴിൽ സമയം രാവിലെ 6 മണി മുതൽ വൈകിട്ടു 6 മണിവരെ ആയിരുന്നു. ഞായറാഴ്ചകളിൽ ഒഴിവു നല്കിയിരുന്നു. ഇടയ്ക്കിടെ സംഘടിതമായി തൊഴിലാളികളെ തമിഴ്നാട്ടിലേക്ക് കൊണ്ടുപോവുകയും ഭക്ഷണവസ്തുക്കളുമായി സംഘങ്ങളായി തന്നെ തിരികെ എത്തിക്കാറുമുണ്ടായിരുന്നു.

ഈ പ്രദേശങ്ങളിൽ കുടിയേറ്റം ശക്തിപ്പെട്ടതോടെ വരുമാനത്തിനായ തദ്ദേശ്ശീയരായ നാട്ടുകാരും എസ്റ്റേറ്റുകളിലെത്തി ഇടയ്ക്കിടെ പണിയന്വേഷിക്കുകയും അധികരിച്ച പണികൾ ഇവരെക്കൊണ്ട് ചെയ്യിക്കുകയും ചെയ്തിരുന്നു. 'കൈക്കാശുകാർ' എന്ന പേരിൽ ഇവർ അറിയപ്പെട്ടിരുന്നു. കൈക്കാശുകാരുടെ തള്ളിക്കയറ്റത്തോടുകൂടി തമിഴ് തൊഴിലാളികളുടെ വരവിൽ കുറവനുഭവപ്പെട്ടു. തമിഴരും മലയാളികളും ഒന്നു ചേർന്ന് കൂലിപ്പണിയെടുത്തു വന്നെങ്കിലും അന്ന് മാനേജ്മെന്റെ ജീവനക്കാരിൽ മലയാളികളെ ഉൾക്കൊള്ളിച്ചിരുന്നില്ല. ഈ മേഖലയിൽ മലയാളികൾ എത്തിയതോടെ 12 മണിക്കൂർ ജോലി പ്രായോഗികമല്ലാതെ വരികയും തൊഴിലാളികൾക്ക് വീട്ടിലെത്തുന്നതിനു വേണ്ടി വൈകുന്നേരം 5.30ന് ജോലി അവസാനിപ്പിക്കുകയും ഘട്ടം ഘട്ടമായി ജോലി സമയം കുറഞ്ഞു വരികയും ചെയ്തു. മലയാളികളായ ആളുകൾ ജോലിയെടുത്തിരുന്നത് മലയാളികളായ ഏതാനും കങ്കാണിമാരുടെ കീഴിലായിരുന്നു. തൊഴിലാളികളുടെ കൂലിയിൽ നിന്നും ഒരു വിഹിതവും മുതലാളിമാരുടെ ഒരു വിഹിതവും ചേർത്ത് തൊഴിലാളികളുടെ എണ്ണത്തിനനുസരിച്ച് നല്ല തുക ലഭിച്ചിരുന്നു.

കൂലി കങ്കാണിമാർ നേരിട്ടു കൈപ്പറ്റുകയും ചെയ്തിരുന്നു. ചുരുക്കത്തിൽ തൊഴിലാളികളുടെ തൊഴിൽ നിലനില്പ് മുതലാളികളുടെ ഇഷ്ടാനുഷ്ടാനങ്ങളിൽനിന്നും വിരുദ്ധമായി കങ്കാണിമാരുടെ താല്പര്യങ്ങൾക്ക് അനുസൃതമായിരുന്നു ഈ സാഹചര്യത്തിൽ കങ്കാണിപ്പണി അവസാനിപ്പിക്കുക എന്നത് തൊഴിലാളികളുടെ ഒരാവിശ്യമായി മാറി.

ഈ കാലഘട്ടത്തിൽ മുൻ പീരുമേട് MLA K.I രാജൻ, K.S. കൃഷ്ണൻ, M.M. തങ്കവേലു എന്നിവരുടെ മുൻകൈയ്യോടെ പീരുമേട് തോട്ടം തൊഴിലാളി യൂണിയന്റെ (PTT യൂണിയൻ) പ്രാദേശിക ഘടകം സ്ഥാപിക്കുകയും നാട്ടുകാരുടെ സഹായത്തോടുകൂടി ഫ്രാൻസീസ് പേഴത്തുംമൂട്ടിലിന്റെ നേതൃത്വത്തിൽ തൊഴിലാളികൾ കങ്കാണിപ്പണിയ്ക്കതിരെയും, തൊഴിലാളികളുടെ നിയമാനുസൃത ആനുകൂല്യങ്ങൾക്കുവേണ്ടിയും സമരം ആരംഭിച്ചു. തുടക്കത്തിൽ ഏതാനും തൊഴിലാളികളുടെ മാത്രം പിന്തുണയോടെ ആരംഭിച്ച ഈ സമരം കൊടുങ്കാറ്റുപോലെ പടർന്നു പിടിച്ച് മുഴുവൻ എസ്റ്റേറ്റുകളുടെയും പ്രവർത്തനം സ്തംഭിപ്പിച്ചു. എസ്റ്റേറ്റുമുതലാളിമാരുടെ നേതൃത്വത്തിലുള്ള ചെറുത്തുനില്പ് സംഘങ്ങളെ പരാജയപ്പെടുത്തി തോട്ടം തൊഴിലാളി രംഗത്ത് വ്യവസ്ഥയും നിയമാനുസൃത പ്രവർത്തനങ്ങളും നടപ്പിലാക്കാൻ കഴിഞ്ഞു. പോലീസിന്റെയും ഗുണ്ടാകളുടെയും മർദ്ദനങ്ങൾ നിരവധിയവ

സരങ്ങളിൽ ഉണ്ടായെങ്കിലും അന്തിമ വിജയം തൊഴിലാളികൾക്കുതന്നെയായിരുന്നു.

ഈ തൊഴിൽസമരവുമായി ബന്ധപ്പെട്ട് നിരവധിയാളുകൾ ജയിൽ വാസവും അനുഭവിക്കുകയും കൊടിയമർദ്ദനങ്ങൾക്ക് വിധേയരാവുകയും ചെയ്തു. ഈ സമരം കാഞ്ഞിയാർ പഞ്ചായത്തിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ ജനകീയ സമരമായി കണക്കാക്കുന്നു.

ഈ സമരത്തെ തുടർന്ന് ജോലി സ്ഥിരത ഉറപ്പാക്കാൻ കഴിഞ്ഞ തൊഴിലാളികൾ കൂടുതൽ ൽ ആനുകൂല്യങ്ങൾക്കും അവകാശങ്ങൾക്കും വേണ്ടിയുള്ള നിരവധി സമരങ്ങൾക്ക് നേതൃത്വം നല്കുകയുണ്ടായി. മിക്ക തൊഴിൽ സമരങ്ങളും വിജയത്തിലെത്തി. എസ്റ്റേറ്റ് മേഖലകളിൽ തൊഴിലാളികൾ ചെരിപ്പ് ധരിച്ച് പണിയെടുക്കുന്നത് നിന്ദ്യമായി കണക്കാക്കപ്പെട്ടിരുന്നു. തികച്ചും അനാരോഗ്യ പരിതസ്ഥിതിയിൽ ഈ അവകാശം നേടിയെടുക്കാൻവേണ്ടി തൊഴിലാളികൾ നടത്തിയ സമരം വിജയിക്കുകയും എസ്റ്റേറ്റ് തൊഴിൽ രംഗത്തെ അനാശാസ്യ പ്രവണതകൾ പൊതുജന മദ്ധ്യത്തിൽ ചർച്ച ചെയ്യപ്പെടാൻ ഇടയാവുകയും ചെയ്തു.

സംഘടിത പോരാട്ടങ്ങളിലൂടെ ഒട്ടേറെ ആനുകൂല്യങ്ങൾ നേടിയെടുത്ത തോട്ടം തൊഴിലാളി മേഖല ഇന്ന് ചില വെല്ലുവിളികളെ നേരിടുകയാണ്. ഒരിക്കൽ നേടിയ നേട്ടങ്ങൾ നിലനിർത്താനാവാതെ വരുന്നു എന്നതുതന്നെയാണു പ്രധാനം. വിലയിടിവും മാരക രോഗങ്ങളും ഈ പ്രതിസന്ധിയെ മൂർച്ചിപ്പിക്കുന്ന ഘടകങ്ങളാണ്.

പഞ്ചായത്ത് രൂപീകരണം

ഉപ്പുതറ പഞ്ചായത്തിനു കീഴിലായിരുന്നു ആദ്യ കാലത്ത് കാഞ്ഞിയാർ ഗ്രാമം. അക്കാലത്ത് കാഞ്ഞിയാർ നിവാസിയായിരുന്ന ശ്രീ. ഇരുപ്പക്കാട്ട് E.V. തോമസ് ഉപ്പുതറയുടെ പ്രസിഡന്റായിരുന്നിട്ടുണ്ട്. പിന്നീട് ഉപ്പുതറ പഞ്ചായത്ത് മാറുന്നത് അയ്യപ്പൻകോവിൽ പഞ്ചായത്ത് രൂപീകരിക്കുകയും (1964) കാഞ്ഞിയാർ നിവാസിയായിരുന്ന ശ്രീ വരകപ്പള്ളിൽ വി.കെ. നാരായണൻനായർ പ്രസിഡന്റാകുകയും ചെയ്തു. 30-7-1977-ൽ അയ്യപ്പൻകോവിൽ പഞ്ചായത്ത് വിഭജിച്ചാണ് കാഞ്ഞിയാർ പഞ്ചായത്ത് രൂപികരിച്ചത്. ആദ്യത്തെ പ്രസിഡണ്ട് ശ്രീ. വി.കെ. നാരായണൻ നായർ വരകപ്പള്ളിയായിരുന്നു.

അംഗങ്ങൾ.

1 ജോസഫ് മാത്യു
2 സി.എം. ഹമീദ്റാവുത്തർ
3 വി.പി. കുട്ടപ്പൻ നായർ
4 എം.ഡി. ഉണ്ണി
5 ജോർജ് എ അമ്പാട്ട്
6 അന്നക്കുട്ടി മാത്യു
7 ദേവസ്സി ജോസഫ്

നീണ്ട കാലയളവിനുശേഷം 1979-ൽ നടന്ന ജനകീയ തെരഞ്ഞെടുപ്പിൽ സി.പി.ഐ. (എം) നേതൃത്വത്തിലുള്ള പൗരമുന്നണി അധികാരത്തിൽ വരികയും 5-ാം വാർഡിൽ നിന്നും വിജയിച്ച ശ്രീമതി ഐഷാ വിഹാബ് പ്രസിഡൻറ് ആവുകയും ചെയ്തു. മെമ്പർമാരുടെ പേരുകൾ ചുവടെ ചേർക്കുന്നു.

		വാർഡ്
1	വി.കെ. തങ്കപ്പൻ (വൈ. പ്രസിഡണ്ട്)	1
2	എം.വി. വർക്കി മുണ്ടപ്പിനാൽ	2
3	പി.ഒ. ഔസേഫ്	3
4	ഇ.റ്റി. വർക്കി ഇരുപ്പക്കാട്ട്	4
5	എം.റ്റി തോമസ്	6
6	ജോർജ് അമ്പാട്ട്	7
7	തോമസ് കുര്യൻ	8
8	ലീലാ രവീന്ദ്രൻ	9
9	ഐഷാ വഹാബ് (പ്രസിഡണ്ട്)	5

1988ൽ നടന്ന തെരഞ്ഞെടുപ്പിൽ യു.ഡി.എഫിനെ വിജയിപ്പിക്കുകയും ശ്രീ. ജോർജ് ജോസഫ് പടവൻ പ്രസിഡണ്ടായി 9 അംഗ ഭരണസമിതി 9-2-88-ൽ അധികാരത്തിൽ വരുകയും ചെയ്തു.

അംഗങ്ങൾ

	പേര്	വാർഡ്
1	ഗോപി ഉപ്പനാംകുഴി	1
2	രാജു എബ്രാഹം കൂട്ടുങ്കൽ	2
3	ശാന്തമ്മ ബാബു	3
4	ജോയി ഈഴുകുന്നേൽ	5
5	മാത്യു കക്കാട്ട് (വൈ. പ്രസിഡണ്ട്)	4
6	വെള്ളയപ്പൻ	6
7	ജോർജ് ജോസഫ് പടവൻ (പ്രസിഡണ്ട്)	4
8	അമ്മിണി ജോസഫ്	8
9	എം.ആർ. ബാബു	9
10	വി.പി. തങ്കപ്പൻ	10

1995-ലെ തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്. മുന്നണി അധികാരത്തിൽ വരികയും ശ്രീ. ജേക്കബ്ബ് വടക്കൻ പ്രസിഡണ്ടായുള്ള ഭരണസമിതി 2-10-95-ൽ അധികാരത്തിൽ വരികയും ചെയ്തു.

മെമ്പർമാർ

1	എം.ആർ. കൃഷ്ണൻ	1

2	വത്സമ്മ ബേബി		2
3	ജോയി കുട്ടൻ		3
4	ലാലി ജോസഫ്		4
5	മധുസൂദൻ നായർ	ടി.കെ.	5
6	സെലിൻ തോമസ്		6
7	എം.എൽ. ആഗസ്തി		7
8	ജേക്കബ്ബ് വടക്കൻ (പ്രസിഡണ്ട്)		8
9	കുമാരി ശേഖരൻ		9
10	വി. ആർ. ശശി (വൈ. പ്രസിഡണ്ട്)		10

ഇപ്പോഴുള്ള പഞ്ചായത്ത് കെട്ടിടം 9-11-91-ൽ തദ്ദേശ സ്വയംഭരണ മന്ത്രി ശ്രീ. സി.ടി. അഹമ്മദാലി ഉത്ഘാടനം ചെയ്തു. ഇ.എം. ആഗസ്തി എം.ൽ.എ. അദ്ധ്യക്ഷനായിരുന്നു. പീരുമേട് എം.എൽ.എ കെ.കെ. തോമസ്സ് സന്നിഹിതനായിരുന്നു. ഐഷാ വഹാബ് പ്രസിഡണ്ടായിരുന്ന കാലത്ത് എത്തിതുടങ്ങിയ ഈ കെട്ടിടത്തിന്റെ പണി തീർത്തത് ജോർജ് ജോസഫ് പടവന്റെ കാലത്താണ്. ഉടുമ്പൻചോല പള്ളി സംഭാവനചെയ്ത സ്ഥലത്താണ് ഈ കെട്ടിടം പണി തീർത്തത്.

ഇന്നലെകളുടെ ബാക്കി പത്രം

ജനസംഖ്യാവർദ്ധനവ് ഭൂമിയുടെ ഇടം കുറയ്ക്കുകയും ഒന്നാം ലോകമഹായുദ്ധത്തോടുകൂടി നാട്ടിലാകെ പട്ടിണിയും പരിവട്ടവും നടമാടുകയും ചെയ്ത സാഹചര്യത്തിൽ സർക്കാരിന്റെ ഒത്താശയോടുകൂടിയാണ് ഏറെ പ്രതീക്ഷയോടുകൂടി ഇടുക്കിയുടെ മലമടക്കുകളിൽ കുടിയേറ്റം ആരംഭിച്ചത്. അങ്ങനെ കൊടുംവനമായിരുന്ന ഇടുക്കിയുടെ സഹ്യസാനുക്കളിൽ ആദ്ധ്വാനത്തിന്റെ മുദ്ധ സംഗീതത്താൽ മുഖരിതമായി. മഞ്ഞും, മഴയും, മലങ്കാറ്റും മഹാമാരികളും അവരെ തളർത്തിയില്ല.

കഠിനാദ്ധ്വാനത്തിന്റെ ആദ്യഫലങ്ങൾതന്നെ കാട്ടുമൃഗങ്ങളുടെ കൂട്ടകൊയ്ത്തിൽ ചതഞ്ഞരഞ്ഞതും, പ്രകൃതിയുടെ സംഹാരതാണ്ഡവത്തിൽ കിളച്ചിളക്കിയ കന്നിമണ്ണും കൂരയും ദേഹണ്ഡങ്ങളും ചിലപ്പോൾ കൃഷിഭൂമി മുഴുവനായിത്തന്നെയും ഒലിച്ചുപോകുന്നതും കൊടുംവരൾച്ചയിൽ നവമുകുളങ്ങൾ മാത്രമല്ല സ്ഥിരദേഹണ്ഡങ്ങൾപോലും ഉണങ്ങി കരിയുന്നതും സ്ഥിരാനുഭവങ്ങളായി. ഒന്നെങ്കിൽ അതിവൃഷ്ടിയുടെ അല്ലെങ്കിൽ വരൾച്ചയുടെ തനിയാവർത്തനം. ഇതിനിടയിൽ മഹാശാപംപോലെ, അഗ്നിപാതംപോലെ വന്നുവീഴുന്ന വിലയിടിവ്. കന്നിമണ്ണിൽ വിയർപ്പൊഴുക്കി വിളയിക്കുന്ന ഉല്പന്നങ്ങൾക്ക് പലപ്പോഴും, പുല്ലുവില. 'നാടിന്റെ നട്ടെല്ലാണ് കർഷകൻ' എന്ന പൊളിപറച്ചിലുകൾക്കിടയിൽ വിലയില്ലായ്മയും കാലാവസ്ഥയുടെ തകിടംമറിയലുംമൂലം ഒരിക്കൽ കുരുമുളക്, പിന്നൊരിക്കൽ ഏലം ഇനിയൊരിക്കൽ കരിമ്പ്, കൊക്കോ, ഇഞ്ചി എന്നിങ്ങനെ മാറി മാറി പരീക്ഷിക്കുകയും ഒന്നിനെയും ആശ്രയിക്കുവാൻ കഴിയാതെ വരികയും ചെയ്യുന്ന ഹതഭാഗ്യനാണ് മലയോര കർഷകർ.

ഇത്തരം മഹാശാപങ്ങൾക്കിടയിലും അവരെ അല്പമെങ്കിലും താങ്ങിനിർത്തുകയും രണ്ടും മൂന്നും വർഷം കൂടുമ്പോഴെങ്കിലും അത്യാവിശ്യം കടം വീട്ടുവാനും വീടുവെയ്ക്കുവാനും പുര നിറഞ്ഞുനില്ക്കുന്ന നൊമ്പരങ്ങൾക്കൊരാശ്വാസം കാണാനും സഹായിച്ചിരുന്നത് 'കറുത്തപൊന്നായ' കുരുമുളകായിരുന്നു. എന്നാൽ 'ശ്രുതവാട്ടം എന്ന ഭീകര രോഗം മൂലം കുരുമുളകു ചെടികളൊക്കെയും നിലംപതിക്കുകയും 'മുളകുതോട്ടങ്ങൾ കർഷകസ്വപ്നങ്ങളുടെ ശവപ്പറമ്പായി മാറുകയും ചെയ്തിരിക്കുന്നു.

മലയോരകർഷകന്റെ ഇന്നലെകളുടെ ബാക്കി പത്രമാണ്. ഇവിടെ സ്വാഭാവികമായും ഒരു ചോദ്യമുയരേണ്ടിയിരിക്കുന്നു. മലയോരകർഷകരെയാകെ ചൂഴ്ന്നു നിൽക്കുന്ന ഈ പ്രതിസന്ധിയെ അതിന്റെ ആഴത്തിലും പരപ്പിലും തിരിച്ചറിയാൻ നമ്മുടെ കർഷക സംഘടനകൾക്കും മഹാപ്രസ്ഥാനങ്ങൾക്കും കഴിയുന്നുണ്ടോ? 'തറവില' ഇൻഷ്വറൻസ്, കടാശ്വാസം ബോർഡുകൾ എന്നിങ്ങനെയുള്ള മുഴങ്ങുന്ന ശബ്ദങ്ങൾ കേൾപ്പിക്കുന്നതല്ലാതെ അടിസ്ഥാനപരമായി പ്രശ്നങ്ങളെനോക്കി കാണുവാനും ഒരു ജനതയുടെയാകെ നിലനില്പിന്റെ പ്രശ്നമെന്ന നിലയിൽ പരിഹാരത്തിനായി പരിശ്രമിക്കാനും ആരെങ്കിലും ശ്രമിക്കുന്നുണ്ടോ?

"കുഴിവെട്ടി മൂടുക വേദനകൾ

കുതികൊൾക ശക്തിയിലേക്കു നമ്മൾ....."



4

ഭൂപ്രകൃതി

ജനപ്രകൃതി

ജലപ്രകൃതി

വനം

ഭൂപ്രകൃതി

സഹ്യപർവ്വതനിരകളിൽ സമുദ്രനിരപ്പിൽനിന്നും ഉദ്ദേശ്യം 2400 അടിക്കും 3000 അടിക്കും ഇടയിലായി കിടക്കുന്ന ഹൈറേഞ്ച്മേഖലകളിൽപെട്ട പ്രദേശമാണ് കാഞ്ചിയാർ

അക്ഷാംശം വടക്ക് 9° ക്കും 10° ഇടയിലും രേഖാംശം കിഴക്ക് 76° 77° ഇടയിലായി ഇടുക്കി ജില്ലയിൽ ഉടുമ്പൻചോല താലൂക്കിലെ കട്ടപ്പന ബ്ലോക്കിലാണ് ഈ പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്.

വടക്ക് കല്യാണത്തണ്ട് മലനിരകൾക്കും, തെക്ക് ചെകുത്താൻ മലയ്ക്കും പടിഞ്ഞാറ് ഇടുക്കി ജലാംശയത്തിനും കിഴക്ക് കട്ടപ്പന പഞ്ചായത്തിനും ഇടയ്ക്കായി 64.65 ച.കിലോമീറ്ററിൽ വ്യാപിച്ചുകിടക്കുന്നു. ചെറുതും വലുതുമായ അനേകം മലകളും താഴ്വരകളും ചേർന്ന ഭൂപ്രദേശമാണ് കാഞ്ചിയാർ.

ഭൂപ്രകൃതിയമുസരിച്ച് കാഞ്ചിയാർ പഞ്ചായത്തിനെ ഏതാണ്ട് 5 മേഖലകളായി തിരിക്കാം.

1	ഉയർന്ന സമതലം	1%
2	കുത്തനെയുള്ള ചെരിവ്	23%
3	ഇടത്തരം ചരിവ്	486
4	ചെറുചരിവ്	19%
5	താഴ്വര	9%

ജലാശയം ഒഴിച്ചുള്ള സ്ഥലത്തിന്റെ കണക്കാണ് മുകളിൽ കൊടുത്തിരിക്കുന്നത്.

ആകെ വിസ്തീർണ്ണത്തിന്റെ 13% ഇടുക്കി ജലാശയമാണ്. പഞ്ചായത്തിലെ കുത്തനെയുള്ള മലനിരകളിൽ ഭൂരിഭാഗവും ഉരുൾപൊട്ടലിന് സാദ്ധ്യതയുള്ള പ്രദേശമാണ്.

ഈ പഞ്ചായത്തിലെ ഭൂരിഭാഗവും ചരിവു പ്രദേശങ്ങളാണ്. ഈ പ്രദേശങ്ങളിൽ വളരെ ചുരുങ്ങിയ പ്രദേശങ്ങളിൽ മാത്രമേ കല്ലുകയ്യാലകളും, മൺകയ്യാലകളും നിലവിലുള്ളു. അതിശക്തമായ മഴയിലും, നീരൊഴുക്കിലുംപെട്ട് ഭലഭൂയിഷ്ഠമായ മേൽമണ്ണ് ന,ഷ്ടപ്പെടുന്നതൊടൊപ്പം ഏഷ്യയിലെതന്നെ ഏറ്റവും വലിയ ആർച്ചുഡാമായ ഇടുക്കി ജലസംഭരണിയിൽ നിക്ഷേപിക്കപ്പെടുകയും തന്മൂലം ഡാമിന്റെ ആഴംകുറഞ്ഞുവരികയും ജലസംഭരണശേഷിയിൽ വളരെകുറവ് അനുഭപ്പെടുകയും ചെയ്യുന്നു. വരുംകാലങ്ങളിൽ ഇടുക്കി ജലാശയത്തിന് നേരിടുന്ന ഏറ്റവും വലിയ ഒരു ഭീഷണിയായിരിക്കും. ഇത്.

പഞ്ചായത്തിലെ നിമ്നോന്നത മേഖലകൾ (വിസ്തീർണ്ണം ഏക്കറിൽ)

1	2800 അടിക്കും 300 അടിക്കുമിടയിൽ		480
2	2600 നും 2800 അടിക്കുമിടയിൽ		2887
3	2400നും 2600 അടിക്കുമിടയിൽ		12627

ജനപ്രകൃതി

1991–സെൻസസ് കണക്കുകൾപ്രകാരം ജനസംഖ്യ 21023 ആണ്. ഇതിൽ 10619 പുരുഷൻമാരും 19404 സ്ത്രീകളുമാണ്. കേരളത്തിലെ പൊതുസ്ഥിതിയ്ക്ക് വ്യത്യസ്തമായി സ്ത്രീകളേക്കാൾ പുരുഷന്മാരുടെ എണ്ണം (215) കൂടുതലാണ്. 6 വയസ്സിനുതാഴെയുള്ള കുട്ടികളുടെ ആകെ എണ്ണം 2837 ആണ്. ഇതിൽ ആൺകുട്ടികൾ 1475ഉം പെൺകുട്ടികൾ 1362ഉം ആണ്. പട്ടികജാതിജനസംഖ്യ–പുരുഷന്മാർ 727ഉം സ്ത്രീകൾ 705ഉം പട്ടികവർഗ്ഗജനസംഖ്യ –പുരുഷന്മാർ 605ഉം സ്ത്രീകൾ 536ഉം ആണ്. ആകെ ജനങ്ങളിൽ 16718 പേർ സാക്ഷരരാണ്. ഇതിൽ 8627 പുരുഷന്മാരും 8091 സ്ത്രീകളുമാണ്. തമിഴ് തൊഴിലാളികളേയും ആദിവാസികളേയും ഒഴിച്ചാൽ ഇടുക്കി ജില്ലയിൽ സാക്ഷരതയിൽ മുൻപന്തിയിൽ നില്ക്കുന്ന പഞ്ചായത്തുകളിലൊന്നാണ് കാഞ്ചിയാർ. എന്നാൽ ഉന്നത വിദ്യാഭ്യാസ രംഗവും സാങ്കേതിക വിദ്യാഭ്യാസരംഗവും പരിശോധിച്ചാൽ ഈ പഞ്ചായത്തിന്റെ നില വളരെ ശോചനീയമാണ്. അതുപോലെതന്നെ ഈ സംഖ്യയിൽ ഭൂരിപക്ഷവും കാർഷിക വൃത്തിയെമാത്രം ആശ്രയിച്ചുകഴിയുന്നതിനാൽ പ്രതിശീർഷവരുമാനവും ജീവിതനിലവാരവും പൊതുവേ താഴ്ന്നതാണ്. കാർഷികവിളകളുടെ ഉല്പാദനത്തിലും വലിയിലുണ്ടായിക്കൊണ്ടിരിക്കുന്ന ഏറ്റക്കുളച്ചിലുകൾ കാർഷിക മേഖലയെ ആകർഷകമല്ലാതാക്കിത്തീർത്തിരിക്കുന്നു. അതിനാൽ ഈ പ്രതിസന്ധിയെ തരണം ചെയ്യാൻ പുതിയ തൊഴിൽമേഖലകൾ കണ്ടെത്തേണ്ടിയിരിക്കുന്നു.

വാർഡുതല ജനസംഖ്യാവിവരപട്ടിക
പതിനെട്ടു വയസ്സിനു മുകളിൽ

വാർഡ്	പുരുഷന്മാർ	സ്ത്രീകൾ	കുട്ടികൾ	ആകെ
1	834	824	672	2330
2	647	678	380	17 05
3	1151	1057	798	3006
4	630	584	515	1729
5	850	699	565	2014
6	586	597	426	1609
7	651	620	453	1724
8	672	688	471	1831
9	944	951	799	2694
10	874	903	677	2454
ആകെ	7739	7601	5756	21096

അവലംബം:- 1991 സെൻസസ്

പഞ്ചായത്തിൽ ഹിന്ദു-ക്രിസ്ത്യൻ കുടുംബങ്ങളുടെ എണ്ണം ഏറെക്കുറെ തുല്യമാണെങ്കിലും മുസ്ലീം കുടുംബങ്ങൾ തീരെ കുറവാണ്.

ജലപ്രകൃതി

നല്ലതോതിൽ കാലവർവും ചെറിയതോതിൽ തുലാവർഷവും ലഭിക്കുന്ന ഈ പഞ്ചായത്തിന്റെ തെക്കുഭാഗത്ത് സുലഭമായ മഴ ലഭിക്കുമ്പോൾ വടക്കുഭാഗത്ത് അത്രതന്നെ മഴ ലഭിക്കുന്നില്ല.

കിഴക്കാംതൂക്കായ മലകളും കുന്നുകളും നിറഞ്ഞ ഈ പ്രദേശത്ത് മഴയിൽനിന്നും ലഭിക്കുന്ന ജലം കുത്തിയൊഴുകിപോകുന്നതിനാൽ വ്യാപകമായി മണ്ണൊലിപ്പുണ്ടാകുന്നുവെന്നുമാത്രമല്ല വേനൽകാലത്ത് പരക്കെ കടുത്ത ജലദൗർലഭ്യം അനുഭപ്പെടുന്നു. അതിനാൽ ജലലഭ്യത ഉയർത്തുവാൻ സംയോജിത നീർമറി പ്രദേശവികസനം അടിയന്തിരമായി നടപ്പാക്കേണ്ടതുണ്ട്. ഈ പഞ്ചായത്തിലെ പ്രധാന തോടുകൾ മേപ്പാറയിൽ നിന്നുത്ഭവിച്ച് കാഞ്ഞിയാറിന്റെ ഹൃദയഭാഗത്തുകൂടി ഒഴുകി ഇടുക്കി ജലാശയത്തിൽ പതിക്കുന്ന പാലാക്കടതോടും പഞ്ചായത്തിന്റെ വടക്കുഭാഗത്തുകൂടി ഒഴുകുന്ന കട്ടപ്പനയാറും പഞ്ചായത്തിന്റെ തെക്കേ അതിർത്തിയിൽക്കൂടി ഒഴുകുന്ന വെള്ളിലാംകണ്ടം തൊടുമാണ്. ഇവയൊഴിച്ചാൽ ചില ചെറിയ നീർച്ചാലുകൾ മാത്രമാണ് ഈ പഞ്ചായത്തിലുള്ളത്. ഈ പഞ്ചായത്തിന്റെ ഭൂവിസ്തൃതിയുടെ 13%ത്തോളം വരുന്ന ഇടുക്കി ജലാശയമാണ് ഈ പഞ്ചായത്തിന്റെ പ്രധാന ജലസമ്പത്ത്.

വനസമ്പത്ത്

കാഞ്ഞിയാർ പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണത്തിന്റെ 12% സ്വാഭാവിക വനവും പ്ലാന്റേഷനും ചേർന്നുള്ള വനപ്രദേശമാണ്. ഇതിലെ സ്വാഭാവികവനം ഇലപൊഴിയുംകാടുകളാണ്. ഇടുക്കി പദ്ധതിയുടെ ആവിർഭാവത്തോടെ ഈ പ്രദേശത്തുണ്ടായിരുന്ന 2080 ഏക്കറോളം വരുന്ന സ്വാഭാവിക വനം വെള്ളത്തിനടിയിലായി. ഉടുമ്പൻചോല താലൂക്കിൽ ഏറ്റവും കൂടുതൽ വനമുള്ള റേഞ്ചുകളിലൊന്നാണ് ഇത്. തേക്ക്, ഈട്ടി, വെൺതേക്ക്, ആഞ്ഞിലി, മരുത്, വേങ്ങാ, പുന്നപ്പ തുടങ്ങിയ വളരെ വലപിടിപ്പുള്ള മരങ്ങൾ ഈ വനത്തിൽ കാണപ്പെടുന്നു.

കൃഷിഭൂമി	12063	ഏക്കർ
പ്ലാന്റേഷൻ	1305	"
സ്വാഭാവികവനം	550	"
ഡാംഏരിയ	2080	"
ആകെ	15988	"

(അവലംബം:- പഠന പര്യടനം)

ജന്തുജാലങ്ങളും സസ്യജാലങ്ങളും

ഈ വനങ്ങളിൽ ആന, കാട്ടുപന്നി, കാട്ടുപോത്ത്, മ്ലാവ്, കേഴ, മുള്ളൻപന്നി, കൂരൻ, മുയൽ, ചെന്നായ്, കുറുക്കൻ, മരപ്പെട്ടി, വെരിക്, പാറയാൻ, കുരങ്ങ് മുതലായ വന്യമൃഗങ്ങൾ ധാരാളമായി കാണപ്പെടുന്നു. മുൻകാലങ്ങളിൽ ഈ വനത്തിലുണ്ടായിരുന്ന കടുവ, വരയാട് മുതലായ വന്യമൃഗങ്ങൾ ഈ വനത്തിൽനിന്നും അപ്രത്യക്ഷമായിരിക്കുന്നു. കൂരൻ എന്നു പറയപ്പെടുന്ന മൃഗവും വേഴാമ്പൽ എന്നറിയപ്പെടുന്ന പക്ഷിയും വംശനാശഭീഷണിയെ നേരിടുന്നു. പരുന്ത്, മൈന, തത്ത, കുയിൽ, കാട്ടുകോഴി, മാടത്ത, വേഴാമ്പൽ വിവിധയിനം പ്രാവുകൾ, കടവാവലുകൾ, നാല്പതോളം ഇനത്തിൽപ്പെട്ട കുരുവികൾ ഈ പ്രദേശത്തെ വനത്തിന്റെ മാത്രം പ്രത്യേകതയാണ്. ആയതിനാൽ ഇവിടം ഒരു മനോഹരമായ പക്ഷിസങ്കേതമായി വികസിപ്പിച്ചെടുക്കാൻ വൻസാദ്ധ്യതയാണ് നിലവിലുള്ളത്.

സർപ്പഗന്ധി, കുറുന്തോട്ടി, പച്ചക്കർപ്പൂരം, വാൽമുതക്കിൻ കിഴങ്ങ്, ഓരില, മൂവില, നറുനീണ്ടി, രാമച്ചം, തെരുവ, കാട്ടുപാവൽ, കൂവ, കസ്തൂരിമഞ്ഞൾ, കരിനെച്ചി, ആടലോടകം, കാട്ടുകരിമ്പ്, തൻതലവെട്ടി, ചെറുകടലാടി, ചതാവരി, മേത്തോന്നി, കീത്തോന്നി, കയ്യുന്ന്യം, മരമഞ്ഞൾ, നിലപ്പുള്ളടി, പർപ്പടകപ്പുല്ല്, തഴുതാമ, കറുക, ബ്രഹ്മി, തിപ്പലി, നെല്ലിക്ക, താന്നിക്ക, കടുക്ക, കുടംപുളി, ഈന്തങ്ങ തുടങ്ങിയ അമൂല്യ ഇനത്തിൽപ്പെട്ട ആയൂർവേദ ഔഷധചെടികളുടെ വലിയൊരു ശേഖരംതന്നെ ഇവിടെയുണ്ട് പെരുന്തേനീച്ച ഞൊടിയൽ, ചെറുതേനീച്ച, കോൽത്തേൻ തുടങ്ങിയ ഇനത്തിൽപ്പെട്ട തേനീച്ചകൾ ഈ വനത്തിൽ കാണപ്പെടുന്നു. വേനൽകാലങ്ങളിലെ കാട്ടുതീമൂലമുണ്ടാകുന്ന സസ്യജാലങ്ങളുടെ നഷ്ടം വലിയൊരു പരിസ്ഥിതി പ്രശ്നമാണ്.

ഈ വനങ്ങളിൽ ഈറ്റ, മുള, തഴ തുടങ്ങിയവ ധാരാളമായി കാണപ്പെടുന്നു. ഈറ്റ, മുള, തുടങ്ങിയവകൊണ്ടുള്ള വ്യവസായങ്ങൾ നടത്തുന്നതിനു വേണ്ട സഹായസഹകരണങ്ങൾ ചെയ്തുകൊടുത്താൽ ഇതുമൂലം നൂറുകണക്കിന് പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ ലഭ്യമാകും.

ഒരു ഫോറസ്റ്റ് റയിഞ്ച് ഓഫീസും, ഫോറസ്റ്റ് സ്റ്റേഷനും മറ്റപ്പള്ളിയിൽ ഗാർഡ് സ്റ്റേഷനും ഈ വനത്തിന്റെ പരിധിക്കുള്ളിൽ സ്ഥിതിചെയ്യുന്നു. ഈ ഫോറസ്റ്റ് സ്റ്റേഷനോടനുബന്ധിച്ച് ഒരു നഴ്സറി തുടങ്ങുകയാണെങ്കിൽ സാമൂഹ്യ വനവൽക്കരണത്തിന് ശക്തമായ ഒരു ഉത്തേജനമായിരിക്കും. സാമൂഹ്യവനവൽക്കരണത്തിന്റെ ഭാഗമായി ഈ പഞ്ചായത്തിലെ കാച്ച്മെന്റ് ഏരിയായിലും മറ്റും വൻതോതിൽ വൃക്ഷത്തൈകൾ നടുകയും ഡാമിൽ ജലനിരപ്പുയരുമ്പോൾ ഇങ്ങനെ നട്ടതൈകൾ കഴിഞ്ഞ കാലങ്ങളിൽ വൻതോതിൽ നഷ്ടപ്പെട്ടുപോവുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ പേരിൽ സർക്കാരിന് കോടിക്കണക്കിന് രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇങ്ങനെയുള്ള വനവൽക്കരണം അവസാനിപ്പിച്ച് ശാസ്ത്രീയാടിസ്ഥാനത്തിൽ വനവൽക്കരണം ജനകീയസഹകരണത്തോടെ നടത്തേണ്ടതാണ്.

അവലംബം

1. പഠനപര്യടനം 2. വിഭവഭൂപടം

5

സാമൂഹിക സാമ്പത്തിക മേഖലകൾ

- കൃഷിയും ജലസേചനവും
- മൃഗസംരക്ഷണവും മത്സ്യബന്ധനവും
- വ്യവസായം
- വിദ്യാഭ്യാസം
- കുടിവെള്ളവും, പൊതുജനാരോഗ്യവും
- ഗതാഗതം ഊർജ്ജം മാർക്കറ്റ്
- പാർപ്പിടവും സാമൂഹ്യക്ഷേമവും
- സംസ്ക്കാരം
- വനിത
- സഹകരണം
- പട്ടികജാതി പട്ടികവർഗ്ഗക്ഷേമം
- വിഭവസമാഹരണം
- ടൂറിസം
- പരിസ്ഥിതി

5-1

കൃഷിയും ജലസേചനവും

കാഞ്ഞിയാർ തികച്ചും ഒരു കാർഷികഗ്രാമമാണ്. 90% ആളുക ളുടേയും ജീവനോപാതിയെന്ന നിലയിൽ കൃഷി പരമ പ്രധാനമാണ്. ജനസംഖ്യാ വർദ്ധനവ് കൃഷി ഭൂമിയുടെ ഇടം കുറയ്ക്കുകയും രണ്ടാം ലോകമഹായുദ്ധത്തോടുകൂടി നാട്ടിലാകെ പട്ടിണിയും പരിവട്ടവും നടമാടുകയും ചെയ്ത സാഹചര്യത്തിലാണ് ഏറെ പ്രതീക്ഷയോടുകൂടി ഈ മലമടക്കുകളിൽ കുടിയേറ്റം ആരംഭിച്ചത്. അങ്ങ നെയാണ് കൊടുംവനമായിരുന്ന സഹ്യസാനുക്ക ൾ അദ്ധ്വാനത്തിന്റെ മുക്തസംഗീതത്താൽ മുഖരി തമായത്. അരനൂറ്റാണ്ടിലേറെയായിട്ടും ഇന്നും കാർഷികരംഗത്ത് പ്രശ്നങ്ങൾ പരിഹൃതമായിട്ടില്ലെ ന്ന് മാത്രമല്ല കൂടുതൽകൂടുതൽ രൂക്ഷമായിക്കൊ ണ്ടിരിക്കുകയാണ്.

സമുദ്രനിരപ്പിൽനിന്നും ഭൂമിശാസ്ത്രപരമായി രണ്ടായിരത്തിനും രണ്ടായിരത്തിഅഞ്ഞൂറടിക്കുമി ടിയിലാണ് ഈ പഞ്ചായത്തിലെ പ്രദേശങ്ങൾ സ്ഥിതി ചെയ്യുന്നത്. കിഴക്കാംതൂക്കായ കുന്നുക ളും ചരിവുകളും വനപ്രദേശങ്ങളും വയലുകളും ചേർന്നതാണ് ഈ ഭൂപ്രദേശം. കേരളത്തിന്റെ മറ്റു പ്രദേശങ്ങളേ അപേക്ഷിച്ച് ഈ പ്രദേശത്തിന്റെ മണ്ണിന്റെ ഘടന, കാലാവസ്ഥ, ജലപ്രകൃതി, സസ്യ പ്രകൃതി എന്നിവയിലെല്ലാം സാരമായ വൈവിധ്യം അനുഭപ്പെടുന്നു. ഒരു ചെറി.യ കൃഷിയിടം പരി ശോധിച്ചാൽപോലും ഈ വൈവിധ്യം പ്രകടമാ കും.

ഇതു സൂചിപ്പിക്കുന്നത് ഈ പ്രദേശത്തിന് ഏറ്റ വും അനുയോജ്യമായത് സമ്മിശ്ര കൃഷി രീതിയാ ണുള്ളത്. പ്രാദേശിക സ്ഥിതിഗതികൾ പരിഗണി ക്കാതെയുള്ള ആസൂത്രണം ഗുണപ്രദമായില്ല എന്ന തുകൊണ്ട് ഇക്കാര്യങ്ങൾകൂടി പരിഗണിച്ചുകൊണ്ടു ള്ള ആസൂത്രമാണ് നമ്മൾ നടപ്പാക്കേണ്ടത്.

അയ്യപ്പൻകോവിൽ, കാഞ്ഞിയാർ പഞ്ചായത്തു കൾ കൊള്ളുന്ന അയ്യപ്പൻകോവിൽ വില്ലേജിൽ ഭൂമിവിതരണം സംബന്ധിച്ച കാര്യമായ വിവരങ്ങൾ ലഭ്യമല്ല.

ഭൂരിഭാഗം സ്ഥലങ്ങൾക്കും പട്ടയമോ, ഇതര റവന്യുരേഖകളോ ഇല്ലാത്തതാണ് കാരണം

ലഭ്യമായ കണക്കുകൾ ചുവടെ ചേർക്കുന്നു.

ക്രമ. നമ്പർ	ഭൂപരിധി	കുടുംബങ്ങളുടെ എണ്ണം	വിസ്തീർണ്ണം ഏക്കറിൽ
1	ഒരേക്കറിൽതാഴെ	3559	2169
2	1–2 ഏക്കർവരെ	1258	1956
3	2 ഏക്കറിനുമുകളിൽ	1326	7938
ആകെ		6143	12063

അവലംബം
വില്ലേജോഫീസ്, കൃഷിഭവൻ

രേഖകൾ
വിഭവ ഭൂപടങ്ങൾ, നാട്ടറിവ്

നെല്ല്, മരച്ചീനി, കരിമ്പ് എന്നീ ഭക്ഷ്യവിള കൾക്കായിരുന്നു ആദ്യകാലങ്ങളിൽ പ്രാമുഖ്യം. കാലാവസ്ഥയിൽ വന്ന മാറ്റം, വളക്കുറവ്, ഭക്ഷ്യവിള ലാഭകരമല്ലാതായിത്തീർന്ന അവസ്ഥ, ജലദൗർലഭ്യം എന്നീ കാരണങ്ങളാൽ കർഷകർ ക്രമേണ ഭക്ഷ്യവിളകളിൽനിന്ന് നാണ്യവിളകളിലേ യ്ക്ക് തിരിയുകയും ചെയ്തു.

ഈ പഞ്ചായത്തിലെ പ്രധാന കാർഷികവിള കൾ സംബന്ധിച്ച പട്ടിക ചുവടെ ചേർക്കുന്നു.

വിള വിസ്തീർണ്ണവും ഉദ്പാദനവും (Ref: അടിസ്ഥാന വിവര രജിസ്റ്റർ)

വിള	വിസ്തീർണ്ണം	മൊത്ത ഉദ്പാദന ഉദ്പാദനം ക്ഷമത
നെല്ല് (ഒന്നാംവിള)	15Hect.	22500 kg.
നെല്ല് (രണ്ടാംവിള)		
നെല്ല് (മൂന്നാംവിള)		
പയർ	40 Hect.	20000 kg.
എള്ള്		
പച്ചക്കറികൾ	40 Hect.	150000 kg..
തെങ്ങ്	315 Hect.	600000kg.
മരച്ചീനി	100 Hect.	1000000 kg.

കുരുമുളക്	1240 Hect.	35000 kg.
പ്ലാവ്	12 Hect.	800 kg.
കശുമാവ്	1 Hect.	500 kg.
റബ്ബർ	75 Hect.	5000 kg.
കമുക്	100 Hect.	150000 kg..
കൊക്കോ	25 Hect.	75000 kg..
കാപ്പി	350 Hect.	200000 kg..
ഏലം	812 Hect.	61200 kg..
ഇഞ്ചി	48 Hect..	5000 kg..
തേയില	20 Hect.	50000 kg..
ഗ്രാമ്പൂ	10 Hect.	1000 kg..
പാവൽ	15 Hect.	50000 kg..
മഞ്ഞൾ	10 Hect.	5000 kg..

കുരുമുളക്

ഇന്ന് നമ്മുടെ പഞ്ചായത്തിലെ മുഖ്യ വിളകളിലൊന്നാണ് കുരുമുളക്. ഭക്ഷ്യവിളകളുടെ കൃഷി കുറഞ്ഞതോടൊപ്പംതന്നെ കുരുമുളകു കൃഷി വ്യാപകമായി ഇപ്പോൾ ഏതാണ്ട് 750 ഹെക്ടറോളം ഭൂമിയിൽ കുരുമുളക് കൃഷി ചെയ്യുന്നുണ്ട്. കരിമുണ്ട, നീലമുണ്ടി, വെള്ളമുണ്ടി, ജീരകമുണ്ടി, പെരുങ്കൊടി തുടങ്ങിയ നാടൻ ഇനങ്ങളോടൊപ്പം പന്നിയൂർ –1 കൃഷി ചെയ്തുവരുന്നു. പുതിയ ചെടികൾ നടുന്നത് കാലാവർഷാരംഭത്തോടുകൂടിയാണ്. തിരുവാതിര ഞാറ്റുവേലയാണ് ഈ കൃഷിയാരംഭത്തിന് ഏറ്റവും ഉചിതമെന്ന് പഴമക്കാർ പറയുന്നു. മുരിക്ക്, ശീമമുരിക്ക്, ശീമക്കൊന്ന, സിൽവർ ഓക്ക്, എന്നീ മരങ്ങളിലാണ് പ്രധാനമായും താങ്ങുകാലായി ഉപയോഗിക്കുന്നത്. കുരുമുളകിനോടൊപ്പം ഇടവിളകളും കൃഷി ചെയ്തുവരുന്നു.

ആദ്യകാലത്ത് വളപ്രയോഗം തീരെ ആവശ്യമില്ലാതിരുന്നു ഈ കൃഷിക്ക് ഇന്ന് കൂടുതൽ ജൈവവളങ്ങളാവശ്യമായിവരുന്നു. അനുഭവത്തിന്റെ വെളിച്ചത്തിൽ രാസവളപ്രയോഗത്തിൽ കർഷകർ തികച്ചും വിമുഖരാണ്. മുമ്പ് കീടനാശിനികൾ ആവശ്യമില്ലാതിരുന്ന ഈ വിളയ്ക്ക് ശ്രുതവാട്ടത്തിനും മറ്റു രോഗങ്ങൾക്കുമെതിരെ ബോർഡോ മിശ്രിതം സി.ഒ.സി. മുതലായവ ഉപയോഗിക്കുന്നുണ്ടങ്കിലും കാര്യമായ ഫലമുണ്ടാകുന്നില്ല.

കൃഷിരീതികളും പ്രശ്നങ്ങളും

ഹൈറേഞ്ച് കർഷകനെ എക്കാലവും നിലനിർത്തിയിരുന്ന ഏറ്റവും പ്രധാനപ്പെട്ട ഈ നാണ്യവിള കുറെക്കാലങ്ങളായി വമ്പിച്ച പ്രതിസന്ധികളെ നേരിട്ടുകൊണ്ടിരിക്കുകയാണ്. അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രകൃതിക്ഷോഭങ്ങൾ കൃഷിച്ചിലവിലുണ്ടായിക്കൊണ്ടിരിക്കുന്ന അഭൂതപൂർവ്വമായ വർദ്ധനവ്, വിലയിടിവ്, കുറഞ്ഞ ഉദ്പാദനക്ഷമത മുതലായവയാൽ നട്ടംതിരിഞ്ഞിരുന്ന കർഷകർക്ക് 'ശ്രുദവാട്ടം' എന്ന മാരകരോഗം 'കൂനിന്മേൽക്കുരു'വെന്നതുപോലെയായി. കുരുമുളകുചെടികൾക്കുണ്ടാകുന്ന രോഗംപോലെതന്നെ താങ്ങുകാലുകളെയും ബാധിക്കുന്ന രോഗങ്ങളും ഇന്ന് വ്യാപകമായിട്ടുണ്ട്.

കൃഷിവകുപ്പും മറ്റു ഗവേഷണസ്ഥാപനങ്ങളും കുരുമുളകുരോഗങ്ങൾക്കെതിരെ പല പ്രതിവിധികളും നിർദ്ദേശിക്കുന്നുണ്ടെങ്കിലും ഇവയൊന്നും വേണ്ടരീതിയിൽ ഫലപ്രദമാകുന്നില്ല. രാസവളപ്രയോഗം ചെയ്യുന്ന ചെടികളേക്കാൾ പ്രതിരോധശേഷി കൂടുതലുളളതായി കാണുന്നത് ജൈവവളപ്രയോഗം നടത്തുന്ന ചെടികൾക്കാണ്. അതുകൊണ്ട് കൃഷിഭവനുകൾ വഴി രാസവളങ്ങൾക്കുപകരം സബ്സിഡിയോടുകൂടി ആവശ്യാനുസരണം ജൈവവളങ്ങൾ വിതരണം ചെയ്യുവാനുള്ള സംവിധാനം ഉണ്ടാവണം.

ഏലം

ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം നീണ്ട വർഷങ്ങളുടെ ചരിത്രമുള്ള കൃഷിയാണ് ഏലം. തമിഴർക്കാണ് ഈ രംഗത്ത് ആധിപത്യം എങ്കിലും ഇന്നത് സാധാരണക്കാരുടെ ഒരു മുഖ്യ വിളയായി മാറിയിരിക്കുന്നു.

സമുദ്രനിരപ്പിൽനിന്നും രണ്ടായിരം മുതൽ മൂവായിരം അടിവരെ ഉയരത്തിൽ നന്നായി വളരുന്ന ഈ ചെടിക്ക് തണൽവൃക്ഷങ്ങൾ അത്യാവിശ്യമാണ്. രാസവളത്തേയും കീടനാശിനികളേയും അമിതമായി ആശ്രയിച്ച കൃഷിയാണ് ഇത്. അതുകൊണ്ടുതന്നെ ഉദ്പാദനച്ചിലവ് വളരെയധികമാണ്.

ഈ പഞ്ചായത്തിലെ സംഘടിത തൊഴിൽമേഖലയെ ഏറെക്കുറെ മുഴുവനായും ഉൾക്കൊള്ളുന്ന ഈ കൃഷിക്കുതകുന്ന ചെറിയ ഏറ്റക്കുറിച്ചിലുകൾപോലും പഞ്ചായത്തിന്റെ സമ്പദ്ഘടനയെ സാരമായി ബാധിക്കുന്നതാണ്.

ഉദ്പാദനംപോലെതന്നെ സംസ്ക്കരണവും ഏറെ ചിലവേറിയതാണം. അതിനാൽ ചിലവു കുറഞ്ഞ ഫലപ്രഥമായ സംസ്ക്കരണ രീതികൾ നാം കണ്ടെത്തേണ്ടിയിരിക്കുന്നു.

ഉദ്പാദനച്ചിലവുമായി തട്ടിച്ചുനോക്കുമ്പോൾ ലഭിക്കുന്ന വില തീരെ അപര്യാപ്തമാണ്. മറ്റുപല കൃഷികളേയും എന്നപോലെ കീടരോഗബാധ ഏലംകർഷകക്കൊരു വെല്ലുവിളിയാണ്.

കാഞ്ഞിയാർ പഞ്ചായത്തിൽ ബ്രൗൺ നിറത്തിലുള്ള വളക്കൂറുള്ള മണ്ണാണ്; മേൽമ്ണ്ണായി കാണുന്നത്. ഇതിന്റെ അടിയിൽ പ്രധാനമായും ചെമ്മണ്ണാണ്. ഇതിനുമടിയിൽ വളരെ കട്ടികൂടിയ വെട്ടുകല്ലാണ്. മണ്ണ് അമ്ലത്തം ഉള്ളതാണ്

കാപ്പി

ഇവിടുത്തെ പ്രകൃതിക്കും കാലാവസ്ഥയ്ക്കും ഏറ്റവും ഇണങ്ങിയ ഈ കൃഷിയെ നമ്മുടെ കർഷ

കർ വേണ്ടത്ര പരിഗണിക്കുന്നുണ്ടോ എന്ന കാര്യം പരിശോധിക്കേണ്ടതാണ്. താരതമ്യേന കുറഞ്ഞ രോഗബാധ, കുറഞ്ഞ ഉദ്പാദനച്ചിലവ്, കുറഞ്ഞ സംസ്ക്കരണച്ചിലവ് എന്നിവ കണക്കിലെടുക്കുമ്പോൾ വേണ്ടത്ര പരിചരണവും പ്രോത്സാഹനവും നല്കിയാൽ ഉദ്പാദനം ഇരട്ടിയാകുവാനും ആദായകരമാക്കുവാനും കഴിയും. ബന്ധപ്പെട്ട സർക്കാർ എജൻസികളിൽനിന്നും യാതൊരുവിധ സഹായവും കർഷകർക്ക് ലഭിക്കാത്ത ഒരു മേഖലയാണിത്.

റബ്ബർ

പഞ്ചായത്തിൽ റബ്ബർകൃഷി താരതമ്യേന കുറവാണെങ്കിലും അനുയോജ്യമായ പല പ്രദേശങ്ങളും ഉള്ളതായി കാണാം. ക്രമേണ ഉണ്ടായിക്കൊണ്ടിരിക്കുന്ന കാലാവസ്ഥാ വ്യതിയാനം ഭാവിയിൽ ഈ കൃഷിക്ക് സാദ്ധ്യത വർദ്ധിപ്പിച്ചേക്കാം. സാദ്ധ്യമായ സ്ഥലങ്ങൾ കണ്ടെത്തി കൃഷിയെ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

കൊക്കോ

പഞ്ചായത്തിലെ നിലവിലുള്ള ഉദ്പാദനവും ആദായവും കണക്കിലെടുക്കുമ്പോൾ ഈ കൃഷിയുടെ സാധ്യത തള്ളിക്കളയാവുന്നതല്ല. സംഭരണകാര്യത്തിൽ ഈ രംഗത്ത് നിലവിലുള്ള കുത്തക അവസാനിപ്പിച്ച് സർക്കാർ എജൻസികൾ രംഗത്ത് വന്നാൽ കർഷകർക്ക് കൂടുതൽ പ്രയോജനം ലഭിക്കും.

തെങ്ങ്, കമുക്

ഒരു കാലത്ത് കുറെയൊക്കെ ആദായകരമായിരന്ന ഈ കൃഷികൾ കടുത്ത രോഗബാധയെത്തുടർന്ന് നാശോന്മുഖമായിക്കൊണ്ടിരിക്കുകയാണ്.

പച്ചക്കറികൾ

നമ്മുടെ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ കൃഷിചെയ്തുവരുന്ന പച്ചക്കറിയിനങ്ങളാണ് പാവലും പയറും നെൽകൃഷി അനാകർഷകമായിത്തീർന്നതാണ് കർഷകരുടെ ശ്രദ്ധ ഈ കൃഷിയിലേയ്ക്ക് തിരിയാൻ കാരണം. ഒരു ഉപഭോഗ സംസ്ഥാനം എന്ന നിലയിൽനിന്നും കേരളത്തെ മോചിപ്പിക്കുവാനുള്ള ഒരു മാർഗ്ഗമായി പച്ചക്കറികൃഷിയെ കാണേണ്ടിയിരിക്കുന്നു.

ഭക്ഷ്യവിളകൾ

നെല്ല്, കപ്പ, ചേന, ചേമ്പ്, കാച്ചിൽ തുടങ്ങിയ ഭക്ഷ്യവിളകൾ ക്രമേണ നമ്മുടെ ഗ്രാമത്തിൽ നിന്നും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. ഈ പ്രവണതയ്ക്കെതിരെ അതീവ ജാഗ്രത പാലിച്ചില്ലെങ്കിൽ അനിവാര്യവും ഗുരുതരവുമായ ഭവിഷ്യത്തുകളെ നാം നേരിടേണ്ടിവരും. ഈ രംഗം ആകർഷകമാക്കുവാനുള്ള ബോധ പൂർവ്വമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

വൃക്ഷവിളകൾ

പ്ലാവ്, മാവ്, കശുമാവ്, പുളി തുടങ്ങിയ വൃക്ഷവിളകൾ വ്യാപകമാണങ്കിലും അവയുടെ ഉദ്പന്നങ്ങൾ ഫലപ്രദമായ രീതിയിൽ വിനിയോഗിക്കുവാൻ കഴിയുന്നില്ല. അതിനാൽ ടൺകണക്കിന് പാഴായിപ്പോകുന്ന ഈ ഭക്ഷ്യവസ്തുക്കൾ സംസ്ക്കരിച്ചുപയോഗിക്കുവാനുള്ള സംവിധാനങ്ങൾ അടിയന്തിരമായി ഏർപ്പെടുത്തേണ്ടതാണ്. അതുപോലെതന്നെ ഇഞ്ചി, മഞ്ഞൾ, ജാതി, ഗ്രാമ്പൂ തുടങ്ങിയ സുഗന്ധവിളകളും തേയിലപോലുള്ള തോട്ടവിളകളിലും നമ്മുടെ സവിശേഷ ശ്രദ്ധ തിരിയേണ്ടതാണ്. വാഴകൃഷിയേയും പ്രത്സാഹിപ്പിക്കേണ്ടതാണ് നവീനകൃഷികളായ വാനിലകൃഷി, പൂകൃഷി, ഔഷധസസ്യങ്ങൾ എന്നിവ പരീക്ഷണാടിസ്ഥാനത്തിൽ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

ഗ്രാമസഭാനിർദ്ദേശങ്ങൾ

1 കാർഷികവിളകൾ പുനരുദ്ധാരണം നടത്തുന്നതിനുള്ള സഹായങ്ങൾ എല്ലാ കർഷകർക്കും ലഭ്യമാക്കുക.

2 കൃഷിഭവന്റെ പരിപൂർണ്ണമായ സേവനം എല്ലാ കർഷകരിലും എത്തുന്നതിനുള്ള സംവിധാനം ഏർപ്പാടാക്കുക. കൃഷിഭവനുകൾവഴി എല്ലാ വിളകളുടെയും നേഴ്സറികൾ ആരംഭിക്കുകയും അവ സൗജന്യനിരക്കിൽ വിതരണം ചെയ്യുകയും ചെയ്യുക.

3 വാർഡുതലത്തിൽ വർഷംതോറും സൗജന്യ നിർബന്ധിത മണ്ണുപരിശോധന നടപ്പിലാക്കുക.

4 ഓരോ വീടുകളിലും പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഉദ്പാദനശേഷിയുള്ള വിത്തുകൾ സൗജന്യമായി നല്കുക.

5 സെമിനാറുകൾ, വിദഗ്ദ്ധരുടെ ക്ലാസ്സുകൾ, കാർഷികമേളകൾ ഇവ പഞ്ചായത്തു തലത്തിൽ നടപ്പിലാക്കുക

6 കമ്പോസ്റ്റ് വളനിർമ്മാണം വെർമി കമ്പോസ്റ്റ് നിർമ്മാണം ഇവയെക്കുറിച്ചുള്ള സാങ്കേതിക വിദ്യാഭ്യാസം നല്കുക. ജൈവവള നിർമ്മാണയൂണിറ്റുകൾ പഞ്ചായത്തുതലത്തിൽ ആരംഭിക്കുക.

7 ജൈവ കീടനാശിനിപ്രയോഗം ഫലപ്രദമാക്കുക.

8 വളം കീടനാശിനി എന്നിവയ്ക്കുള്ള സബ്സിഡി വർദ്ധിപ്പിക്കുക.

9 കാർഷികല്പന്നങ്ങൾക്ക് തറവില നിശ്ചയിക്കുക.

10 കാർഷിക സഹകരണ സംഘങ്ങൾ നിലവിൽ വരുത്തുക. (വിത്തുകളുടെ സംഭരണം, വിതരണം, ഉല്പന്നങ്ങളുടെ വിപണനം)

11 കാർഷികവിളനാശങ്ങൾക്ക് സൗജന്യ ഇൻഷുറൻസ് ഏർപ്പെടുത്തുക. ഇൻഷുറൻസിന്റെ പരിധിയിൽ രോഗബാധയും ഉൾപ്പെടുത്തുക.

12 മണ്ണൊലിപ്പ് തടയുന്നതിനായി കയ്യാലപദ്ധതികളും മണ്ണുകയ്യാല നിർമാണവും തോഡുകളുടെ വശങ്ങൾകെട്ടലും നടപ്പിലാക്കുക. (പാലാക്കാട–വലിയകണ്ടം തോട്)

13 കാർഷികാവശ്യത്തിനുള്ള വൈദ്യുതി സൗജന്യമാക്കുക.

14 സമഗ്ര എലിനശീകരണം നടപ്പിലാക്കുക.

15 കാർഷികോപകരണങ്ങൾക്ക് സബ്സിഡി ഏർപ്പെടുത്തുക (പമ്പ്, മോട്ടോർ)

16 കാർഷികവായ്പാ പരിധി ഉയർത്തുക.

17 കൊക്കോ സംഭരണകേന്ദ്രം ആരംഭിക്കുക.

18 കൃഷിഭൂമിക്ക് (മുഴുവനും) പട്ടയം നല്കുക.

19 പൂകൃഷി പ്രോത്സാഹന നടപടികൾ ആരംഭിക്കുക.

20 കാർഷിക വൈദ്യുത കണക്ഷൻ നടപടികൾ ലഘൂകരിക്കുക.

21 കുരുമുളക് ഗവേഷണകേന്ദ്രം ആരംഭിക്കുക,

22 പ്രകൃതിക്ഷോഭത്തിന് സാമ്പത്തിക സഹായം ഏർപ്പെടുത്തുക.

23 കർഷകർക്ക് ഇൻഷുറൻസ് ഏർപ്പെടുത്തുക, ബോണസ്സ് നൽകുക.

24 റബ്ബർകൃഷി പ്രോത്സാഹിപ്പിക്കുക, റബ്ബർബോർഡ് ഓഫീസ് കാഞ്ഞിയാറ്റിൽ ആരംഭിക്കുക.

25 ഏലക്കായ്ക്ക് തറവില നിശ്ചയിക്കുക.

26 തേനീച്ചവളർത്തൽ പ്രോത്സാഹിപ്പിക്കുക.

27 കൂൺകൃഷി പ്രോത്സാഹിപ്പിക്കുക.

28 മൂന്നാം വാർഡിലേ ചെരിഞ്ഞ പ്രദേശമായ കല്യാണതണ്ട് ഭാഗത്തെ 'നീർമറിയിൽ' ഉൾപ്പെടുത്തുക.

29 വാർഡടിസ്ഥാനത്തിൽ കാർഷികോല്പന്ന വിതരണ കേന്ദ്രങ്ങൾ ആരംഭിക്കുക.

30 നെൽകൃഷി പ്രോത്സാഹിപ്പിക്കുവാൻ ധനസഹായം വർദ്ധിപ്പിക്കുക.

31 മരത്തൈകൾ സൗജന്യമായി വിതരണം ചെയ്യുക.

32 C.H.R. നിയമം ഒഴിവാക്കി വൃക്ഷകൃഷി പ്രോത്സാഹിപ്പിക്കുക.

33 മാതൃകാപച്ചക്കറിത്തോട്ടം ആരംഭിക്കുക.

34 സ്വരാജ്, കോഴിമല, മറ്റപ്പള്ളി, തൊപ്പിപ്പാള എന്നിവടങ്ങളിൽ ചെക്കുഡാം നിർമിക്കുക.

35 കോഴിമാല ചെക്കുഡാമിൽനിന്നും വാട്ടർ സപ്ലൈ ആരംഭിക്കുക.

36 കാർഷിക അടിസ്ഥാന വ്യവസായങ്ങൾക്ക് പ്രാധാന്യം നല്കുക.

37 കുരുമുളകു സമിതികൾ ഫലപ്രദമാക്കുക.

38 കാർഷികരോഗങ്ങളെക്കുറിച്ച് കർഷകരെ ബോധവാന്മാരാക്കുക.

39 ചേരപ്പാമ്പുകളെ വംശനാശത്തിൽനിന്ന് രക്ഷിക്കുക.

40 ചന്ദ്രൻസിറ്റി, കോടാലിപ്പാറ, കുഞ്ഞുമല തുടങ്ങി ഒൻപതാം വാർഡിലെ മണ്ണൊലിപ്പ് തടയാൻ പദ്ധതി തയ്യാറാക്കുക.

41 കാർഷിക ആനുകൂല്യങ്ങൾ എല്ലാ കർഷകർക്കും ലഭ്യമാക്കുക.

42 ഗോബർഗ്യാസ് സബ്സിഡി 75% ആക്കുക.

43 കാപ്പി ഉദ്പാദനം വർദ്ധിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

44 കൊക്കോ കൃഷി പ്രോത്സാഹിപ്പിക്കുക.

45 പഞ്ചായത്തിലെ കേടായ എല്ലാ തെങ്ങുകളും കമുകുകളും വെട്ടിമാറ്റി ധനസഹായം നല്കുക.

46 ഔഷധസസ്യ നേഴ്സറികൾ ആരംഭിക്കുക.

47 പഞ്ചായത്ത് തലത്തിൽ കാർഷിക ലൈബ്രറി ആരംഭിക്കുക.

48 കർഷക പെൻഷൻ അനുവദിക്കുക.

49 കൃഷിഭവനിലെ ഒഴിവുകൾ നികത്തുക.

50 കൃഷിഭവനിലെ ഉദ്യോഗസ്ഥർ കാർഷികഗ്രാഹ്യമുള്ളവരായിരിക്കണം.

51 കൊക്കോ, കാപ്പി, കമുക് സംരക്ഷണ സമിതികൾ രൂപീകരിക്കുക.

52 പാഴായിപ്പോകുന്ന കാർഷികവസ്തുക്കൾ സംസ്ക്കരിക്കുക. (ചക്ക, മാങ്ങ)

53 പത്താം വാർഡിൽ, തെങ്ങ്, പൈനാപ്പിൾകൃഷി തുടങ്ങിയവ പ്രോത്സാഹിപ്പിക്കുക.

54 ഇഞ്ചി, ഏലം, കൃഷിയ്ക്ക് തണ്ടുതുരപ്പൻ പുഴുവിന് എതിരെയുള്ള മരുന്ന് സൗജന്യമായി നൽകുക.

55 നിലവാരമുള്ള മരുന്നുകൾ സൗജന്യനിരക്കിൽ സൊസൈറ്റികൾ വഴി നല്കുക.

56 കാർഷികോല്പന്നങ്ങൾ വിറ്റഴിക്കുവാൻ പൊതുവിപണി സംവിധാനം ലഭ്യമാക്കുക.

57 വാർഡുകൾതോറും ഏലക്കാ ഉണങ്ങാൻ സ്റ്റോർ സ്ഥാപിക്കുക.

58 വാർഡടിസ്ഥാനത്തിൽ സമഗ്രകൃഷിവികസന സമിതികൾ ആരംഭിക്കുക.

59 പപ്പായകൃഷി (കപ്പളം) പ്രോത്സാഹിപ്പിക്കുക.

60 പാടശേഖരസമിതികൾ രൂപീകരിക്കുക.

61 ആറാം വാർഡിൽ കയ്യാലപദ്ധതി നടപ്പിലാക്കുക.

62 'തേക്കുകൃഷി' പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി കർഷകരിൽ അതിനുവേണ്ട അവബോധം വളർത്തുകയും അത് സ്വന്തം കാര്യങ്ങൾക്ക് വെട്ടിയുപയോഗിക്കുവാനുള്ള നിയമതടസ്സങ്ങൾ ഒഴിവാക്കുക.

63 'വാനിലകൃഷി' പ്രോത്സാഹിപ്പിക്കുക.

64 കർഷകപെൻഷൻ പദ്ധതിയിൽ അംഗമാകുന്നതിന് ഇപ്പോഴുള്ള നിയമതടസ്സം (പ്രായപരിധി) നീക്കം ചെയ്യുക.

ജലസേചനം സംബന്ധിച്ച ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. ഒന്നാം വാർഡിൽ കാവടിക്കവലയിലുള്ള പഞ്ചായത്ത് കുളത്തിൽ നിന്നും ജലസേചനം സൗകര്യം ഏർപ്പെടുത്തുക.
2. തൊപ്പിപ്പാളഅരയത്തിനാൽ പടികുളത്തിൽ നിന്നും തൊപ്പിപ്പാള, സ്വരാജ് മറ്റപ്പള്ളി ഭാഗം എന്നിവിടങ്ങളിൽ വെള്ളം എത്തിക്കുക.
3. കാവടിക്കവലയിൽ തോണക്കര കൊച്ചേട്ടന്റെ പറമ്പിലെ കുളത്തിൽ നിന്നും ജലസേചനസൗകര്യം ഏർപ്പെടുത്തുക
4. കോഴിമല തുളസി പടിയിൽ ചെക്കുഡാം നിർമ്മിക്കുക.
5. രണ്ടാം വാർഡിൽ പാലാക്കട തോടിന് ചെക്ക് ഡാം നിർമ്മിക്കുക.
6. പാലാക്കട വലിയകണ്ടത്തിൽ കുളം കുഴിക്കുകയും ശ്രീഫെയ്സ് ലൈൻ വലിച്ച് പമ്പ് സ്ഥാപിച്ച് വെള്ളം എത്തിക്കുക
7. ISI മാർക്കുള്ള ഏതു പമ്പും വാങ്ങാൻ കൃഷിക്കാരന് അനുവാദം കൊടുക്കുകയും കുളത്തിനും മോട്ടറിനും സബ്സിഡികൾ വർദ്ധിപ്പിക്കുകയും ചെയ്യുക.
8. ജല ശ്രോതസ്സുള്ള എല്ലാ സ്ഥലങ്ങളെയും പ്രയോജനപ്പെടുത്തി ജലസേചന സൗകര്യം ഏർപ്പെടുത്തുക
9. അഞ്ചാം വാർഡിലുള്ള ബ്ലോക്കുകുളത്തിൽ നിന്നും മോട്ടർ വച്ച് ടാങ്കിൽ വെള്ളം ശേഖരിച്ച് ജലസേജന സൗകര്യം ഏർപ്പെടുത്തുക.
10. കിഴക്കേ മാട്ടുക്കട്ടയിൽ ദാനിയേൽ കൊക്ക ഭാഗത്ത് ചെക്ക്ഡാം കെട്ടി ചാലുകൾ തീർത്ത് ജലം എത്തിക്കുക
11. താഴെപ്പറയുന്ന സ്ഥലങ്ങളിൽ കുളങ്ങളും കിണറുകളും നിർമ്മിക്കുക.

1. നരിയംപാറ കവലയിൽ താഴത്തു വീട്ടിൽ പറമ്പ് കുളം
2. വെങ്ങാലൂർക്കട ഭാഗത്ത് വരവള്ളിയാങ്കൽ പടിയിലും, താഴത്തേടത്ത് പറമ്പിലും കുളം
3. കൽത്തൊട്ടി വചുന്മേൽ പുരയിടം കാണക്കാലി പുരയിടം ചൂരപോയ്കയിൽ പുരയിടം എന്നിവടങ്ങളിൽ കുളം
4. മേപ്പാറയിൽ ശൗരിയാംകുവി പറമ്പിൽ കിഴക്കേമൊട്ടുക്കട്ടയിൽ മൈലയ്ക്കൽ പടി ഊരാളിക്കുടി എന്നിവിടങ്ങളിൽ കുളം
5. ചെറുകിട കർഷകർക്ക് ജലസേചനത്തിനു വേണ്ടി സബ്സിഡിനിരക്കിൽ ലോൺ ലഭ്യമാക്കുക.
6. പാലാക്കട വെങ്ങാലൂർക്കട റോഡിൽ പുത്തൻപുരപടിയ്ക്കൽ കുളം നിർമ്മിച്ച് വെള്ളം എത്തിക്കുക
7. 9 -ാം വാർഡിൽ സാദ്ധ്യമായ സ്ഥലങ്ങളിൽ നെൽകൃഷിക്കായി കനാൽ കെട്ടുക
8. കോട്ടാലിപ്പാറയിലുള്ള കുളത്തിൽ നിന്നും ജലം പമ്പു ചെയ്ത് ജലസേചനത്തിനായി ഉപയോഗിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

"ഓരോരുത്തരും അവരവരുടെ
നെറ്റി വിയർപ്പാക്കി
പണിയെടുത്തു ജീവിച്ചെങ്കിൽ
ഭൂമി സ്വർഗ്ഗമായി മാനുമായിരുന്നു....."

5-2 മൃഗസംരക്ഷണവും മത്സ്യബന്ധനവും

കന്നുകാലിവളർത്തലിനും ക്ഷീരവികസനത്തിനും ഏറ്റവും അനുയോജ്യമായ പ്രദേശമാണ് കാഞ്ഞിയാർ. താരതമ്യേന ചൂടു കുറഞ്ഞ കാലാവസ്ഥയും പുൽകൃഷി ചെയ്യുന്നതിനുള്ള സ്ഥലത്തിന്റെ ലഭ്യതയും ക്ഷീരവിപണനത്തിനുള്ള സൗകര്യങ്ങളും ഇവിടുത്തെ പ്രത്യേകതകളാണ്. ഈ ഘടകങ്ങൾ വേണ്ടത്ര ചൂഷണം ചെയ്താൽ വൻതോതിൽ പാൽ ഉല്പാദിപ്പിക്കുവാൻ കഴിയും.

പാലുല്പാദനം വർദ്ധിപ്പിക്കുക, പാലുല്പാദനം കൂടുതൽ ലാഭകരമാക്കുക, ശാസ്ത്ര-സാങ്കേതിക വിദ്യകൾ കർഷകരിലെത്തിക്കുക, പാലുപഭോഗം വർദ്ധിപ്പിക്കുക, പുൽകൃഷി പ്രചരിപ്പിക്കുക, ദുർബ്ബലവിഭാഗങ്ങൾക്ക് സഹായം എത്തിക്കുക, ക്ഷീര സംഘങ്ങളെ ശക്തമാക്കുക, തൊഴിലവസരങ്ങൾ പ്രധാനം ചെയ്യുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് ഇന്ന് കേരളത്തിൽ ക്ഷീരവികസനവകുപ്പ് പ്രവർത്തിക്കുന്നത്. ഈ വകുപ്പ് ഇടുക്കി ജില്ലയിൽ നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതികൾ താഴെ ചേർക്കുന്നു.

1 പുൽകൃഷി വികസനം

ക്ഷീരോല്പാദനരംഗത്ത് ഏറ്റവും വലിയ ചിലവ് തീറ്റിച്ചിലാവാണ്. ഇത് പരമാവധി കുറയ്ക്കുന്നതിനും ക്ഷീരോല്പാദനം ലാഭകരമാക്കുന്നതിനും പുൽകൃഷി കൂടിയേ തീരു. പുൽകൃഷി വ്യാപകമാക്കുന്നതിനുവേണ്ടി ക്ഷീരവികസനവകുപ്പ് ചുവടെ ചേർക്കുന്നു പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(a) ഒരു ഹെക്ടർ പുൽകൃഷി

സ്വന്തം സ്ഥലത്തോ പാട്ടത്തിനെടുത്ത സ്ഥലത്തോ ഒരു ഹെക്ടർ സ്ഥലത്ത് പുൽകൃഷി ചെയ്യുന്നതിന് 15000 രൂപ ധനസഹായം നൽകുന്നു. 3 വർഷത്തേയ്ക്ക് തുടർച്ചയായി ഈ തോട്ടം പരിപാലിക്കേണ്ടതാണ്.

(b) പുൽക്കടകൃഷി

പുൽക്കട വാങ്ങിയോ സ്വന്തം പുൽക്കട ഉപയോഗിച്ചോ പുൽകൃഷി ചെയ്യുന്ന പദ്ധതിയാണിത്. ഒരു ഹെക്ടർ പുൽകൃഷിക്ക് 1000 രൂപ സബ്സിഡി നല്കുന്നു.

(c) ചോളകൃഷി

അന്നജപ്രധാനവും അത്യുല്പാദനശേഷിയുള്ളതുമായ 'ചോളവിത്ത്' സബ്സിഡി നിരക്കിൽ കർഷകർക്ക് നല്കുന്നു. ഒരു ഹൈക്ടർ ചോള കൃഷിക്ക് 700 രൂപ ധനസഹായം നല്കുന്നു.

(d) വൻപയർകൃഷി

മാംസ്യ പ്രാധാന്യമായ വൻപയർവിത്ത് സബ്സിഡി നിരക്കിൽ കർഷകർക്ക് നല്കുന്നു. വൻപയർകൃഷിക്ക് ഹെക്ടർ ഒന്നിന് 3000 രൂപാ ധനസഹായം നല്കുന്നു.

2 ക്ഷീരവികസനവും വിജ്ഞാനവ്യാപനവും

(a) മോഡൽ ഡയറിഫാം യൂണിറ്റ്

കാലിത്തൊഴുത്ത് പണിത് 2 സങ്കരവർഗ്ഗ പശുക്കളെ വാങ്ങി മാതൃകാപരമായി സംരക്ഷിക്കുന്നതിന് കൃഷിക്കാർക്ക് 7000 രൂപാ ധനസഹായം നല്കുന്ന പദ്ധതിയാണിത്.

(b) മാതൃകാ കാലിത്തൊഴുത്ത് നിർമാണം.

രണ്ട് ഉരുക്കളെ ഉൾക്കൊള്ളാൻ കഴിയുന്ന നല്ല തറയും ഉറപ്പുമുള്ള മേൽക്കൂരയും ഉള്ള കാലിത്തൊഴുത്ത് പണിയുന്നതിന് 1250 രൂപാ സബ്സിഡി നല്കുന്നു.

(c) ധാതുലവണം, ജീവകങ്ങൾ എന്നിവയുടെ വിതരണം.

കന്നുകാലികളുടെ ഉല്പാദനവർദ്ധനവിനും ശരീരപുഷ്ടിക്കും ആവശ്യമായ ധാതുലവണങ്ങളും, ജീവകങ്ങളും 50% സബ്സിഡി നിരക്കിൽ ക്ഷീരവികസനവകുപ്പ് വിതരണം നടത്തുന്നു.

(d) കർഷക സമ്പർക്ക പരിപാടി

കർഷകരുടെ ചെറുയോഗങ്ങൾ വിളിച്ചുകൂട്ടി ക്ഷീരവികസന പ്രശ്നങ്ങൾ ലാഭകരമായ ക്ഷീരോല്പാദനം, തുടങ്ങിയ വിഷയങ്ങളെപ്പറ്റി ക്ഷീരവികസന ഉദ്യോഗസ്ഥർ ക്ലാസ്സെടുക്കുന്നു. ഈ പരിപാടിക്ക് 200 രൂപാ ക്ഷീരവികസനവകുപ്പ് നല്കുന്നു.

(e) ക്ഷീരോല്പന്ന നിർമ്മാണപ്രദർശനം

മഹിളാസമാജങ്ങൾ, വനിതാസംഘടനകൾ, ക്ഷീരസംഘങ്ങൾ തുടങ്ങിയവരുടെ സഹായത്തോടെ വിവിധ ക്ഷിരോല്പന്നങ്ങൾ നിർമ്മിക്കുന്ന രീതി ജനങ്ങളെ പഠിപ്പിക്കുന്നു. ഈ പരിപാടിക്ക് 100 രൂപാ ക്ഷീരവികസനപകുപ്പ് ധനസഹായം നല്കുന്നു.

3 ക്ഷീരസഹകരണസംഘങ്ങളുടെ ആധുനിക വത്ക്കരണം.

ക്ഷീരസംഘങ്ങൾക്ക് സ്വന്തമായി കെട്ടിടം പണിയാൻ 20000 രൂപയും മിൽക്കോടെസ്റ്റർ വാങ്ങാൻ 15000 രൂപയും പ്രവർത്തന മൂലധനമായും 1000 രൂപയും സ്കീം സെപ്പറേറ്റിംങ്ങ് ഉപകരണങ്ങൾ ക്യാൻ, ഫ്രിഡ്ജ്, കൂളർ, ഫ്രീസർ എന്നിവ വാങ്ങുന്നതിനും ധനസഹായം ലഭിക്കും. ക്ഷീരസംഘങ്ങളുടെ മേൽനോട്ടത്തിൽ ചെറുകിട കാലിത്തീറ്റഫാക്ടറി സ്ഥാപിക്കുന്നതിന് 1 ലക്ഷം രൂപ വരെ ധനസഹായം നല്കും.

4 നാടൻക്ഷീരോല്പന്ന നിർമ്മിത യൂണിറ്റുകൾ

നാലു വനിതകൾ അടങ്ങുന്ന ഒരു യൂണിറ്റിന് ക്ഷീരോല്പന്ന നിർമ്മാണത്തിൽ പരിശീലനം നല്കുകയും യൂണിറ്റുകൾ ആരംഭിക്കാൻ 22000 രൂപ സബ്സിഡി നല്കുകയും ചെയ്യുന്നു. ക്ഷീരസംഘങ്ങൾ, വനിതാസമാജങ്ങൾ, വായനശാലകൾ, സന്നദ്ധസംഘടനകൾ എന്നിവർക്ക് ഗുണഭോക്താക്കളെ സ്പോൺസർ ചെയ്യാം.

5 പ്രത്യേക ഘടകപദ്ധതി

പട്ടികജാതിയിലുള്ള കർഷകർക്ക് പശുവാങ്ങാനും തൊഴുത്തു നിർമ്മിക്കാനും പശുവിനെ ഇൻഷ്വർ ചെയ്യുന്നതിനുമായി 8000 രൂപ ധനസാഹായം നല്കുന്നു.

6 പട്ടികവർഗ ഉപപദ്ധതി

തെരഞ്ഞെടുക്കപ്പെട്ട കോളനിയിലെ പട്ടികവർഗ്ഗക്കാർക്ക് പശു വാങ്ങാൻ പ്രത്യേക ഘടകപദ്ധതിപോലെതന്നെ 8000 രൂപാ സബ്സിഡി നല്കുന്നു.

ഇതുകൂടാതെ വാട്ടർഷെഡ് പദ്ധതി പ്രദേശത്തെ കർഷകർക്ക് കാലിത്തൊഴുത്തു പണിയാൻ 000 രൂപയും പുൽകൃഷിക്ക് ഹെക്ടറിന് 4000 രൂപയും സബ്സിഡി നല്കുന്നു.

പുതിയതായി നടപ്പാക്കാവുന്ന പദ്ധതികൾ

ഇതുവരെ നടപ്പിലാക്കിവന്നിരുന്ന ക്ഷീരവികസന പ്രവർത്തനങ്ങൾക്ക് പുറമേ യുക്തമെന്നു തോന്നുന്ന പുതിയ പദ്ധതികളും ഏറ്റെടുത്തു നടത്താവുന്നതാണ്. ഉദാഹരണത്തിന് ചില പദ്ധതികൾ താഴെ കൊടുക്കുന്നു.

1 താഴ്ന്ന വരുമാനക്കാരായ കർഷകർക്ക് പശുവിനെ വാങ്ങാൻ വിലയുടെ മൂന്നിൽ ഒന്ന് അല്ലെങ്കിൽ 5000 രൂപയുടെ ധനസഹായം.

2 പശുക്കളെ ഇൻഷ്വർ ചെയ്യാൻ 50% ധനസഹായം.

3 കാലിത്തൊഴുത്തു പണിയാൻ 5000 രൂപ സബ്സിഡി.

4 കറവ വറ്റി അടുത്ത പ്രസവം വരെയുള്ള മൂന്നു മാസക്കാലം പശുക്കൾക്ക് സൗജന്യമായി കാലിത്തീറ്റ നല്കുക.

5 ശുദ്ധമായ പാലുല്പാദനത്തിനും വിതരണത്തിനുമായി സ്റ്റീൽതൊട്ടി, സ്റ്റീൽക്യാൻ എന്നിവയുടെ വിതരണം.

6 ക്ഷീരസംഘത്തിൽ കൂടുതൽ പാൽ അളക്കുന്നവർക്ക് പ്രോത്സാഹനം നല്കുക.

7 ക്ഷീരസംഘങ്ങൾക്ക് ഫർണിച്ചർ മറ്റ് ഉപകരണങ്ങൾ നല്കുക.

ഇപ്പോൾ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ ധനസഹായത്തോത് ഉയർത്തുന്ന കാര്യവും പരിഗണിക്കാവുന്നതാണ്. അതൊടൊപ്പം സ്ഥലവിസ്തൃതി കുറച്ചും ഈ പദ്ധതി അംഗമാക്കാൻ കഴിയണം.

മൃഗസംരക്ഷണവും മത്സ്യബന്ധനവും

പഞ്ചായത്ത് തലത്തിൽ ക്രോഡീകരിച്ചത്

1 അത്യുല്പാദനശേഷിയുള്ള കന്നുകാലികളെ സൗജന്യമായി വിതരണം ചെയ്യുക.

2 കാലിത്തീറ്റ നിർമാണത്തിന്റെ സാങ്കേതിക വശങ്ങൾ കൃഷിക്കാരിലെത്തിക്കുക.

3 കാലിത്തൊഴുത്തിനും കന്നുകാലിക്കും വായ്പകൾ നല്കി സബ്സിഡി ലഭ്യമാക്കുക.

4 കന്നുകാലികൾക്ക് പ്രതിരോധ കുത്തിവയ്പ്പുകൾ സൗജന്യമായി നല്കുക (അകിടുവീക്കം, കിറ്റോസിസ്)

5 രണ്ടു വാർഡുകളെയെങ്കിലും ബന്ധിപ്പിച്ച് മൃഗാശുപത്രി സ്ഥാപിക്കുക.

6 പാൽ സൊസൈറ്റികൾ ഇല്ലാത്ത വാർഡുകളിൽ സൊസൈറ്റികൾ ആരംഭിക്കുക.

7 പുൽവിത്ത് സൗജന്യമായി നല്കുകുയും ചെരിവുതലങ്ങളിൽ കൃഷി ചെയ്യാൻ ജനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

8 ഗോബർഗ്യാസ് പ്ലാൻറുകൾ എല്ലാ വീടുകളിലും ആരംഭിക്കുന്നതിനുള്ള സബ്സിഡി റേറ്റിലുള്ള സാമ്പത്തികസഹായം നല്കുക.

9 അടുക്കള മുറ്റത്തെ കോഴിവളർത്തൽ പദ്ധതി

നടപ്പാക്കുക. നല്ലയിനം കോഴി, പന്നി, മുയൽ, താറാവ്, ആട്–മാടുകളെ ലഭ്യമാക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക. എഗ്ഗർ നേഴ്സറി പദ്ധതി നടപ്പാക്കുക.

10 അത്യുല്പാദനശേഷിയുള്ള വിവിധയിനം മൃഗങ്ങളെ വളർത്തുന്നവർക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ അവാർഡ് ഏർപ്പെടുത്തുക.

11 മൃഗസംരക്ഷണത്തിന് ബോധവത്ക്കരണ ക്ലാസ്സുകൾ നല്കുക.

12 ഇടുക്കി ജലസംഭരണിയിൽനിന്നും മീൻപിടുത്തത്തിനുള്ള നിയമതടസ്സം ഒഴിവാക്കുക. ഈ മേഖലയിലുള്ള മീൻപിടിത്തം വർഷംതോറും ലേലംചെയത് കൊടുത്താൽ പഞ്ചായത്തിന് ഒരു വരുമാനമാർഗ്ഗമായി മാറ്റാവുന്നതാണ്.

13 ജലസംഭരണിയിലെ 'തോട്ടാ' ഇടീൽ കർശനമായി നിരോധിക്കുക.

14 മത്സ്യവളർത്തലിനുള്ള കൂടുതൽ കുളങ്ങൾ നിർമ്മിക്കുകയും നിലവിലുള്ള കുളങ്ങൾ ഉപയോഗിച്ച് മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

15 പഞ്ചായത്ത് തലത്തിൽ മത്സ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുക.

16 മത്സ്യക്കുഞ്ഞുങ്ങളെ കൃത്രിമ മാർഗ്ഗങ്ങളിലൂടെ ഉൽപാദിപ്പിക്കാനുള്ള സാങ്കേതിക ഉപദേശങ്ങൾ നല്കുക.

17 പേവിഷബാധയ്ക്ക് എതിരേയുള്ള സൗജന്യ കുത്തിവയ്പ്പ് നല്കുക.

18 മാംസ ഉല്പാദന വിപണന സംഘം പഞ്ചായത്ത് തലത്തിൽ സ്ഥാപിക്കുക.

19 പഞ്ചായത്ത് തലത്തിൽ അറവുശാലകളിൽ അധികൃതർ മിന്നൽ പരിശോധന നടത്തുക.

20 പഞ്ചായത്ത് തലത്തിൽ കൃഷിഫാമുകൾ ആരംഭിക്കുക.

21 പന്നി വളർത്തലിന് കൂടുതൽ സാങ്കേതിക സാമൂഹിക സൗകര്യങ്ങൾ ലഭ്യമാക്കുക.

22 വളർത്തുമൃഗങ്ങൾക്ക് പഞ്ചായത്ത് തലത്തിൽ ഇൻഷ്വറൻസ് ഏർപ്പെടുത്തുക.

23 പഞ്ചായത്ത് തലത്തിൽ ഇൻക്യുബേറ്റർ സൗകര്യം ഉപയോഗിച്ച് കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുകയും വിതരണം ചെയ്യുകയും ചെയ്യുക.

24 മത്സ്യരോഗങ്ങൾ തടയാനുള്ള നടപടികൾ സ്വീകരിക്കുക.

25 തേനീച്ച വളർത്തൽ പ്രോത്സാഹിപ്പിക്കുക.

26 കാലിത്തീറ്റ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുക.

27 ലൈസൻസ് ഇല്ലാത്ത നായ്ക്കളെ ഇല്ലായ്മ ചെയ്യുക.

28 മൃഗാശുപത്രികളിൽ മുഴുവൻസമയ ഡോക്ടറും മരുന്നും ലഭ്യമാക്കുക.

29 ഉൾനാടൻ മത്സ്യസഹകരണസംഘം രൂപീകരിക്കുക.

30 പഞ്ചായത്തിൽ ഒരു കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കാൻ നടപടി എടുക്കുക.

31 'കാടകൃഷി' പ്രോത്സാഹിപ്പിക്കുക.

32 പഞ്ചായത്തിൽ ഒരു സ്നേയ്ക്ക് പാർക്ക് സ്ഥാപിക്കുക.

33 പഞ്ചായത്തിൽ ഒരു മൊബൈൽ വെറ്റിനറി ഹോസ്പിറ്റൽ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.

5-3 വ്യവസായം

കാർഷികമേഖലയ്ക്ക് പ്രാധാന്യം കൊടുക്കുന്ന ഒരു പഞ്ചായത്താണ് കാഞ്ഞിയാർ. പഞ്ചായത്തിലെ ജനങ്ങളുടെ മുഖ്യ ജീവനോപാധിയും തൊഴിൽമാർഗ്ഗവും കൃഷിതന്നെയാണ്. നമ്മുടെ കാർഷികരംഗം തികച്ചും പ്രശ്ന സങ്കീർണ്ണവുമാണ്. താഴ്ന്ന ഉല്പാദനക്ഷമത, ഉയർന്ന കൂലിനിരക്ക്, കാർഷികവിഭവങ്ങളുടെ വിറ്റഴിക്കൽ പ്രതിസന്ധികൾ, തൊഴിലില്ലായ്മ എന്നിവയാണ് ഈ മേഖലയുടെ പ്രധാന പ്രതിസന്ധികൾ.

ഈ സാഹചര്യത്തിൽ വ്യവസായ മേഖലയുടെ അഭിവൃദ്ധിയിലൂടെ ഈ വക പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയും. സ്വന്തമായി കാർഷികമേഖലയെ ആശ്രയിക്കാൻ കഴിയാത്ത കർഷക തൊഴിലാളികൾ പരിമിത കർഷകർ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ, അഭ്യസ്തവിദ്യരായ തൊഴിൽരഹിതർ, വനിതകൾ, നിർമാണതൊളിലാളികൾ, കരകൗശലതൊഴിലാളികൾ എന്നിങ്ങനെ ഒരു വലിയ വിഭാഗത്തിനും വ്യവസായമേഖലയുടെ അഭിവൃദ്ധി മാത്രമാണ് ഏക പ്രത്യാശ. ഇന്നത്തെ നിലയിൽ കാർഷികമേഖലയിൽ തളംകെട്ടിനില്ക്കുന്ന അധിക തൊഴിൽശക്തി വ്യവസായ മേഖലയിലേയ്ക്ക് തിരിച്ചുവിട്ടാൽ സമ്പത്തിന്റെ നീതിപൂർവ്വകമായ വിതരണവും തൊഴിലില്ലായ്മ പരിഹരിക്കലും ഗ്രാമങ്ങളുടെ സ്വയം പര്യാപ്തതയും സാദ്ധ്യമാകും.

ഗുരുതരമായ ഊർജ്ജ പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ പരിശോധിക്കുമ്പോൾ വൻതോതിൽ ഊർജ്ജവും ആവിശ്യമുള്ള വൻകിട വ്യവസായങ്ങൾ നമുക്ക് അനുയോജ്യമല്ല. ഇറക്കുമതി ചെയ്യുന്ന അസംസ്കൃതവസ്തുക്കളെ ആശ്രയിച്ചുകൊണ്ടുള്ള വ്യവസായങ്ങളും വൻതോതിൽ കയറ്റിറക്ക് ആവശ്യമുള്ള റയിൽവേയെ ആശ്രയിക്കേണ്ട വ്യവസായങ്ങൾക്കും സാദ്ധ്യത കുറവാണ്.

കാർഷികമേഖലയുമായി ബന്ധപ്പെട്ട വ്യവസായ സംരംഭങ്ങൾക്കും ഇവയെ ആശ്രയിക്കുന്ന കുടിൽവ്യവസായങ്ങൾക്കും വലിയ സാദ്ധ്യതകളാണുള്ളത്. ഈ മേഖലയിൽ ലഭ്യമായ അസംസ്കൃത പദാർത്ഥങ്ങളുടെ പട്ടികയും സാദ്ധ്യതയുള്ള വ്യവസായങ്ങളും ചുവടെ ചേർക്കുന്നു.

ലഭ്യമായ അസംസ്കൃത വസ്തുക്കൾ

ചക്ക, പാക്ക്, മാങ്ങ, ഇഞ്ചി, പാൽ, കുരുമുളക്, കപ്പ, ഏലം, ഏത്തയ്ക്ക, റബ്ബർപാൽ, തുകൽ, എല്ല്, കൊക്കോ, മഞ്ഞൾ, കാപ്പിക്കുരു, കള്ള്, തടി, തൊണ്ട്.

ലഭ്യമാക്കാവുന്ന അസംസ്കൃത വസ്തുക്കൾ

പപ്പായ, പൂവ്, കോഴി, കാട, തേൻ, കൊക്കൂൺ, ഈറ്റ,. മുള,. തഴ, വാഴയില, രാമച്ചം, തെരുവപുല്ല്, ആയൂർവേദ ഔഷധ സസ്യങ്ങൾ, താറാവ്

പ്രശ്നങ്ങളും സാധ്യതകളും

ചെറുകിട വ്യവസായരംഗത്തേക്ക് നിരവധി ആളുകൾ കടന്നുവരേണ്ടതായിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന ഘടകങ്ങൾ വ്യവസായ പുരോഗതിക്ക് അനുസൃതമല്ല.

1. വ്യവസായങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച് സാങ്കേതി ജ്ഞാനം ഇല്ലായ്മ
2. വായ്പാ സൗകര്യങ്ങൾ ഇല്ലായ്മ
3. ഊർജ്ജ പ്രതിസന്ധി
4. നടപടിക്രമങ്ങളുടെ സങ്കീർണ്ണത
5. അനാവിശ്യമായ പരിസ്ഥിതി നിയമങ്ങൾ
6. ഉപയോഗിക്കാൻ കഴിയുന്ന അസംസ്കൃത പദാർത്ഥങ്ങൾ കണ്ടെത്താൻ കഴിയാതെ വരുക.
7. വ്യവസായ പരിശീലങ്ങളുടെ അപര്യാപ്തത
8. ഉല്പന്നങ്ങളുടെ വിപണിയില്ലായ്മ
9. വൻകിട പരസ്യങ്ങളിൽ ആകൃഷ്ടരായി പ്രാദേശിക ഉല്പന്നങ്ങളോടുള്ള അവഗണനാമനോഭാവം

ഈ വക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. സ്മോൾ ഇൻഡസ്ട്രിയൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ പഞ്ചായത്ത് തലത്തിൽ വ്യവസായ സംബന്ധ പരിശീലന പരി

പാടികൾ ആവിഷ്ക്കരിക്കുക.

2 ചെറുകിട വ്യവസായങ്ങൾ രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് എല്ലാ നടപടികളും ലഘൂകരിക്കുകയും വ്യവസായ ലൈസൻസുകൾ നല്കാൻ പഞ്ചായത്തിന് അധികാരം നല്കുകയും ചെയ്യുക.

3 ഗുരുതരമായ പരിസ്ഥിതി പ്രശ്നങ്ങളുയർത്തുന്നതൊഴികെയുള്ള എല്ലാ വ്യവസായങ്ങൾക്കും 7 ദിവസത്തിനുള്ളിൽ ലൈസൻസ് നൽകുക.

4 കൃഷിഭവൻ മാതൃകയിൽ പഞ്ചായത്തുകൾതോറും വ്യവസായ ഓഫീസ് സ്ഥാപിക്കുക.

5 ചെറുകിട-കുടിൽ വ്യവസായങ്ങൾക്ക് ആവശ്യമായ യന്ത്രോപകരണങ്ങൾക്ക് പൂർണ്ണമായ വായ്പാ സബ്സിഡി നിരക്കിൽ ലഭ്യമാക്കുക.

6 പാഴായിപ്പോകുന്ന കാർഷകവസ്തുക്കൾ ഉപയോഗിക്കുന്ന വ്യവസായങ്ങൾക്ക് പലിശരഹിതവായ്പ അനുവദിക്കുക.

7 വ്യവസായങ്ങൾക്ക് വേണ്ട വൈദ്യുത കണക്ക്ഷൻ 7 ദിവസങ്ങൾക്കുള്ളിൽ ലഭ്യമാക്കുക.

8 ജില്ലാ വ്യവസായ കേന്ദ്ര ഓഫീസ് ചെറുതോണിയിൽ വ്യവസായ കേന്ദ്രത്തിനായി നിർമിച്ച കെട്ടിടത്തിലേയ്ക്ക് മാറ്റി സ്ഥാപിക്കുക.

9 വ്യവസായ വായ്പകൾക്ക് ഈടിന്മേലല്ലാതെയുള്ള വായ്പ ലഭ്യമാക്കുക.

10 ഉല്പന്നങ്ങളുടെ ഈടിന്മേൽ വായ്പ അനുവദിക്കുക.

11 വെയർഹൗസ് സംവിധാനം പഞ്ചായത്ത് തലത്തിൽ ഏർപ്പെടുത്തുക.

ഈ പഞ്ചായത്തിൽ ലഭ്യമായതോ ലഭ്യമാക്കാവുന്നതോ ആയ അസംസ്കൃത വസ്തുക്കളെ ഉപയോഗിച്ച് വിജയകരമായി നടപ്പാക്കാവുന്നതുമായ ചില നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു. ഇവയിൽ പലതിനും ഈ പഞ്ചായത്തിൽതന്നെ വിപണി കണ്ടെത്താനും കഴിയും.

സാദ്ധ്യതയുള്ള വ്യവസായങ്ങൾ

1 കാലിത്തീറ്റ നിർമ്മാണം
2 കോഴിത്തീറ്റ നിർമ്മാണം
3 ഉപ്പേരി നിർമ്മാണം
4 കൊട്ട, പരമ്പ്, പായ നിർമ്മാണം
5 തുകൽ സംസ്ക്കരണ യൂണിറ്റ്
6 എല്ലുപൊടി നിർമ്മാണം നിർമ്മാണം
7 ജൈവവള നിർമ്മാണം
8 മിഠായി നിർമ്മാണം
9 ചുടുകട്ട നിർമ്മാണം
10 സിമൻറ് കട്ട നിർമ്മാണം
11 അച്ചാറ് നിർമ്മാണം
12 പാലുല്പന്ന നിർമ്മാണം
13 ബേക്കറി ഉല്പന്നങ്ങളുടെ നിർമ്മാണം
14 കറിപൗഡർ, കാപ്പിപ്പൊടി യൂണിറ്റ്
15 സോപ്പ് നിർമ്മാണം
16 ധാന്യപ്പൊടി യൂണിറ്റുകൾ
17 പപ്പട നിർമ്മാണം
18 കെട്ടിടനിർമ്മാണസാമഗ്രികളുടെ നിർമ്മാണം
19 തുകൽ ഉല്പന്നങ്ങളുടെ നിർമ്മാണം
20 കൊക്കോ സംസ്ക്കരണം
21 ഏലം സംസ്ക്കരണ യൂണിറ്റ്
22 ഫർണിച്ചർ നിർമ്മാണം
23 കളിപ്പാട്ട നിർമ്മാണം
24 സ്റ്റീൽ ഫർണിച്ചർ നിർമ്മാണ യൂണിറ്റ്
25 കരകൗശല വസ്തുക്കളുടെ നിർമ്മാണം
26 സ്ക്രീൻ പ്രിൻറിംങ്ങ്
27 കുരുമുളക് സംസ്ക്കരണ യൂണിറ്റ് (Red Pepper, White Pepper, Green Pepper)
28 മായ്ങ്കോ പൾപ്പ് നിർമ്മാണം
29 കോഴി, കാട, താറാവ് വ്യവസായം
30 വെൽഡിംഗ് യൂണിറ്റ്
31 പ്രിൻറിംഗ് പ്രസ്സ് യൂണിറ്റ്
32 റബ്ബർ ഉല്പന്ന വ്യവസായം
33 കരിങ്കൽ വ്യവസായം
34 കിടക്ക നിർമ്മാണം
35 ഇലക്ട്രോണിക്സ് ഉല്പന്നങ്ങളുടെ നിർമ്മാണം
36 സിമൻറ് ഉല്പന്നങ്ങളുടെ നിർമ്മാണം
37 ഫൈബർ ഉല്പന്നങ്ങളുടെ നിർമ്മാണം
38 മധുരപാനീയങ്ങൾ, വിന്നാഗിരി നിർമ്മാണം
39 സ്കൂൾ ബാഗ് നിർമ്മാണം
40 തുള്ളിനീലം നിർമ്മാണം
41 കൈത്തറി തോർത്ത് നിർമ്മാണം

ഖാദിമേഖല

ഖാദിവ്യവസായ സംരഭങ്ങൾ ഈ പഞ്ചായത്തിലേയ്ക്ക് കടന്നുവന്നിട്ടേയില്ല. ഖാദിവായ്പകൾ സുലഭമാക്കുകയും പ്രാദേശിക ഖാദി ഓഫീസുകൾ തുറന്ന് ഖാദിവ്യവസായങ്ങളിലേയ്ക്ക് ജനങ്ങളെ ആകർഷിക്കേണ്ടതാണ്. ഇന്ന് ഖാദിമേഖലയിൽ തുടങ്ങുവാൻ കഴിയുന്ന പല വ്യവസായ സംരഭങ്ങളും മുൻപട്ടികയിൽ സൂചിപ്പിച്ചിട്ടുണ്ട്.

ഇവയിൽ പലതിനും ആവശ്യമായ അസംസ്കൃതവസ്തുക്കളും ഈ പഞ്ചായത്തിൽതന്നെ സുലഭമാണ്. പല സരംഭങ്ങളുടെയും ഉല്പന്നങ്ങൾ ഈ പഞ്ചായത്തിൽ മാത്രം വിറ്റഴിച്ചാൽപോലും അവയ്ക്ക് നല്ലനിലയിൽ പ്രവർത്തിക്കാൻ കഴിയും. സ്വന്തം ഗ്രാമത്തിലെ ഉല്പന്നങ്ങൾ മഹത്വരമാണന്ന് മനസ്സിലാക്കുവാനുള്ള ദീർഘവീക്ഷണം നമ്മളെ ഗാന്ധിജിയുടെ ഗ്രാമസ്വരാജ് സങ്കല്പത്തിലേയ്ക്ക് എത്തിയ്ക്കും.

മിനി വ്യവസായ എസ്റ്റേറ്റ്

ഗ്രാമത്തിന്റെ വികസനത്തിൽ വ്യവസായ മേഖലയുടെ വളർച്ച പരമപ്രധാന്യമുള്ളതാണ്. വ്യവസായ വളർച്ച കാർഷികമേഖലയെ പുഷ്ടിപ്പെടുത്തി തൊഴിലില്ലായ്മ പരിഹരിച്ച് ദാരിദ്ര്യനിർമ്മാർജ്ജനംചെയ്ത് ആളോഹരി വരുമാനം വർദ്ധിപ്പിക്കും. വ്യവസായ സരംഭകരുടെ വളർച്ചയ്ക്ക് അനുബന്ധ വ്യവസായ സാഹചര്യങ്ങൾ വളർത്തേണ്ടതുണ്ട്.

നമ്മുടെ പഞ്ചായത്തിൽ ഒരു ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കേണ്ടതാണ്. രണ്ടേക്കറോളം സ്ഥലം പഞ്ചായത്ത് ഈ ആവശ്യത്തിന് ഏറ്റെടുക്കുകയും നൂറു ഷട്ടറുകൾ എങ്കിലുമുള്ള ഒരു ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുകയും ചെയ്താൽ നിരവധി അനുബന്ധ വ്യവസായങ്ങൾ ഉർപ്പെടെ നൂറുകണക്കിന് വ്യവസായങ്ങൾ വളർന്നുവരികയും ഇവിടുത്തെ തൊഴിലില്ലായ്മ പരിഹരിക്കപ്പെടുകയും ചെയ്യും

വ്യവസായ സംബന്ധമായ ഗ്രാമസഭാ നിർദ്ദേശങ്ങൾ അന്യത്ര ചേർക്കുന്നു.

വ്യവസായം

ക്രോഡീകരിച്ചത് (പഞ്ചായത്ത് തലത്തിൽ)

1 ഹോട്ടൽ വ്യവസായം സഹകരണമേഖലയിൽ നടത്തുക.

2 കമ്പിളി വസ്ത്ര നിർമ്മാണവും റെഡിമെയ്ഡ് വസ്ത്രനിർമ്മാണവും ആരംഭിക്കുക (പ്ലാസ്റ്റിക് വ്യവസായം, സോപ്പു നിർമാണം, സാമ്പ്രാണി, അച്ചാർ നിർമാണം, നാടൻ പലഹാര നിർമാണം, തീപ്പെട്ടി, പപ്പടം, അലങ്കാരവസ്തുക്കൾ, ചിപ്സ് യൂണിറ്റ്, കുട്ട, വട്ടി, പനമ്പ്, തുണിനെയ്ത്ത്, പഴിവർഗ്ഗം ഉപയോഗിച്ച് ജാം, ജ്യൂസ് ഉണ്ടാക്കൽ തുടങ്ങിയ കുടിൽവ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുക (പുഷ്പകൃഷി)

3 കോൺക്രീറ്റ് കട്ടിള, ജന്നൽ, വെൻറിലേഷൻ, സ്ലാബുകൾ, ഇഷ്ടികകൾ, ചെരുപ്പ് നിർമ്മാണം, തൊണ്ടിൽനിന്നും കയർനിർമ്മാണം ഇവയുടെ യൂണിറ്റുകൾ

4 ഇലക്ട്രോണിക് ഉപകരണങ്ങളുടെ നിർമ്മാണത്തിന് ആവശ്യമായിട്ടുള്ള ഘടകപദാർത്ഥങ്ങൾ എത്തിക്കുകയും അസംബ്ലിങ്ങ്, വനിതായൂണിറ്റിന്റെ ആഭിമുഖ്യത്തിൽ വനിതാ വ്യവസായമായി മാറ്റാവുന്നതാണ്. ബുക്ക് ബയൻറിങ്ങ്, ഇൻറീരിയൽ ഡെക്കറേഷൻ.

5 ക്ഷീരോല്പന്നങ്ങൾ വീടുകളിൽ നിർമ്മിക്കുകയും വിപണനസൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.

6 കൈത്തറി മിൽ സ്ഥാപിച്ച് വസ്ത്രം നിർമ്മിക്കുക. ആയതിന് ആവശ്യമായ സാങ്കേതിക സാമ്പത്തിക സൗകര്യങ്ങൾ ഏർപ്പെടുത്തുക.

7 കുമ്മായ ചൂള മൂന്നാം വാർഡിൽ

8 റോഡുപുറമ്പോക്കുകളിൽ തെരുവുകൃഷി നടത്തുകയും തെരുവുത്തെലം വിപണനം ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക.

9 ഇടുക്കി ഡാംസൈറ്റിൽ ഈറ്റ, മുള, തഴ ഇവ വച്ച് പിടിപ്പിയ്ക്കുക.

10 തേനീച്ച വളർത്തൽ നടപ്പാക്കുന്നതിലേയ്ക്കായി സൗജന്യമായി ഈച്ചപ്പെട്ടി നല്കുക. എട്ടാം വാർഡിൽ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ആരംഭിക്കുക. ആറും നാലും വാർഡിൽ കാലിത്തീറ്റ സുഗന്ധവ്യഞ്ജന ക്രോസ്സസ്സിംഗ് യൂണിറ്റ് & ഫർണിച്ചർ വ്യവസായം, പാൽസംഭരണ ശീതീകരണവിപണന യൂണിറ്റ് എന്നിവ ആരംഭിക്കുക.

11 സുഗന്ധവിളകൾ പായ്ക്കറ്റിലാക്കി അന്യസംസ്ഥാനങ്ങളിൽ വിൽക്കുന്നതിനുള്ള നിയമതടസ്സങ്ങൾ ഒഴിവാക്കുകയും യൂണിറ്റുകൾ ആരംഭിക്കുകയും ചെയ്യുക.

12 അഭ്യസ്ഥവിദ്യർക്ക് പലിശയില്ലാത്ത വായ്പകൾ നല്കുക.

13 കൂഴച്ചക്ക ചക്കക്കുരു ഇവയുടെ വിവിധ രീതികളിലുള്ള ഉപയോഗം വർദ്ധിപ്പിക്കുന്നതിനായി വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക.

14 വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നിയമതടസ്സങ്ങൾ ഒഴിവാക്കുക.

15 കോഴി വളർത്തൽ വ്യവസായം പ്രോത്സാഹിപ്പിക്കുക.

16 കൊക്കൊ സംസ്കരണ ഉല്പന്ന നിർമ്മാണ യൂണിറ്റുകൾ ഉണ്ടാക്കുക.

17 ഗ്രാമതലത്തിലുള്ള വ്യവസായ ഉല്പന്നങ്ങളിലെ വിപണനത്തിനായി സഹകരണസംഘങ്ങൾ ഏർപ്പെടുത്തുക.

18 ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള ബോധവത്ക്കരണ സെമിനാറുകൾ ആരംഭിക്കുക.

19 കാലിത്തീറ്റ നിർമ്മാണഫാക്ടറി (രണ്ടാം വാർഡിൽ) ജൈവവള നിർമ്മാണ യൂണിറ്റ്, കൂൺ കൃഷി

20 സഹകരണ അടിസ്ഥാനത്തിൽ പ്രിൻറിംഗ് പ്രസ്സ് ആരംഭിക്കുക.

1 കാഞ്ഞിയാർ പഞ്ചായത്തിൽ വളരെയേറെ വികസന സാധ്യതയുള്ള വ്യവസായ മേഖലയാണ് ടൂറിസം. അഞ്ചുരുളി കേന്ദ്രമാക്കി ഈ വ്യവസായം ആരംഭിക്കാവുന്നതും അഞ്ചുരുളിയിൽ പഞ്ചായത്ത് തലത്തിൽ ഫെഡസ്ട്രൽ ബോട്ടുകൾ ഇറക്കുകയും ചെയ്താൽ പഞ്ചായത്തിന്റെ വരുമാനവും അനേകം പേർക്ക് തൊഴിൽസാധ്യത ഉണ്ടാവുന്നതുമാണ്. ആയതിലേയ്ക്ക് വേണ്ടുന്ന നിയമഭേദഗതികൾ ഫോറസ്റ്റ് ഡിപ്പാർട്ട്മെൻറും ഇലക്ട്രിസിറ്റി ബോർഡുമായി ഉണ്ടാക്കേണ്ടതാണ്. ടൂറിസ്റ്റുകൾക്കുള്ള ഹോട്ടൽ അക്കോമൊഡേഷൻ സൗകര്യം വർദ്ധിപ്പിക്കുന്നതു വഴി പഞ്ചായത്തിന് വലിയ സാമ്പത്തിക നേട്ടം ഉണ്ടാകാവുന്നതാണ്.

2 വളാടുപാറ, തട്ടാത്തിക്കുടി ഇവിടെയും ടൂറിസ്റ്റ് കേന്ദ്രം ആക്കുക.

3 പഞ്ചായത്ത് തലത്തിൽ ഒരു വനിതാ ഹോട്ടൽ ആരംഭിക്കുക.

4 ബാങ്കുകൾ മുഖേന വ്യവസായ ആരംഭത്തിനുള്ള ലോണുകൾ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലളിതമാക്കുകയും പലിശ ഇളവുചെയ്യുകയും ചെയ്യുക.

5 എല്ലുപൊടി ഫാക്ടറി പഞ്ചായത്ത്തലത്തിൽ സ്ഥാപിക്കുക.

6 തുകൽസംസ്ക്കരണവും ചെരിപ്പ്, ബാഗ് തുടങ്ങിയവയുടെ നിർമ്മാണം തുടങ്ങുന്നതിനുള്ള ഫാക്ടറി സ്ഥാപിക്കുക.

7 പഞ്ചായത്ത് തലത്തിൽ കുടനിർമ്മാണഫാക്ടറി വനിതായൂണിറ്റായി ആരംഭിക്കുക.

8 പഞ്ചായത്ത് തലത്തിൽ പാൽപ്പൊടി നിർമ്മാണഫാക്ടറി ആരംഭിക്കുക.

"പ്രകൃതി നിയമങ്ങളെ
ബോധപൂർവ്വമോ അജ്ഞതകൊണ്ടോ
ലംഘിക്കുന്നതിൽനിന്നാണ്
സുഖക്കേടുകൾ ഉണ്ടാകുന്നത്....."

5-4 വിദ്യാഭ്യാസം

പ്രാഥമിക വിദ്യാഭ്യാസരംഗത്ത് ഇടുക്കി ജില്ലയിൽ ശരാശരി നിലവാരം പുലർത്തുന്ന പഞ്ചായത്തുകളിൽ ഒന്നാണ് കാഞ്ഞിയാർ പഞ്ചായത്ത് 1956 ജൂലൈ 16-ന് ഗവൺമെൻറ് പയൽ സ്കൂൾ സ്ഥാപിച്ചുകൊണ്ടാണ് ഔപചാരിക വിദ്യാഭ്യാസത്തിന് തുടക്കം കുറിച്ചത്. അതിനുപിന്നാലെ സ്വകാര്യമേഖലയിൽ നരിയമ്പാറയിൽ മന്നം മെമ്മോറിയൽ എൻ.പി. സ്കൂളും വെൻഫയർ ബോർഡിൻെറ കീഴിൽ മുരിയ്ക്കാട്ടുകുടിയിൽ ഒരു സർക്കാർ സ്കൂളും കൽത്തൊട്ടിയിൽ ആസാദ് മെമ്മോറിയൽ എൻ.പി. സ്കൂളും ആരംഭിക്കുകയുണ്ടായി തുടർന്ന് 1964-ൽ കാഞ്ഞിയാർ സെൻറ് മേരീസ് എൻ.പി. സ്കൂളും 1980 കളിൽ കോഴിമല ഗവൺമെൻറ് എൽ.പി. സ്കൂളും കാഞ്ഞിയാർ ലൂർദ്ദ് മാതാ എൽ.പി.സ്കൂളും ആരംഭിക്കുകയുണ്ടായി.

സ്കൂളുകളെ സംബന്ധിച്ച ഇപ്പോഴത്തെ നിലവരെ ചേർക്കുന്നു.

എൽ.പി. സ്കൂളുകൾ	7
യു.പി. സ്കൂളുകൾ	4
ഹൈസ്കൂളുകൾ	2

ഇതുകൂടാതെ സാങ്കേതിക വിദ്യാഭ്യാസരംഗത്ത് നരിയംപാറയിൽ ഒരു കൊമേഴ്സ്യൽ (Commercial Institute) ഇൻസ്റ്റിറ്റ്യൂട്ടും സ്കൂൾ വിദ്യാഭ്യാസ രംഗത്ത് മുരിക്കാട്ടുകുടി ഹൈസ്കൂളിനോടനുബന്ധിച്ച് ഒരു ഹയർ സെക്കൻററി സ്കൂളും പ്രവർത്തിക്കുന്നു. ഉന്നത വിദ്യാഭ്യാസരംഗത്ത് 1968 മുതൽ 1978 വരെ ഉള്ള കാലയളവിൽ ദേവസ്വം ബോർഡിനു കീഴിൽ ഒരു ജൂണിയർ കോളേജ് നരിയംപാറയിൽ പ്രവർത്തിച്ചിരുന്നു. കൂടുതൽ സൗകര്യപ്രദമായ സ്ഥലത്തേക്ക് കോളേജ് മാറ്റി സ്ഥാപിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് നടത്തിയ ബഹുജന പ്രക്ഷോഭത്തെത്തുടർന്ന് സർക്കാർ ഏറ്റെടുക്കുകയും കട്ടപ്പനയിൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ഇതു കൂടാതെ കോഴിമലയിൽ 'കിൻറർ ഗാർട്ടൻ' കാഞ്ഞിയാർ സെൻറ് മേരീസ് എൽ.പി. സ്കൂളിനോട് അനുബന്ധിച്ചുള്ള ജ്യോതീസ് നേഴ്സറി സ്കൂൾ, കാഞ്ഞിയാർ ഗവൺമെൻറ് എൽ.പി. സ്കൂളിനോടനുബന്ധിച്ച് നഴ്സറി സ്കൂളും തൊപ്പിപ്പാളയിൽ എസ്.എൻ.ഡി.പി. യുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന എസ്.എൻ. നേഴ്സറി സ്കൂളും ട്യൂഷൻ സെൻററും പാരലൽ വിദ്യാഭ്യാസരംഗത്ത് വർഷങ്ങളായി പ്രവർത്തിക്കുന്ന ലബ്ബക്കടയിലെ വിശ്വഭാരതി ആർട്ട്സ് കോളേജും വിദ്യാഭ്യാസ രംഗത്തു പ്രവർത്തിക്കുന്ന ഇതര സ്ഥാപനങ്ങളാണ്.

കാഞ്ഞിയാർ പഞ്ചായത്തിൻെറ വിദ്യാഭ്യാസ പുരോഗതിക്ക് വ്യക്തികളെന്ന നിലയിൽ സംഭാവനകൾ നല്കിയവർ അധികമൊന്നുമില്ലെങ്കിലും 'വണ്ടയ്ക്കൽ ഭാസ്ക്കരക്കുറുപ്പി'ൻെറ പേര് പ്രത്യേകം സ്മരണീയമാണ്. നരിയംപാറ മന്നം മെമ്മോറിയൽ ഹൈസ്ക്കൂളിൻെറയും നരിയംപാറ ഡി.ബി.എസ്. കോളേജിൻെറയും സ്ഥാപന പ്രവർത്തനരംഗത്ത് വണ്ടയ്ക്കൽ ഭാസ്ക്കരക്കുറിപ്പിൻെറ പങ്ക് സ്തുത്യർഹമാണ്.

ഈ പഞ്ചായത്തിൽ 7 എൽ.പി. സ്ക്കൂളുകളിലും 4 യു.പി. സ്ക്കൂളുകളിലും 2 ഹൈസ്ക്കൂളുകളിലുമായി 3027 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. ഇതിൽ 1667 പേർ ആൺകുട്ടികളും 1410 പേർ പെൺകുട്ടികളുമാണ്. ഈ സ്ക്കൂളുകളിലെല്ലാംകൂടി 70 പുരുഷന്മാരായ അദ്ധ്യാപകരും 36 വനിതാ അദ്ധ്യാപകരുമാണുള്ളത്. പട്ടികയിൽ ഈ വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു.

കുട്ടികളെ സ്ക്കൂളുകളിൽ അയയ്ക്കുന്ന കാര്യത്തിൽ രക്ഷിതാക്കൾ പൊതുവേ തല്പരരാണ്. എന്നാൽ തമിഴ് ആദിവാസി മേഖലകൾ വ്യത്യസ്തമാണ്. സാമ്പത്തികനില കണക്കിലെടുക്കാതെപോലും കുട്ടികളെ ദൂരെയുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ അയയ്ക്കുന്നതിനുള്ള പ്രവണത വർദ്ധിച്ചുവരികയാണ്. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ ഈ പഞ്ചായത്തിലില്ലെന്നു മാത്രമല്ല ജില്ലയിൽതന്നെ വളരെ കുറവാണ്. നൂറിലധികം കിലോമീറ്ററുകൾ താണ്ടി അന്യ ജില്ലകളെ ആശ്രയിക്കേണ്ടതായ ദയനീയ അവസ്ഥയാണുള്ളത്. വിദ്യാഭ്യാസരംഗത്ത് പിന്നോക്കാവസ്ഥകളുടെ ഒരു പ്രധാന കാരണം ഇതാണ്. അതുപോലെതന്നെ ഇതുമൂലമുണ്ടാകുന്ന സാമ്പത്തികചോർച്ച് പഞ്ചായത്തിൻെറ സാമ്പത്തിക പിന്നോക്കാവസ്ഥയ്ക്കും കാരണമാകുന്നു.

ഈ പഞ്ചായത്തിലെ രണ്ടു ഹൈസ്ക്കൂളുകളിലെയും S.S.L.C വിജയശതമാനം വളരെ പിന്നിലാണ്. പഞ്ചായത്തിലെതന്നെ 1500 ഓളം കുട്ടികൾ സമീപസ്ഥ പഞ്ചായത്തുകളിലെ സ്കൂളുകളിൽ പഠിക്കുന്നു. പ്രൈമറി വിദ്യാഭ്യാസരംഗത്തുള്ള സ്ക്കൂളുകളുടെ സ്ഥിതിയും വ്യത്യസ്തമല്ല. താരതമ്യേന നല്ല നിലവാരം പുലർത്തിയിരുന്ന സ്വകാര്യ സ്ക്കൂളുകളും ഇപ്പോൾ പിന്നോക്കമാണ്.

സ്ക്കൂളുകളുടെ വിവരണം ചേർക്കുന്നു.

സ്കൂളുകളെ സംബന്ധിച്ച വിവരങ്ങൾ

				വിദ്യാർത്ഥികൾ				അദ്ധ്യാപകർ					പഠനനിലവാരം ശതമാനത്തിൽ					
ക്രമനമ്പർ	സ്കൂളിന്റെ പേര്	മാനേജ് മെന്റ്	ആൺകുട്ടികൾ	പെൺകുട്ടികൾ	ആകെ	പട്ടികജാതി	പട്ടികവർഗ്ഗം	പുരുഷന്മാർ	സ്ത്രീകൾ	ആകെ	ക്ലാസ്സ് മുറികൾ	സ്കൂളിന്റെ ആകെ വിസ്തീർണ്ണം	30% താഴെ	30–40	40–50	50–60	60% മുകളിൽ	90% മുകളിൽ
1	ഗവ. ട്രൈബൽ എൽ.പി കാഞ്ചിയാർ	സർക്കാർ സ്ക്കൂൾ	26	32	58	26	ഇല്ല	2	2	4	8	1	20	30	30	20		
2	ലൂർദ്ദ്മാതാ എൽ.പി. സ്കൂൾ ലബ്ബക്കട	സ്വകാര്യ സ്കൂൾ	68	63	131	14	1		4	4	6	1	11	8	19	23	19	20
3	സെൻറ്മേരിസ് എൽ.പി.സ്കൂൾ കാഞ്ചിയാർ	സ്വകാര്യ സ്ക്കൂൾ	168	193	379	34	3	1	9	10	11	0.6	20	25	25	10	10	10
4	ഗവ. എൽ.പി. സ്ക്കൂൾ, കോഴിമല	സർക്കാർ സ്ക്കൂൾ	95	76	171	17	37	3	1	4	8	1	40	30	15	10	5	
5	സെൻറ്മേരിസ് യു.പി.സ്കൂൾ കാഞ്ചിയാർ	സ്വകാര്യ സ്ക്കൂൾ	192	195	387	43	2	3	9	12	12	2	10	50	30	10	6	4
6	എം.എം. യു.പി. സ്കൂൾ കൽത്തൊട്ടി	സ്വകാര്യ സ്ക്കൂൾ	185	168	383	6	2	2	13	15	13	1	65	15	5	5	5	5
7	മന്നം മെമ്മോറിയൽ ഹൈസ്ക്കൂൾ നരിയംപാറ	സ്വകാര്യ സ്ക്കൂൾ	244	234	478			8	13	21	17	3.5	60	15	20	4	1	
8	ഗവ. ട്രൈബൽ ഹയർ സെക്കണ്ടറി സ്ക്കൂൾ, മുരിക്കാട്ടുകുടി	സർക്കാർ സ്ക്കൂൾ	551	489	1040	149	160	19	19	38	21	3	56	20	19	2	1	
	ആകെ		1667	1410	3027	293	205	70	36	108	96	13.1	288	193	193	48	47	39

അനൗപചാരിക വിദ്യാഭ്യാസരംഗം

അനൗപചാരിക വിദ്യാഭ്യാസരംഗത്ത് നമ്മുടെ പഞ്ചായത്തിന് ശരാശരി പ്രവർത്തനങ്ങളെ കാഴ്ച വ്യ്ക്കുവാൻ കഴിഞ്ഞിട്ടുള്ളു. 1958-ൽ നമ്മുടെ പഞ്ചായത്തിൽ പള്ളിക്കവലയിൽ പി.എസ്.എസ്. ലൈബ്രറി എന്ന പേരിൽ ഒരു വായനശാല ആരംഭിച്ചുകൊണ്ട് അനൗപചാരിക വിദ്യാഭ്യാസത്തിന് തുടക്കംകുറിച്ചു. സാംസ്ക്കാരികവും വിദ്യാഭ്യാസപരവുമായ കാര്യങ്ങളിൽ ഈ പ്രദേശത്തെ ജനങ്ങളിൽ ഒരു അവബോധം വളർത്തുന്നതിന് ഈ പ്രസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഈ ആദ്യകാല വായനശാല ഇപ്പോൾ പ്രവർത്തനക്ഷമമല്ല. ഈ രംഗത്ത് കാര്യക്ഷമമായി പ്രവർത്തിക്കുന്ന മറ്റ് വായനശാലകൾ ഇന്ന് ഈ പഞ്ചായത്തിലുണ്ട്.

നവ സാക്ഷരരുടെ തുടർവിദ്യാഭ്യാസം ലക്ഷ്യമാക്കിക്കൊണ്ട് ജനവിദ്യാകേന്ദ്രത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന അക്ഷരസംഘങ്ങൾ അനൗപചാരിക വിദ്യാഭ്യാസരംഗത്ത് വളരെ ശ്രദ്ധയമായി പ്രവർത്തിക്കുന്നു. സംപൂർണ്ണ സാക്ഷരത ലക്ഷ്യമാക്കിക്കൊണ്ട് 1990-ൽ ആരംഭിച്ച സംപൂർണ്ണ സാക്ഷരതാ പരിപാടി വളരെ വിജയകരമായി നടത്തുവാൻ ഈ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. 1991മുതൽ രണ്ടാംഘട്ട സാക്ഷരതാ പരിപാടി ആരംഭിച്ചു. ഈ പഞ്ചായത്തിലെ ആദ്യവാസികളുടെയും തമിഴ്തൊഴിലാളികളുടെയും സാക്ഷരത ലക്ഷ്യമാക്കിക്കൊണ്ട് പ്രത്യേകം പ്രത്യേകം സാക്ഷരതാ പ്രവർത്തനങ്ങൾ മുൻകാലങ്ങളിൽ നടന്നിട്ടുണ്ട്. സന്നദ്ധപ്രവർത്തകരുടെ സഹായത്തോടെ ഭാഗികമായ പ്രവർത്തനം ഇപ്പോഴും നടക്കുന്നുണ്ട്. 1993-ൽ ഈ പഞ്ചായത്തിൽ രണ്ടു ജനവിദ്യാകേന്ദ്രങ്ങളും (കാഞ്ഞിയാർ, സ്വരാജ്) പതിനേഴ് അക്ഷരസംഘങ്ങളും രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. വികാസ് യോജന സോഷ്യൽ സർവ്വീസ് സൊസൈറ്റിയും അനൗപചാരിക വിദ്യാഭ്യാസരംഗത്ത് ഗണ്യമായ സംഭാവനകൾ നല്കിയിട്ടുണ്ട്. 'വേൾഡ് വിഷൻ' (World Vission) എന്ന സംഘടനയും ഇപ്പോൾ രംഗത്ത് പ്രവർത്തിച്ചുവരുന്നു.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

വിദ്യാഭ്യാസം

ക്രോഡീകരിച്ചത്

1 നിലവിലുള്ള ഗവൺമെൻറ് സ്ക്കൂളുകൾക്ക് ആവശ്യമായ ഫർണിച്ചറുകളും പാനോപകരണങ്ങളും കെട്ടിടസൗകര്യങ്ങളും നല്കുക.

2 പഠന നിലവാരം കുറയുന്നതിനുള്ള കാരണങ്ങൾ കണ്ടെത്തുക

3 പി.റ്റി.എ., മാതൃസംഗമം ഉച്ചക്കഞ്ഞി സഞ്ജീവമാക്കുക.

4 അദ്ധ്യാപകരുടെ ഉത്തരവാദിത്വമില്ലായ്മ അവസാനിപ്പിക്കുക.

5 അദ്ധ്യാപകരുടെ ഒഴിവ് നികത്തുക.

6 പുസ്തകവിതരണം യഥാസമയം നടത്തുക.

7 സ്ക്കൂളുകളിൽ കുടിവെള്ളം ഏത്തിക്കുക

8 പച്ചക്കറിതോട്ടനിർമാണം സ്ക്കൂളുകളിലാരംഭിക്കുക.

9 സ്കൂളുകളിലെ വിവിധ വരുമാനങ്ങൾ പി.റ്റി എ. യെ ബോധ്യമാക്കുക.

10 SC/ST വിദ്യാർത്ഥികളുടെ സ്റ്റൈഫന്റെ് യഥാസമയം നല്കുക.

11 S.S.L.C. വിജയ ശതമാനം കുറയുന്നതിന്റെ കാരണം പഞ്ചായത്ത് അന്വേഷിക്കുക.

12 പഞ്ചായത്ത് തലത്തിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുക.

13 അംഗൻവാടികളിൽ കളിക്കോപ്പുകൾ ഏർപ്പെടുത്തുക.

14 വികാസ് കമ്മ്യൂണിറ്റിഹാൾ സാക്ഷരതാപ്രവർത്തനത്തിനായി വിട്ടുകൊടുക്കുക.

15 കലാ-കായിക പരിശീലന സ്കൂളുകൾ ആരംഭിക്കുക.

16 സാക്ഷരതാ പ്രവർത്തനത്തിനുള്ള സാങ്കേതിക സാമ്പത്തിക സൗകര്യം ചെയ്തുകൊടുക്കുക.

17 കോഴിമല എൽ.പി. സ്ക്കൂൾ അപ്ഗ്രേഡ് ചെയ്യുക. ടി. സ്ക്കൂളിന് കെട്ടിടം, ഉച്ചഭക്ഷണം മുഴുവൻകുട്ടികൾക്കും കൊടുക്കുക.

18 ജനവിദ്യാകേന്ദ്രങ്ങൾക്ക് സ്വന്തമായി കെട്ടിടം നിർമിച്ചുകൊടുക്കുക.

19 സ്കൂളുകൾ വൈദ്യുതീകരിക്കുക. വാട്ടർ സപ്ലൈ നടപ്പിലാക്കുക.

20 സ്കൂളുകളിൽ ലൈബ്രറി, ലാബോറട്ടറി സൗകര്യം ഏർപ്പെടുത്തുക.

21 'സുകുമാര കലകൾ' പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു ഫൈനാർട്ട്സ് കോളേജ് പഞ്ചായത്തിന്റെ പരിധിയിൽ ആരംഭിക്കുക.

22 സ്ക്കൂളുകളിൽ സാങ്കേതിക വിദ്യാഭ്യാസ സൗകര്യം (കംപ്യൂട്ടർ)

23 സ്ക്കൂളിൽ പ്രാഥമിക ആവശ്യ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

24 കളിസ്ഥലം ഇല്ലാത്ത സ്കൂളിൽ നിർമിക്കുക.

25 സ്കൂളുകളിലെ കായികപരിശീലനം നിർബന്ധമാക്കുക

26 മുരിയ്ക്കാട്ടുകുടിയിലും കോഴിമലയിലും ഉച്ചഭക്ഷണനിർമ്മാണത്തിനുള്ള കെട്ടിടം നിർമ്മിക്കുക.

27 പട്ടികവർഗ്ഗ കിൻറർഗ്രാർട്ടൻസ്) സ്വന്തം കെട്ടിടം നിർമ്മിക്കുക.

28 സാക്ഷരതാ പ്രവർത്തകർക്ക് (അക്ഷരസംഘം, ജനവിദ്യാ കേന്ദ്രം കൺവീനർമാർക്ക്) ഇൻസെന്റീവ് ഏർപ്പെടുത്തുക.

29 ട്രൈബൽ ഹോസ്റ്റലിന്റെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുക.

30 തയ്യൽ പരിശീലന കേന്ദ്രം തുടങ്ങുക.

31 കോടാലിപ്പാറ ഗവ. എൽ.പി.എസ്. അനുവദിക്കുക

32 9–ാം വാർഡിൽ അംഗൻവാടി സ്ഥാപിക്കുക.

33 നരിയംപാറ M.M.H.S. ലെ ഹയർ സെക്കണ്ടറി നിലവാരം നല്കുക.

34 ഗവൺമെന്റ് കൊമേഴ്സ് ഇൻസ്റ്റിറ്റ്യൂട്ടിനെ പഞ്ചായത്തിന്റെ സ്ഥലത്ത് കെട്ടിടം പണിത് മാറ്റി സ്ഥാപിക്കുക.

35 കൃഷി, വ്യവസായം, തുടങ്ങിയവയെക്കുറിച്ചുള്ള ബോധവത്കരണ സെമിനാർ സ്കൂളിൽ നടത്തുക.

36 ലബ്ബക്കടയിലെ അംഗൻവാടിക്ക് കെട്ടിടവും മറ്റു സൗകര്യങ്ങളും നല്കുക.

37 പേഴുംകണ്ടത്ത് മഹിളാസമാജത്തിന്റെ പേരിൽ കിടക്കുന്ന സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് അവിടെ വായനശാല തുടങ്ങുക.

38 K.S. പുതവൽ, വെള്ളിലാംകണ്ടം എന്നിവടങ്ങളിൽ അംഗൻവാടികൾ സ്ഥാപിക്കുക.

39 കിഴക്കേ മാട്ടുക്കട്ട ഗിരിജൻകോളനിയിൽ എൽ.പി. സ്ക്കൂൾ അനുവദിക്കുക.

40 8–ാം വാർഡിലെ എൽ.പി., യു. പി. സ്കൂളുകൾ അപ്ഗ്രെഡ് ചെയ്യുക.

41 അംഗൻവാടി ജോലിക്കാരെ സ്ഥിരപ്പെടുത്തുക.

42 എൻജനീയറിംഗ് മേഖലകളിലുള്ള ഏതെങ്കിലും ഒരു വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കുക.

43 വെങ്ങാലൂർക്കടയിൽ എൽ.പി.സ്ക്കൂൾ ആരംഭിക്കുക.

44 അഞ്ചാം വാർഡിലെ ആദിവാസിമേഖലയിൽ സ്ക്കൂൾ

45 ഇംഗ്ലീഷ് മീഡിയം സ്കൂൾ പഞ്ചായത്ത് തലത്തിൽ ആരംഭിക്കുക.

46 പഞ്ചായത്ത് തലത്തിൽ അംഗൻവാടി പരിശോധന നടത്തുക.

47 മൂന്നാം വാർഡിൽ ട്രൈബൽ ഹോസ്റ്റൽ ഏർപ്പെടുത്തുക.

48 VI-ാം വാർഡിൽ എൽ.പി. തമിഴ്, മലയാളം, സ്കൂൾ അരംഭിക്കുക.

49 ട്രൈബൽ സ്ക്കൂളുകളിലെ നോട്ടുബുക്ക്, പുസ്തകം സൗജന്യമായി നല്കുക.

50 ഇടുക്കി ജില്ലയ്ക്കനുവദിച്ച ഡയറിക്കോളേജ് കാഞ്ഞിയാർ പഞ്ചായത്തിലാരംഭിക്കുക.

51 മൂന്നാം വാർഡിലെ എൽ.പി. സ്കൂളുകൾ ചുറ്റുമതിൽകെട്ടി സുരക്ഷിതമാക്കുക.

52 നരിയംപാറയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കോമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടിൽ സ്ഥലപരിമിതിമൂലം 60 സീറ്റിൽനിന്നും 40 സീറ്റായി ചുരുക്കിയിരിക്കുന്ന ഈ സാഹചര്യത്തിൽ ഈ പഞ്ചായത്തിന്റെ രണ്ടാം വാർഡിൽ സ്റ്റേഡിയത്തിനായി വാങ്ങിയിരിക്കുന്ന ഒരേക്കറിൽ ഇന്നി ബാക്കിയുള്ള 90 സെന്റ് സ്ഥലത്ത് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ജനകീയ പങ്കാളിത്വത്തോടെ ആവശ്യമായ കെട്ടിടം സ്ഥാപിച്ച് ഈ പ്രസ്ഥാനം ഈ പഞ്ചായത്തിൽ നിലനിർത്തേണ്ടതാണ്. അല്ലാത്തപക്ഷം ഏതു സമയവും ഈ പ്രസ്ഥാനം ഈ പഞ്ചായത്തിൽനിന്നും വിട്ടുപോകാൻ സാദ്ധ്യതയുള്ളതാണ്.

5-5 കുടിവെള്ളവും പൊതുജനാരോഗ്യവും

കുടിവെള്ളം

കുടിവെള്ളത്തിന്റെ കാര്യത്തിൽ ഒരു പ്രശ്ന ഗ്രാമമാണ് നമ്മുടേത്. ജനങ്ങളിൽ ഏറിയ പങ്കും കിണറുകളെയാണ് കുടിവെള്ളത്തിനായി ആശ്രയിക്കുന്നത്. ശക്തമായ മൺസൂൺ കാലവർഷം മൂലം നമുക്ക് ജലലഭ്യത വളരെ കൂടുതലുണ്ടെങ്കിലും വേനൽക്കാലത്ത് മിക്ക കിണറുകളും വറ്റിവരളുകയും കടുത്ത പ്രതിസന്ധിയെ നേരിടേണ്ടി വരികയും ചെയ്യുന്നു. കുടിവെള്ളത്തിനായി കിലോമീറ്റുകൾ തന്നെ താണ്ടേണ്ടതായി വരുന്ന സാഹചര്യം ഇവിടെ സാധാരണമാണ്. കടുത്ത വേനൽ അനുഭവപ്പെടുന്ന സാഹചര്യത്തിൽ ഈ പഞ്ചായത്തിൽ പല സ്ഥലത്തും ലോറി മാർഗ്ഗം ദൂരെ സ്ഥലങ്ങളിൽ നിന്നും ജലം എത്തിച്ചു കൊടുക്കേണ്ടതായും വന്നിട്ടുണ്ട്.

വർഷാവർഷങ്ങളിൽ ലഭിക്കുന്ന മഴയുടെ തോത് വളരെ കൂടുതലെങ്കിലും വേനൽക്കാലത്തിന്റെ ആരംഭത്തോടെ കിണറുകളിൽ ജലനിരപ്പ് താഴ്ന്നു തുടങ്ങുന്നു. മുൻകാലങ്ങളിലെപ്പോലെ ഭൂമിയുടെ ജല സംഭരണ ശേഷി ഈ മേഖലയിൽ നിലനിർത്തുവാൻ കഴിയുന്നില്ല.

ചരിഞ്ഞ കൃഷിത്തടങ്ങളുടെ മലമ്പ്രദേശങ്ങളും വൻതോതിൽ ജലം കുത്തിയൊഴുകുന്നതിനിടയാക്കുന്നതിനാൽ ഭൂമിയിൽ ജലത്തിന്റെ കിനിഞ്ഞിറങ്ങൽ തോത് വളരെ കുറയുന്നു. അതുകൊണ്ടു തന്നെ മിക്ക കിണറുകളിലും മഴക്കാലത്തു മാത്രമെ ജലം ലഭിക്കുകയുള്ളു. ഈ പഞ്ചായത്തിൽ ഉദ്ദേശം 1300 കിണറുകളും 25 ഓളം കുഴൽകിണറുകളും ഉണ്ട്. കുഴൽക്കിണറുകൾ മിക്കവയും പ്രയോജനരഹിതമാണ്. പുതുക്കാട് അംബേദ്ക്കർ ഗ്രാമവുമായി ബന്ധപ്പെടുത്തി 20 ടാപ്പുകളും ഉപയോഗിക്കപ്പെടുന്നു.

ഈ പഞ്ചായത്തിലൂടെ ഒഴുകുന്ന പ്രധാന തോടുകളിൽ അധികവും ഇപ്പോൾ വേനൽക്കാലമാവുന്നതോടെ വറ്റി വരളുന്നു. അതോടൊപ്പം കുളങ്ങളും വറ്റിക്കൊണ്ടിരിക്കുന്നു.

പരമ്പരാഗതമല്ലാത്ത ജല സ്രോതസുകൾ ഈ മേഖലയിൽ തീരെ ദുർലഭമാണ് പുതിയ ജല സ്രോതസുകളുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിനു വേണ്ടിയുള്ള ശ്രമങ്ങൾ പ്രാധാന്യം നൽകേണ്ടതാണ്. ഭൂഗർഭ ജല സ്രോതസുകളുടെ ശേഷി ഉയർത്തലും സസ്യ വേലികൾ സൃഷ്ടിച്ച് മണ്ണൊലിപ്പ് തടഞ്ഞും തടയണകൾ തീർത്തും ഭൂഗർഭ ജല സ്രോതസ് വർദ്ധിപ്പിക്കുന്നതിനുള്ള സൗകര്യങ്ങൾ വിപുലപ്പെടുത്തുക.

പ്രശ്ന മേഖലകൾ തിരിച്ച് പരിഹാര നിർദ്ദേശങ്ങൾ സഹിതം ചുവടെ ചേർക്കുന്നു. ഗ്രാമ സഭാ നിർദ്ദേശങ്ങൾ ഈ പട്ടികയ്ക്ക് ശേഷം ചേർത്തിരിക്കുന്നു.

വാർഡ്	പ്രശ്ന മേഖല	നിർദ്ദേശിക്കുന്ന പരിഹാര മാർഗ്ഗം
1	കോഴിമല, പാമ്പാടിക്കുഴി, തുളസിപ്പടി, കോഴിമല ഗവ.എൽ.പി.എസ്. സ്വരാജ്, തൊപ്പിപ്പാള, ലബ്ബക്കട മറ്റപ്പള്ളി, കാവടിക്കവല, ഉടുമ്പൻചെല, പള്ളിപ്പടി,. മുരിക്കാട്ടുകുടി	കോഴിമല സിറ്റിയിൽ ടാങ്ക് കെട്ടി പാമ്പാടിക്കുഴിയിലുള്ള പഞ്ചായത്തു കുളത്തിൽ നിന്നും ഈ ടാങ്കിലേയ്ക്ക് വെള്ളമെത്തിച്ചു വിതരണം ചെയ്യുക. മക്കനാനി അപ്പച്ചന്റെ ഭാഗത്തുള്ള കുളത്തിൽ നിന്നും ജലം സ്ക്കൂൾ ഗ്രൗണ്ടിൽ നിർമ്മിക്കുന്ന ടാങ്കിൽ എത്തിച്ച് വിതരണം ചെയ്യുക. അരയത്തിനാൽ പടിക്കലുള്ള കുളത്തിൽ നിന്നും മറ്റപ്പള്ളി സബ്സെന്ററിനു സമീപം ടാങ്ക് കെട്ടി വെള്ളമെത്തിച്ചു വിതരണം ചെയ്യുക. കാവടിക്കവല പള്ളിയുടെ സമീപത്തുള്ള കുളത്തിൽ വെള്ളമില്ലാത്തതിനാൽ അവിടെയൊരു കുഴൽകിണർ കുഴിച്ച് ടാങ്ക് കെട്ടി വെള്ളമെത്തിച്ചു വിതരണം ചെയ്യുക. ഉടുമ്പൻ ചോല പള്ളിക്കുതാഴെയുള്ള അച്ചാമ്മ ചാക്കോ മറ്റത്തിലിന്റെ കുഴിച്ച കിണർ കുറച്ചു കൂടി താഴ്ത്തി പൂർണ്ണമാക്കുക. മുരിക്കാട്ടുകുടിയിൽ മേനച്ചേരിയിൽ ഏലിക്കുട്ടിയുടെ സ്ഥലത്തുള്ള കിണർ കുറേക്കൂടി താഴ്ത്തുക. മുരിക്കാട്ടുകുടി ട്രൈബൽ കോളനിയിൽ നിർമ്മിച്ചിരിക്കുന്ന ടാങ്ക് ഉപയോഗയോഗ്യമാക്കിയും കോളനിയിൽ കിണറുകൾ കുഴിച്ചും
2	ലബ്ബക്കട, കാവടിക്കവല റോഡിനിരുവശം പേഴും കണ്ടം ഹെൽത്ത് സെൻററിന്റെ ഭാഗത്തും ലബ്ബക്കട പാലാക്കട റോഡിനു മുകൾവശം, കുട്ടിമൂപ്പൻ കവല ഭാഗത്തും കാവടിക്കവല ഭാഗത്തും	മുത്തിയമ്പലത്തിനു മുകളിലുള്ള കുന്നിൽ ഒരു വലിയ ടാങ്ക് നിർമ്മിച്ച് വലിയ കണ്ടത്തിലെ പാറത്തോടിന്റെ ഭാഗത്തോ ഒരു കുളം കുത്തി ടി ടാങ്കിലേക്ക് വെള്ളമെത്തിച്ച് വിതരണം ചെയ്യുക. പറപ്പള്ളി കുഞ്ഞേട്ടൻ തന്നിരിക്കുന്ന സ്ഥലത്ത് ഒരു കുളം കുത്തുക.
3	കല്യാണത്തണ്ടു ഭാഗം, പേഴും കണ്ടത്തിന്റെ പകുതി ഭാഗം	പേഴും കണ്ടത്ത് മലയിൽ പുത്തൻവീട്ടിൽ വനരാജന്റെ സ്ഥലത്ത് EAS സ്ക്കീമിൽ നിർമ്മിച്ചിരിക്കുന്ന കുളത്തിൽ നിന്നും ജലം പമ്പു ചെയ്ത് തൊട്ടടുത്ത് കുന്നിൻ മുക ളിൽ സ്ഥാപിക്കുന്ന ടാങ്കിലേയ്ക്ക് പമ്പുചെയ്ത് വിതരണം ചെയ്യുക. കല്യാണത്തണ്ടിലെ പൊതു മുതലായിട്ടുള്ളതും നീരുറവ ഉള്ളതുമായ 1 1/2 സെൻറ് സ്ഥലത്ത് കുളം കുത്തി കല്യാണത്തണ്ടിന്റെ മുകളിലുള്ള ടാങ്കിലേക്ക് ജലമെത്തിച്ച് വിതരണം ചെയ്യുക. ടി ടാങ്ക് നേരത്തെ നിർമ്മിക്കുക.
4	നരിയമ്പാറ പുതിയ കാവ് ക്ഷേത്രത്തിനു സമീപം, നരിയപാറ സ്ക്കൂളിനു താഴെ വശം, നരിയമ്പാറ അപ്കോസിനു പിറകുവശം, സ്വർണ്ണ വിലാസം, വെങ്ങാലൂർക്കട (ഭജനമഠം ഭാഗം) സി.എസ്. ഐ. പള്ളിക്കു സമീപം, പാലമറ്റം കോളനി, സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിനു സമീപം, ഒറ്റമരം റോഡിന് ഇരുവശം	നരിയമ്പാറയിലുള്ള പഞ്ചായത്ത് കിണറും നിലവിലുള്ള മൂന്നു സെൻറ് സ്ഥലവും സംരക്ഷിച്ച് ടി ഭാഗത്ത് ടാങ്ക് നിർമ്മിച്ച് ഒരു കി.മീറ്റർ ചുറ്റളവിൽ പൈപ്പ് കണക്ക്ഷൻ. ബാക്കി പ്രദേശങ്ങളിലെല്ലാം ഭൂപ്രകൃതി അനുസരിച്ച് കിണറോ കുഴൽകിണറോ നിർമ്മിക്കുക. ടി. കിണറുകളിൽ നിന്നും ജല ലഭ്യതയനുസരിച്ച് ഉയർന്ന പ്രദേശങ്ങളിലേയ്ക്ക് അടിച്ചു കയറ്റി ആവശ്യക്കാർക്ക് വിതരണം ചെയ്യുക.
5	നരിയമ്പാറ കോളേജുമല പ്രദേശം, കൽത്തൊട്ടി കാണക്കാലിപ്പടി പ്രദേശം, മേപ്പാറ ബ്ലാക്കൽ പടി പ്രദേശം. മുള്ളൻ മാക്കൽപടി പ്രദേശം, സ്വർണ്ണ വിലാസം, വെങ്ങാലൂർകട, ചൂരപ്പൊയ്കമേട്, മേപ്പാറഭാഗം, കിഴക്കെ മാട്ടുക്കട്ട.	നരിയമ്പാറ കോളേജുമലയിൽ കുളം നിർമ്മിച്ച് പൈപ്പ്ലൈൻ ഇട്ടാൽ ടാങ്കില്ലാതെയും മോട്ടോർ ഉപയോഗിക്കാതെയും ജല വിതരണം നടത്താം. കാണക്കാലിപ്പടി, പ്ലാക്കൽപടി, മുള്ളൻമാക്കൽപടി എന്നിവിടങ്ങളിലും കുളം കുത്തിയാൽ മോട്ടർ ഇല്ലാതെ ജലവിതരണം നട ത്താം. സ്വർണ്ണവിലാസം, വെങ്ങാലൂർ കട, ചൂരപ്പൊ യ്കമേട്, എന്നിവിടങ്ങളിൽ കുളം നിർമ്മിച്ച് ഉയർന്ന സ്ഥലത്ത് ടാങ്ക് കെട്ടി മോട്ടർ ഉപയോഗിച്ച് ജലമെത്തിച്ച് വിതരണം ചെയ്യുക.

വാർഡ്	പ്രശ്ന മേഖല	നിർദ്ദേശിക്കുന്ന പരിഹാര മാർഗ്ഗം
		ആറാം വാർഡിലെ ചന്ദ്രശേഖരന്റെ ബ്ലോക്കുകുളത്തിൽ നിന്നും മേപ്പാറഭാഗത്ത് മോട്ടോർ ഉപയോഗിച്ച് ടാങ്ക് കെട്ടി ജലമെത്തിക്കുക. ടി പ്രവർത്തനങ്ങളിലൂടെ ജലമെത്താത്ത ഭാഗത്ത് ആവശ്യാനുസരണം കിണറോ കുഴൽകിണറോ നിർമ്മിക്കുക.
6	കുരിശു മലയിൽ ഗിരിവർഗ്ഗ പ്രദേശമായ കിഴക്കേ മാട്ടുകട്ട, മേപ്പാറ, മൂക്കത്താക്കട	ചന്ദ്രശേഖരന്റെ ഭൂമിയിലുള്ള കുളത്തിൽ നിന്നും, കുരിശുമലയിൽ ടാങ്കുനിർമ്മിച്ച് ജലമെത്തിച്ച് വിതരണം ചെയ്യുക. ടി കുളത്തിൽ നിന്നും മേപ്പാറ മൂക്കത്താക്കട റോഡുവക്കിൽ ഒരു ടാങ്കുനിർമ്മിച്ച് ജലമെത്തിച്ച് വിതരണം ചെയ്യുക.
7	കുഞ്ഞുമല, കെ.സി. പുതുവൽ കൽത്തൊട്ടി, വാച്ച് 7,5,8,9 കൽതൊട്ടി സിറ്റി	തൊടുപുഴ അലോട്ടിൽ കുളം കുത്തി, വെള്ളം കുഞ്ഞുമലയിൽ നിർമ്മിക്കുന്ന ടാങ്കിലെത്തിച്ച് വിതരണം ചെയ്യുക. മേപ്പാറ ഭാഗത്ത് കുളം കുത്തി പമ്പു ചെയ്ത് 7,5,8,9 എന്നീ വാർഡുകൾക്ക് ഉപയോഗിക്കാം. കുഞ്ഞുമല ഭാഗത്ത് ബ്ലോക്കു നിർമ്മിച്ച ടാങ്കിന്റെ അറ്റകുറ്റപണികൾ ഉടൻ നടത്തുക. കെ.സി, പുതവൽഭാഗത്ത് കുളവും ടാങ്കും നിർമ്മിക്കുക. മേപ്പാറ കുരിശുമലയിലുള്ള കുളത്തിൽ നിന്നും വെള്ളം ശേഖരിച്ച് കൽതൊട്ടിയിൽ ടാങ്കു നിർമ്മിച്ച് സിറ്റിയിലെ ജലക്ഷാമം പരിഹരിക്കുക. തൊടുപുഴ മേഖലയിൽ കുളം നിർമ്മിച്ച് കുഞ്ഞുമലയിൽ ജലമെത്തിക്കുക.
8	കൽത്തൊട്ടി മേഖല, ലക്ഷം വീടുകോളനി ഭാഗം, വെള്ളാലൂർകട ഭാഗം, ആലപ്പാട്ടു പടിക്കൽ ഭാഗം, കാഞ്ഞിയാർ പള്ളിക്കവല.	കൽത്തൊട്ടി ബ്ലോക്കുകുളം ശുദ്ധീകരിച്ച് പരിഷ്ക്കരിക്കുക. ലക്ഷം വീടു കോളനി ഭാഗത്തുള്ള ബ്ലോക്കു കുളത്തിൽ നിന്നും ജലം മോട്ടോർ ഉപയോഗിച്ച് ടാങ്കു നിർമ്മിച്ച് വിതരണം ചെയ്യുക. പാലയ്ക്കന്റെ പറമ്പിലോ പുത്തൻപുരയ്ക്കൽ ജോളിയുടെ സ്ഥലത്തോ, തോട്ടം കുഞ്ഞുമോന്റെ സ്ഥലത്തോ കുളം നിർമ്മിച്ച് മറ്റപ്പള്ളിക്കാരുടെ വീടിനു സമീപം ടാങ്ക് തീർത്ത് ജലം വിതരണം ചെയ്താൽ 8-ാം വാർഡിന് മുഴുവൻ പരിഹാരമാകും. ആലപ്പാട്ടു പടിക്കൽ കുഴൽകിണർ നിർമ്മിക്കുക. ലബ്ബക്കടയിലെ പഞ്ചായത്തു കിണർ ശുചിയാക്കുക. ലബ്ബക്കടയിലും പള്ളിക്കവലയിലും പൊതു ടാപ്പുകൾ നിർമ്മിക്കുക.
9	കുഞ്ഞുമല, പെരിയോൻകവല, സ്വരാജ്, മുരിക്കാട്ടുകുടി, വെള്ളിലാംകണ്ടം, ചന്ദ്രൻസിറ്റി, തപോവൻ, കോടാലിപ്പാറ	പെരിയോൻ കവല പ്രദേശത്ത് കിഴക്കേമുറിയിൽ കെ.ജെ മാത്യുവിന്റെ വക പുരയിടത്തിൽ മൈനർ ഇറിഗേഷൻ സ്കീമിൽ നിർമ്മിച്ചിരിക്കുന്ന കുളത്തിൽ നിന്നും വെള്ളം കുഞ്ഞുമലയിൽ വാട്ടർടാങ്ക് നിർമ്മിച്ച് അവിടെ എത്തിച്ച് വിതരണം ചെയ്യുക. ചന്ദ്രൻസിറ്റി, കോടാലിപ്പാറ കേന്ദ്രീകരിച്ചുള്ള ട്രൈബൽ സെറ്റിൽമെന്റിലുള്ള കുളത്തിൽ നിന്നും ജലം ഭജനസംഘത്തിന്റെ ഭാഗത്തെ വാട്ടർടാങ്കിൽ എത്തിച്ചു വിതരണം ചെയ്യുക. പെരിയോൻകവലയിലുള്ള മാങ്കുഴി എന്ന ഭാഗത്ത് കുളം നിർമ്മിക്കുക.
10	രാജപുരം ബാലവാടി, സ്ക്കൂൾകവല, എസ്.എൻ.നഗർ, പ്ലാപ്പള്ളിപ്പടി, അമ്പലമേട്	ബാലവാടി ഭാഗത്ത് സ്ഥാപിച്ചിട്ടുള്ള EAS വക കുളത്തിൽ നിന്നും ബാലവാടിക്ക് (സെറ്റിൽമെന്റ്) മുകളിലുള്ള കുന്നിൽ ടാങ്ക് നിർമ്മിച്ച് പൈപ്പ്ലൈൻ വഴി ജലമെത്തിക്കുക. കോഴിമല പള്ളി സിറ്റിക്കു സമീപം കുളം നിർമ്മിച്ച് അമ്പലമേട് ഭാഗത്തേക്ക് ചിലവില്ലാത്ത രീതിയിൽ ജലമെത്തിച്ച് വിതരണം ചെയ്യാം. SNDP ജംഗ്ഷനിലുള്ള കിണർ കുറച്ചുകൂടി താഴ്ത്തുക അല്ലെങ്കിൽ കുഴൽകിണർ കുഴിക്കുക. ജലം ലഭ്യമാകാത്ത പ്രദേശങ്ങളിൽ കുഴൽകിണറോ, കിണറുകളോ നിർമ്മിക്കുക.

ഗ്രാമ സഭാ നിർദ്ദേശങ്ങൾ

കുടിവെള്ളക്ഷാമബാധിത പ്രദേശങ്ങളും പരിഹാര മാർഗ്ഗങ്ങളും

1–ാം വാർഡ്

1. കോഴിമല പാമ്പാടിക്കുഴി, തുളസിപ്പടി എന്നീ സ്ഥലങ്ങളിലെ ജനങ്ങളുടെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിലേക്കായി കോഴിമല സിറ്റിയിൽ ടാങ്ക് കെട്ടി പാമ്പാടിക്കുഴിയിലുള്ള പഞ്ചായത്ത് കുളത്തിൽ നിന്നും ടി ടാങ്കിലേക്ക് വെള്ളമെത്തിച്ചു വിതരണം ചെയ്യുക.

2. കോഴിമല ഗവ.എൽ.പി.എസ്. ലെയും സ്വരാജ്, തൊപ്പിപ്പാള, ലബ്ബക്കട വരെയുള്ള റോഡിന്റെ ഇരുഭാഗത്തുമുള്ള ആളുകളുടെ കുടിവെള്ളക്ഷാമ പരിഹാരത്തിനായി മക്കനാനി അപ്പച്ചന്റെ ഭാഗത്തുള്ള കുളത്തിൽ നിന്നും ജലം സ്ക്കൂൾ ഗ്രൗണ്ടിൽ നിർമ്മിക്കുന്ന ടാങ്കിലെത്തിച്ച് വിതരണം ചെയ്യുക.

3. മറ്റപ്പള്ളി പ്രദേശത്തുള്ള എല്ലാ ജനങ്ങൾക്കും വെള്ളമെത്തിക്കുന്നതിലേയ്ക്കായി, അരയത്തിനാൽ പടിയ്ക്കലുള്ള കുളത്തിൽ നിന്നും മറ്റപ്പള്ളി സബ്.സെൻററിനു സമീപം ടാങ്ക് കെട്ടി വെള്ളമെത്തിച്ച് വിതരണം ചെയ്യുക

കാവടിക്കവല പള്ളിയുടെ സമീപത്തുള്ള കുളത്തിൽ വെള്ളമില്ലാത്തിതിനാൽ അവിടെയൊരു കുഴൽകിണർ കുഴിച്ച് ടാങ്ക് കെട്ടി വെള്ളമെത്തിച്ചാൽ ഈ പ്രദേശത്തെ ജലക്ഷാമത്തിനു പരിഹാരമാകും.

5. ഉടുമ്പൻചോല പള്ളിക്കു താഴെയുള്ള അച്ചാമ്മ ചാക്കോ മറ്റത്തിലിന്റെ കുഴിച്ച കിണർ പൂർണ്ണമാക്കിയാൽ ഈ പ്രദേശത്തുള്ളവരുടെ കുടിവെള്ള പ്രശ്നം പരിഹരിക്കാം.

6. മുരിക്കാട്ടുകുടിയിൽ മേനച്ചേരിയിൽ ഏലിക്കുട്ടിയുടെ സ്ഥലത്തുള്ള കിണർ കുറേക്കൂടി താഴ്ത്തിയാൽ ആ പ്രദേശത്തുള്ള ജനങ്ങളുടെ കുടിവെള്ള പ്രശ്നം പരിഹരിക്കാം.

7. മുരിക്കാട്ടുകുടി ട്രൈബൽ കോളനിയിൽ നിർമ്മിച്ചിരിക്കുന്ന ടാങ്ക് ഉപയോഗയോഗ്യമാക്കിയും കോളനിയിൽ കിണറുകൾ കുഴിച്ചും കുടിവെള്ളക്ഷാമം പരിഹരിക്കേണ്ടതാണ്.

2–ാം വാർഡ്

1. ലബ്ബക്കട–കാവടിക്കവല റോഡിനിരുവശവും, ലബ്ബക്കട, പാലാക്കട റോഡിന് മുകൾ വശവും പേഴും കണ്ടം ഹെൽത്ത് സെൻററിന്റെ ഭാഗത്തും കുട്ടിമൂപ്പൻകവല ഭാഗത്തും കുടിവെള്ളമെത്തിക്കുന്നതിലേയ്ക്കായി മുത്തിയമ്പലത്തിന്റെ മുകളിലുള്ള കുന്നിൽ ഒരു വലിയ ടാങ്ക് നിർമിച്ച് വലിയ കണ്ടത്തിലോ പാറത്തോടിന്റെ ഭാഗത്തോ ഒരു കുളം കുത്തി ടി ടാങ്കിലേക്ക് വെള്ളമെത്തിച്ച് വിതരണം ചെയ്താൽ പ്രശ്നപരിഹാരമാകും

2. കാവടിക്കവലയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ പറപ്പള്ളി കുഞ്ഞേട്ടൻ തന്നിരിക്കുന്ന സ്ഥലത്ത് ഒരു കുളം കുത്തുക.

3–ാം വാർഡ്

മൂന്നാം വാർഡിന്റെ ഒട്ടുമുക്കാൽ ഭാഗവും കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശമാണ്. വാർഡിലെ കല്യാണത്തണ്ടു ഭാഗവും പേഴുംകണ്ടത്തിന്റെ പകുതി ഭാഗത്തോളവും രൂക്ഷമായ കുടിവെള്ളക്ഷാമമുള്ള മേഖലയാണ്.

1. പേഴുംകണ്ടത്ത് മലയിൽ പുത്തൻവീട്ടിൽ വനരാജന്റെ സ്ഥലത്ത് EAS സ്കീമിൽ നിർമ്മിച്ചിരിക്കുന്ന കുളത്തിൽ നിന്നും ജലം പമ്പു ചെയ്ത് തൊട്ടടുത്തുള്ള കുന്നിൽ മുകളിൽ സ്ഥാപിക്കുന്ന ടാങ്കിലേക്ക് എത്തിച്ചാൽ വാർഡിലെ പ്രത്യേകിച്ച് പേഴുംകണ്ടം ഭാഗത്തെ ജലക്ഷാമം പരിഹരിക്കുവാൻ കഴിയും.

2. കല്യാണത്തണ്ടിലെ പൊതുമുതലായിട്ടുള്ളതും നീരുറവയുള്ളതുമായ ഒന്നരസെൻറ് സ്ഥലത്ത് കുളം കുത്തി കല്യാണത്തണ്ടിന്റെ മുകളിലുള്ള ടാങ്കിലേക്ക് ജലമെത്തിച്ച് വിതരണം ചെയ്താൽ കല്യാണത്തണ്ടു ഭാഗത്തെ ജലക്ഷാമം പരിഹരിക്കാനാകും. ടി ടാങ്ക് നേരത്തെ നിർമ്മിച്ചിട്ടുള്ളതായതിനാൽ ഈ പദ്ധതിയ്ക്കു വളരെയധികം ചിലവു കുറയ്ക്കാൻ കഴിയും.

4–ാം വാർഡ്

1. നരിയമ്പാറ പുതിയകാവ് ദേവീക്ഷേത്രത്തിനു സമീപം 75 വീടുകൾക്കായി കുഴൽ കിണറോ കുളമോ നിർമ്മിക്കുക.

2. നരിയമ്പാറ സ്ക്കൂളിനു താഴെ വശം നൂറു വീടുകൾക്കായി കുഴൽകിണറോ കുളമോ നിർമ്മിക്കുക.

3. നരിയമ്പാറ അപ്കോസിന്റെ പുറകുവശത്തായി നൂറു വീടുകൾക്ക് വേണ്ടി കുളമോ കുഴൽകിണറോ നിർമ്മിക്കുക.

4. സ്വർണ്ണവിലാസം ഭാഗത്ത് നൂറുവീടുകൾക്കായി കുഴൽകിണർ നിർമ്മിക്കുക.

5. വെങ്ങാലൂർകട (ഭജനമഠം) ഭാഗത്ത് നൂറ്റി അൻപതോളം വീടുകൾക്കായി കുഴൽകിണർ നിർമ്മിക്കുക.

6. സി.എസ്.ഐ പള്ളിക്കു സമീപം പാലമറ്റം കോളനിയിൽ കുളമോ കുഴൽകിണറോ നിർമ്മിക്കുക

7. ബാങ്കിന്റെ സമീപം ഒറ്റമരം റോഡിന്റെ ഇരുവശങ്ങളിലുമായി താമസിക്കുന്ന എഴുപ

തോളം വീടുകൾക്ക് കുളമോ കുഴൽകിണറോ നിർമ്മിക്കുക.

8. നരിയമ്പാറയിലുള്ള പഞ്ചായത്തു കിണറും നിലവിലുള്ള മൂന്നു സെൻറ് സ്ഥലവും സംരക്ഷിക്കുകയും ടി ഭാഗത്ത് ടാങ്ക് നിർമ്മിച്ച് ഒരു കിലോമീറ്റർ ചുറ്റളവിൽ പൈപ്പ് കണക്ഷനിലൂടെ ജലം വിതരണം ചെയ്യുക.

ടി കിണറുകളിൽ നിന്നോ കുഴൽകിണറുകളിൽ നിന്നോ ജലം, സമീപപ്രദേശത്തുള്ള കുന്നിൻ മുകളുകളിൽ എത്തിച്ചാൽ പല ഭാഗത്തും ജലം കൂടുതലായി എത്തിക്കാവുന്നതും പല പദ്ധതികളും ഒരുമിച്ചു നടത്താവുന്നതുമാണ്.

5–ാം വാർഡ്

1. നരിയമ്പാറ കോളേജുമലയിൽ കുളം നിർമ്മിച്ച് പൈപ്പ് ലൈൻ ഇട്ടാൽ ടാങ്കില്ലാതെയും മോട്ടോർ ഉപയോഗിക്കാതെയും ജലവിതരണം നടത്താവുന്നതാണ്.

2. കൽത്തൊട്ടിയിൽ കാണക്കാലിപ്പടിയിലും, മേപ്പാറയിൽ പ്ലാക്കൽപടിയിലും, മുള്ളൻമടയ്ക്കൽ പടിയിലും കുളം നിർമ്മിച്ചാൻ മോട്ടോറില്ലാതെ ഈ ഭാഗത്ത് വ്യാപകമായി കുറഞ്ഞ ചിലവിൽ ജലമെത്തിക്കാവുന്നതാണ്.

3. സ്വർണ്ണവിലാസം, വെങ്ങാലൂർകട, ചൂരപ്പൊയ്കമേട്, എന്നിവടങ്ങളിൽ കുളം നിർമ്മിച്ച് ഉയർന്ന സ്ഥലത്ത് ടാങ്ക് കെട്ടി മോട്ടോർ ഉപയോഗിച്ച് ജലമെത്തിച്ച് വിതരണം ചെയ്യുക.

4. ആറാം വാർഡിലുള്ള ചന്ദ്രശേഖരൻറെ ബ്ലോക്ക് കുളത്തിൽ നിന്നും മേപ്പാറ ഭാഗത്ത് ടാങ്ക് കെട്ടി ജലമെത്തിച്ചാൽ മേപ്പാറ ഭാഗം മുഴുവൻ ജലവിതരണം നടത്താം.

6–ാം വാർഡ്

ചന്ദ്രശേഖരൻറെ ഭൂമിയിലുള്ള കുളത്തിൽ നിന്നും കുരിശുമലയിൽ ടാങ്ക് നിർമ്മിച്ച് ജലമെത്തിച്ച് വിതരണം ചെയ്താൽ കുരിശുമലയിലേയും അതിനുതാഴെയുള്ള ഗിരിവർഗ്ഗ പ്രദേശമായ കിഴക്കേമൊട്ടുക്കട്ടയിലേയും ഏകദേശം 250 ഓളം കുടുംബക്കാർക്ക് ജലക്ഷാമത്തിനുള്ള പരിഹാരമാകും.

ടി. കുളത്തിൽ നിന്നും മേപ്പാറ മൂക്കത്താക്കട റോഡുവക്കിൽ ഒരു ടാങ്ക് നിർമ്മിച്ച് ജലമെത്തിച്ചാൽ മേപ്പാറ, മൂക്കത്താക്കട എന്നീ ഭാഗങ്ങളിലെ ജനങ്ങളുടെ കുടിവെള്ളക്ഷാമത്തിനു പരിഹാരമാകും.

ടി പ്രവർത്തനങ്ങളിലൂടെ 6–ാവാർഡിൽ മുഴുവനും 1–ാം വാർഡിൽ പകുതിഭാഗവും ജലമെത്തിക്കാവുന്നതാണ്.

7–ാം വാർഡ്

1. കുഞ്ഞുമല, കെ.സി. പുതുവൽ, കൽത്തൊട്ടി എന്നീ ഭാഗങ്ങളിലെ കുടിവെള്ളക്ഷാമം കുളം നിർമ്മിച്ചോ, കുഴൽകിണർ കുത്തിയോ പരിഹരിക്കുക. ആയതിലേയ്ക്കായി തൊടുപുഴ അലോട്ടിൽ കുളം കുത്തി വെള്ളം കുഞ്ഞുമലയിൽ ടാങ്ക് കെട്ടി സംഭരിച്ചു വിതരണം ചെയ്താൽ ഈ ഭാഗത്തെ പൊതുവിലുള്ള ജലക്ഷാമം പരിഹരിക്കാം.

2. മേപ്പാറ ഭാഗത്ത് കുളം കുത്തി പമ്പു ചെയ്ത് 7,5,8,9 വാർഡുകളിൽ കുടിവെള്ളം എത്തിക്കാവുന്നതാണ്.

3. കുഞ്ഞുമല ഭാഗത്ത് ബ്ലോക്കു നിർമ്മിച്ച ടാങ്കിൻറെ അറ്റകുറ്റപണികൾ ഉടൻ നടത്തേണ്ടതാണ്.

4. കെ.സി. പുതുവൽഭാഗത്ത് ഒരു ടാങ്ക് നിർമ്മിച്ച് ആ പ്രദേശത്തെ മുഴുവൻ ആളുകൾക്കും കുടവെള്ളമെത്തിക്കാവുന്നതാണ്.

6. മേപ്പാറ കുരിശുമലയിലുള്ള കുളത്തിൽ നിന്നും വെള്ളം ശേഖരിച്ച് കൽത്തൊട്ടിയിൽ ടാങ്ക് നിർമ്മിച്ച് സിറ്റിയിലെ ജലക്ഷാമം പരിഹരിക്കുക.

6. തൊടുപുഴ മേഖലയിൽ കുളം നിർമ്മിച്ച് കുഞ്ഞുമലയിലുള്ള നൂറോളം വീടുകൾക്ക് കുടിവെള്ള സൗകര്യം ലഭ്യമാക്കുക.

8–ാം വാർഡ്

1. കൽത്തൊട്ടിയിലെ ബ്ലോക്കു കുളം ഒന്നുകൂടി പരിഷ്കരിച്ച് കൽത്തൊട്ടിമേഖലയിലും, ലക്ഷംവീടുകോളനി ഭാഗത്തുള്ള ബ്ലോക്കുകുളത്തിൽ നിന്നും ജലം മോട്ടോർ ഉപയോഗിച്ച് കോളനി പ്രദേശവാസികൾക്കും വിതരണം നടത്തുക. ഈ പദ്ധതിയുടെ പരിധിയിലൂടെ വെങ്ങാലൂർകട ഭാഗത്തും ജലം എത്തിക്കുക.

2. പാലയ്ക്കൻറെ പറമ്പിലോ പുത്തൻപുരജോളീടെ സ്ഥലത്തോ തോം കുഞ്ഞുമോൻറെ സ്ഥലത്തോ കുളം കുഴിച്ച് മറ്റപ്പള്ളിക്കാരുടെ വീടിനു സമീപം ഒരു ടാങ്ക് തീർത്ത് ജലമെത്തിച്ച് വിതരണം ചെയ്താൽ എട്ടാം വാർഡിലെ മുഴുവൻ കുടിവെള്ളക്ഷാമവും പരിഹരിക്കാൻ കഴിയും.

3. ആലപ്പാട്ടു പടിയ്ക്കൽ ഒരു കുഴൽകിണർ നിർമ്മിച്ചാൽ ആ ഭാഗത്തുള്ള ജനങ്ങൾക്ക് വളരെ പ്രയോജനപ്പെടും.

4. ലബ്ബക്കടയിലുള്ള പഞ്ചായത്തു കിണറും പരിസരവും ശുചിയാക്കി ഉപയോഗയോഗ്യമാക്കുക.

5. ലബ്ബക്കട സിറ്റിയിൽ ഒരു പൊതുടാപ്പും ജല സൗകര്യവുമെത്തിക്കുക.

6. കാഞ്ഞിയാർ പള്ളിക്കവലയിൽ ഒരു പൊതു ടാപ്പും ജലസൗകര്യവുമെത്തിക്കുക.

9–ാം വാർഡ്

1. പെരിയോൻകവല പ്രദേശത്ത് കിഴക്കേമുറിയിൽ കെ.ജെ. മാത്യുവിന്റെ വക പുരയിടത്തിലുള്ള മൈനർ ഇറിഗേഷൻ സ്കീമിലുള്ള കുളത്തിൽ നിന്നും വെള്ളം കുഞ്ഞുമലയിൽ വാട്ടർ ടാങ്ക് നിർമ്മിച്ച് എത്തിച്ചാൽ പൈപ്പ് ലൈൻ വഴി കുഞ്ഞുമല, പെരിയോൻകവല, സ്വരാജ്, മുരിക്കാട്ടുകുടി, വെള്ളിലാംകണ്ടം എന്നീ ഭാഗങ്ങളിൽ ജലമെത്തിക്കുക.
2. ചന്ദ്രൻ സിറ്റി, കോടാലിപ്പാറ കേന്ദ്രീകരിച്ചുള്ള ട്രൈബൽ സെറ്റിൽമെന്റിലുള്ള കുളത്തിൽ നിന്നും വെള്ളം ഭജന സംഘത്തിന്റെ ഭാഗത്തെ വാട്ടർ ടാങ്കിൽ എത്തിച്ച് പൈപ്പ് ലൈൻ വഴി ചന്ദ്രൻ സിറ്റി, തപോവൻ, കോടാലിപ്പാറ എന്നീ ഭാഗങ്ങളിൽ വിതരണം നടത്തുക.
3. പെരിയോൻ കവലയിലുള്ള മാങ്കുഴി എന്ന സ്ഥലത്ത് കുളം നിർമ്മിച്ചാൽ പെരിയോൻകവല ഭാഗത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കാം.

10–ാം വാർഡ്

1. രാജപുരം ബാലവാടി, സ്ക്കൂൾ കവല, എസ്.എൻ.നഗർ, പ്ലാപ്പള്ളിപ്പടി, അമ്പലമേട്, മുതലായ മേഖലയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ബാലവാടി ഭാഗത്ത് സ്ഥാപിച്ചിട്ടുള്ള E.A.S വക കുളത്തിൽ നിന്നും ബാലവാടിക്ക് (സെറ്റിൽമെൻറ്) മുകളിലുള്ള കുന്നിൽ ടാങ്ക് നിർമ്മിച്ച് പൈപ്പ് ലൈൻവഴി ജലമെത്തിക്കുക.
2. കോഴിമല പള്ളി സിറ്റിക്കു സമീപം കുളം നിർമ്മിച്ച് അമ്പലമേട് ഭാഗത്തേക്ക് ചിലവില്ലാത്ത രീതിയിൽ ജലമെത്തിച്ച് ടി ഭാഗത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുക.
3. SN.D.P ജംഗ്ഷനിലുള്ള [illegible] കുറച്ചുകൂടി താഴ്ത്തി അല്ലെങ്കിൽ [illegible] കുഴൽകിണർ കുഴിച്ച് ഈ ഭാഗത്തെ [illegible] കുടിവെള്ളക്ഷാമം പരിഹരിക്കുക.
4. 133–ാം നമ്പർ അംഗൻവാടി, സ്കൂൾ കവല, എസ്.എൻ.ഡി.പി. നഗർ, കോഴിമല പള്ളി സിറ്റി, തുളസിപ്പടി, ചേക്കാക്കുഴി ജംഗ്ഷൻ കരുവേൽപടി മുതലായ സ്ഥലങ്ങളിൽ കുഴൽകിണർ കുഴിക്കുക.
5. മുരിക്കാട്ടുകുടി, അയ്യപ്പൻകോവിൽ, സ്വാമിപ്പടി മുതലായ സ്ഥലങ്ങളിൽ കിണറുകൾ കുത്തുക.

പൊതു നിർദ്ദേശം

ഇടുക്കി ജലാശയത്തിലെ ജലം മോട്ടോർ ഉപയോഗിച്ച് കല്യാണത്തണ്ട് മലയിലേക്ക് അടിച്ചു കയറ്റി, അവിടെ നിർമ്മിക്കുന്ന വലിയ ടാങ്കിൽ നിന്നും ശുദ്ധീകരിച്ച്, കാഞ്ഞിയാർ അയ്യപ്പൻകോവിൽ, ഉപ്പുതറ, കട്ടപ്പന, ഇരട്ടയാർ തുടങ്ങിയ വിവിധ പഞ്ചായത്തുകൾക്ക് കുടിവെള്ള ക്ഷാമപരിഹാര മാർഗ്ഗമായി ഉപയോഗിക്കാവുന്നതാണ്.

പൊതുജനാരോഗ്യം

പുതുതായി എത്തപ്പെടുന്ന പരിസ്ഥിതിയോട് സമ്യക്കായി പ്രതികരിക്കാനുള്ള കഴിവ് മൃഗങ്ങളെ അപേക്ഷിച്ച് മനുഷ്യന് വളരെ കൂടുതലാണ്. ചുറ്റുപാടിന്റെ മാറ്റങ്ങളോട് പ്രതികരിച്ചും പ്രതിരോധിച്ചും ക്രമേണ അതിനോടിണങ്ങുകയോ അതിനെ ഇണക്കിത്തീർക്കുകയോ ആണ് അവൻ ചെയ്യുന്നത്. അന്നത്തിനും അഭയത്തിനും അർത്ഥത്തിനും വേണ്ടി കാട് നാടാക്കുന്ന കുടിയേറ്റ കർഷകനെ സംബന്ധിച്ചിടത്തോളം; അവന്റെ ശാരിരീക മാനസിക പ്രകൃതിയുമായി ഇണങ്ങുന്നതുവരെ പുതിയ പ്രകൃതിയുടെ പീഡ ഏല്ക്കേണ്ടി വരും. ഇതിൽ തളരുന്നവൻ രോഗിയും തടയുന്നവൻ ആരോഗ്യവാനുമാകുന്നു. സമൂഹമാകുമ്പോൾ ഈ പ്രതിരോധം സ്വയം ഏറ്റെടുത്ത് ബോധപൂർവ്വമായ ശ്രമത്തിലൂടെ തളർന്നവന് ഉണർവ്വും തളരാത്ത പ്രകൃതിയുടെ നിർമ്മാണവും നടത്തുന്നു, നടത്തണം. ഇവിടെയാണ് പൊതുജനാരോഗ്യത്തിന്റെയും ജനകീയ പങ്കാളിത്തത്തോടെയുള്ള അതിന്റെ നടത്തിപ്പിന്റെയും പ്രസക്തി.

ഈ പ്രദേശത്തിന്റെ പഴമയുടെ കഥകളിൽ കലർന്നിരുക്കുന്ന ദുഃഖമായ ഇന്നിൽ കണ്ണീരിറ്റിക്കാൻ പോന്നതാണ്. മലമ്പനി, കോളറ, തുടങ്ങിയ രോഗങ്ങളും, ദാരിദ്ര്യവും പല കുടുംബങ്ങളെയും വേരോടെ പിഴുതെറിഞ്ഞു. പാരമ്പര്യ ആയൂർവേധ ചികിത്സാ മുറകളും സിദ്ധാന്തങ്ങളുമായിരുന്നു, അതിന്റെ ആശ്രയം. ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തതയും ദുർഘടങ്ങളും ആധുനിക ചികിത്സാ സമ്പ്രദായത്തെ അകലത്താക്കി. മന്ത്രതന്ത്രാദികളിലും നേർച്ച കാഴ്ചകളിലും പലരും മനസ്സുകുരുക്കി.

പഞ്ചായത്തിലെ ലബ്ബക്കട എന്ന സ്ഥലത്ത് Dr. സി.ഡി. സെബാസ്റ്റ്യൻ ചിറ്റപ്പനാട്ട് 1959ൽ ആരംഭിച്ച സെൻറ് ജോസഫ് ഡിസ്പെൻസറി എന്ന ഹോമിയോ ഡിസ്പെൻസറിയാണ് പേരെടുത്തു പറയാവുന്ന ഈ രംഗത്തെ ആദ്യ സ്വകാര്യ സ്ഥാപനം. ഏതാണ്ടിക്കാലത്തു തന്നെ ഒരു സർക്കാർ ആയുർവ്വേദ ഡിസ്പൻസറിയും പഞ്ചായത്തിലെ കാഞ്ഞിയാർ പള്ളിക്കവലയ്ക്കടുത്ത് പ്രവർത്തമാരംഭിച്ചു എങ്കിലും ഇവിടെ നിന്നും പട്ടികവർഗ്ഗക്കാർക്കു മാത്രമേ സേവനം ലഭ്യമായിരുന്നുള്ളു. ഇന്നത് കോഴിമലയിൽ പ്രവർത്തിക്കുന്നു. പല ആയുർവേദ വൈദ്യന്മാരും ഇവിടെ പ്രവർത്തിച്ചിരുന്നുവെങ്കിൽ തന്നെ അവരൊന്നും ഒരു സ്ഥാപനത്തിൻറ പേരിലും മട്ടിലും പ്രവർത്തിച്ചിരുന്നില്ല.

1981ലാണ്, ഇന്ന് കാഞ്ഞിയാർ പ്രാഥമികാരോഗ്യകേന്ദ്രം എന്നറിയപ്പെടുന്ന സർക്കാർ ആശുപത്രി ഗവ. റൂറൽഡിസ്പൻസറിയായി പഞ്ചായത്താസ്ഥാ

നമായ ലബ്ബക്കടയിൽ പ്രവർത്തനമാരംഭിച്ചത്. 1987ൽ ഇത് പ്രാധമികാരോഗ്യകേന്ദ്രമായി സ്വന്തം കെട്ടിടത്തിൽ പ്രവർത്തിച്ചു തുടങ്ങി. ഡോക്ടർ ഉൾപ്പെടെ 6 പേരുമായി ആരംഭിച്ച ഈ സ്ഥാപനത്തിന് ഇന്ന് 21 ജീവനാക്കാരുണ്ട്.

പഞ്ചായത്തിലെ സർക്കാർ ആരോഗ്യ സ്ഥാപനങ്ങളുടെ ഇനം തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു.

ക്രമനമ്പർ	സ്ഥാപനത്തിന്റെ പേര്	പ്രവർത്തനം തുടങ്ങിയ വർഷം	വാർഡ്	ജീവനക്കാരുടെ എണ്ണം	പൊതുസ്ഥിതി
1	പ്രാഥമികാരോഗ്യകേന്ദ്രം കാഞ്ഞിയാർ, ലബ്ബക്കട	1987	II	14	ചോർന്നൊലിക്കുന്ന ചുമരും മേല്ക്കൂരയും. ജലദൗർലഭ്യം ഉപയോഗയോഗ്യല്ലാത്ത കക്കൂസ്
2	ഉപകേന്ദ്രം മറ്റപ്പള്ളി	1996	I	1	
3	ഉപകേന്ദ്രം മുരിക്കാട്ടുകുടി	1991	IX	1	
4	ഉപകേന്ദ്രം കൽത്തൊട്ടി	1991	VIII		
5	ഉപകേന്ദ്രം പേഴുംകണ്ടം	1991	II	2	
6	ഉപകേന്ദ്രം നരിയമ്പാറ	1991	V	1	സ്വന്തമായുള്ള കെട്ടിടം പൊട്ടിപ്പൊളിഞ്ഞത്. സുരക്ഷിതമല്ല
7	ഗവ. ആയുർവേദ ഡിസ്പൻസറി കോഴിമല	1962	X	3	വാടകകെട്ടിടം
8	ഉപകേന്ദ്രം കോഴിമല	1991	X	1	കെട്ടിടമില്ല

പഞ്ചായത്തിലെ മുഴുവൻ ജനങ്ങളും അയൽപഞ്ചായത്തുകളിലെ സമീപ വാർഡുകളിലെ ആളുകളും മുഖ്യമായും ആശ്രയിക്കുന്ന ആശുപത്രിയാണ് പ്രാഥമികാരോഗ്യ കേന്ദ്രം കാഞ്ഞിയാർ. ഇന്ന് പ്രതിദിനം 150–തോളം ഓ.പിയുണ്ട്. അംഗീകൃത കിടക്കകൾ 10 ആണെങ്കിലും 30ന് മുകളിൽ രോഗികളെ ദിവസേന കിടത്തി ചികിത്സിക്കുന്നു. എന്നാൽ ഇത്രയും പേർക്ക് സേവനം നല്കാനുള്ള യാതൊരു അടിസ്ഥാന സൗകര്യങ്ങളും ഇവിടില്ല. മഴക്കാലത്ത് ചോർന്നൊലിക്കാത്ത ഒരിടവും ഇല്ല. രോഗികൾക്ക് രണ്ട് പൊതുകക്കൂസുകളുള്ളതിൽ രണ്ടും അടിക്കടി പൊട്ടിയൊലിച്ച് ഉപയോഗശൂന്യമാകുന്നു. ജലത്തിന്റെ അപര്യാപ്തതയും പ്ലാനിംഗിലെ അശാസ്ത്രീയതയുമാണ് കക്കൂസുകൾ പലപ്പോഴും ഉപയോഗശൂന്യമാകാൻ കാരണം. വറ്റുന്ന കുഴൽക്കിണറും നിത്യേന തകരാറിലാകുന്ന പമ്പിംഗ് സംവിധാനവും വേനൽക്കാലത്ത് സ്ഥിതി കൂടുതൽ വഷളാക്കുന്നു. ഇപ്പോൾ ഒരു താല്ക്കാലിക സംവിധാനം ഇതിനേർപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇത് ശാശ്വതമല്ല. കൂടുതൽ ജലലഭ്യതയോടെ സാനിട്ടറി സിസ്റ്റമാകെ പുനഃസംവിധാനം ചെയ്തെങ്കിൽ മാത്രമേ ഇതിനൊരു സ്ഥിര പരഹാരമാകു. ചുരുക്കത്തിൽ ഈ ആതുരാലയം ചികത്സയർഹിക്കുന്നവെന്നർത്ഥം.

കഴിഞ്ഞ പ്രവർത്തനവർഷത്തിൽ 48 പ്രസവങ്ങളാണ് ഈ ആശുപത്രിയിൽ നടന്നത്. അതിനെക്കാളെത്രയോ കൂടുതലാണ് മറ്റു സ്വകാര്യ സ്ഥാപനങ്ങളിലെ കണക്ക്. സ്വകാര്യ സ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് കൂടുതൽ സ്വകാര്യത ലഭിക്കുന്നു. അവരെ സർക്കാർ ആശുപത്രിയിൽ നിന്നകറ്റുന്നത്. സ്ത്രീകൾക്ക് പ്രത്യേക സാനിട്ടറി സൗകര്യങ്ങളോ ഇവിടില്ല. സർക്കാർ ആശുപത്രിയിലെ സൗജന്യ ചികിത്സ തങ്ങളുടെ നിലയ്ക്ക് കുറവായിക്കാണുന്നു. ഇടുങ്ങിയ മനഃസ്ഥിതിയും ഇതിനൊരു കാരണമാണ്. സ്ത്രീകൾക്ക് പ്രത്യേക വാർഡുകൾ തിരിച്ചും ബോധവല്ക്കരണ പ്രചരണങ്ങളിലൂടെ ജനങ്ങളിലൂടെ മേല്പറഞ്ഞ മനസ്ഥിതിക്ക് മാറ്റം വരുത്തിയും ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാം. ക്ലിനിക്കൽ ലബോറട്ടറിയുടെ പ്രവർത്തനം സ്ഥിരം ടെക്നീഷ്യനെ നിയമിച്ച് ഊർജ്ജിതപ്പെടുത്തണം. സ്ഥിരമായി മരുന്നിന്റെ ലഭ്യത ഉറപ്പു വരുത്തണം.

ആശുപത്രിയുടെ വികസനവും പ്രവർത്തനവും ആശുപത്രി വികസനകമ്മറ്റിയുടെ കൈകളിൽ കരുത്താർജ്ജിക്കേണ്ടതാണ്. ഈ വിഷയത്തിൽ തല്പര്യവും പ്രവർത്തന സന്നദ്ധതയുമുള്ളവരെ ചേർത്ത് കമ്മറ്റി പുനഃസംഘടിപ്പിക്കണം. സ്വകാര്യ മേഖലയിലുള്ള പാരാ മെഡിക്കൽ സ്ഥാപനങ്ങളിലെ നിയന്ത്രിക്കുകയും ഗുണനിലവാരം ഉറപ്പാക്കുകയും വേണം.

മരുന്നെന്ന പേരിൽ എന്തും സാമർത്ഥ്യത്തോടെ വിറ്റഴിക്കുന്ന പ്രവണത ഇന്ന് ഗ്രാമങ്ങളിലുണ്ട്. വൈദ്യനും മരുന്നുശാലയുടമയും ഇതിനുത്തരവാദികളാണ്. ചൂഷണത്തെ മഹത്തായ കർമ്മമായി തോന്നിപ്പിക്കുന്നു എന്ന അതുല്യമായ സവിശേത ഔഷധ വ്യവസായത്തിനുണ്ട്. എന്ന ഡോ. ഡേൽ കോൺസലിന്റെ പ്രസ്ഥാവന ഇക്കാര്യത്തിൽ പ്രസ്താവ്യമാണ്. ബോധപൂർവ്വമായ പ്രചരണോപാധികളിൽക്കൂടിയും കർമ്മ പദ്ധതികളിൽ കൂടിയും മാത്രമെ ഇതിനൊരു വിത്യാസം വരുത്തുവാൻ കഴിയു. മരുന്നിന്റെ ഗുണവും ദോഷവും അറിയാനുള്ള അവകാശം അതിന്റെ ഉപഭോക്താവിനുണ്ടാകണം. അശിക്ഷിതമായ കരങ്ങളാൽ പെട്ടിക്കടകളിൽനിന്നുപോടെ ഇവിടെ മരുന്നു ലഭ്യമാണ്. അനാൾജിൻ, ഫിനൈൽബ്യൂട്ടാസോൺ തുടങ്ങിയ പാർശ്വ ഫലങ്ങൾ കൂടുതലുള്ള വേദനാസംഹാരികൾ ഡോക്ടർമാർ പോലും ശുപാർശ ചെയ്യാറുണ്ട്. ഈ പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതാണ്. വിവിധ ചികിത്സാ സമ്പ്രദായങ്ങളിലായി 17 ഓളം ഡിസ്പൻസറികളും ഒരു കളരിതിരുമ്മൽ കേന്ദ്രവും നമ്മുടെ പഞ്ചായത്തിൽ സ്വകാര്യമേഖലയിലുണ്ട്. ഈ സമ്പ്രുദായങ്ങൾ തമ്മിൽ

ചേരേണ്ടിടത്ത് ചേരാനും കൊള്ളാനുമുള്ള വേദിയൊരുക്കി അവരെ അതതു പ്രദേശത്തിന്റെ ആരോഗ്യ പ്രശ്നങ്ങളിൽ നിയുക്തരാക്കാവുന്നതാണ്.

പഞ്ചായത്തിലെ ജനനനിരക്ക് 10.4ഉം മരണ നിരക്ക് 2.3 ഉം ആണ്. ആരോഗ്യ ബോധവല്ക്കരണത്തിൽ ഫീൽഡ് വർക്കർമാർ കുറെക്കൂടി ശുഷ്ക്കാന്തി കാണിച്ചാൽ ആരോഗ്യ പ്രശ്നങ്ങളെ ഇനിയും ലഘൂകരിക്കാൻ കഴിയും.

നിയന്ത്രിക്കപ്പെട്ടിരിക്കുന്ന രോഗമായ മലേറിയ കേസുകൾ പഞ്ചായത്തിൽ കഴിഞ്ഞ വർഷം റിപ്പോർട്ടു ചെയ്യപ്പെടുകയുണ്ടായി. എന്നാൽ എല്ലാ കേസുകളിലും രോഗികൾ മറ്റു സംസ്ഥാനങ്ങളിലെ സേവനത്തിനു ശേഷം രോഗികളായി വന്നവരായിരുന്നുവെന്ന് കണ്ടെത്തി. ഇതിന്റെ അടിസ്ഥാനത്തിൽ പുറത്ത് സേവനത്തിനു പോകുന്നവരുടെ രജിസ്റ്റർ സൂക്ഷിക്കുകയും മടങ്ങി വരുമ്പോൾ രക്ത പരിശോധന നിർബ്ബന്ധമാക്കുകയും വേണം.

ആസ്മ, ഹൃദയസംബന്ധമായ അസുഖങ്ങൾ, പ്രമേഹം, അലർജ്ജി രോഗങ്ങൾ എന്നിവയാണ് കാഞ്ഞിയാർ പഞ്ചായത്തിൽ കൂടുതലായുള്ള രോഗങ്ങൾ. 95–96 വർഷത്തിൽ 23 ക്ഷയരോഗികളും ഇവിടെ ചികിത്സയ്ക്കെത്തി. ഈ രോഗങ്ങളിലേറെയും തുടർച്ചയായ ഔഷധ സേവ ആവശ്യമായവ ആയതിനാൽ ആശുപത്രിയിൽ ലഭ്യമല്ലാത്ത മരുന്നുകൾ H.V.C യുടെ ധന വിനിയോഗത്തോടെ താഴ്ന്ന വരുമാനക്കാരായ രോഗികൾക്ക് ലഭ്യമാക്കണം.

കാഞ്ഞിയാർ പ്രാഥമികാരോഗ്യത്തിൽ കീഴിൽ 6 ഉപകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. (പട്ടിക 1) ഇതിൽ ആദിവാസി മേഖലയായ കോഴിമലയിൽ പ്രവർത്തിക്കുന്ന ഉപകേന്ദ്രത്തിന് സ്വന്തമായി കെട്ടിടം പണിയുകയും നരിയമ്പാറയിലുള്ള ഉപകേന്ദ്രത്തിന് നിലവിലുള്ള കെട്ടിടം പുതുക്കി പണിത് താമസയോഗ്യമാക്കുകയും ചെയ്യണം.

ഉപകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ കണക്കിലെടുക്കാതെ മേപ്പാറ, കല്യാണത്തണ്ട് ഈസ്റ്റ് മാട്ടുക്കട്ട എന്നിവിടങ്ങളിൽ ആവശ്യമായും സബ്സെൻററുകൾ സ്ഥാപിക്കണം.

പഞ്ചായത്തിന്റെ പരിതസ്ഥിതികൾ കണക്കിലെടുത്ത് നിലവിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രത്തോടു ചേർന്ന് ഒരു ജനറൽ വാർഡും എക്റേയൂണിറ്റും ജനപങ്കാളിത്തത്തോടെ നിർമ്മിക്കാനുള്ള പുനരർപ്പണദിനലക്ഷ്യം പൂർത്തീകരിക്കണം.

ആശുപത്രിയുടെ സൗകര്യക്കുറവും വർദ്ധിച്ചു വരുന്ന ഒ.പി. ഐ.പി. രോഗികളുടെ തിരക്കും ഡോക്ടർക്ക് ഒരു രോഗിക്കുവേണ്ടി ചിലവാക്കേണ്ട സമയത്തിന് കുറവുണ്ടാക്കുന്നു. നിസ്സാര രോഗങ്ങൾക്ക് പോലും ഡോക്ടറുടെ വിലപ്പെട്ട സമയം ദുർവ്വിനിയോഗം ചെയ്യുന്ന പ്രവണത രോഗികളിൽ നിലനില്ക്കുന്നതും ഇതിന് ഒരു കാരണമാണ്. ഉപകേന്ദ്രങ്ങളിലെ ജൂനിയർ പബ്ലിക്ക് ഹെൽത്ത് നേഴ്സിന് പ്രത്യേക പരിശീലനം നൽകി സബ് സെൻറർ തലത്തിൽ രോഗ ശുശ്രൂഷയ്ക്ക് പ്രാപ്തരാക്കുകയും അത്യാവശ്യ രോഗികൾക്കു മാത്രമായി ഡോക്ടറുടെ സേവനം നിജപ്പെടുത്തുകയും ചെയ്താൽ പഞ്ചായത്തിലെ അതുര സേവനരംഗം കുറെക്കൂടി ഫലവത്താക്കാൻ കഴിയും

രോഗനില, രക്തഗ്രൂപ്പ് എന്നിവയുൾപ്പെടുത്തിയ ഹെൽത്ത് സെൻറർ കാർഡ് വിതരണം ചെയ്യുകയും വാർഡു തലത്തിൽ ഇവയുടെ ക്രോഡീകരണവും നടത്തിയാൽ അത്യാവശ്യക്കാർക്ക് പ്രത്യേക ഗ്രൂപ്പ് രക്തക്കാരുടെ വിവരം പെട്ടെന്ന് നല്കാൻ കഴിയും.

കുട്ടികൾക്കും അമ്മമാർക്കും അംഗൻവാടികളിൽ കൂടിയുള്ള പോഷകാഹാരവിതരണം പൊതുജന പങ്കാളിത്തത്തോടെ കുറെക്കൂടി ഫലവത്തായി നടപ്പാക്കാവുന്നതേയുള്ളു. ഇങ്ങനെ അപര്യാപ്തതാ രോഗങ്ങളെ നിയന്ത്രിക്കുന്നതിന് സാധിക്കും.

വാർദ്ധക്യകാലത്ത് നിർദ്ധനരും നിരാലംബരുമാകുന്ന വൃദ്ധജനങ്ങൾക്ക് ക്ഷേമപദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടതാണ്.

എയിഡ്സ് ബോധവൽക്കരണം

നമ്മുടെ പഞ്ചായത്തിൽ നിന്ന് ഇതുവരെ ഒരു എയിഡ്സ് രോഗിയും റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടില്ലെങ്കിലും ഈ മഹാവിപത്തിനെതിരെ സ്വീകരിക്കേണ്ട സുരക്ഷാ നടപടികളെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കേണ്ടതാണ്.

പരിസര ശുചിത്വം

പൊതുജനാരോഗ്യത്തിന്റെ മാപകങ്ങളാണ് വ്യക്തി ശുചിത്വവും പരിസര ശുചിത്വവും. കാരണം രോഗം വരാനുള്ള സാഹചര്യത്തെ തടയുന്നതിനുള്ള മുന്നൊരുക്കമാണത്. പരിസര മലിനീകരണത്തിനുള്ള സാഹചര്യങ്ങൾ ഇവിടെ തീരെ കുറവാണ്. നഗര സംസ്ക്കാരത്തിന്റെറയും വ്യവസായീകരണത്തിന്റെറയും മാലിന്യങ്ങൾ ഈ ഗ്രാമത്തെ മലിനപ്പെടുത്തിയിട്ടില്ല. കാഞ്ഞിയാറിന്റെ ഈ പ്രകൃതി തന്നെ മലിനീകരണത്തെ ഒട്ടൊക്കെ തടയുന്നു.

കടകളിൽ നിന്നും ഹോട്ടലുകളിൽ നിന്നും അശ്രദ്ധമായി വലിച്ചെറിയുന്ന ഉപയോഗശൂന്യമായ വസ്തുക്കളും ഉച്ചിഷ്ടങ്ങളും കന്നുകാലികളുടെയും മനുഷ്യരുടെയും വിസർജ്ജ്യങ്ങളുമാണ് നമ്മുടെ പൊതു നിരത്തുകളെയും പരിസരത്തെയും മലിനമാക്കുന്നത്. അതുകൊണ്ടു തന്നെ അവിടം കൊതുക്, ഈച്ച തുടങ്ങിയ രോഗവാഹകരുടെ ആവാസ ഭൂമിയായിത്തീരുന്നു. വ്യാപാര സ്ഥാപനങ്ങൾക്ക് ലൈസൻസു കൊടുക്കുമ്പോൾ പറഞ്ഞിരിക്കുന്ന നിബന്ധനകൾ പാലിക്കുന്നുണ്ടോയെന്ന് ഉറപ്പു വരുത്തുകയും ബോധവല്ക്കരണത്തിലൂടെ ശുചിത്വ ബോധം എല്ലാവരിലും വളർത്തുകയും

വേണം.പ്രധാന കവലകളിലും പൊതുനിരത്തുകളിലും കേന്ദ്രീകരിച്ച് സ്ക്വാഡുകൾ രൂപികരിച്ച് അവയുടെ സംരക്ഷണം ഉറപ്പു വരുത്താം. മാത്രമല്ല ഈ സന്നദ്ധ സേനയുടെ സഹായത്താൽ കൊതുക് ഈച്ച നശീകരണം നടത്തുകയും ചെയ്യാം.

പരിസര ശുചിത്വത്തെ ഹനിക്കുന്ന മറ്റൊരു ശീലമാണ് വെറ്റില മുറുക്കും പുകവലിയും. മുറുക്കിത്തുപ്പി ചുവപ്പിക്കാത്ത ഒരു കവലപോലും നമുക്കില്ല. പുകവലിയ്ക്കുന്നവനേക്കാൾ ദോഷമാണ് ആ പുകയേല്ക്കാൻ നിർബ്ബന്ധിതമാകുന്ന സമൂഹത്തിനുണ്ടാകുന്നത്. ബോധവല്ക്കരണത്തിലൂടെയും ശരിയായി നിലവിലുള്ള നിയമം നടപ്പിലാക്കുന്നതിലൂടെയും മാത്രമേ ഇതിന് പരിഹാരം കാണാനാകു. പുകയില ഉല്പന്ന വിരുദ്ധ ഗ്രാമമായി പ്രഖ്യാപിക്കണം.

വനനശീകരണത്തിന്റെ ഫലമായി വർദ്ധിക്കുന്ന പരിസര മലിനീകരണമാണ് മറ്റൊന്ന്. പാതകൾക്കു വശവും ലഭ്യമായിടങ്ങളിലും വൃക്ഷതൈകൾ വച്ചു പിടിപ്പിച്ച് നമ്മുടെ പഞ്ചായത്തിനെ നിത്യഹരിതമാക്കിതീർക്കുകയും അതിലൂടെ മലീനീകരണത്തിന്റെ തോത് കുറയ്ക്കുകയും ചെയ്യാം.

വീടും പരിസരവും സ്ഥാപനങ്ങളും നിരത്തുകളും പഞ്ചായത്തിന്റെയൊട്ടാകെയുള്ള ശുചിത്വം ലക്ഷ്യമാക്കി ശുചീകരണ വാരം ആഘോഷിക്കാം. ശുചിത്വ ബോധവല്ക്കരണവും ഇതിലൂടെ സാധിക്കാം.

വേനൽക്കാലത്തും വർഷകാലത്തിന്റെ ആരംഭത്തിലും മുമ്പു പറഞ്ഞ സേനയെ ഉപയോഗിച്ച് ആരോഗ്യ പ്രവർത്തകരുടെ നേതൃത്വത്തിൽ ജലത്തിന്റെ ഗുണനിലവാരം പരിശോധിച്ചുറപ്പു വരുത്തണം. ഭക്ഷണപാനീയ വിതരണ കേന്ദ്രങ്ങൾ ആരോഗ്യ നിയന്ത്രണനിയമങ്ങൾ പാലിക്കുന്നുമെന്ന് ഉറപ്പു വരുത്താം.

മലിനീകരണത്തിനിടയാക്കുന്ന ചപ്പുചവറുകൾ നിരത്തുകളിൽ വീണ് അഴുകി വൃത്തികേടാക്കുന്ന ഫലങ്ങൾ എന്നിവ ശേഖരിച്ച് പഞ്ചായത്തുതലത്തിൽ സംസ്ക്കരിച്ച് കമ്പോസ്റ്റാക്കി മാറ്റിയാൽ കൃഷിയ്ക്കുപയുക്തമാക്കുകയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യാം.

കക്കൂസ്

പൊതുജനാരോഗ്യസംരക്ഷണത്തിന് കുടിവെള്ളം പോലെ തന്നെ പ്രധാനമാണ് കക്കുസുകളും പരിസരശുചിത്വത്തിന് ഇതിന്റെ പ്രാധാന്യം എടുത്തു പറയേണ്ടതാണ്. കുടിവെള്ളം മലിനമാകുന്നതിനുള്ള മുഖ്യകാരണം വെളിമ്പ്രദേശത്തുള്ള മലമൂത്ര വിസർജ്ജനമാണ്. ജല ജന്യ രോഗങ്ങളധികവും പകരുന്നത് ഈ വിധത്തിലാണ്.

ഇങ്ങനെ നോക്കുമ്പോൾ ഒരു വീടിന് ഒരു കക്കൂസ് എന്ന പദ്ധതി നമ്മുടെ പഞ്ചായത്തിൽ നടപ്പിലാക്കിയാൽ അതുകൊണ്ടുതന്നെ നമ്മുടെ ആരോഗ്യ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരമായി.

കാഞ്ഞിയാർ പഞ്ചായത്തിൽ 6000നുമേൽ കുടുംബങ്ങളുള്ളതിൽ I.R.D.P പദ്ധതി പ്രകാരം സ്ഥാപിച്ച 314 കക്കൂസ്സുകളുൾപ്പെടെ 2050 ഓളം വീടുകൾക്കാണം സ്വന്തമായി കക്കൂസുകളുള്ളത്. സ്വന്തമായി കക്കൂസില്ലാത്ത വീടുകളിൽ ഗണ്യമായ ഭാഗം താഴ്ന്ന വരുമാനക്കാരായ തെഴിലാളികളുടേതും കൃഷിക്കാരുടേതുമാണ്. അതുകൊണ്ട് തന്നെ ചിലവുകുറഞ്ഞ കക്കൂസുകൾ പ്രചരിപ്പിക്കുകയും അവ നിർമ്മിക്കുന്നതിന് സഹായം നല്കുകയും വേണം. നാട്ടിൻപുറങ്ങളെ അപേക്ഷിച്ച് കൂടുതൽ വെളിംപറമ്പുകളുള്ള നമ്മുടെ ഗ്രാമത്തിൽ ബോധപൂർവ്വമായ ബോധവല്ക്കരണത്തിലൂടെ മാത്രമേ ഈ നിലയ്ക്ക് മാറ്റം വരുത്തി പഞ്ചായത്തിൽ എല്ലാവർക്കും കക്കൂസ് എന്ന നമ്മുടെ ലക്ഷ്യം സാക്ഷാത്ക്കരിക്കുവാൻ കഴിയൂ.

പൊതുനിർദ്ദേശം

രണ്ടായിരാമാണ്ടോടെ പഞ്ചായത്തിലെ ഏവർക്കും ആരോഗ്യം, ഏവർക്കും കക്കൂസ്, കുടിവെള്ളം എന്ന അടിസ്ഥാന ആരോഗ്യ ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനുള്ള ഒരു കർമ്മ പരിപാടിയ്ക്ക് രൂപം നൽകി നടപ്പിലാക്കേണ്ടതുണ്ട്.

പഞ്ചായത്തിന്റെ സഞ്ചിത കർമ്മശേഷിയെ സന്നദ്ധസേവനവുമായി സംയോജിപ്പിച്ച് വിനിയോഗിച്ചാൽ ഇത് നിസാരമായി സാധിക്കാവുന്നതേയുള്ളു.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. നിലവിലുള്ള സബ് സെൻറുകളിൽ വേണ്ടത്ര സ്റ്റാഫിനെ നിയമിക്കുകയും P.H.C സെൻറുകൾ ഇല്ലാത്ത വാർഡുകളിൽ സെൻറുകൾ തുടങ്ങുകയും ചെയ്യുക.
2. എല്ലാ വീടുകൾക്കും കക്കൂസ് നിർബന്ധമാക്കുകയും താഴ്ന്ന വരുമാനക്കാർക്ക് സൗജന്യ നിരക്കിൽ കക്കൂസ് നിർമ്മിച്ചു കൊടുക്കുകയും ചെയ്യുക.
3. ആയൂർവേദാശുപത്രി പഞ്ചായത്തു തലത്തിൽ എല്ലാവർക്കും ഉപകാര പ്രദമായി മാറ്റി സ്ഥാപിക്കുകയും സേവനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്യുക.
4. പഞ്ചായത്തു തലത്തിൽ പോഷാകാഹാര കുറവുമൂലം വളരെയേറെ രോഗങ്ങൾ ഉണ്ടാകുന്നു. അതിനാൽ ആരോഗ്യശുചിത്വപരിപാലനങ്ങൾക്കായി ബോധവൽക്കരണ സെമിനാറുകൾ നടത്തുകയും ചെയ്യുക.
5. പൊതുനിരത്തുകളും പ്രധാനപ്പെട്ട കവലകളും, വീടുകളും, ശുചിത്വപൂർവ്വം പരിപാലിക്കാൻ വേണ്ട നിയമങ്ങളും നിർദ്ദേശങ്ങളും നല്കുക.
6. വീടുകളിലേയും പൊതുസ്ഥാപനങ്ങളിലേയും കൂടുതൽ ആളുകൾ ഉപയോഗിക്കുന്ന കുടിവെള്ളശ്രോതസ്സുകളെ മലിനമാകാതെ ഉപയോഗിക്കാൻ നിയമങ്ങൾ കൊണ്ടു വരുക.
7. പ്രതിരോധ കുത്തി വയ്പുകൾ സൗജന്യമായും നിർബന്ധമായും യാഥാസമയം നടപ്പിലാക്കുക
8. കുടുംബക്ഷേമ പ്രവർത്തനങ്ങൾ പ്രായോഗികമായി നടപ്പിലാക്കാൻ ശ്രമിക്കുക.

5-6

ഗതാഗതം ഊർജ്ജം മാർക്കറ്റ്

ഈ പഞ്ചായത്തിലെ ഗതാഗത മാർഗ്ഗങ്ങളിൽ പ്രധാനമായത് റോഡ് ഗതാഗതമത്രേ. വർഷങ്ങൾക്ക് മുൻപ് സർ. സി.പി. രാമസ്വാമി അയ്യരുടെ ദിവാൻ ഭരണകാലത്ത് നിലവിലുള്ള പഞ്ചായത്ത് പ്രദേശങ്ങളിലൂടെ കടന്നു പോകുന്ന വിധത്തിൽ പീരുമേട് ദേവികുളം താലൂക്കുകളുടെ ഏലുക നിശ്ചയിക്കുന്നതിനായി വിപുലമായ സർവ്വേ നടത്തുകയും ഇരു താലൂക്കുകളുടേയും അതിർത്തികൾ നിർണ്ണയിച്ച് കല്ലിട്ടു കടന്നു പോകുകയും ചെയ്തു. കാഞ്ഞിരപ്പള്ളിക്കാരനായ ഒരു എൻജിനിയറാണ് ഇതിന് നേതൃത്വം നൽകിയത്. ഈ കാലയളവിൽ ഈ പ്രദേശങ്ങളിലെ സർക്കാർ വനങ്ങളിൽ നിന്നും തടി വെട്ടിയിറക്കുന്നതിന് അനുമതി ലഭിച്ച പ്രമുഖ തമിഴ് കൂപ്പു കോൺട്രാക്റ്റർ ശ്രീമാൻ ആംകൂർ റാവുത്തർ തടി നീക്കം ചെയ്യുന്നതിനായി പോത്തു വണ്ടികൾക്ക് സഞ്ചരിക്കുന്നതിനായി ഈ സർവ്വേ പ്രദേശങ്ങളിലും സാദ്ധ്യമായ ഇതര പ്രദേശങ്ങളിലും താൽക്കാലിക റോഡുകൾ നിർമ്മിക്കുകയും ചെയ്തു. തുടർന്ന് ഈ പ്രദേശങ്ങളിൽ കുടിയേറിയ കർഷകർ തങ്ങൾക്കുപകരിക്കുന്ന പ്രധാനപ്പെട്ട റോഡുകൾ നിലനിർത്തുകയും ചെയ്തു. ഫലപ്രദമായി ഉപയോഗിക്കാത്തതു മൂലം ഇത്തരം നിരവധി റോഡുകൾ അടഞ്ഞുപോകുകയും കൃഷിയിടങ്ങളായിത്തീരുകയും ചെയ്തു. ജനസാന്ദ്രത വർദ്ധിച്ചതിനെ തുടർന്ന് കൂടുതൽ റോഡുകൾ ആവശ്യമായി വന്നപ്പോൾ ഇത്തരത്തിൽ അടഞ്ഞുപോയ റോഡുകൾ വെട്ടിത്തുറക്കുകയുണ്ടായി. ഇന്നും ഈ പഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട റോഡ് ദിവാൻ ഭരണകാലത്ത് നിർമ്മിക്കപ്പെട്ട പീരുമേട് ദേവികുളം റോഡാണ്. ഇപ്പോൾ ഈ റോഡ് സ്റ്റേറ്റ് ഹൈവേയായി പ്രഖ്യാപിക്കപ്പെടുകയും ആയതിന്റെ അടിസ്ഥാനത്തിലുള്ള റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുമുണ്ട്.

വർഷങ്ങളോളം മണൽറോഡ് മാത്രമായിരുന്ന ഈ റോഡ് 1960 കളിൽ മെറ്റൽ റോഡായി മാറുകയും ദീർഘകാലത്തിനു ശേഷം ടാറിംഗ് നടത്തപ്പെടുകയും ചെയ്തു.

1979–80 കാലഘട്ടത്തിൽ ഫുഡ്–ഫോർ–വർക്ക് സ്കീമിൽ ഉൾപ്പെടുത്തി മിക്കവാറും വാർഡുകളെ ബന്ധിപ്പിക്കുന്ന വിവിധ റോഡുകളുടെ നിർമ്മാണം നടത്തിയതോടുകൂടിയാണ് പഞ്ചായത്തിലെ പ്രാഥമിക ഗതാഗത പ്രശ്നങ്ങൾക്ക് അല്പമെങ്കിലും പരിഹാരമായത്.

ഈ പഞ്ചായത്തിൽ 140 കി.മീറ്റർ പഞ്ചായത്ത് റോഡും 30 കി.മീറ്റർ PWD റോഡും 15 കി.മീറ്റർ മറ്റു ഡിപ്പാർട്ടുമെൻറുകളുടെ റോഡും 15 കി.മീറ്റർ സ്വകാര്യ വ്യക്തികളുടെ റോഡുകളുമുണ്ട്. ഇപ്പോൾ ജനപങ്കാളിത്തത്തോടുകൂടി നിർമ്മിച്ചുകൊണ്ടിരിക്കുന്നതും എന്നാൽ പഞ്ചായത്ത് ഏറ്റെടുത്തിട്ടില്ലാത്തതുമായ ഉദ്ദേശ്യം 20 കി. മീറ്റർ റോഡുകൾ വേറെയുണ്ട്.

പ്രശ്നങ്ങൾ

പഞ്ചായത്തിലൂടെ കടന്നു പോകുന റോഡുകളിൽ ഭൂരിപക്ഷവും മൺസൂൺ കാലയളവിൽ ഒലിച്ചു പോകുന്ന സ്വഭാവത്തോടു കൂടിയവയാണ്. കുത്തനെ ചെരിഞ്ഞ പ്രദേശങ്ങളായതിനാൽ കുത്തൊഴുക്കുമൂലം റോഡുകൾ തകർന്നു പോകുക സർവ്വ സാധാരണമാണ്. ഏതാനം റോഡുകൾ മാത്രമേ മതിയായ റോഡുകൾക്ക് മാത്രമേ മതിയായ ഓട സൗകര്യങ്ങളുള്ളൂ. മണ്ണൊലിപ്പ് ഫലപ്രദമായി തടയാത്തതിനാൽ മണ്ണ് നിറഞ്ഞ് ഓടകൾ അടഞ്ഞുപോകുകയും റോഡിലൂടെ വെള്ളമൊഴുകി റോഡുകൾ നശിച്ചു പോകുകയും ചെയ്യുന്നു. പഞ്ചായത്ത് റോഡുകളിൽ പലതിനും ഓടകളില്ലാത്തതും കലാകാലങ്ങളിൽ ഫലപ്രദമായി മെയിൻറൻസ് ഇല്ലാതെ വരുന്നതും റോഡുകളുടെ നാശത്തിന് വഴിതെളിക്കുന്നു. ഇന്നും ഈ പഞ്ചായത്തിന്റെ ചില പ്രദേശങ്ങളിൽ വാഹനം കടന്നു ചെല്ലുവാനുള്ള മിതമായ സൗകര്യങ്ങൾ പോലുമില്ല. ഇത്തരത്തിൽ ഖജനാവിന്റെ വരുമാനത്തിൽ നല്ലൊരു പങ്കും ചിലവഴിക്കപ്പെടുന്ന മേഖല എന്ന നിലയിൽ താഴെ പറയുന്ന വസ്തുതകൾ പരിഗണിക്കപ്പെടേണ്ടതാണ്.

പൊതു നിർദ്ദേശങ്ങൾ

1. എല്ലാ റോഡുകളുടേയും സംരക്ഷണത്തിനായി ജനങ്ങളുടെ റോഡു സംരക്ഷണ സമിതികൾ രൂപികരിക്കുക
2. എല്ലാ റോഡുകൾക്കും ജനപങ്കാളിത്തത്തോടുകൂടി ഓടകൾ നിർമ്മിക്കുകയും ചെയ്യുക.
3. എല്ലാ പഞ്ചായത്ത് റോഡുകളും അതിര് കല്ലുകൾ സ്ഥാപിച്ച് വേർതിരിക്കുക.
4. റോഡുകൾ സംബന്ധിച്ച താലൂക്ക് സർവ്വേ രേഖകൾ പഞ്ചായത്തിൽ സൂക്ഷിക്കുകയും അത്തരം റോഡുകൾ സറണ്ടർ ചെയ്യപ്പെട്ട റോഡുകളായി പരിഗണിക്കപ്പെടേണ്ടതാണ്.
5. സ്വകാര്യ പൊതു ആവശ്യങ്ങൾക്കായി റോഡു

മുറിക്കേണ്ടി വരുമ്പോൾ അത്തരം സ്ഥലങ്ങൾ ഉടനെ തന്നെ റീ കണ്ടീഷൻ ചെയ്യിക്കുകയും ആയതിന് ഇന്നു നിലവിലുള്ള ഫീസ് വർദ്ധിപ്പിക്കുകയും ചെയ്യുക.

6. റോഡുകളുടെ ഓട അടച്ചു കളയുകയും റോഡു പുറമ്പോക്കുകൾ കയ്യേറുകയും ചെയ്യുന്നവരുടെ പേരിൽ കർശനമായ നിയമ നടപടികൾ സ്വീകരിക്കുക.

7. പഞ്ചായത്ത് റോഡുകളിൽ ടയർ ഘടിപ്പിച്ച കാളവണ്ടികൾ മാത്രം അനുവദിക്കുക.

8. റോഡു പണികൾ ബെനിഫിഷ്യറി കമ്മറ്റിയെ ഏൽപിക്കുകയും ഇന്നുള്ള നോമിനി, കോൺട്രാക്ടർ സമ്പ്രദായങ്ങൾ അവസാനിപ്പിക്കുക.

9. കാലാകാലങ്ങളിൽ പ്രയോജനപ്രദമായ രീതിയിൽ റോഡുകൾ മെയിൻറൻസ് നടത്തുക.

10. മുഴുവൻ റോഡുകളുടേയും അറ്റകുറ്റപണികൾ കാലവർഷാരംഭത്തിനു മുമ്പ് നടത്തിയിരിക്കേണ്ടതാണ്.

ഗതാഗതം സംബന്ധിച്ച ഗ്രാമസഭാ റിപ്പോർട്ടുകൾ അന്യത്ര ചേർത്തിട്ടുണ്ട്.

ഊർജ്ജം

ഊർജ്ജാവശ്യങ്ങൾക്കായി പ്രധാനമായും ആശ്രയിക്കുന്നത് വിറക്, വൈദ്യുതി, പെട്രോളിയം, ഗ്യാസ്,. മണ്ണെണ്ണ, ബയോഗ്യാസ് എന്നിവയാണ്. വൻകിട ഊർജ്ജ ഉൽപാദന ഉപഭാഗ സംരംഭങ്ങൾ ഈ പഞ്ചായത്തിലില്ല. സമീപകാലം വരെ ഇന്ധനമായി വിറക് സുലഭമായിരുന്നു. എന്നാൽ കഴിഞ്ഞ കുറെ വർഷങ്ങളായി വിറകിൻെറ ദൗർലഭ്യം സാധാരണക്കാരെ വലയ്ക്കുന്നു. ഇന്ധന ആവശ്യത്തിന് നൂറോളം വീട്ടുകാർ പെട്രോളിയം ഗ്യാസ് ഉപയോഗിക്കുന്നു. കാലി വളർത്തൽ കുറെയൊക്കെ പുരോഗതിയെങ്കിലും ഗോബർഗ്യാസ് പ്ലാൻറുകളുടെ എണ്ണം വളരെ പരിമിതമാണ്. വെളിച്ചത്തിനു വേണ്ടി വൈദ്യുതി ഉപയോഗിക്കുന്നവരുടെ എണ്ണം 2180 ഓളം വരും. 4000 ഓളം ആളുകൾ മണ്ണെണ്ണയെ ആശ്രയിക്കുന്നു. മണ്ണെണ്ണയുടെ ദൗർലഭ്യവും വോൾട്ടേജ് ക്ഷാമവും ഇടയ്ക്കിടെയുള്ള പവർക്കട്ടും ഈ രംഗത്ത് കടുത്ത പ്രതിസന്ധി ഉണ്ടാക്കുന്നു. പഞ്ചായത്തിൽ പ്രസരണ നഷ്ടം വളരെ കൂടുതലാണ്. അനുയോജ്യമല്ലാത്ത ലൈൻ കമ്പികളും ട്രാൻസ്ഫോർമറുകളുടെ കുറവും വൃക്ഷങ്ങളുടെ ടച്ചിംഗും പ്രസരണ നഷ്ടത്തിന് കാരണമത്രേ. മുൻകാലങ്ങളിൽ സ്ഥാപിച്ചിരുന തടി പോസ്റ്റുകൾ പലതും ക്ഷയിച്ചു. ശാസ്ത്രീയാടിസ്ഥാനത്തിൽ തയ്യാറാക്കിയ അടുപ്പുകൾ വളരെ കുറച്ചാളുകൾ മാത്രമേ ഉപയോഗിക്കുന്നുള്ളു.

ഈ പഞ്ചായത്തിൽ വളരെയധികം ഊർജ്ജോൽപാദന സാദ്ധ്യതകൾ ഉണ്ട്. താരതമ്യേന കുറഞ്ഞ ചിലവിൽ ഊർജ്ജോൽപാദനം സാദ്ധ്യമാക്കാവുന്ന നിരവധി ഊർജ്ജ ഉറവിടങ്ങൾ ഉണ്ട്.

പരിഹാര നിർദ്ദേശങ്ങൾ

1. ക്ഷമത കൂടിയ അടുപ്പുകൾക്കുള്ള സബ്സിഡി വർദ്ധിപ്പിക്കുകയും സുലഭമായി ലഭ്യമാക്കുകയും ചെയ്യുക.

2. ഗോബർഗ്യാസ് പ്ലാൻറുകളുടെ സബ്സിഡി വർദ്ധിപ്പിച്ച് വായ്പാ സൗകര്യ വ്യാപകമാക്കുക.

3. കുറഞ്ഞ വോൾട്ടേജിൽ കൂടുതൽ പ്രകാശം നൽകുന്ന കോംപാക്റ്റ് ബൾബുകൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കുക.

4. പ്രസരണ നഷ്ടം ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുക.

5. കൃത്രിമ മാർഗ്ഗങ്ങൾ ഉപയോഗിച്ച് വൈദ്യുതി ചൂഷണം ചെയ്യുന്നവരെ കണ്ടെത്തി നടപടികൾ സ്വീകരിക്കുക.

6. സോളാർ ലാമ്പ്, പമ്പ്, കുക്കർ എന്നിവ സാധാരണ നിരക്കിൽ ലഭ്യമാക്കുക.

7. ആർഭാട ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന വൈദ്യുതിക്ക് സൂപ്പർ ചാർജ്ജ് ബാധകമാക്കുക.

8. പരസ്യ ബോർഡുകൾക്കും മറ്റും വൻതോതിൽ ഉപയോഗിക്കുന്ന ഊർജ്ജത്തിന് വിലക്ക് ഏർപ്പെടുത്തുക.

9. വർഷങ്ങളായി തെളിയാതിരിക്കുന്ന തെരുവു വിളക്കുകൾ തെളിയിക്കുന്നതിന് വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുക.

10 തേക്കുൾപ്പെടെയുള്ള എല്ലാവിധ മരങ്ങളും വച്ചു പിടിപ്പിക്കുന്നതിനും യഥേഷ്ടം വെട്ടിയുപയോഗിക്കുന്നതിനുമുള്ള അവകാശം കൃഷിക്കാർക്കു നൽകുക.

ഗ്രാമസഭാ നിർദ്ദേശങ്ങൾ അന്യത്ര ചേർക്കുന്നു.

മാർക്കറ്റ്

മാർക്കറ്റിംഗിൻെറ കാര്യത്തിൽ നിരവധി പോരായ്മകളുള്ള പഞ്ചായത്താണ് കാഞ്ഞിയാർ. പൊതു മാർക്കറ്റുകൾ ഒന്നു പോലും ഈ പഞ്ചായത്തിൽ ഇല്ല. പലപ്പോഴും പൊതുമാർക്കറ്റ് തുടങ്ങുന്നതിനുള്ള ശ്രമങ്ങൾ നടന്നെങ്കിലും വിജയിച്ചില്ല. ആഴ്ച ചന്തകളും ഇവിടെയില്ല. ഈ പഞ്ചായത്തിൽ തീരെ അശാസ്ത്രീയമായി അനാരോഗ്യകരമായ മത്സ്യ മാംസ വ്യാപാര രീതികളാണ് നിലവിലിരിക്കുന്നത്. ഈ പഞ്ചായത്തിൽ ഉൽപാദിപ്പിക്കപ്പെടുന്ന സാധനങ്ങൾ വിറ്റഴിക്കുന്നതിന് കൂടുതൽ മാർക്കറ്റിംഗ് സഹകരണ സംരംഭങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

നിർദ്ദേശങ്ങൾ

1. സ്ലോട്ടർ ഹൗസോടുകൂടിയ കശാപ്പുശാലകൾ ഏർപ്പെടുത്തുക

2. ആഴ്ചയിലൊരിക്കൽ പൊതു മാർക്കറ്റുകൾ ഏർപ്പെടുത്തുക
3. വിവിധോദ്ദേശ മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ രൂപീകരിക്കുക.
4. പ്രാദേശിക മാർക്കറ്റിംഗുകളെ പ്രോത്സാഹിപ്പിക്കുക.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

ഗതാഗതവും ഊർജ്ജവും

1. വിവിധ വാർഡുകളിലെ താഴെ പറയുന്ന റോഡുകളുടെ പണികൾ (അറ്റകുറ്റ പണികളും) പൂർത്തിയാക്കുക.

1-ാം വാർഡ്

തൊപ്പിപ്പാള-മറ്റപ്പള്ളി-സ്വരാജ് മറ്റപ്പള്ളി. ലബ്ബക്കട ആശുപത്രി, ആലപ്പാട്ട് പടി റോഡ്, മുരിക്കാട്ടുകുടി സെറ്റിൽ മെൻറ് റോഡ്. തൊപ്പിപ്പാള ഗുരുമന്ദിരം റോഡ്, തൊപ്പിപ്പാള മറ്റപ്പള്ളി ഹരിജൻ കോളനി, മറ്റപ്പള്ളി സെറ്റിൽമെൻറ് റോഡ്, ലബ്ബക്കട-കാവടിക്കവല റോഡ് ടാർ ചെയ്യുക.

തൊപ്പിപ്പാള മറ്റപ്പള്ളി മുരിക്കാട്ടുകുടി കോളനി എന്നിവടങ്ങളിൽ സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുക. പഞ്ചായത്തിൽ എല്ലാ വീടുകളിലും പുകയില്ലാത്ത അടുപ്പ് വൈദ്യുതി എത്താത്ത സ്ഥലങ്ങളിൽ എത്തിയ്ക്കുക.

2-ാം വാർഡ്

ഒഴാക്കപ്പടി-പാലാക്കട-മൂലേപ്പടി പുതിയപാലം വഴി മണിയൻപിള്ള പടി കൂടി അംബേദ്ക്കർ കോളനിയുമായി ബന്ധിപ്പിക്കുന്ന റോഡ് പഞ്ചായത്ത് ഏറ്റെടുക്കുക. പുളിങ്കുന്ന് തോട്ടം പടി റോഡ് പഞ്ചായത്ത് ഏറ്റെടുക്കുക. കാവടിക്കവല വലിയകണ്ടം റോഡ് ഏറ്റെടുക്കുക. പേഴും കണ്ടം ഇലിപ്പിലിക്കാട്ട് പടി റോഡ്, ഗതാഗത യോഗ്യമാക്കുക. പലാക്കട ഇലിപ്പിലിക്കാട് പടി ഹെൽത്ത് സെൻറർ പുതിയ പാലം റോഡ്, ലബ്ബക്കട-കാവടിക്കവല റോഡ്, പുതിയപാലം മൂലേപ്പടി റോഡ് ഇവയുടെ അറ്റകുറ്റപണികൾ ചെയ്യുക.

പാലാക്കട-വലിയകണ്ടം-മണിയൻപിള്ള പടി റോഡ് അടിയന്തിരമായി ഏറ്റെടുക്കുകയും EAS ൽ ഉൾപ്പെടുത്തി ടാർ ചെയ്യുക. കുന്നേൽപടി-മൂങ്ങാമാക്കൽ പടി റോഡിൽ കലുങ്ക്, കെട്ടുകയും അടിയന്തിരമായി മെയിൻറനൻസ് നടത്തുകയും ചെയ്യുക. പാലാക്കട-വലിയകണ്ടം റോഡിൻെറ ഇരുവശവും സംരക്ഷണ ഭിത്തി കെട്ടുക. മേനാശ്ശേരി പടിപാലം ഉയർത്തി പണിയുക. ഹെൽത്ത് സെൻറർ റോഡ് ടാർ ചെയ്യുക. മൂലേപ്പടി ഒഴാക്കൽപടി റോഡിൽ കലുങ്ക് നിർമ്മിക്കുക. കുമ്മൻ ചിറപ്പടി വാഴേക്കാട്ട് പടി റോഡ് ടാർ ചെയ്യുകയും പാലാക്കട റോഡുമായി ബന്ധിപ്പിക്കുകയും ചെയ്യുക. ഈ റോഡ് സംരക്ഷണത്തിനായി പട്ടരി രാജുവിൻെറ സ്ഥലത്ത് സംരക്ഷണഭിത്തി കെട്ടുക. ലബ്ബക്കട-പാലാക്കട റോഡിൽ സംരക്ഷണഭിത്തി കെട്ടുക. കമലമ്മ പടി-കാവടിക്കവലപ്പടി റോഡ് ടാർ ചെയ്യുക. പാലാക്കട ഇലിപ്പിലിക്കാട്ടുപടി പേഴുംകണ്ടം റോഡ് മണ്ണിട്ട് പൊക്കി ടാർ ചെയ്യുക. പേഴും കണ്ടം പുതിയ പാലം മേഖലകളിൽ വൈദ്യുതി എത്തിക്കുക. റോഡ് സൈഡുകളിൽ സ്ട്രീറ്റ് ലൈനുകൾ സ്ഥാപിക്കുക. കല്യാണത്തണ്ട് മലയിൽ വിൻഡ് ഫാം സ്ഥാപിക്കുക. അഞ്ചുരുളി വെള്ളച്ചാട്ടത്തിൽ വൈദ്യുതി ഉദ്പാദിപ്പിക്കുക. വലിയകണ്ടം ഭാഗത്ത് ത്രീ ഫേയ്സ് ലൈൻ സ്ഥാപിക്കുക. അംബേദ്ക്കർ കോളനി ഭാഗത്തേക്കുള്ള റോഡ് ഗതാഗത യോഗ്യമാക്കുകയ കക്കാട്ടുകട-അഞ്ചുരുളി റോഡ് നന്നാക്കുക. വാർഡിലെ എല്ലാ റോഡുകൾക്കും ഓടകൾ നിർമ്മിക്കുകയും അറ്റകുററപണികളും നടത്തുക. കല്യാണത്തണ്ട് അഞ്ചുരുളി ഭാഗം വൈദ്യുതീകരിക്കുക. വഴിവിളക്കുകൾ പ്രവർത്തിപ്പിക്കുക. കട്ടപ്പനയാറ്റിൽ ഡാം നിർമ്മിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുക.

കൊച്ചു ചേന്നാട്ടുകവല, അഞ്ചുരുളി റോഡ് അടിയന്തിരമയി ഗതാഗത യോഗ്യമാക്കുക. പഞ്ചായത്തിലെ റോഡുകളിൽ കാളവണ്ടി ഗതാഗതം നിരോധിക്കുകയോ കാളവണ്ടികൾക്ക് ടയർ സംവിധാനം നിർബ്ബന്ധിതമാക്കുകയും ചെയ്യുക. പള്ളിക്കവല-അംബേദ്ക്കർ കോളനി വഴി കക്കാട്ടുകട റൂട്ടിൽ പഞ്ചായത്ത് തല ബസ് സർവ്വീസ് ആരംഭിക്കുക.

3-ാം വാർഡ്

ഗതാഗതം

വാർഡിനേ കേന്ദ്ര ഗവ. അംബേദ്ക്കർ കോളനിയാക്കി ഉയർത്തിയിരിക്കുന്നു. എന്നാൽ വികസനത്തിൻെറ കാര്യത്തിൽ വാർഡ് ഇന്നും പിന്നിൽ തന്നെ.

പള്ളിക്കവലയിൽനിന്നും തുടങ്ങി അംബേദ്ക്കർ കോളനിയുടെ മദ്ധ്യഭാഗത്തുകൂടി കടന്നു പോകുന്ന റോഡ് ഏതാണ്ട് 4½ കി.മി. ദൂരം ഉണ്ട്. എന്നാൽ ഇതിൻെറ 1½ കി.മി. ദൂരം മാത്രം ടാർ ചെയ്തിരിക്കുന്നു. തുടർന്നുള്ള ഭാഗങ്ങൾ ഇന്നും മൺറോഡുകളായി ശേഷിക്കുന്നു. വാർഡിൽ മറ്റുള്ള റോഡുകളും ഗതാഗതയോഗ്യമല്ല. നിലവിലുള്ള റോഡുകൾക്ക് ഓടകൾ തീർക്കാത്തതിനാൽ വർഷകാലമാകുമ്പോൾ റോഡുകൾ സഞ്ചാരയോഗ്യമല്ലാതായിത്തീരുന്നു. വാർഡിൻെറ അഞ്ചുരുളിഭാഗം വിനോദസഞ്ചാരമേഘലയാക്കി ഉയർത്തിയിട്ടില്ലെങ്കിലും ഈ പ്രദേശം പ്രകൃതി ഭംഗികൊണ്ട് അലംകൃതമായതിനാൽ വിനോദസഞ്ചാരികൾ അനേകം എത്തിച്ചേരുന്നു എന്നാൽ ടി ഭാഗത്തേയ്ക്കുള്ള റോഡ് ഗതാഗതയോഗ്യമല്ലാത്തതിനാൽ സഞ്ചാരികളുടെ യാത്ര വളരെ ക്ലേശകരമാണ്.

ഊർജ്ജം:- വാർഡിന്റെ ഏതാണ്ടു പകുതിയ

ലധികം ഭാഗങ്ങൾ വൈദ്യുതികരിച്ചിരിക്കുന്നു. എന്നാൽ കല്യാണത്തണ്ടിന്റെ ഏറിയ ഭാഗവും അഞ്ചുരുളിയുടെ മുഴുവൻ ഭാഗവും ഇന്നും വൈദ്യുതി ഏത്താത്ത ഭാഗങ്ങളാണ് വൈദ്യുതീകരിച്ചിരിക്കുന്ന എല്ലാ ഭാഗത്തും വഴി വിളക്കുകൾ സ്ഥാപിച്ചിരിക്കുന്നു. എന്നാൽ ഇവ കാഴ്ച വസ്തുവായി അവശേഷിച്ചിരിക്കുന്ന അവസ്ഥയിലാണിന്ന്. വാർഡിന്റെ ഉയർന്ന പ്രദേശമായ കല്യാണത്തണ്ടു ഭാഗത്ത് കാറ്റിൽനിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ കഴിയും. കാഞ്ചിയാർ പഞ്ചായത്തിലൂടെ കടന്നുപോകുന്ന കട്ടപ്പന ആറ്റിൽനിന്നും രണ്ടു സ്ഥലത്തുനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുവാൻ കഴിയും ആൾക്കാർ ഏറ്റവും കൂടുതൽ സഞ്ചിക്കുന്ന പള്ളക്കവല പുതുക്കാട് അംബേക്കർ കോളനിയുടെ മദ്ധ്യ ഭാഗത്തുകൂടി കടന്നുപോകുന്ന റോഡ് പൊതുജനങ്ങളുടെ കൂട്ടായ ശ്രമദാനത്തിലൂടെയും ഗതാഗതയോഗ്യമാക്കുവാൻ കഴിയുന്നതാണ്.

മാർക്കറ്റ് പോതുജനങ്ങൾ തിങ്ങിപ്പാർക്കുന്ന വാർഡിൽ (വാർഡ് ഹരിജൻ കോളനിയാണന്നത് ശ്രദ്ധേയമാണ്) വില്പനസാദ്ധ്യതയുള്ള ഉല്പന്നങ്ങൾ ഇഞ്ചി, കുരുമുളക്, കൊക്കോ, അടയ്ക്കാ മറ്റുല്പന്നങ്ങൾ ഉണ്ട്. എന്നാൽ ഇവിടെ ഒരാഴ്ച ചന്തയില്ലായെന്നുള്ളതാണ് സത്യം. ഇവിടെ കാഞ്ചിയാർ കേന്ദ്രീകരിച്ച് ഒരാഴ്ച ചന്ത സ്ഥാപിച്ചാൽ പൊതുജനങ്ങൾക്ക് അത് ഉപകാരപ്രദമായിരിക്കും. വാർഡിലെല്ലാ വീടുകളിലും വിറക് ഉപയോഗിച്ച് ആഹാരം പാകം ചെയ്യുന്നു. പുകയില്ലാത്ത അടുപ്പുകളുടെ പ്രചാരം ജനങ്ങളിലെത്തിക്കണം,.

വാർഡ് 4

1 നരിയംപാറ –കൽത്തൊട്ടി (വെള്ളിലാംകണ്ടം) റോഡ് ടാർചെയ്ത് സഞ്ചാരയോഗ്യമാക്കണം. ആയിരക്കണക്കിന് ആളുകൾക്ക് പ്രയോജനപ്പെടുന്ന റോഡാണ്.

2 നരിയംപാറ–കളപ്പുരയ്ക്കാനം റോഡ് കലുങ്കുപണികൾ തീർത്ത് മെയിൻറനനസ് നടത്തി സഞ്ചാരയോഗ്യമാക്കണം. അൻപതു കുടുംബക്കാർക്ക് പ്രയോജനം ചെയ്യും.

3 എട്ടിയിൽപടിമുതൽ പള്ളിക്കവല റോഡിലേക്കുള്ള റോഡ് ഗതാഗതയോഗ്യമാക്കണം അൻപത് കുടുംബങ്ങൾക്ക് പ്രയോജനപ്പെടും.

4 കക്കാട്ടുകട–പൊന്നിക്കവല – ഇരുപതേക്കർ ടാർ റോഡ് അടിയന്തിരമായി ഗതാഗതയോഗ്യമാക്കണം. നൂറുകണക്കിനു വാഹനങ്ങൾ കടന്നുപോകുന്ന റോഡാണ്.

5 പള്ളിക്കവല – ഇരുപ്പക്കാട്ടുപടി റോഡ് ടാറുചെയ്ത് സഞ്ചാരയോഗ്യമാക്കണം. നൂറ് കുടുംബക്കാർക്ക് പ്രയോജനപ്പെടും.

6 നരിയംപാറ –വെള്ളിലാംകണ്ടം റോഡിൽനിന്നും M.M.H.S ലേക്ക് പോകുന്നതിനുള്ള റോഡ് സഞ്ചാരയോഗ്യമാക്കണം നൂറുകണക്കിനു സ്ക്കൂൾ കുട്ടികൾക്കും 15 കുടുംബക്കാർക്കും പ്രയോജനം ചെയ്യും.

7 പള്ളിക്കവല–വെങ്ങാലൂർക്കവല റോഡ് ടാറു ചെയ്യണം. നൂറുകണക്കിന് ആൾക്കാർക്ക് പ്രയോജനം ചെയ്യും.

8 നരിയംപാറ മിൽമ സൊസൈറ്റി പടിക്കൽനിന്നും ഇരുപ്പക്കാട്ടു പടിയിലേയ്ക്ക് റോഡ് വെട്ടണം. ഇരുപത്തിയഞ്ചോളം കുടുംബങ്ങൾക്ക് പ്രയോജനം ചെയ്യും.

9 നൂറുകണക്കിന് വൈദ്യുതികരിക്കാത്ത വീടുകൾക്ക് വൈദ്യുതി എത്തിക്കുക.

10 നരിയംപാറ സ്കൂൾ ജംഗ്ഷൻ, സ്വർണ്ണവിലാസം, വെങ്ങാലൂർക്കവല ഇവിടങ്ങളിൽ സോഡിയം പേപ്പർ ലാമ്പ് സ്ഥാപിക്കണം.

11 നരിയംപാറ ജംഗ്ഷൻ മുതൽ സ്വർണ്ണവിലാസംവരെ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കണം.

12 നരിയംപാറ സ്ക്കൂൾ ജംഗ്ഷൻ, സ്വർണ്ണവിലാസം ഇവിടങ്ങളിൽ വെയിറ്റിംഗ് ഷെഡ് സ്ഥാപിക്കണം.

13 കട്ടപ്പന–ഏലപ്പാറ റോഡിൽ കക്കാട്ടുകട B.S.S. പബ്ളിക് ലൈബ്രറിമുതൽ കക്കാട്ടുകട കുരുശുപള്ളിവരെയുള്ള ഭാഗവും പുതിയകാവു ക്ഷേത്രംമുതൽ കപ്യാരുതുണ്ടം പടിവരെയുള്ള ഭാഗവും വെള്ളം വാർന്നു പോകുന്നതിനും ഗതാഗതയോഗ്യമാക്കുന്നതിനും വേണ്ടി കലുങ്കു നിർമ്മിക്കുകയും കോൺക്രീറ്റിംഗ് നടത്തുകയും ഓട നിർമിക്കുകയും ചെയ്യണം.

14 കക്കാട്ടുകട ജംഗ്ഷനിൽനിന്നും ഇരുപ്പക്കാട്ടുപടി റോഡിലേയ്ക്ക് കയറാനുള്ള റോഡിന്റെ ബാക്കി പണികൾ പൂർത്തിയാക്കണം.

15 കാർഷികോല്പന്നങ്ങൾ ന്യായവില്യക്ക് സംഭരിച്ച് വിപണനം നടത്തുന്നതിന് ഒരു മാർക്കറ്റിംഗ് സൊസൈറ്റി രൂപീകരിക്കണം

16 നരിയംപാറ മലമുകളിൽ വിൻഡ്മിൽ സ്ഥാപിച്ച് വൈദ്യുതി പ്രതിസന്ധി പരിഹരിക്കണം.

17 ഒരു ക്ഷീരോൽപന്ന നിർമ്മാണയൂണിറ്റ് ആരംഭിക്കണം.

18 കൊക്കോ സംസ്ക്കരണയൂണിറ്റ് ആരംഭിക്കണം

19 കറിപൗഡർ യൂണിറ്റ്, അച്ചാർ നിർമ്മാണ യൂണിറ്റ് മുതലായവ ആരംഭിക്കണം.

വാർഡ് 5

1 നരിയംപാറ, കൽത്തൊട്ടി, കൽത്തൊട്ടി ഈസ്റ്റ് മാട്ടുക്കട്ട, കൽത്തൊട്ടി–മേപ്പാറ, കൽത്തൊട്ടി–ചൂരപ്പൊയ്ക റോഡ്, സ്വർണ്ണവിലാസം–മേപ്പാറ ഉള്ളായത്തിപ്പടി–സ്വർണ്ണവിലാസം റോഡ് ഊരാളിക്കുടി–കുരുശുമല വഴി–മേപ്പാറ റോഡ്, കൽത്തൊട്ടി–മറ്റമുണ്ടപ്പടി–ചിക്കപ്പടി മേപ്പാറ റോഡ് എന്നീ റോഡുകളുടെ പുനരുദ്ധാരണ പണികൾ പൂർത്തിയാക്കുക.

2 താഴെപ്പറയുന്ന സ്ഥലങ്ങളിൽ നടപ്പാതകൾ നിർമ്മിക്കുക.

സ്വർണ്ണവിലാസം–മേപ്പാറ, സ്വർണ്ണവിലാസം–മറ്റമുണ്ടപ്പടി ചെറ്റയിൽപ്പടി–ഊരാളിക്കുടി നടപ്പാതയിൽ നടപ്പാലം നിർമിക്കുക. വാലുൻമേൽപടി നടപ്പാതയിൽ നടപ്പാലം നിർമിക്കുക. വെങ്ങാലൂർക്കട–വരിവള്ളിയാങ്കൽപ്പടി നടപ്പാത നിർമിക്കുക.

ശബരിഗിരി നരിയംപാറ റോഡിൽ നടപ്പാലം നിർമിക്കുക. കിഴക്കേമൊട്ടക്കട്ട–ഊരാളിപ്പടി നടപ്പാതയിൽ നടപ്പാലം നിർമിക്കുക.

3 നരിയംപാറ സ്ക്കൂൾക്കവല, സ്വർണ്ണവിലാസം, മേപ്പാറ, വെങ്ങാലൂർക്കട, കൽത്തൊട്ടി എന്നിവടങ്ങളിൽ വെയിറ്റിംഗ്ഷെഡ് നിർമിക്കുക.

4 നരിയംപാറ–കൽത്തൊട്ടി റോഡിൽ ബസ് പെർമിറ്റ് അനുവദിക്കുക. കുരുശുമലയിൽ വിൻഡ് മില്ലുകൾ സ്ഥാപിക്കുക. മേപ്പാറ, കൽത്തൊട്ടി, ആനക്കുഴി കിഴക്കേ മാട്ടുക്കട്ട ഊരാളിക്കുടി എന്നിവടങ്ങളിൽ വൈദ്യുതി എത്തിക്കുക. നരിയംപാറ സ്ക്കൂൾക്കവല സ്വർണ്ണവിലാസം, മേപ്പാറ–വെങ്ങാലൂർക്കട, കൽത്തൊട്ടി, കിഴിക്കെമൊട്ടുക്കട എന്നിവടങ്ങളിൽ മെർക്കുറി ലൈറ്റ് സ്ഥാപിക്കുക.

വാർഡ് 6

സ്വർണ്ണവിലാസം–മേപ്പാറ, ലബ്ബക്കട–മേപ്പാറ എന്നീ റോഡുകൾ ബസ്സു ഗതാഗത യോഗ്യമാക്കുക. കൽത്തൊട്ടി–കിഴക്കേ മാട്ടുക്കട്ട ഗിരിജൻകൊളിനി റോഡ് ഗതാഗത യോഗ്യമാക്കുക. കിഴക്കേ മാട്ടുക്കട്ടയിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുക. വാർഡിൽ എല്ലായിടത്തും വൈദ്യുതി എത്തിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക. നന്ദഗോപാൽ, കപ്പിലാമൂട്ടിൽപ്പടിവരെ–മൂക്കത്തക്കട–പെരുമ്പടപ്പ് എന്നീ സ്ഥലങ്ങളിൽ വൈദ്യുതി എത്തിക്കുക. പെരുമ്പടപ്പ്, കൺമണി, അയ്യരുപാറ റോഡുമായി ബന്ധിപ്പിക്കുക. മേപ്പാറ, മൂക്കത്താക്കട റോഡ് ടാർ ചെയ്യുക.

വീനസ് എസ്റ്റേറ്റിൽ നിന്നും നാല്പതേക്കർ വഴി പെരുമ്പടപ്പ് റോഡുമായി ബന്ധിപ്പിക്കുക. കിഴക്കേ മാട്ടുക്കട്ട, കുന്നത്തുകുഴി നടപ്പുവഴി സംരക്ഷിക്കുക. എട്ട് ഏക്കർ, നാടുകാണി എന്നിവടങ്ങൾ വൈദ്യുതികരിക്കുക. കൽത്തൊട്ടി മേപ്പാറ റോഡിൽ സ്ട്രീറ്റ് ലൈൻ പൂർത്തീകരിക്കുക.

അഞ്ച് ആറ് ഏഴ് വാർഡിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുക. മേപ്പാറയിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുക. ചെകുത്താൻമലയിൽ വിൻഡ് മിൽ സ്ഥാപിക്കുക.

വാർഡ് 5

1 താഴെപ്പറയുന്ന കലുങ്ക് സംരക്ഷണഭിത്തി എന്നിവ പണിയുക.

1 അഴകാത്ത്പടി (നരിയംപാറ–കൽത്തൊട്ടി റോഡ്)

2 ചേലച്ചുവട് ഭാഗം

3 ചിറയ്ക്കൽപ്പടി

4 മാത്തൻകുന്നേൽപ്പടി

5 കൽത്തൊട്ടി മില്ലിനും വിലങ്ങുപാറപടിക്കും ഇടയിൽ

6 ഡ്രൈവർ ജംയിസിന്റെ പടിക്കൽ (കൽത്തൊട്ടി കിഴക്കേ മാട്ടുക്കട്ട റോഡ്)

7 കണിയാമ്പറമ്പിൽ ജോസഫിന്റെ പടിക്കൽ

8 പെമ്പനാനിപ്പടിയ്ക്കൽ

9 ചെറ്റയിൽ സാബുവിന്റെ പടിയ്ക്കൽ

10 ചൂരപ്പൊയ്കപ്പടി (കൽത്തൊട്ടി–മേപ്പാറ റോഡ്)

2 കിഴക്കേ മാട്ടുക്കട്ടയിൽ ദാനിയേൽ കൊക്കയിൽ മിനി ഹൈഡ്രോ ഇലക്ട്രിക്കൽ പ്രോജക്ട് ആരംഭിക്കുക.

വാർഡ് 7

കൽത്തൊട്ടി ആനക്കുഴി, കിഴക്കെമൊട്ടുക്കട്ട റോഡുപണി പൂർത്തിയാക്കുക.

കൽത്തൊട്ടിവഴി ബസ്സ് സർവ്വീസ് ആരംഭിക്കുക വിലങ്ങുപാറ കിഴക്കേമൊട്ടുക്കട്ട റോഡ് പണി പൂർത്തിയാക്കുക. കെ.സി. പുതുവൽ പടവിൽ റോഡ് പൂർത്തിയാക്കുക. പുളിക്കക്കുന്നേൽ–കടലാടിമറ്റം റോഡ് നിർമ്മിക്കുക. വെള്ളിലാംകണ്ടം പടവിൽപ്പടി റോഡ് ടാർ ചെയ്യുക. പെരിയോൻകവല ചെങ്ങോൻതടം റോഡ് പൂർത്തിയാക്കുക. കുഞ്ഞുമല–ലബ്ബക്കട റോഡ് ടാർ ചെയ്യുക. വെള്ളിലാംകണ്ടം മുണ്ടമറ്റം പടി റോഡ് പണി പൂർത്തിയാക്കുക. വെള്ളിലാംകണ്ടം–ഓലേപ്പടി റേഷൻകടപ്പടി റോഡ് നിർമ്മിക്കുക. മുഴിയാങ്കൽപ്പടി, തൊടുപുഴ വാർഡ് റോഡ് നിർമ്മിക്കുക. ചെറ്റയിൽപ്പടി മുണ്ടിയത്ത്പടി റോഡ് നിർമിക്കുക. ചിത്രകുന്നേൽപ്പടിയിൽ കലുങ്കു നിർമിക്കുക. കുന്നേൽപ്പടി മുതൽ പുല്ലാട്ടുപടിവരെ റോഡു നിർമിക്കുക. പുല്ലാട്ടുപടിയിൽ കലുങ്കു നിർമിക്കുക. കൽത്തൊട്ടി സ്ക്കൂൾ തൊടുപുഴ വാർഡ് റോഡ് നിർമിക്കുക. വലക്കമറ്റം പടിയിൽ കലുങ്കു നിർമിക്കുക. മുണ്ടമറ്റം പടിയിൽ കലുങ്കു നിർമിക്കുക. വാർഡിലെ മുഴുവൻ റോഡുകൾക്കും ഓടകൾ നിർമ്മിക്കുക. വാർഡിൽ വോൾട്ടേജ് വർദ്ധിപ്പിക്കുക. ആവശ്യമായ സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കുക. വാർഡിലെ മുഴുവൻ റോഡുകളും (8) ഗതാഗത യോഗ്യമാക്കുക.

വാർഡ് 9

സ്വരാജ്–മുരിക്കാട്ടുകുടി റോഡ് ടാറു ചെയ്യുക കുനാനിപ്പടിയിൽ ഒരു പാലം നിർമിക്കുക. കോടാലിപ്പാറ മാട്ടുക്കട്ട റോഡുകളെ ബന്ധിപ്പിക്കുന്ന ആനക്കുഴിയിൽ ചങ്ങാടം കടത്ത് അനുവദിക്കുക. പെ

രിയോൻകവല SC, ST കോളനിയിൽ കൂടി സ്വരാജ് റോഡ് ടാറു ചെയ്യുക. SC, ST കോളനിയിൽ കൂടി ചന്ദ്രൻ സിറ്റിവഴി വെള്ളിലാംകണ്ടം റോഡ് നിർമിക്കുക. സ്വരാജ് തടത്തിപ്പടി കുഞ്ഞുമല റോഡ് നിർമിക്കുക. സ്വരാജിൽനിന്നും സ്ക്കൂളിലേക്കുള്ള റോഡ് ടാർ ചെയ്യുക. കോടാലിപാറ SC കോളനി റോഡ് സംരക്ഷണഭിത്തി കെട്ടുക.

ശോഭനപടി സുധാകരൻപടി റോഡിന് സംരക്ഷണ ഭിത്തി കെട്ടുക. ഈറ്റക്കാട്ടു പടിമുതൽ തേവർകാട്ടിൽ രാജൻപടി വരെ പെരിയോൻകവല റോഡ് ടാർ ചെയ്യുക. ശോഭനപ്പടി പെരിയോൻകവല റോഡ് ടാർ ചെയ്യുക. ചന്ദ്രൻസിറ്റി വള്ളക്കടവ് റോഡ് ഗതാഗത യോഗ്യമാക്കുക. ജലസംഭരണിക്കുചുറ്റും ജീപ്പ് റോഡ് നിർമിക്കുക. വാർഡിൽ എല്ലാസ്ഥലത്തും വൈദ്യുതി എത്തിക്കുക. പെരിയോൻക്കവല, മുരിക്കാട്ടുകുടി ഭാഗങ്ങളിൽ സോഡിയം വെപ്പർ ലാമ്പുകൾ സ്ഥാപിക്കുക.

ആവശ്യമായ സ്ഥലങ്ങളിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.

വാർഡ് 10

സ്വരാജ് കോഴിമല റോഡ് കയറ്റം കുറച്ച് പണി പൂർത്തിയാക്കി K.S.R.TC ബസ് സർവ്വീസ് ആരംഭിക്കുക. കോഴിമല സ്ക്കൂൾ കവലയിൽനിന്നും കാഞ്ഞിയാർ അയ്യപ്പൻകോവിൽ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന റോഡും പാലവും നിർമ്മിച്ച് ടാർ ചെയ്യുകയും ചെയ്യുക. പള്ളിസിറ്റി ഗുരുമന്ദിരം റോഡ് (ചെക്കുഡാം) പണി പൂർത്തിയാക്കുക. ഈറോഡ് ടാർ ചെയ്യുകയും ചെയ്യുക. ചെക്കുഡാമിനു സമീപം പാലം നിർമ്മിക്കുക. വരുതുംവയലിൽ –വണപ്പാട്ട് ജോയിയുടെ വീടിനു സമീപം കൂടി പോകുന്ന നടപ്പാത പുതിയ റോഡാക്കി നിർമ്മിക്കുക. പള്ളിസിറ്റി–പച്ചാടിക്കുഴി റോഡ് ടാർ ചെയ്യുക. അയ്യപ്പൻകോവിൽ, സ്വാമിപ്പടി വരെയുള്ള റോഡ് പൂർത്തിയാക്കുക. മുരിയ്ക്കാട്ടുകുടിയിൽനിന്നും പള്ളിസിറ്റിയിലേയ്ക്ക് റോഡ് നിർമ്മിക്കുക (പാറമടവഴി) ഈ റോഡിലേയ്ക്കുള്ള ഉപറോഡുകൾ പഞ്ചായത്ത് ഏറ്റെടുത്ത് ഗതാഗതയോഗ്യമാക്കുക. അമ്പലമേട് ഭാഗത്ത് വൈദ്യുതി എത്താത്ത സ്ഥലത്ത് വൈദ്യുതി എത്തിക്കുക. SC, ST വീടുകൾ വൈദ്യുതികരിക്കുക. പള്ളിസിറ്റി ബാലപാഠി എന്നിവടങ്ങളിൽ സോഡിയം വെപ്പർ ലാമ്പുകൾ സ്ഥാപിക്കുക. സ്ക്കൂൾ കവല മുതൽ അയ്യപ്പൻകോവിൽ വള്ളക്കടവു വഴി ട്യൂബ് ലൈറ്റ് സ്ഥാപിക്കുക. കോഴിമല കുരിശുമലയിൽ വിൻഡ് മിൽ സ്ഥാപിക്കുക. 50% മനുഷ്യ അദ്ധ്വാനം സ്വരൂപിക്കുന്ന സ്ഥലങ്ങളിൽ മാത്രം പുതിയതായി റോഡ് അനുവദിക്കുക. മുരിക്കാട്ടുകുടി, കുരിശുങ്കൽപ്പടി, പാച്ചാടിക്കുഴി, റേഷൻകട ജംഗ്ഷൻ, സ്ക്കൂൾ ജംഗ്ഷൻ മുതലായ സ്ഥലങ്ങളിൽ ട്യൂബ് ലൈറ്റുകൾ സ്ഥാപിക്കുക. മുരിയ്ക്കാട്ടുകുടി മുതൽ കോഴിമല രാജപുരം സിറ്റിവരെ വഴിവിളക്കുകൾ സ്ഥാപിക്കുക.

ഗ്രാമസഭാ നിർദ്ദേശങ്ങൾ VIII

1 കൽത്തൊട്ടി–ലബ്ബക്കട, കൽത്തൊട്ടി–വെങ്ങാലൂർക്കട റോഡുകളുടെ ടാറിംഗ് പൂർത്തിയാക്കുക.

2 താഴെപ്പറയുന്ന റോഡുകൾ അറ്റകുറ്റപ്പണികൾ നടത്തി ഗതാഗത യോഗ്യമാക്കുക.

1 പള്ളിക്കവല–വെങ്ങാലൂർക്കട റോഡ്

2 പാലാക്കട–കളപ്പുരക്കാനം റോഡ്

3 പാലാക്കട–വെങ്ങാലൂർക്കട ലക്ഷംവീടു കോളനി റോഡ്

4 പാലാക്കട–ചെത്തിമറ്റംപടിവഴി വെങ്ങാലൂർക്കട റോഡ്

5 ലബ്ബക്കട ഡാം–ചരളേൽപ്പടി റോഡ്

6 വരകപ്പള്ളി–വെങ്ങാലൂർക്കട റോഡ്

7 പാലയ്ക്കപ്പടി–വെട്ടിയ്ക്കൽപ്പടി റോഡ് ലക്ഷംവീട് കോളനിയിൽ എത്തിക്കുക.

ഇതിൽ പഞ്ചായത്ത് ഏറ്റെടുക്കാത്തവ അടിയന്തിരമായി പഞ്ചായത്ത് ഏറ്റെടുക്കുകയും പൂർത്തിയാക്കാത്തവ എത്രയും വേഗം പൂർത്തിയാക്കുകയും ചെയ്യുക.

3 പാലാക്കട–കളപ്പുരക്കാനം–വെങ്ങാലൂർക്കട–ലക്ഷംവീട് കോളനി റോഡ് ഉടൻ ടാർ ചെയ്യുക.

4 പാലയ്ക്കൽ തങ്കച്ചൻപടിയിൽ കലുങ്കുകെട്ടുക.

5 എല്ലാ റോഡുകൾക്കും ഓടകൾ നിർമിക്കുക.

6 സൈഡ് കെട്ടേണ്ട റോഡുകൾക്ക് സൈഡ് കെട്ടുക.

7 എല്ലാ റോഡുകളും ടാർ ചെയ്യുക.

8 ലബ്ബക്കട C,S.T ആശ്രമം പടിമുതൽ കൽത്തൊട്ടിക്കുള്ള കുറുക്കുവഴി നടകെട്ടി സഞ്ചാരയോഗ്യമാക്കുക.

9 പാലാക്കട–വെങ്ങാലൂർക്കട റോഡുകളിൽ ആവശ്യമായ സ്ഥലങ്ങളിൽ സൈഡുവാളുകളും കലുങ്കുകളും പണിയുക.

ഊർജ്ജം

1 ലക്ഷംവീടുകോളനി അടിയന്തിരമായി വൈദ്യുതീകരിക്കുക.

2 സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന എല്ലാവർക്കും സൗജന്യ നിരക്കിൽ വൈദ്യുതി കണക്ഷനുകൾ നല്കുക.

3 വോൾട്ടേജ് പ്രശ്നം പരിഹരിക്കുക.

4 ആവിശ്യമായ സ്ഥലങ്ങളിലെല്ലാം സ്ട്രീറ്റു ലൈറ്റുകളും ട്രാൻസ്ഫോർമറുകളും സ്ഥാപിക്കുക.

5 പാചകവാതകം ലഭ്യമാക്കുക.

6 പുകയില്ലാത്ത അടുപ്പുകൾ എല്ലാ വീടുകളിലും സ്ഥാപിക്കുവാനുള്ള സമഗ്രപദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കുക.

5-7 ഭവന നിർമ്മാണവും സാമൂഹ്യക്ഷേമവും

ഭവനമിർമ്മാണ രംഗത്ത് ബഹുദൂരം മുന്നോട്ടു പോകാൻ കഴിയാത്ത പഞ്ചായത്താണ് നമ്മുടേത്. കാട്ടുകമ്പുകൾ മുള കമുക് മൺക്കട്ട എന്നിവ ഉപ യോഗിച്ച് നിർമ്മിക്കുന്ന കുടിലുകൾ പൊതുവേ കോറഷീറ്റ് പുല്ല്, ഓല തുടങ്ങിയവ ഉപയോഗിച്ച് മേയുന്ന രീതിയാണ് സാധാരണക്കാരിൽ ഇന്നും വ്യാപകമായിട്ടുള്ളത്. ഈ പഞ്ചായത്തിൽ ആറാ യിരത്തോളം കുടുംബങ്ങളാണ് ഉള്ളത്.

വീടുകളുടെ സ്ഥിതി വിവരക്കണക്ക് ചുവടെ ചേർക്കുന്നു.

വാർഡ്	കെട്ടിടങ്ങ ളുടെ എണ്ണം	ഒ ിൽ കൂടുതൽ നിലയു ത്	കോൺ കീറ്റ്	ഓട്/ ഷീറ്റ്	ഓല/ പുല്ല്
1	689	3	27	207	452
2	433	3	20	206	204
3	939	2	25	267	645
4	519	5	47	401	66
5	512	5	11	346	156
6	579	9	20	60	490
7	472	4	18	243	207
8	514	3	20	272	219
9	695	2	14	243	436
10	766	2	9	221	528
ആകെ	6112	38	211	2460	3403

മേൽ സൂചിപ്പിച്ച ഭവനഘടനയിൽ നിന്നും ബഹുഭൂരിപക്ഷം കുടുംബങ്ങൾക്കും മതിയായ പാർപ്പിട സൗകര്യങ്ങൾ ഇല്ല എന്നു മനസ്സിലാ ക്കാൻ കഴിയും. അതിലുപരി താത്കാലിക വീടുക ളുടെ നില അതീവ ശോചനീയവും അടിയന്തിര നിർമ്മാണ പ്രാധാന്യമർഹിക്കുന്നവയുമാണ്. വീടു നിർമ്മാണത്തിന്റെ ദിശ പരിശോധിക്കുമ്പോൾ ചില വേറിയ വീടുകളുടെ നിർമ്മാണ രീതിയാണ് കൂടു തലാളുകളും അവലംബിക്കുന്നത് ചിലവു കുറഞ്ഞ വീടുകളുടെ നിർമ്മാണ രീതികൾ പ്രചരിപ്പിക്കുക യും അതിനാവശ്യമായ അനുബന്ധ പ്രവർത്തന ങ്ങൾക്ക് സാഹചര്യം സൃഷ്ടിക്കേണ്ടിയിരിക്കുന്നു.

കെട്ടിടനിർമ്മാണ സാമഗ്രികളായി ഈ പഞ്ചാ യത്തിൽ പ്രധാനമായി ഉപയോഗിക്കുന്നത് കരിങ്ക ല്ല്, മണൽ, ചുടുകട്ട, സിമൻറ് കട്ട, സിമൻറ് ഹോളോബ്രിക്സ്, മിറ്റൽ എന്നിവയാണ്. വാതിലു കൾ, ജനാലകൾ, മേൽക്കൂരകൾ ഇവ നിർമിക്കു ന്നതിനായി തടി ഉപയോഗിച്ചുള്ള നിർമ്മാണരീതി യാണ് അധികവും. നമ്മുടെ നിർമ്മാണ രീതി പരി ശോധിക്കുമ്പോൾ താഴെപ്പറയുന്ന പ്രശ്നങ്ങൾ ഈ രംഗത്ത് വെല്ലുവിളി ഉയർത്തുന്നു.

1 കെട്ടിടങ്ങളുടെ തറ നിർമ്മാണത്തിനാവശ്യ മായ കരിങ്കല്ലിന്റെ ഉയർന്ന വില

2 ഭിത്തി നിർമ്മാണത്തിനാവശ്യമായ ചുടുകട്ട സിമൻറ് കട്ട എന്നിവയുടെ ഉയർന്ന വില യും സമീപ സ്ഥലങ്ങളിൽനിന്നും ലഭിക്കാ നുള്ള സാദ്ധ്യതക്കുറവും.

3 മണൽ മിറ്റൽ എന്നിവയുടെ ഉയർന്ന വില യും ലഭ്യതക്കുറവും

4 തടിയുടെ ലഭ്യതക്കുറവും ഉപയോഗരംഗത്തെ നിയമപരമായ പ്രശ്നങ്ങളും

5 നിർമ്മാണ തൊഴിലാളികളുടെ ഉയർന്ന കൂലി നിരക്ക്

6 വീടു നിർമ്മാണരംഗത്തെ വായ്പാ സൗക ര്യങ്ങളുടെ അപര്യാപ്തത

ഈ വക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ അവലംബിക്കാ വുന്നതാണ്.

1 ഭൂരഹിത കുടുംബങ്ങൾക്ക് വീടു വയ്ക്കുന്ന തിനായി പഞ്ചായത്ത് സ്ഥലം അക്വയർ ചെയ്യുകയും ആവശ്യമുള്ളവർക്ക് തവണക ളായി പണം അടച്ച് വീടും സ്ഥലവും സ്വന്ത മാക്കുവാനുള്ള അവസരങ്ങൾ സൃഷ്ടിക്കു ക.

2 ഭൂരഹിത കുടുംബങ്ങൾക്ക് സ്ഥലം അനുവ ദിക്കുകയും വീടുകൾക്ക് വായ്പ ലഭ്യമാക്കു കയും ചെയ്യുക.

3 വീടുകൾ വയ്ക്കുന്നതിനുവേണ്ടി സ്വന്തമായി സ്ഥലമുള്ള താഴ്ന്ന വരുമാനക്കാർക്ക് 50% സബ്സിഡിയോടുകൂടി വായ്പകൾ അനുവ ദിക്കുകയും വായ്പാതുക അൻപതിനായിരം രൂപയായി പരിമിതപ്പെടുത്തുകയും ചെയ്യുക.

4 കെട്ടിടനിർമ്മാണ സാമഗ്രികൾ സുലഭമാക്കു ന്നതിനുവേണ്ടി ചെറുകിട, ഇടത്തരം ചുടു

കട്ട, സിമൻറുകട്ട, ഫാക്ടറികൾ സ്ഥാപിക്കുക.

5 സിമന്റു കട്ടിളകൾ ജനാലകൾ എന്നിവ നിർമ്മിക്കുന്ന ചെറുകിട വ്യവസായ സംരഭങ്ങൾ സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കുക.

6 കമ്പിയും സിമൻറും ഒഴിവാക്കിക്കൊണ്ട് കൂടതൽ ഉറുപ്പും ഭംഗിയുമുള്ള പഴയ നിർമാണരീതിയിലേയ്ക്ക് തിരിയുക.

7 ആരോഗ്യ പരിസ്ഥിതി പ്രശ്നങ്ങൾ പരിഗണിച്ച് ആസ്ബസ്റ്റോസ് ഷീറ്റ് കെട്ടിട നിർമാണ രംഗത്തു നിന്നു ഒഴിവാക്കുക.

8 മുതൽമുടക്കു കൂടി വീടു നിർമിക്കുന്നവരിൽനിന്നും ഉയർന്ന നികുതി ഈടാക്കുകയും സംശയമുള്ളിടത്ത് കർശനമായും 'റീ-അസസ്' ചെയ്യുകയും ചെയ്യുക.

9 ഭവന നിർമാണ സഹകരണ സംഘങ്ങൾ പഞ്ചായത്ത് തലത്തിൽ രൂപീകരിക്കുക.

10 ഭവനനിർമാണ വായ്പാനടപടികൾ ലഘൂകരിക്കുക.

11 സർവ്വീസ് സഹകരണസംഘങ്ങൾ ഭവന നിർമ്മാണവായ്പ കൂടി നല്കുക.

12 കുറഞ്ഞ നിരക്കിൽ ഭവനനിർമാണ സാധനങ്ങൾ ലഭിക്കുന്നതിനുള്ള വ്യാപാരസ്ഥാപനങ്ങൾ ആരംഭിക്കുക.

13 സ്റ്റേജ് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യാൻ പഞ്ചായത്ത് മെമ്പറന്മാരെ ചുമതലപ്പെടുത്തുക.

14 എൽ.ഐ.സി ഭവനനിർമ്മാണ വായ്പകൾ പഞ്ചായത്ത് തലത്തിൽ സംഖ്യാക്രമത്തിൽ നിർണ്ണയിക്കുക.

15 രാജീവ് ദശലക്ഷപദ്ധതിയുടെ വായ്പാ പരിധി 50000 ആയി വർദ്ധിപ്പിക്കുക.

ഗ്രാമസഭാ നിർദ്ദേശങ്ങൾ അന്യത്ര ചേർത്തിട്ടുണ്ട്.

സാമൂഹ്യ ക്ഷേമം

സമൂഹത്തിലെ ദുർബല ജനവിഭാഗങ്ങളുടെ ഇടയിൽ സാമൂഹ്യക്ഷേമനടപടികൾ ശക്തിപ്പെടുത്തേണ്ടതാണ്. ജനസംഖ്യയിൽ ബഹുഭൂരിപക്ഷവും പരിമിതമായ ജീവിത സാഹചര്യത്തിൽ കഴിഞ്ഞുകൂടുന്നു.

ഈ പഞ്ചായത്തിന് സാമൂഹ്യക്ഷേമനടപടികളുടെ പ്രസക്തി വളരെ കൂടുതലാണ്. ജാതിപരമായ ഉച്ചനിചത്വം തൊഴിലില്ലായ്മ ദാരദ്ര്യം, രോഗങ്ങൾ, വാർദ്ധക്യ പ്രശ്നങ്ങൾ എന്നിവ വളരെയധികം സാമൂഹ്യ പ്രശ്നങ്ങൾക്ക് കാരണമാകുന്നു.

നിലവിലുള്ള സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ പ്രധാനമായും ഗവൺമേൻറുതലത്തിലും സന്നദ്ധ സംഘടനാതലത്തിലുമാണ് നിലവിലുള്ള പദ്ധതികൾ തീർത്തും അപര്യാപ്തവും സാങ്കേതികത്വം നിറഞ്ഞതുമാണ്. ഉദ്ദേശം 12 ശതമാനത്തോളം അതായത് 2573 ആളുകൾ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരാണ് എന്നാൽ ഈ വിഭാഗത്തിൻെറ പുരോഗതി ലാക്കാക്കിയുള്ള ഓഫീസുകളൊന്നും ഈ പഞ്ചായത്തിലില്ല. തൊഴിലുടമകളുമായി സഹകരിച്ച് ക്ഷേമപ്രവർത്തനങ്ങൾ ശക്തമല്ല. സംഘടിത ഏലത്തോട്ടം മേഖലകൾ ഒഴിച്ചാൽ ഇടത്തരം തൊഴിലുടമകൾക്കുപോലും തീരെ വിരളമാണ്. സാമൂഹ്യക്ഷേമപരിപാടികൾക്ക് മിക്കവാറും ആശ്രയിക്കേണ്ടിവരുന്ന 'വില്ലേജ് ഓഫീസ്' ഈ പഞ്ചായത്തിലില്ല. അതുപോലെതന്നെ ബ്ലോക്ക് ഡവലപ്മെൻറ് ഓഫീസിനും സാമൂഹ്യക്ഷേമരംഗത്ത് അർത്ഥവത്തായ പ്രർത്തനങ്ങൾ നടത്താൻ കഴിഞ്ഞിട്ടില്ല. I.R.D.P സർവ്വേപ്രകാരം സഹായങ്ങൾ ലഭിക്കേണ്ട കുടുംബങ്ങൾ 3800 ആണ്. ഇവയിൽത്തന്നെ 41 SC കുടുംബങ്ങളും 12 ST കുടുംബങ്ങളും ഉൾപ്പെടുന്നു. ബ്ലോക്ക് ഡവലപ്മെൻറ് ഓഫീസിന്റെ കീഴിൽ നടക്കുന്ന ട്രൈസം പദ്ധതികളിൽ ഈ പഞ്ചായത്തിൽനിന്നും തിരഞ്ഞെടുത്തവരുടെ പട്ടിക ചുവടെ ചേർക്കുന്നു.

വർഷം	പരിശീലനം ലഭിച്ചവർ
92-93	17
93-94	12
94-95	2
95-96	5
ആകെ	36

എന്നാൽ ഇവരിൽനിന്നും തൊഴിൽ കണ്ടെത്തുവാൻ സാധിച്ചവരുടെ എണ്ണം വെറും 5 പേർ മാത്രമാണ്. D.W.C.R.A പദ്ധതിപ്രകാരം ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു യൂണിറ്റുകളുടെ വിവരം താഴെ ചേർക്കുന്നു

വാർഡ്	വർഷം	തൊഴിൽ സംരംഭത്തിന്റെ എണ്ണം
1	87-88	4
8	89-90	1
3	90-91	3
10	91-92	1

ഇവയുടെ ആകെ പ്രവർത്തനം പരിശോധിച്ചാൽ തീർത്തും നാമമാത്രമാണന്ന് കാണാൻ കഴിയും പ്രതികൂലസാഹചര്യങ്ങളേയും മത്സരത്തേയും അതിജീവിക്കുവാൻ ഈ യൂണിറ്റുകൾക്ക് കഴിയുന്നില്ല. അതുപോലെതന്നെ വായ്പാ വിതരണരംഗത്ത് ദേശസാൽകൃത ബാങ്കുകളുടെ സജീവ

സാന്നിദ്ധ്യം ഈ പഞ്ചായത്തിലില്ല. IRDP വായ്പകൾ നല്കുന്ന കാര്യത്തിൽ ബാങ്കുകൾക്ക് താത്പര്യം തീരെ കുറവാണ്. വായ്പാ സൽകര്യങ്ങളുടെ കാര്യത്തിൽ കാർഷികേതര മേഖലകളെ കാര്യമായി സഹായിക്കുകവാൻ സർവ്വീസ് സഹകരണ ബാങ്കിന് കഴിയുന്നുമില്ല. ദുർബല ജനവിഭാഗങ്ങൾ ഫലപ്രദമായി വിവരങ്ങളെത്തിക്കുവാനുള്ള സംവിധാനങ്ങളൊന്നും ഈ പഞ്ചായത്തിലില്ല. പൂർണ്ണ സമയ ഗ്രാമസേവകന്മാരുടെ പ്രവർത്തനം ഈ രംഗത്ത് അത്യന്താപേക്ഷിതമാണ്.

ഏതെങ്കിലും പദ്ധതികളിലായി സാനിട്ടറി കക്കൂസുകൾ ലഭിച്ചവരുടെ എണ്ണം വെറും 314 മാത്രമാണ്. ആകെ സാനിട്ടറി സൗകര്യങ്ങൾ (കക്കൂസുകൾ) ഇനിയും ആവശ്യമുള്ള കുടുംബങ്ങൾ 3936 എണ്ണം ആണ്. ഈ പഞ്ചായത്തിൽ ബ്ലോക്ക് ഡവലപ്മെന്റ് ഓഫിസിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച ജല ആസ്ഥികൾ പലതും ഉപയോഗ യോഗ്യമോ പ്രയോജനപ്രദമോ അല്ല. ഈ പദ്ധതികൾ കൂടാതെ വില്ലേജാഫീസിൽ നിന്നുമുള്ള ക്ഷേമപ്രവർത്തനങ്ങളിൽ വിധവാപെൻഷൻ രണ്ടുപേർക്കും, കൃൻസർ രോഗത്തിനുള്ള പെൻഷൻ ഒരാൾക്കും നലികിവരുന്നു.

അംഗൻവാടികൾ:

സാമൂഹ്യക്ഷേമരംഗത്ത് ഗണ്യമായ പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കുന്ന സ്ഥാപനങ്ങളാണ് അംഗൻവാടികൾ. വനിതകളുടെ സാമൂഹ്യപിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും ഗർഭിണികളുടെയും കുട്ടികളുടെയും ആരോഗ്യപരിപാലനരംഗത്തും നിസ്തുല സേവനം അനുഷ്ഠിക്കുന്നു.

എങ്കിൽപോലും നിസ്വാർത്ഥസേവനം അനുഷ്ഠിക്കുന്ന അംഗൻവാടി ജീവനക്കാർക്ക് അർഹമായ പ്രതിഫലം ലഭിക്കുന്നില്ല എന്നുള്ളതാണ് സത്യം.

ഈ പഞ്ചായത്തിലെ ആംഗൻവാടികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

	കുട്ടികൾ		എണ്ണം
1		0–6 മാസം	153
2		6–1 വയസ്സ്	182
3		1–3 വയസ്സ്	638
4		3–5 വയസ്സ്	608
5		5–6 വയസ്സ്	262
	ആകെ		1843

കുട്ടികളുടെ ആരോഗ്യ പോഷണനിലവാരം

	1		1	3	3	6
	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ
Total	143	149	267	285	311	345
Normal92	92	170	170	187	212	
Ist	45	47	72	90	99	104
IInd	6	10	25	25	24	39
IIIrd						

പൊതുവിതരണരംഗത്ത് പ്രവർത്തിക്കേണ്ടതായ മാവേലിസ്റ്റോറുകൾ, സഹകരണസംഘങ്ങളുടെ കൺസ്യൂമർ സ്റ്റോറുകൾ എന്നിവ ഈപഞ്ചായത്തിലില്ലതന്നെ. ഈ പഞ്ചായത്തിന്റെ പരിധിയിൽ 12 റേഷൻ പൊതുവിതരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. എങ്കിലും പൊതുവിതരണരംഗത്ത് കടന്നുകൂടിയിരിക്കുന്ന വിവിധ ക്രമക്കേടുകൾ റേഷനിംഗ് സമ്പ്രദായത്തെ അവതാളത്തിലാക്കിയിരിക്കുയാണ്. അനുദിനം സാധാരണക്കാരന് പരാതികളുള്ള മേഖലായായ ഈ സംരംഭത്തിൽ ഒരു ശുദ്ധീകരണം നടത്തേണ്ടിയിരിക്കുന്നു. ബിൽവില പ്രകാരം സാധനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് മുഖേന ഉണ്ടാകേണ്ടതാണ് റേഷൻകാർഡുകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പഞ്ചായത്ത് മുഖേന പരിഹരിക്കേണ്ടതാണ്. കൂടാതെ വെങ്ങാലൂർക്കട, കിഴക്കേമാട്ടുക്കട്ട, ചന്ദ്രൻസിറ്റി മറ്റപ്പള്ളി എന്നിവടങ്ങളിൽ പുതിയ റേഷൻകടകൾ ആരംഭിക്കേണ്ടതുണ്ട്. 'മേപ്പാറയിൽ ' ഒരു മാവേലിസ്റ്റോറിന്റെ ആവശ്യം വളരെ അത്യന്താപേക്ഷിതമാണ്.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

1 ഭവനനിർമ്മാണപദ്ധതികൾ കൂടുതൽ ജനകീയവത്കരിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുക.

2 ഭവനനിർമ്മാണ സഹകരണസംഘങ്ങൾ രൂപീകരിക്കുക.

3 വീടുകൾ നിർമിക്കാൻ ആവിശ്യമായ ധനസഹായം ലഭ്യമാക്കാൻ വേണ്ടുന്ന നടപടികൾ സ്വീകരിക്കുക.

4 പട്ടയ പ്രശ്നം പരിഹരിക്കുക

5 കെട്ടിട നിർമ്മാണത്തിന് ആവശ്യമായ ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക ഞ

6 ചിലവു കുറഞ്ഞ കക്കൂസുകൾ നിർമ്മിക്കുന്നതിനുള്ള സഹായം നല്കുക.

7 വാർദ്ധക്യകാല, വിധവ, വികലാംഗ കർഷകത്തൊഴിലാ ളി പെൻഷൻ അനുവദിക്കുക

(നടപടികൾ ലഘൂകരിക്കുക)

8 ദേശസാൽകൃത ബാങ്കിന്റെ ശാഖ പഞ്ചായത്തിലാരംഭിക്കുക.

9 നിലവിലുള്ള ബാങ്കിനെ (Federal Bank) ജനകീയ വൽകരിക്കുക.

10 പഞ്ചായത്തു തലത്തിൽ സാങ്കേതിക വിദ്യാഭ്യാസ സൽകര്യങ്ങൾ മെച്ചപ്പെടുത്തുക.

11 യു.പി. സ്ക്കൂൾ അപ്ഗ്രെഡ് ചെയ്യുക

12 തൊഴിൽപരീശിലന കേന്ദ്രങ്ങൾ ആരംഭിക്കുക.

13 പഞ്ചായത്തിലൊരു ഹോമിയോ ആശുപത്രി ആരംഭിക്കുക.

14 കോഴിമലയിൽ തപാലാഫിസ് ആരംഭിക്കുക.

15 മാവേലിസ്റ്റോർ പഞ്ചായത്തിന്റെ എല്ലാ മേഖലയിലും ആരംഭിക്കുക. (ലബ്ബക്കട, മേപ്പാറ, കോഴിമല, പള്ളിക്കവല)

16 താഴ്ന്ന വരുമാനക്കാർക്ക് സൗജന്യ റേഷൻ നല്കുക.

17 സാമൂഹ്യ-സാംസ്ക്കാരിക സംഘടനകൾക്ക് സാമ്പത്തിക സഹായം നല്കുക.

18 കെട്ടിടങ്ങൾ ഇല്ലാത്ത അംഗൻവാടികൾക്ക് കെട്ടിടങ്ങൾ നിർമ്മിച്ച് നല്കുക.

19 ബൈയോഗ്യാസ് പ്ലാൻറ് നിർമിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം നല്കുക.

20 സൗരോർജ്ജ വികസന പരിപാടികൾ ഗ്രാമതലത്തിൽ നടപ്പിലാക്കുക.

21 പഞ്ചായത്തു തലത്തിൽ പൗണ്ട് നിർമിക്കുക.

22 P.H.Cയുടെ സേവനം പരമാവധി പ്രയോജനപെടുത്തുക.

23 ഹെൽത്ത് സെൻറർ ഇല്ലാത്ത വർഡുകളിൽ P.H.C. ആരംഭിക്കുക.

125 ആയൂർവേദ ആശുപത്രി സൗകര്യം പഞ്ചായത്തുതലത്തിൽ ഏർപ്പെടുത്തുക.

25 കോഴിമലയിൽ അഗ്രോ സർവ്വീസ് സെൻറർ പ്രവർത്തനക്ഷമമാക്കുക.

26 തൊഴിലാളികൾക്ക് സൗജന്യ ഇൻഷുറൻസ് ഏർപ്പെടുത്തുക.

27 വീടു നിർമ്മാണത്തിനാവശ്യമായ തടികൾ സംഭരിക്കുന്നതിനുള്ള നിയമതടസ്സം ഒഴിവാക്കുക

28 വീടു നിർമ്മാണത്തിനും മറ്റ് ആവിശ്യങ്ങൾക്ക് പട്ടയ ഉപാധി കൂടാതെ വായ്പ അനുവദിക്കുക.

29 ഇടുക്കി നിവാസികൾക്ക് ഒരു മെഡിക്കൽ കോളേജിന്റെ സൗകര്യം ലഭിക്കണമെങ്കിൽ നൂറിലധികം കിലോമീറ്റർ താണ്ടേണ്ടിയിരിക്കുന്നു. ജില്ലയുടെ പ്രത്യേക സാഹചര്യങ്ങളെ സണക്കുകിലെടുത്ത് കാഞ്ഞിയാറ്റിൽ മെഡിക്കൽ കോളേജ് സ്ഥാപിക്കുവാനുള്ള നടപടി സ്വീകരിക്കുക

30 ഔഷധ സസ്യകൃഷി പ്രോത്സാഹിപ്പിക്കു

31 അർഹതയുള്ളവർക്ക് പഞ്ചായത്തിൽ ബങ്കുകൾ അനുവദിക്കുക.

32 വൃദ്ധമന്ദിരം തുടങ്ങുവാൻ വേണ്ടിയ നടപടികൾ സ്വീകരിക്കുക.

33 പ്രധാന കേന്ദ്രങ്ങളിൽ കംഫർട്ട് സ്റ്റേഷൻ ആരംഭിക്കുക.

34 അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുക.

35 കൊതുകു നശീകരണം, എലിനശീകരണം എന്നിവ വാരമായി ആചരിക്കണം ഇതിനാവശ്യമായ വിഷവസ്തുക്കൾ സൗജന്യമായി നല്കണം

36 നിർമതിയുടെ നേതൃത്വത്തിൽ ആധുനിക ഭവന നിർമ്മാണപരിപാടികൾ ആസൂത്രണം ചെയ്യുക

37 സ്വരാജ് കേന്ദ്രമാക്കി പോലീസ് സ്റ്റേഷൻ സ്ഥാപിക്കുക.

38 ലക്ഷംവീടു കോളനികളുടെ അറ്റുകുറപണികൾ നടത്തുക.

39 പുകയില്ലാത്ത അടുപ്പുനിർമ്മാണം വ്യാപകമാക്കുക.

40 ശുചീകരണബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക

41 അംഗൻവാടികളിൽ പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തുക.

42 പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിൽ വെയ്സ്റ്റ് ഇടുന്നതിനുള്ള സൗകര്യം ഉണ്ടാക്കുക.

43 പകർച്ചവ്യാധി തടയുന്നതിനുള്ള കുത്തിവയ്പുകൾ നടത്തുക.

പൊതു നിർദ്ദേശങ്ങൾ

1 I.R.D.P. ലിസ്റ്റിൽ പേരു ഉൾപ്പെടുത്തുവാൻ കഴിയാത്തവർക്കുവേണ്ടി എല്ലാവർഷവും ലിസ്റ്റിൽ പേരുൾപ്പെടുത്താൻ അവസരം ഉണ്ടാക്കുക.

2 പഞ്ചായത്തിലെ പ്രായപൂർത്തിയായ എല്ലാ ആളുകൾക്കും ഫോട്ടോ പതിച്ച വിവിധോദ്ദേശ റവന്യൂ ഐഡന്റിറ്റി കാർഡുകൾ വിതരണം ചെയ്യുക.

3 വികസനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തുടർച്ചയായി മനുഷ്യാദ്ധ്വാനം നല്കുന്നവർക്കുവേണ്ടി ഇന്ദിരാ വികാസ് പത്രപോലുള്ള കടപ്പത്രങ്ങളും മറ്റും ഏർപ്പെടുത്തുക.

ഇത് കൂടുതൽ ആളുകളെ വികസനപ്രവർത്തനങ്ങളിലേക്ക് ആകർഷിക്കുവാൻ കഴിയും.

5-8

സംസ്ക്കാരം

അര നൂറ്റാണ്ടിലേറെക്കാലത്തെ ഒരു ചരിത്ര പശ്ചാത്തലം ഈ മലയോര ഗ്രാമത്തിനുണ്ടെങ്കിലും തനതായ ഒരു സാംസ്ക്കാരിക പാരമ്പര്യം ഇനിയും വളർത്തിയെടുക്കുവാൻ കഴിഞ്ഞിട്ടില്ല. അനുസ്മരിക്കുവാൻ ഒരു തുഞ്ചൻപ്പറമ്പോ തോന്നയ്ക്കലോ, രാഘവൽപറമ്പോ നമുക്കില്ല. ഊറ്റം കൊള്ളുവാൻ ഐതികാസിക സംഭവവികാസങ്ങളും അധികം ഒന്നുമില്ല.

സാംസ്ക്കാരമെന്നാൽ സാഹിത്യവും കലയും മാത്രമല്ല മനുഷ്യരുടെ ധാർമിക വിശ്വാസങ്ങളും മൂല്യബോധവും ആചാര-അനാചാരങ്ങളും എല്ലാം അതിൽപ്പെടും. സമന്വയമായാലും സംഘർഷമായാലും സമൂഹത്തെ ഘടിപ്പിച്ചു നിർത്തുന്നത് സംസ്ക്കാരത്തിന്റെ കണ്ണികളാണ്. കുടുംബബന്ധങ്ങളായാലും ജാതിമത കെട്ടുപാടുകളായാലും അവയെല്ലാം സാംസ്ക്കാരിക നൂലുകളാലാണ് ബന്ധിതമായിരിക്കുന്നത് മനുഷ്യ സമൂഹത്തിന്റെ അനാദികാലംമുതൽക്കുതന്നെ സംസ്ക്കാരം അതിന്റെ ഘടനയ്ക്കപ്രേരകമായും പോഷണമായും വർത്തിച്ചിരിക്കുന്നു. മതത്തിന്റെ പേരിലായാലും മാനവികതയുടെ പേരിലായാലും ധർമ്മദീഷയുടെ പേരിലായാലും മനുഷ്യരുടെ മനസ്സിൽ മാറ്റം വരുത്തു സാംസ്ക്കാരിക പരിവർത്തനത്തിലൂടെ ലോകത്തെ നന്മയിലേയ്ക്കും മേന്മയിലേയ്ക്കും നയിക്കാനാണ് ലോകോപകാരികളായ നവോത്ഥാനായകരും മതപ്രവാചകരും ശ്രമിച്ചുപോന്നിട്ടുള്ളത്.

(ജനകീയ ആസൂത്രണ പ്രസ്ഥാനം-കൈപ്പുസ്തകം രണ്ടാംഭാഗം)

കുടിയേറ്റക്കാലം മുതൽത്തന്നെ സാംസ്ക്കാരിക രംഗത്തെ ചില പ്രവർത്തനങ്ങൾക്ക് തുടക്കംകുറിച്ചെങ്കിലും അതിനൊരു നൈരന്തര്യം ഉണ്ടാക്കിയെടുക്കുവാൻ നമുക്കു കഴിയാതെ പോയി. അർഹിക്കപ്പെട്ട പ്രോത്സാഹനത്തിന്റെയും കാഴ്ചപ്പാടുകളുടെയും ഒക്കെ അഭാവത്തിൽ മിക്ക പരിശ്രമങ്ങളും അല്പായുസ്സായി പരിണമിക്കുകയാണുണ്ടായത്.

1950 കളിൽ പള്ളിക്കവല കേന്ദ്രീകരിച്ച് പ്രവർത്തനം ആരംഭിച്ചിരുന്ന P.S.S. ഗ്രന്ഥശാല ലബ്ബക്കടയിൽ പ്രവർത്തിച്ചിരുന്ന ഭാഭാ മെമ്മോറിയൽ ലൈബ്രറി വ്യക്തികളും ഗ്രൂപ്പുകളും ചേർന്നു നടത്തിയിരുന്ന നാടകാവതരണ സംരംഭങ്ങൾ പള്ളികളുടെ പെരുന്നാളുകളോടനുബന്ധിച്ച് സ്വയം പഠിച്ചു നടത്തയിരുന്ന നാടകാവതരണങ്ങൾ ഇവയൊക്കെ ഉദാഹരണങ്ങളാണ്.

1970 കളിൽ പള്ളിക്കവല പേഴുംകണ്ടം ഭാഗങ്ങളിൽ പ്രവർത്തിച്ചിരുന്ന യുവ സംഘടനകളും ഈ രംഗത്ത് ശ്രദ്ധേയമായ പ്രവർത്തനം കാഴ്ചവച്ചിട്ടുള്ളവയാണ്

അർത്ഥവത്തായ കലാസാംസ്ക്കാരിക പ്രവർത്തനങ്ങളുടെ അഭാവം ഈ ഗ്രാമത്തിന്റെ സാംസ്ക്കാരിക വളർച്ചയ്ക്ക് മുഖ്യ തടസ്സമായി നില്ക്കുന്നു. മൗലിക പ്രതിഭകളെ വാർത്തെടുക്കുന്നതിനും നിലനിർത്തുന്നതിനും അവ സമ്പത്താക്കി മാറ്റുന്നതിനും നമുക്ക് കഴിയുന്നേയില്ല.

"സംസ്ക്കാരം മനുഷരുടെ ജൈവവാസനകളെ സാമൂഹിക പ്രചോദനങ്ങളാക്കി മാറ്റുകയും അവയെ കർത്തവ്യനിരതരാക്കി ജീവിത സാക്ഷാൽക്കാരത്തിന് പ്രാപ്തരാക്കുകയും ചെയ്യുന്നു.

(ജനകീയ ആസൂത്രണ പ്രസ്ഥാനം -കൈപ്പുസ്തകം)

ജീവിച്ചിരുന്ന ചെറിയ കാലയ്ളവിനുള്ളിൽ അടുത്തിടപ്പെട്ടവരിൽ ഒരു ശരി ജീനിയിസ്സിന്റെ സാന്നിദ്ധ്യം പ്രകടമാക്കി ജീവിതത്തെയും മരണത്തെയും കുറിച്ച് ഒരുപാടു ചോദ്യങ്ങൾ അവരിൽ വളർത്തി മിന്നൽപ്പിണരിനെപ്പോലെ മൺമറഞ്ഞുപോയ 'കൊച്ചുവർഗ്ഗീസിനെ നമ്മുടെ ഗ്രാമം അറിഞ്ഞിരുന്നുവോ ആവോ?

പഞ്ചായത്തിൽ ഗ്രന്ഥകലാസംഘത്തിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന 3 ഗ്രന്ഥശാലകളും അംഗീകാരമില്ലാത്ത 3 ഗ്രന്ഥശാലകളുമുണ്ട്. കലാകായിക സംഘടനകളുടെ എണ്ണം 11 ആണ്. ഇവയുടെ പട്ടിക പ്രത്യേകം ചേർത്തിരിക്കുന്നു. സ്ഥലവിസ്തൃതിയും ജനസംഖ്യയും കണക്കിലെടുക്കുമ്പോൾ മറ്റ് കേരളീയ ഗ്രാമങ്ങളെ അപേക്ഷിച്ച് ഇവയുടെ എണ്ണം തീരെ കുറവാണ്. ഇവയുടെതന്നെ പ്രവർത്തനങ്ങളാകട്ടെ തീരെ അപര്യാപ്തവും.

ഗ്രന്ഥശാലകൾ

പത്തുവാർഡുകളുള്ള പഞ്ചായത്തിൽ അംഗീകാരമുള്ള ഗ്രന്ഥശാലകൾ 3 മാത്രം ഇവയിൽ ബി.എസ്.എസ്. ലൈബ്രറി 3-ാം വാർഡിലും കൈരളി ലൈബ്രറി നരിയംപാറ നാലാം വാർഡിലും നാഷനൽ ലൈബ്രറി കൽത്തൊട്ടി അഞ്ചാം വാർഡിലും പ്രവർത്തിക്കുന്നു.

ഗ്രന്ഥശാലകൾ

ക്രമ നമ്പർ	ഗ്രന്ഥശാലയുടെ പേര്	സ്ഥാപിച്ച വർഷം	ഗ്രേഡ്	പുസ്തകങ്ങളുടെ എണ്ണം	ശരാശരി പ്രതിമാസ വിതരണം	ആനുകാലികങ്ങളുടെ എണ്ണം	അനുബന്ധ പ്രവർത്തനങ്ങൾ
1	B.S.S. പബ്ലിക് ലൈബ്രറി കാഞ്ഞിയാർ	1973	C	3500	350	4+3	ചർച്ചകൾ സെമിനാറുകൾ
2	കൈരളി ലൈബ്രറി നരിയംപാറ	1970	E	1500	300		റിക്രിയേഷൻ ക്യാമ്പുകൾ
3	റിഫ്രഞ്ചാൻ ലൈബ്രറി ലബ്ബക്കട	1988		800			
4	നാഷണൽ ലൈബ്രറി & റീഡിംഗ് റും കൽത്തൊട്ടി	1973	B	4053	400	6	കലാ സാംസ്ക്കാരിക കായിക സെമിനാറുകൾ
5	വിഞ്ഞാൻ ലൈബ്രറി മുരിക്കാട്ടുകുടി	1989					ഇപ്പോൾ പ്രവർത്തനം ഇല്ല
6	സഞ്ചരിക്കുന്ന ലൈബ്രറി (പി.വി. മനോജ് പൊട്ടംപ്ലാക്കൽ)	1988		1500	500		

കലാസമിതികൾ ക്ലബ്ബുകൾ

ക്രമ നമ്പർ	ക്ലബ്ബുകളുടെ പേര്	സ്ഥാപിച്ച വർഷം	അംഗങ്ങളുടെ എണ്ണം	സംഗീതനാടക അക്കാദമി അംഗീകാരം	സ്പോർട്ട്സ് അഫിലിയേഷൻ	സ്വന്തമായി കെട്ടിടം ഉണ്ടോ	റ്റി.വി. റേഡിയോ	മുഖ്യ പ്രവർത്തനങ്ങൾ
1	ആൽഫാ തീയേറ്റേഴ്സ് കാഞ്ഞിയാർ	1970	25	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	നാടകം
2	നടരാജനൃത്തകലാക്ഷേത്രം വെള്ളിലാംകണ്ടം	1983	32	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ബാലെ
3	ഒയാസിസ് കാഞ്ഞിയാർ	1990	234	ഇല്ല	ഇല്ല	ഇല്ല	ഇല്ല	സാമൂഹ്യ പ്രവർത്തനം കലാപ്രവർത്തനം
4	യുവഭാരത് ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ് കാഞ്ഞിയാർ പേഴുംകണ്ടം	1983	56	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	സാമൂഹ്യപ്രവർത്തനം റിക്രിയേഷൻ
5	ജ്യോതി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ് പാമ്പാടിക്കുഴി	1995	40	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	കലാകായിക പ്രവർത്തനങ്ങൾ പുസ്തകവിതരണം
6	ജൂബിലൻറ് ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ് ചന്ദ്രൻ സിറ്റി	1991	40	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	കലാകായിക പ്രവർത്തനങ്ങൾ
7	പുലരി ആർട്ട്സ് ക്ലബ് കോഴിമല പള്ളിസിറ്റി	1992	136	ഇല്ല	ഇല്ല	ഇല്ല	ഇല്ല	കലാകായിക പ്രവർത്തനങ്ങൾ
8	പ്രമോദ് ആർട്ട്സ് ക്ലബ്ബ് കോടാലിപ്പാറ	1982	31	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	കലാകായിക പ്രവർത്തനങ്ങൾ
9	സുരഭി യുവജന ക്ലബ്ബ് പുതിയപാലം കാഞ്ഞിയാർ	1992	65	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	സാമൂഹ്യ സാംസ്ക്കാരിക പ്രവർത്തനം
10	പുലരി ആർട്ട്സ് & സ്പോർട്ട്സ് കൽത്തൊട്ടി	1992	30	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	കായിക പ്രവർത്തനം സാമൂഹ്യപ്രവർത്തനം
11	കൈരളി നാഷണൽ യൂത്തുക്ലബ് വെള്ളിലാംകണ്ടം	1992	25	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	സ്പോർട്ട്സ്, സാമൂഹ്യ പ്രവർത്തനം
12	കല്യാണപുരം നൃത്ത കലാക്ഷേത്രം കാഞ്ഞിയാർ	1989	25	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	നൃത്തരംഗം

പുസ്തങ്ങളുടെ എണ്ണം കണക്കിലെടുക്കുമ്പോൾ നാഷണൽ ലൈബ്രറി കൽത്തൊട്ടിയാണ് മുന്നിൽ. മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ കണക്കിലെടുക്കുമ്പോൾ കാഞ്ചിയാർ ബി.എസ്.എസ് ലൈബ്രറി മുന്നിട്ടു നില്ക്കുന്നു. പ്രദേശത്തിന്റെ സാംസ്ക്കാരിക മുഖം പ്രകടമാക്കുവാൻ കൈരളി ലൈബ്രറി ഇനിയും മുന്നോട്ടുപോകേണ്ടിയിരിക്കുന്നു. മറ്റു ഗ്രന്ഥശാലകൾ മിക്കവയും ഇപ്പോൾ പ്രവർത്തന രംഗത്തില്ല.

" സംസ്ക്കാരത്തിന്റെ വാഹനം കമ്യൂണിക്കേഷൻ അഥവാ സംവേദന മാധ്യമങ്ങളാണ്. സംവേദനത്തിന് മൂന്ന് രൂപങ്ങളുണ്ട്. വാമൊഴി, വരമൊഴി, ബിംബം അഥവാ ഇമേജ് (ജനകീയ അസൂത്രണ പ്രസ്ഥാനം –കൈപ്പുസ്തകം)

കലാസമിതികൾ

1 ആൽഫാ തീയേറ്റേഴ്സ് കാഞ്ചിയാർ

1970 കളിൽ നാടകരംഗത്തിന് പ്രാധാന്യം നല്കി പ്രവർത്തനം തുടങ്ങിയ ഈ സമിതി 1979ൽ രജിസ്റ്റർ ചെയ്യുകയും 1980 മുതൽ കേരള സംഗീതനാടക അക്കാദമിയുടെ അംഗീകാരത്തോടെ പ്രവർത്തിച്ചുവരികയാണ്. ശ്രീ. കെ.ജെ സെബാസ്റ്റ്യൻ കൊടുവേലിക്കാത്തിന്റെ നേതൃത്വത്തിലാണ് ആദ്യകാലപ്രവർത്തനങ്ങൾ നടന്നത്.

അമച്വർ നാടക പ്രസ്ഥാന ചരിത്രത്തിൽ ഇടുക്കിയുടെ മുഖം പ്രതിനിധാനം ചെയ്യുന്ന ഈ സമിതി ശ്രദ്ധേയങ്ങളായ നാടകാവതരണങ്ങളിലൂടെ കേരളത്തിൻതന്നെ ശ്രദ്ധിക്കപ്പെട്ട് കലാസമിതികളിലൊന്നാണ്. കാഞ്ചിയാറിന്റെ യശ്ശസ്സ് വർദ്ധിപ്പിക്കുന്നതിനും ഇടുക്കിയുടെ ചരിത്രത്തിൽ കാഞ്ചിയാറിന് നിർണ്ണായകമായ സ്ഥാനം നേടിയെടുക്കുന്നതിനും ഈ സമിതിയുടെ പ്രവർത്തനം സഹായിച്ചിട്ടുണ്ട്. നാടകരംഗത്തെ നൂതനപ്രവണതകളും പരീക്ഷണങ്ങളും എല്ലാം അപ്പപ്പോൾ ഉൾക്കൊള്ളുകയും പരീക്ഷിക്കുകയും അതിനനുസരണമായ നാടകാവതരണങ്ങളിലൂടെ ജനങ്ങളുടെ നാടകബോധത്തിനും കാര്യമായ സംഭാവനകൾ അർപ്പിക്കുന്നതിനും ഈ സമിതിയ്ക്കു കഴിഞ്ഞിട്ടുണ്ട്. 'കാക്കത്തൂവ', 'തമസ്ക്കരണം', 'കലാപം', 'രാവുണ്ണി' എടുത്തു പറയാവുന്ന ഒട്ടേറെ നാടകാവതരണങ്ങൾ ഈ സമിതി നടത്തിയിട്ടുണ്ട്. 1980കളിൽ അമച്വർ മത്സരവേദികളിൽ നിറഞ്ഞുനില്ക്കുകയും ഒട്ടേറെ സമ്മാനം നേടിയെടുക്കുയും ചെയ്തു

"പൈതൃക സങ്കല്പത്തിന്റെ മറവിൽനിന്നുകൊണ്ട് സാങ്കല്പിക ഭൂതത്തെ ആശ്ലേഷിക്കുന്ന പുനർജീവന വാദത്തോടും സാങ്കേതികവിദ്യയും മൂലധനവുംകൊണ്ടുമാത്രം ഒരു ജനതയുടെ ജീവിതത്തെ വികസിപ്പിക്കുവാൻ കഴിയുമെന്ന ശാസ്ത്രവാദത്തോടും കണക്കു തീർക്കാത്ത വികസനവും സംസ്ക്കാരവും സംബന്ധിച്ച അന്വേഷണം അസാദ്ധ്യമാണ്. (കെ.ഇ.എൻ. കുഞ്ഞഹമ്മദ്)

കേരള സംഗീതനാടക അക്കാദമയിൽ രണ്ടു തവണ ഇടുക്കിയുടെ പ്രതിനിധിയായും കേരളാഗ്രന്ഥശാലാ സംഘത്തിന്റെ സെക്രട്ടറിയായും പ്രവർത്തിച്ചിട്ടുള്ള ശ്രീ കാഞ്ചിയാർ രാജൻ ആൽഫായുടെ പ്രധാന പ്രവർത്തകരിലൊരാളാണ്. നാടകരംഗത്ത് നടനും സംവിധായകനുമായി ഇന്ന് അറിയപ്പെടുന്ന ശ്രീ ജോസ് വെട്ടിക്കുഴ, കാഞ്ചിയാർ മണി എന്നിവരൊക്കെ ഈ സമിതി അംഗങ്ങളാണ്. പ്രൊഫഷണൽ നടകരംഗത്ത് അറിയപ്പെടുന്ന ശ്രീ. ജോസഫ് ചിലമ്പൻ നാടകരംഗത്ത് വന്നത് ആൽഫായിലൂടെ ആയിരുന്നു. ശ്രീ. എം.സി. കട്ടപ്പന, ജോയി കട്ടപ്പന എന്നിവരും ഈ സമിതിയുടെ നാടകങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരാണ്. കേരളത്തിലെ അമേച്വർ നാടക സമിതികൾ നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധികൾ ആൽഫായെയും ബാധിച്ചുകൊണ്ടിരിക്കുന്നു. പിടിച്ചു നില്ക്കാൻ കൂടുതൽ സംഭാവനകൾ നല്കാൻ കൂടുതൽ ശ്രദ്ധയും പരിഗണനയും പ്രോത്സാഹനങ്ങളും ആവശ്യമായി വന്നിരിക്കുന്നു.

കേരളം ഇപ്പോൾ സ്വന്തം സ്മരണകളെ കൈയ്യൊഴിയുന്ന തിരക്കിലാണ്. രാഷ്ട്രീയ പ്രബുദ്ധതയുടെ സ്ഥാനം അടിച്ചുപൊളികൾ കയ്യേൽക്കുന്നു. എന്തിന്റെയും പരസ്യമായി മാറാൻ കഴിയുന്ന ഒരാൾ കൂട്ട സംസ്ക്കാരത്തിന്റെ വേഗത്തിലുള്ള രൂപീകരണമാണ് നടന്നുകൊണ്ടിരിക്കുന്നത്. ഒരു സാമൂഹ്യ അവസ്ഥയുടെ പരാധീനതയും പിരിമിതികെട്ടുമാണ് ഇന്നു നാം അനുഭവിക്കുന്ന രാഷ്ട്രീയവും സാംസ്ക്കാരികവുമായ ജീർണ്ണതകൾ എന്നു നാം തിരിച്ചറിയേണ്ടതാണ് (കെ.ഇ.എൻ. കുഞ്ഞഹമ്മദ്)

II നടരാജ നൃത്തകലാക്ഷേത്രം വെള്ളിലാംകണ്ടം

1983 മുതൽ വെള്ളിലാംകണ്ടം കേന്ദ്രമായി പ്രവർത്തിക്കുന്ന കലാസമിതിയാണ് ഇത് കേരള സംഗീത നാടക അക്കാദമിയുടെ അംഗീകാരം ഉണ്ടാലെ രംഗത്ത് ശ്രദ്ധേയങ്ങളായ ചില അവതരണങ്ങൾ കാഴ്ച വെയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. ജില്ലയ്ക്ക് വെളിയിൽപ്പോലും ഒട്ടേറെ അവതരണങ്ങൾ നടത്തുകയും ബാലെ പ്രേമികളുടെ ആകെ ശ്രദ്ധപിടിച്ചുപറ്റുന്നതിനും ഈ സമിതിയ്ക്ക് കഴിഞ്ഞിട്ടുണ്ട്. സാമ്പത്തിക പരാധീനതകളും അർഹമായ പ്രോത്സാഹനം ഇല്ലായ്മയും ഈ സമിതിയെയും പ്രതിസന്ധിയിലെത്തിച്ചിരിക്കുന്നു. അർഹമായ പ്രോത്സാഹനം നല്കിയാൽ ബാലെ രംഗത്തിന് ഒട്ടേറെ സംഭാവനകൾ നല്കുവാൻ കെല്പുള്ള ഒരു സംഘടനയാണിത്. താണ്ഡവം, നാറാണത്തുഭ്രാന്തൻ, അങ്കത്തട്ട്, വയനാടൻ ഗാഥ, എന്നിവയാണ് ഇവർ അവതരിപ്പിച്ച ബാലേകൾ.

മറ്റ് സാമൂഹിക സാംസ്ക്കാരിക സംഘങ്ങൾ

1990 മുതൽ കാഞ്ചിയാർ പള്ളിക്കവല കേന്ദ്രമായി പ്രവർത്തിക്കുന്ന സാമൂഹ്യസാംസ്ക്കാരിക സംഘടനയാണ് ഓയാസിസ്. സാമൂഹിക തിന്മകൾക്കെതിരെ അതിശക്തമായി പ്രതികരിച്ചുകൊണ്ടാണ് ഈ സംഘടനയുടെ അരങ്ങേറ്റം ഉപഭോക്തൃസംരക്ഷണ പ്രവർത്തനങ്ങൾ, ബോധവത്കരണജാഥകൾ, ആരോഗ്യസെമിനാറുകൾ, തെരുവു നാടകങ്ങൾ എന്നിവ കഴിഞ്ഞ കാലങ്ങളിൽ സംഘടന നടത്തിയിട്ടുള്ള ശ്രദ്ധേയങ്ങളായ പരിപാടികളാണ്.

സംഘടനയുടെ പ്രധാന പ്രവർത്തകർ ശ്രീ. പി.സി. തോമസ് പയ്യമ്പള്ളിൽ, എം.എ. മോഹനനൻ, സാബു മാത്യു, പ്രകാശ്, ജോളി പുത്തൻപുരയ്ക്കൽ, ഷൈലജൻ എന്നിവരാണ് ഈ സംഘടയുടെ ആഭീമുഖ്യത്തിൽ സംഘധ്വനി എന്ന പ്രഫഷണൽ നാടക സംഘത്തിന് രൂപം നല്കുകയും 'പൊന്നാര്യൻകുന്നിന്റെ കിന്നാരം എന്ന നാടകം അവതരിപ്പിക്കുകയും തുടർന്ന് ഏതാനും നാടകാവതരണങ്ങൾ നടത്തിയെങ്കിലും ഈ രംഗത്ത് പിടിച്ചു നില്ക്കാൻ ആയില്ല. സാമ്പത്തികശേഷിയുടെ കുറവ് പ്രോത്സാനം ഇല്ലായ്മ എന്നിവയൊക്കെ ഈ സംഘടനയുടെ മുമ്പിലും പ്രതിസ്ന്ധികൾ സൃഷ്ടിച്ചിരിക്കുന്നു.

മറ്റ് സംഘടനകൾ

ഒരു വാർഷിക ആഘോഷത്തിൽ മാത്രമായി ഒതുങ്ങി നില്ക്കുന്നവയാണ് മറ്റു സംഘടനകൾ മിക്കവയും സാമൂഹ്യമുന്നേറ്റം ലക്ഷ്യമാക്കി ചലനാത്മകവും ലക്ഷ്യബോധത്തിലധിഷ്ഠിതമായ ഒരു പ്രവർത്തനശൈലി ആവിഷ്ക്കരിക്കുന്നതിലൂടെ മാത്രമേ ഇത്തരം സംഘടനകളെ അതിന്റെ ലക്ഷ്യ പ്രാപ്തിയിലെത്തിക്കുന്നതിന് സാധിക്കുകയുള്ളു.

സംസ്ക്കാരം മനുഷ്യരുടെ ജൈവവാസനകളെ സാമൂഹ്യപ്രചോദനങ്ങളായി മാറ്റുകയും അവരെ കർത്തവ്യനിരതരായി ജീവിതസാക്ഷാത്കാരത്തിന് പ്രാപ്തരാക്കുകയും വേണം. കുറെനാളുകളായി നമ്മുടെ സാംസ്ക്കാരികരംഗം ഇത്തരം ഒരു ദൗത്യം നിർവ്വഹിക്കുന്നുണ്ടോ എന്ന് സംശയം ആണ്.

കേരളം ഇന്ന് അനേകം ജനവിരുദ്ധ ആശയങ്ങളുടെ കേന്ദ്രമായി മാറാനുള്ള കാരണം അതാണ്. ഏറിയും കുറഞ്ഞുമാണങ്കിലും നമ്മുടെ കൊച്ചു കേരളത്തിലും ഇതെല്ലാം പ്രകടമാവുന്നു. ഒന്ന് ഒച്ച വെയ്ക്കുവാൻപോലും നമുക്കു കഴിയുന്നില്ല. 'ഒന്നും ഒരുക്കലും നേരെയാവില്ല', 'എല്ലാം [illegible]പ്പാൾ നേരെയാകും', 'എന്തുസംഭവിച്ചാലും [illegible]ക്കൊന്നുമില്ല' എനിക്കു ജീവിക്കണം, അവൻ മ[illegible]ക്കൻ ജീവിക്കുവാൻ പടിച്ചവൻ ആണുങ്ങളായാൽ ഇ[illegible] വേണം എന്നൊക്കെയുള്ള ജനവിരുദ്ധ ആശയങ്ങളാണ് ഇന്ന് നമ്മേ നിയന്ത്രിക്കുന്നത് ഇത്തരം ഒരു സങ്കീർണ്ണമായ [illegible]വസ്ഥയിൽ ഒരു നവസംസ്ക്കാരം കെട്ടപ്പെടുക്കുക ശ്രമകരമാണ് അത് ബോധപൂർവ്വം ചെയ്യേണ്ടതുമാണ്.

പ്രശ്നങ്ങൾ

1 സംസ്ക്കാരവും സാഹിത്യാതി കലാരൂപങ്ങളും ഗൗരവമേറിയ മറ്റെല്ലാ ജോലികൾക്കും ശേഷം ശ്രദ്ധിക്കേണ്ട വെറും ഒരു വിശ്രമ വിനോദ യത്നം മാത്രമാണന്ന ചിന്ത.

2 ധാർമിക പ്രചോദനത്തിന് ഊന്നൽ നല്കാതെ ഭൗതിക പ്രചോദനത്തെ മാത്രം ആശ്രയിക്കുന്ന സമീപനങ്ങൾ

3 സമൂഹത്തിൽ കടന്നുകയറുന്ന ഹൂണ്ടിക സംസ്ക്കാരം–കഴുത്തറപ്പൻ പലിശ സമ്പ്രദായം

4 സന്നദ്ധസാംസ്ക്കാരിക സംഘടനകളുടെ ലക്ഷ്യംതെറ്റിയുള്ള പ്രവർത്തനശൈലി (ഉദാ: കലാസമിതികൾ നടത്തുന്നത് കായികമത്സരം. കായികസമതികൾ നടത്തുന്നത് കലാമത്സരം)

5 സന്നദ്ധസാംസ്ക്കാരികസംഘടനകളോടുള്ള അവഗണനാമനോഭാവം

6 സന്നദ്ധസാംസ്കകാരികസംഘടനകൾക്ക് ദൈനംദിനം നഷ്ടമായിക്കൊണ്ടിരിക്കുന്ന സാമൂഹ്യബന്ധം

പരിഹാരങ്ങൾ

1 സംസ്ക്കാരവും സാഹിത്യാദി കലാരൂപങ്ങളും സംബന്ധിച്ച ചിന്ത അജണ്ടയിലെ ഒന്നാമത്തെ ഇനമായില്ലങ്കിലും അവസാനത്തേതാകാതിരിക്കാൻ ബോധപൂർവ്വം ശ്രദ്ധിക്കുക.

2 ജനവിരുദ്ധ ആശയങ്ങളെ ചെറുത്തു തോല്പിക്കുക.

3 ദേവാലയങ്ങളെ എന്നപോലെ സന്നദ്ധ സാംസ്ക്കാരിക സംഘങ്ങളെയും കാത്തു സൂക്ഷിക്കുവാനുള്ള മനോഭാവം ജനങ്ങളിൽ വളർത്തുക.

4 ലക്ഷ്യബോധവും സാമൂഹ്യബന്ധവുമുള്ള പ്രവർത്തനശൈലി സ്വായത്തമാക്കുക.

5 ലൈബ്രറികളും സാമൂഹ്യസംഘടനകളും ഇല്ലാത്ത സ്ഥലങ്ങളിലെല്ലാം അത് സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.

6 നിലവിലുള്ള സ്ഥാപനങ്ങളെയെല്ലാം കോർത്തിണക്കി ഒരു ഐക്യനിര സൃഷ്ടിച്ച് പഞ്ചായത്തുതലത്തിലൊരു കേന്ദ്രസംഘത്തിന് നേതൃത്വം നല്കുക. സാമൂഹ്യമുന്നേറ്റം ലക്ഷ്യമാക്കി ചലനാത്മകവും ലക്ഷ്യാധിഷ്ടിതവുമായ സാംസ്ക്കാരികപ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുക. സാംസ്ക്കാരിക പ്രവർത്തനങ്ങൾക്കായി ഒരു വാർഷിക കലണ്ടർ ആവിഷ്ക്കരിച്ച് ഓരോ സംഘടനകൾക്കും ഓരോ പരിപാടിയുടെ ചുമതല ഏല്പിക്കുക.

7 പുതിയ ഗ്രന്ഥശാലകൾ സ്ഥാപിക്കുന്നതിനുള്ള നിലവിലുള്ള ദൂരപരിധിക്ക് കുറവു വരുത്തുക. പട്ടണ പ്രദേശങ്ങളിൽ ഇത് ജനസംഖ്യാടിസ്ഥാനത്തിലാക്കുക.

ഓർമ്മിക്കേണ്ട ചില പേരുകൾ

കലാസാഹിത്യ സാംസ്ക്കാരിക രംഗങ്ങളിൽ അമൂല്യമായ സംഭാവനകൾ നല്കിയിട്ടുള്ളവരുടെ പേരുകൾ അധികമൊന്നുമില്ലെങ്കിലും ചില പേരുകൾ സ്മരണീയമാണ്. നാടക-സാഹിത്യരംഗത്ത് ഈ പഞ്ചായത്തിന്റെ നാമധേയം സംസ്ഥാനതലങ്ങളിൽ എത്തിക്കുന്നതിൽ കാഞ്ചിയാർ രാജന്റെ പേര് പ്രത്യേകം പരാമർശിക്കുന്നു. കാഞ്ചിയാർ മോഹനൻ പി.എസ്. ഷൈലജൻ, സുരേഷ് വാഴക്കാലായിൽ എം.എം. തോമസ്സ് മുളപാറക്കുന്നേൽ, മനോജ് ചെത്തിമറ്റം എന്നിവർ സാഹത്യരംഗത്ത് ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവരാണ്. കെ.ആർ. സുകുമാരൻ (സാക്ഷരതാ പ്രസ്ഥാനം), പി.റ്റി. തോമസ്സ് പാറയിൽ (ഗ്രന്ഥശാല പ്രസ്ഥാനം) കാഞ്ചിയാർ ആലീസ് (നാടകാഭിനയം), കല്യാണപുരം ബാലൻ (നൃത്തം അഭിനയം), സോമൻ പ്ലാൻതോട്ടം (മാജിക്), പി.വി. ജോസഫ് പള്ളിയാമ്പിൽ, തപസ്യ റോയി (പരസ്യകല) ഗിരിജ നെല്ലൻകുഴി (കഥാപ്രസംഗം), കവി താമോൾ കുരുവിള ട്രി.വി. ആർട്ടിസ്റ്റ് എന്നിവരെപ്പറ്റിയും പരാമർശിക്കേണ്ടതുണ്ട്.

കായികരംഗത്ത് ജോമാത്യു ജോസഫ് പുള്ളവൻപറമ്പിൽ (കരാട്ടേ ജഗദീശ് ഓലിക്കൽ (കളരിപ്പയറ്റ്) എന്നിവരും കാർഷികരംഗത്ത് ബെന്നി തെക്കേലും (ജൈവ കീട നിയന്ത്രണം) എടുത്തുപറയേണ്ടതാണ്.

അവലംബം

1. അഭിമുഖങ്ങൾ
2. വായ്മൊഴി വിവരങ്ങൾ
3. ചരിത്രപഠനം

സംസ്ക്കാരം

ഗ്രാമസഭാ നിർദ്ദേശങ്ങൾ

1 വാർഡുതലത്തിൽ ലൈബ്രറികൾ ആരംഭിക്കുക ഉള്ളവയ്ക്ക് കൂടുതൽ സാമ്പത്തിക സഹായം നല്കുക.

2 ലൈബ്രറികളിൽ ടൂറിസവികസനത്തിനും സ്വയംതൊഴിൽ കണ്ടെത്തലിനുമായി ഇൻഫറമേഷൻ സെൻററുകളും അതൊടൊപ്പം സർക്കാർ ഗസററുകളും ലഭ്യമാക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക.

3 ആദിവാസി കലകൾ അന്യം നിന്നു പോകാതിരിക്കുവാനുള്ള സഹായങ്ങൾ ചെയ്യുക. (കൂത്ത്)

4 ലൈബ്രറികളിൽ ഓഡിയോ-വീഡിയോ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

5 പഞ്ചായത്ത് തലത്തിൽ കമ്യൂണിറ്റി ഹാളുകൾ നിർമ്മിക്കുക. (കിഴക്കേ മാട്ടുക്കട്ട, പള്ളിക്കവല, മേപ്പാറ etc.)

6 റിക്രിയേഷൻ ക്ലബ്ബുകൾ തുടങ്ങുന്നതിനുള്ള സഹായങ്ങൾ ചെയ്യുക.

7 ആനുകാലിക പ്രസിദ്ധീകരണങ്ങൾ സൗജന്യമായി ക്ലബ്ബുകളിലെത്തിക്കുക.

8 ആദിവാസികളുടെ ഇടയിലുള്ള ശൈശവവിവാഹം നിർത്തലാക്കുക.

9 മദ്യവിൽപന അവസാനിപ്പിക്കുക.

10 നാടൻ കലാരൂപങ്ങൾ ഉൾപ്പെടുത്തി പഞ്ചായത്ത് തലത്തിൽ ഫെസ്റ്റിവൽ നടത്തി വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുക.

11 സാംസ്കാരിക സ്ഥാപനങ്ങളിലെ വൈദ്യുതി ചാർജ് പഞ്ചായത്ത് വഹിക്കുക.

12 സ്ക്കൂളുകളിൽ കമ്പ്യൂട്ടർ പഠനകേന്ദ്രങ്ങൾ ആരംഭിക്കുക.

13 ദൃശ്യശ്രാവ്യ മാധ്യമങ്ങൾ ഉപയോഗിച്ചുള്ള പഠനം സ്ക്കൂളുകളിൽ ആരംഭിക്കുക

14 കലാകാരൻമാരെ പ്രോത്സാഹിപ്പിക്കുന്നതിനും വളർത്തുന്നതിനും ശാസ്ത്രീയമായ ഒരു പഠനകേന്ദ്രം ആരംഭിക്കുക.

15 പേഴുംകണ്ടത്ത് പ്രവർത്തിക്കുന്ന ക്ലബ്ബ് വായനശാലയ്ക്കായി കൈമാറുക.

16 അക്ഷരസംഘങ്ങളിലേയും ജനവിദ്യാകേന്ദ്രത്തിന്റെയും പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തുക.

17 വെങ്ങാലൂർക്കവലയിൽ വായനശാല ഇൻഫർമേഷൻ സെന്ററുകളായി പ്രവർത്തിപ്പിക്കുകയും ചെയ്യുക.

കായികസംസ്ക്കാരം

വിരലിലെണ്ണാവുന്ന കായികതാരങ്ങളെ ഒ വാക്കിയാൽ ദേശീയതലത്തിലും സംസ്ഥാനത്തിലും കായികരംഗത്ത് കാര്യമായ സംഭാവ നല്കാൻ നമ്മുടെ പഞ്ചായത്തിനു കഴിഞ്ഞിട്ടി കായികക്ഷമതയുടെ വളർച്ചയ്ക്ക് അനുകൂലമാ ഭൂമിശാസ്ത്രപരമായ സാഹചര്യങ്ങൾ (സമുദ്രനി പ്പിൽനിന്നുള്ള ഉയർച്ച, പർവ്വതങ്ങളുടെ സ്വാധീ ദുർഘടപാതകൾ മുതലായവ) ഉണ്ടായിരുന്നി അതിൽനിന്നും നേട്ടങ്ങൾ കൊയ്യാൻ കഴിയാ ദുഃഖകരമായ അവസ്ഥ മറ്റു ഹൈറേ പ്രദേശങ്ങളിലെന്നപോലെ നമ്മുടെ പഞ്ചായത്തിലും നിലനില്ക്കുന്നു

ഒരു സമൂഹത്തിൽ നടക്കുന്ന വിവിധ കായിക പ്രവർത്തനങ്ങളുടെ ഫലമായി മുഴുവൻ ജനങ്ങളിലും വളർത്തിയെടുക്കുവാ

കഴിയുന്ന സ്വഭാവവിശേഷണങ്ങളുടെ ആകെത്തുകയാണ് നാം കായികസംസ്ക്കാരം എന്ന പദംകൊണ്ട് അർത്ഥമാക്കുന്നത്. കായികപ്രവർത്തനങ്ങളിലെ ജനപങ്കാളികത്തമാണ് അതിന്റെ മുഖമുദ്ര. ചാമ്പ്യൻമാരെ സൃഷ്ടിക്കലും മെഡൽനേടലുമല്ല കായിക പ്രവർത്തനത്തനത്തിന്റെ മുഖ്യലക്ഷ്യം. സാർവ്വത്രികമായ കായികപരിശീലനം എന്നതായിരിക്കണം അതിന്റെ ഉദ്ദേശം. സ്പോർട്ട്സ് ശരീരത്തെ ശക്തമാക്കുന്നതോടൊപ്പം ധൈര്യവും ദൃഡചിത്തതയും സംഘ പ്രവർത്തന മനസ്ഥിതിയും വ്യക്തികളിൽ സൃഷ്ടിക്കുന്നു. ഇച്ഛാശക്തിയുള്ള ആത്മ വിശ്വാസമുള്ള ആരോഗ്യദൃഢഗാത്രരായ ഒരു ജനതയെ വാർത്തെടുക്കലാണ് പ്രബുദ്ധമായ കായികസംസ്ക്കാരത്തിന്റെ സാമൂഹിക കടമ. 'അവികലമായ ശരീരത്തിന്റെ അവികലമായ ഒരു മനസ്സ്' എന്നൊരു ചൊല്ലുണ്ട്. കായികസംസ്ക്കാരവും സ്പോർട്ട്സും വ്യക്തികളുടെ നേരായ വികസനത്തിൽ ഒരു നല്ല പങ്ക് വഹിക്കുന്നു. (ജനകീയ ആസൂത്രണ പ്രസ്ഥാനം കൈപ്പുസ്തകം)

കളിസ്ഥലങ്ങളുടെയും പരിശീലനസൗകര്യങ്ങളുടെയും അഭാവം മൂലം കായികരംഗത്ത് വാസനയുള്ളവരെ കണ്ടെത്താനോ പരിപാഷിപ്പിക്കുന്നതിനോ കഴിയുന്നില്ല. പ്രാഥമികതലത്തിൽ കണ്ടെത്തപ്പെടുന്ന കായികപ്രതിഭകൾക്ക് ഉന്നതവിദ്യാഭ്യാസ സൗകര്യങ്ങൾ ഇല്ലാത്തതിനാൽ ഈ രംഗത്ത് നിലനില്ക്കാൻ കഴിയുന്നില്ല.

അതുപോലെതന്നെ ഈ പഞ്ചായത്തിനു പൊതുവായുള്ള സാമ്പത്തികപിന്നോക്കാവസ്ഥമൂലം ഉണ്ടാകാവുന്ന പോഷകാഹാരക്കുറവ്, കായികക്ഷമതയുള്ളവരുടെ തൊഴിൽരംഗത്തേക്കുള്ള കൊഴിഞ്ഞുപോകൽ, ആവശ്യമായ കായികോപകരണങ്ങൾ വാങ്ങാനുള്ള ശേഷിക്കുറവ് എന്നിവ കായികവളർച്ചയ്ക്ക് തടസ്സം സൃഷ്ടിക്കുന്നു.

അതിനാൽ ആവശ്യമായ ഇടങ്ങളിൽ സ്റ്റേഡിയങ്ങൾ നിർമ്മിക്കുകയും അതൊടൊപ്പംതന്നെ കായികപരിശീലകരുടെ സേവനം ഇവിടെ ലഭ്യമാക്കുകയും വേണം. ഇതുകൂടാതെ വാർഡുതലങ്ങളിൽ സ്പോർട്ട്സ് ക്ലബ്ബുകൾ രൂപീകരിച്ച് വേണ്ട കായികോപകരണങ്ങൾ ലഭ്യമാക്കേണ്ടതാണ്. ശാരീരികവും മാനസ്സികവുമായ ആരോഗ്യത്തിന് കായികരംഗത്തിനുള്ള പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളിൽ അവബോധം വളർത്തണം. ഇതിനായി ഗ്രാമോത്സവങ്ങൾ കൂടുതൽ ജനകീയമാക്കുകയും ആവശ്യമായ ബോധവത്ക്കരണപരിപാടികൾ നടത്തുകയും വേണം. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന കായികപ്രതിഭകൾക്ക് വേണ്ട പ്രോത്സാഹനവും സാമ്പത്തികസഹായവും നല്കേണ്ടതാണ്.

ഈ പഞ്ചായത്തിലാകത്തന്നെ ഒരു കായിക സംസ്ക്കാരം വളർത്തിയെടുക്കാൽ ശ്രമിക്കേണ്ടതായിട്ടുണ്ട്.

പൊതുനിർദ്ദേശം

വാർഡുതലത്തിൽ സ്പോർട്ട്സ് ക്ലബ്ബുകൾ രൂപീകരിച്ച് അതിന്റെ പ്രതിനിധികളെ ഉൾപ്പെടുത്തി പഞ്ചായത്ത് തല സ്പോർട്ട് സമിതിക്ക് രൂപം കൊടുക്കണം. ഈ സമിതിയുടെ കീഴിൽ ഒരു കായിക പരിശീലന കേന്ദ്രം ആരംഭിക്കുകയും പഞ്ചായത്തിൽ നിടക്കുന്ന എല്ലാകായികപരിപാടികൾക്കും നേതൃത്വം നൽകേണ്ടതുമാണ്.

ഗ്രാമസഭാനിർദ്ദേശങ്ങൾ

1. പഞ്ചായത്തിൽ ആവശ്യമായ സ്ഥലങ്ങളിൽ സ്റ്റേഡിയങ്ങൾ നിർമ്മിക്കുക.
2. ആദിവാസി കായികപ്രതിഭകളെ കൂടുതൽ പോത്സാഹിപ്പിക്കുക
3. പഞ്ചായത്ത് തലത്തിൽ കായിക മത്സരങ്ങൾ നടത്തുക



5-9

വനിത

ലോകമെങ്ങും സ്ത്രീകളുടെ ഉന്നമനത്തിനു വേണ്ടി സ്ത്രീവിമോചന പ്രസ്ഥാനങ്ങൾ സജീവമായി രംഗത്തുണ്ടെങ്കിലും അതിന്റെ അലയടികൾ ഇന്നും നമ്മുടെ ഗ്രാമത്തിൽ എത്തിച്ചേർന്നിട്ടില്ല. ഈ അവസ്ഥയ്ക്ക് സാമൂഹികവും സാമ്പത്തികവുമായ പലകാരണങ്ങളും ഉണ്ട്. തികച്ചും കൃഷിയെ മാത്രം ആശ്രയിച്ചുകഴിയുന്ന ഒരു കുടിയേറ്റ ഗ്രാമം എന്ന നിലയ്ക്ക് സ്ത്രീകൾക്ക് സ്വന്തമായി വരുമാനം ഉണ്ടാക്കിയെടുക്കുവാൻ കഴിയുന്നില്ല. സമൂഹത്തിൽ 'മക്കത്തായ' സമ്പ്രദായം നിലനില്ക്കുന്ന സാഹചര്യത്തിൽ സ്വത്തിന്മേലുള്ള അവകാശം പുരുഷന്മാർക്കു ലഭിച്ചതിനാൽ കാർഷികവൃത്തിയിൽ മുടക്കുന്ന അദ്ധ്വാനംപോലും സ്വന്തം വരുമാനം ആക്കിമാറ്റുവാൻ സ്ത്രീകൾക്കു കഴിയുന്നില്ല. ഇതിൽനിന്നൊരു മോചനമാകേണ്ടിയിരുന്ന വ്യാവസായിക തൊഴിൽസാദ്ധ്യതകളാകട്ടെ ഇവിടെ ഇല്ല എന്നുതന്നെ പറയാം. ഇതുകൂടാതെ മതപരമായ സാമൂഹ്യവിലക്കുകളും പരമ്പരാഗതമായി തുടർന്നുപോരുന്ന യാഥാസ്ഥിതിക ചിന്താഗതികളെ സ്ത്രീകളെ വീടിന്റെ ഉള്ളിൽതന്നെ തളച്ചിടുവാൻ ഇടയാക്കി.

വിദ്യാഭ്യാസപരമായി ഈ പഞ്ചായത്തിലെ സ്ത്രീകൾ പുരുഷന്മാരേക്കാൾ മുമ്പിലാണെങ്കിലും അത് പ്രാഥമിക വിദ്യാഭ്യാസത്തിൽ മാത്രമായി ഒതുങ്ങിപ്പോയതിനാൽ തൊഴിൽ നേടുവാൻ പര്യാപ്തമായില്ല. സംഘടിത കാർഷിക തൊഴിൽ മേഖലയിൽ സ്ത്രീകൾക്ക് പുരുഷന്മാർക്കൊപ്പം പരിഗണന ലഭിക്കുന്നുണ്ടെങ്കിലും അസംഘടിത തൊഴിൽമേഖലകളിൽ സ്ത്രീകൾക്കെതിരായി ക്രൂരമായ അവഗണന നിലനില്ക്കുന്നു. സാമ്പത്തികമായി സ്ത്രീയെ ശക്തിപ്പെടുത്താതെ അവർക്കെതിരായി നിലനില്ക്കുന്ന സാമൂഹ്യശക്തികളെ തടയാനാവില്ല എന്നുള്ള വസ്തുത കണക്കിലെടുക്കുമ്പോൾ സ്വയംതൊഴിൽ സംരംഭങ്ങൾ പാർട്ട്ടൈം തൊഴിൽ എന്നിവയിലൂടെ സ്ത്രീകളെ സാമ്പത്തികമായി സ്വയംപര്യാപ്തനാക്കുവാനുള്ള തീവ്രയത്നം നടത്തേണ്ടതാണ്.

മറ്റെല്ലാ പ്രദേശങ്ങളിലും എന്നപോലെ സാമൂഹ്യരംഗങ്ങളിലെ സ്ത്രീകളുടെ അദൃശ്യത ഇവിടെയും പ്രകടമാകും വികസന പ്രവർത്തനങ്ങളിൽ സ്ത്രീകളുടെ സജീവ പങ്കാളിത്തംകൊണ്ടു മാത്രമേ അവർക്കെതിരെയുള്ള വിവേചനം അവസാനിക്കുകയുള്ളൂ.

ഗ്രാമസഭാനിർദ്ദേശങ്ങൾ

1 ലബ്ബക്കട ഗവ. ആശുപത്രി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തുകയും ഗൈനക്കോളജിസ്റ്റിനെയും ശിശുരോഗവിദഗ്ദ്ധനെയും നിയമിക്കുക.

2 സാധുക്കളായ യുവതികളുടെ വിവാഹത്തിന് ആവശ്യമായ സാമ്പത്തികസഹായം ചെയ്യുക.

3 ലബ്ബക്കടയിൽ ബ്യൂട്ടിപാർലർ നടത്തുന്നതിനാവശ്യമായ സഹായം ചെയ്യുക.

4 വനിതകൾക്കിടയിൽ സാക്ഷരതാ പ്രവർത്തനം സജീവമാക്കുക.

5 സ്ത്രീപീഠനങ്ങൾക്കെതിരെ നിയമനിർമ്മാണം നടത്തുക.

6 ഏകീകൃത സിവിൽകോഡ് നടപ്പിലാക്കുക.

7 വനിതകളുടെ നേതൃത്വത്തിൽ കുട്ട, പനമ്പ് നിർമ്മാണം തുടങ്ങിയ പാരമ്പര്യതൊഴിലുകൾ പ്രോത്സാഹിപ്പിക്കുക.

8 വനിതാ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക. (തയ്യൽ, റെഡിമെയ്ഡ് വസ്ത്രനെയ്ത്ത്, പുഷ്പകൃഷി കൂൺ, കോഴി)

9 വനിതാ സഹകരണസംഘങ്ങൾ ആരംഭിക്കുക.

10 വനിതാ സമാജങ്ങൾക്ക് സാമ്പത്തികസഹായം അനുവദിക്കുക.

11 മദ്യപാനം, ചീട്ടുകളി, മയക്കുമരുന്ന്, സ്ത്രീപീഠനം തുടങ്ങിയ സാമൂഹ്യ ആചാരങ്ങൾ അവസാനിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

12 സബ്സിഡി നിരക്കിൽ മൃഗസംരംക്ഷണ പദ്ധതികൾ നടപ്പിലാക്കുക. (കോഴി, ആട്, പന്നി)

13 ചിലവുകുറഞ്ഞ പരിഷത്ത് അടുപ്പുകൾ

14 കലാസാംസ്ക്കാരിക വളർച്ചയിൽ സ്ത്രീകളുടെ പ്രാതിനിത്യം ഉറപ്പുവരുത്തുക. (ബ്രാൻതബല, ഗിത്താർ, വയിലിൻ, കരാട്ടേ)

15 സ്ത്രീകളുടെ വാർദ്ധക്യകാല പെൻഷൻ

വിധവാ പെൻഷൻ എന്നിവ കാലതാമസം കൂടാതെ അനുവദിക്കുക.

16 അംഗൻവാടികൾ സ്ഥിരമായി വനിതാ ഹെൽപർമാരെ നിയമിക്കുക.

17 ഗ്രാമതലത്തിൽ ചെറുകിട വ്യവസായ സംരംഭങ്ങൾ നിർമിക്കുന്ന വസ്തുക്കൾ വിറ്റഴിക്കൽ വനിതാസംഘങ്ങളെ ഏല്പിക്കുക.

18 സ്ത്രീ സംരക്ഷണം ഉറപ്പു വരുത്തുക.

19 സ്ത്രീകൾക്ക് ബോധവത്ക്കരണ ക്ലാസ്സ് നടത്തുക.

20 വേതന നിരക്കിൽ തുല്യത പാലിക്കുക.

21 തൊഴിലവസരങ്ങൾ മുന്നിലൊന്ന് സ്ത്രീകൾക്കായി സംവരണം ചെയ്യുക.

22 വനിതാ സഹകരണ സംഘത്തിന്റെ ആഭിമുഖ്യത്തിൽ ട്യൂഷൻ സെന്ററുകൾ ആരംഭിക്കുക.

23 ഇൻറീരിയൽ ഡെക്കറേഷൻ, ബ്യൂട്ടീഷ്യൻ എന്നിവയിൽ സൗജന്യമായി പരിശീലനം നടത്തുക.

24 പഞ്ചായത്ത് തലത്തിൽ ക്രഷ് നടപ്പാക്കുക

25 വനിതാ വൃദ്ധ മന്ദിരം സ്ഥാപിക്കുക.

26 പഞ്ചായത്ത്തലത്തിൽ ഗാനമേള ട്രൂപ്പ് സംഘടിപ്പിക്കുക.

27 പൂർണ്ണമായി മദ്യനിരോധനം നടപ്പാക്കുക.

28 ലൈബ്രറി, ക്ലബ്ബുകൾ എന്നിവയുടെ ഭരണ സമിതികളിൽ സ്ത്രീകൾക്ക് നിർബന്ധിത പങ്കാളിത്തം ഉറപ്പുവരുത്തുക.

29 വാർഡുതലത്തിൽ പബ്ലിക് ഹെൽത്ത് നഴ്സ് സംവിധാനം ശക്തമാക്കുക.

30 സ്ത്രീകൾക്കുള്ള സ്വയംതൊഴിൽ സംരംഭങ്ങൾ വർദ്ധിപ്പിക്കുക.

31 തയ്യൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുക.

32 നിർദ്ധന കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് സാമ്പത്തികസഹായം നല്കുക.

33 അംഗൻവാടികളുടെ പണികൾ ധൃതഗതിയിൽ പൂർത്തിയാക്കുക.

34 മഹിളാസമാജങ്ങളുടെ കീഴിൽ ലൈബ്രറികൾ ആരംഭിക്കുക.

35 ആപ്കോസിൽ വനിതാ സംവരണം ഉറപ്പാക്കുക.

"എല്ലാവരുടേയും അത്യാവശ്യങ്ങൾ
നിറവേറ്റാൻ വേണ്ട വിഭവങ്ങൾ
ഈ പ്രകൃതിയിലുണ്ട്.
എന്നാൽ ആരുടെയും
ദുരയെ തൃപ്തിപ്പെടുത്തുവാൻ
വിഭവങ്ങളില്ലതാനും."

5-10

സഹകരണം

കാഞ്ചിയാർ പഞ്ചായത്തിൽ സഹകരണമേഖല പ്രായേണ ദുർബലമാണ്. 1961–ൽ K 164–ാം നമ്പരായി 'കാഞ്ചിയാർ സർവ്വീസ് സഹകരണ സംഘം' എന്ന പ്രസ്ഥാനം ആരംഭിച്ചതോടെയാണ് സഹകരണപ്രസ്ഥാനത്തിന് തുടക്കം കുറിച്ചത്. 'ദി കാഞ്ചിയാർ സർവ്വീസ് കോ–ഓപ്പറേറ്റീവ് ബാങ്ക് എന്ന പേരിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനം മാത്രമാണ് കാർഷിക വായ്പാ മേഖലയിൽ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഏക സഹകരണ സ്ഥാപനം. പ്രഥമ പ്രസിഡൻറ് ശ്രീമാൻ വി.കെ. നാരായണൻനായർ വരകുപ്പള്ളിൽ ആയിരുന്നു.

ഇതു കൂടാതെ വിവിധ മേഖലകളിലായി പ്രവർത്തിക്കുന്ന അഞ്ച് സഹകരണ സംഘങ്ങളും പ്രവർത്തനമില്ലാത്ത ഏതാനും സഹകരണ സംഘങ്ങളും ഉൾപ്പെടുത്തിയാൽ ഈ പഞ്ചായത്തിലെ സഹകരണ മേഖലയുടെ ചിത്രം ഏതാണ്ട് പൂർത്തിയായി.

1. കാഞ്ചിയാർ സർവ്വീസ് സഹകരണ ബാങ്ക്

കാർഷിക മേഖലയായ ഈ പഞ്ചായത്തിലെ ഏക കാർഷിക സഹകരണ ബാങ്ക് എന്ന നിലയിൽ ഈ ബാങ്കിന് നമ്മുടെ പഞ്ചായത്തിന്റെ വികസനത്തിൽ അതിപ്രധാനമായ പങ്കാണ് വഹിക്കുവാനുള്ളത്.

ഈ സംഘത്തിന് 8150 അംഗങ്ങൾ നിലവിലുണ്ടെങ്കിലും ഈ പഞ്ചായത്തിലെ 6000ന് മേലുള്ള കർഷക കുടുംബങ്ങളെ പൂർണ്ണമായും പ്രതിനിധീകരിക്കുന്നില്ല. ബാക്കിയുള്ള കുടുംബങ്ങളെക്കൂടി അംഗങ്ങളാക്കാൻ കഴിയേണ്ടതാണ്. നിലവിലുള്ള ജീവനക്കാരുടെ സേവനം പൂർണ്ണമായി വിനിയോഗിക്കാൻ സംഘത്തിന് കഴിയുന്നില്ല.

ഈ നിലയ്ക്ക് മാറ്റം വരുത്താൻ താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്യാവുന്നതാണ്.

1. കാർഷികോൽപന്നങ്ങളുടെ ശേഖരണം, വിപണനം, പൊതുവിതരണം, തുടങ്ങിയ അനുബന്ധ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകണം.
2. മേപ്പാറ, സ്വരാജ്, കോഴിമല, കൽത്തൊട്ടി, മുതലായ സ്ഥലങ്ങളിൽ ബ്രാഞ്ചുകൾ ആരംഭിക്കാമോയെന്ന് പരിശോധിക്കുക.
3. കാർഷികോൽപ്പന്നങ്ങളുടെ സംസ്ക്കരണവും അനുബന്ധ വ്യവസായങ്ങളും ആരംഭിക്കുക.
4. കാർഷിക വായ്പകൾ യഥാവസരത്തിൽ തന്നെ നല്കുകയും അത് ഉചിതമായ രീതിയിൽ തന്നെ ഉപയോഗിക്കുന്നുണ്ടോയെന്ന് ഉറപ്പു വരുത്തുകയും വേണം.
5. കൊടുക്കുന്ന വായ്പകൾ സമയപരിധിക്കുള്ളിൽ തന്നെ തിരിച്ചട്ക്കുപ്പെടുന്നുവെന്ന് ഉറപ്പു വരുത്തുക.
6. ഇത് നമ്മുടെ ബാങ്കാണെന്നുള്ള അവബോധം സഹകാരികളിൽ വളർത്തുകയും പരമാവധി നിക്ഷേപം ബാങ്കിൽ വരുത്തുവാനുള്ള നടപടികൾ സ്വീകരിക്കുകയും വേണം.

ആപ്കോസ് സംഘങ്ങൾ

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മൂന്ന് ആപ്കോസ് സംഘങ്ങളും സാമാന്യം തൃപ്തികരമായി പ്രവർത്തിക്കുന്നു. എന്നാൽ ഓരോ സംഘങ്ങളുടെയും സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിയാൽ പാലുല്പാദനത്തിൽ ഗണ്യമായ വർദ്ധന ഉണ്ടാക്കാവുന്നതാണ്. ഈ ശൈലിയിലുള്ള സംഘങ്ങൾ ലബ്ബക്കട, പള്ളിക്കവല, സ്വർണ്ണവിലാസം എന്നിവിടങ്ങളിൽ ആരംഭിക്കാവുന്നതാണ്. ഈ സംഘങ്ങളെ സംബന്ധിച്ച പട്ടിക അന്യത്ര ചേർത്തിരിക്കുന്നു.

ആപ്കോസ് സംഘങ്ങൾ

മൊത്തം ശേഖരിക്കുന്ന പാൽ ലിറ്ററിൽ	പഞ്ചായത്തിൽ വിൽക്കുന്നത്	പുറത്തേക്ക് വിൽക്കുന്നത്
കോഴിമല	100	400
നരിയമ്പാറ	200	700
കൽത്തൊട്ടി	50	550

മറ്റു സംഘങ്ങൾ

മലനാട് വെള്ളിലാംകണ്ടം	30	250
മലനാട്കാഞ്ചിയാർ	60	300
മലനാട് ലബ്ബക്കട	200	800

നിർദ്ദേശങ്ങൾ

പാലുല്പാദന മേഖലയിലെ പ്രധാന വെല്ലുവിളികൾ കാലിത്തീറ്റയുടെ വർദ്ധിച്ചുകൊണ്ടിരിക്കുന്ന വിലയും കാലികളെ ബാധിക്കുന്ന രോഗങ്ങളുമാണ്. വില നിയന്ത്രിക്കുന്നതിനായി നിലവിലുള്ള ആപ്കോസ് സംഘങ്ങളുടെ സഹകരണത്തോടെ സംയുക്താഭിമുഖ്യത്തിൽ സഹകരണാടിസ്ഥാനത്തിൽ ഒരു കാലിത്തീറ്റ ഫാക്ടറി ആരംഭിക്കാവുന്നതാണ്. രോഗങ്ങളെ ളള സംബന്ധിച്ച പൂർണ്ണവിവരങ്ങൾ മൃഗസംരക്ഷണത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

മറ്റു സംഘങ്ങൾ

ലബ്ബക്കടയിൽ പ്രവർത്തനമില്ലാതെ കിടക്കുന്ന ഡെയറി സൊസൈറ്റി പ്രവർത്തന ക്ഷമമാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആരായണം. കാഞ്ഞിയാർ ടണൽ ജംഗ്ഷനിൽ പ്രവർത്തനമാരംഭിച്ചിട്ടുള്ള ഹിൽപോ പ്ലാസ്റ്റിക് ഇൻഡസ്ട്രീയിൽ സംഘത്തിന് അനേകം അനന്ത സാദ്ധ്യതകളാണുള്ളത്. അടിയന്തിരമായി ഒരു മുഴുവൻ സമയ സെക്രട്ടറിയെ കണ്ടെത്തി പ്രവർത്തനങ്ങൾ സജീവമാക്കാവുന്നതാണ്.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. സഹകരണ മേഖലയിൽ ചെറുകിയ വ്യവസായങ്ങൾക്കുള്ള ധന സഹായം ക്രാലിത്തീറ്റ നിർമ്മാണം, കൊക്കോ, മെഴുകുതിരി, കരകൗശല വസ്തുക്കൾ, അച്ചാർ നിർമ്മാണം, ചിപ്സ്, മുളക്, മല്ലി, കൊട്ട, പരമ്പ്, പായ്)
2. തയ്യൽ, റെഡിമെയ്ഡ് വസ്ത്ര നിർമാണം ഇവയെ വനിതകളുടെ ആഭിമുഖ്യത്തിൽ വിവിധോദ്ദേശ സഹകരണ സംഘങ്ങൾ ആരംഭിക്കുക..
3. അതതു പഞ്ചായത്തുകളിൽ ഉൽപാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് വിറ്റഴിക്കുന്നതിനുള്ള വിപണന മേഖലകൾ കണ്ടെത്തുക.
4. ഒന്ന്, പത്ത് വാർഡുകളെ ലക്ഷ്യമാക്കി വന വിഭവ സഹകരണ സംഘങ്ങൾ രൂപീകരിക്കുക.
5 സഹകരണ സംഘങ്ങളിൽ നിന്നുള്ള വായ്പകൾ പരമാവധി കൃഷിക്കാർക്ക് ഉപയുക്തമാക്കുക.
6. സഹകരണ മേഖലയുടെ വിശദാംശങ്ങൾ ബോധവൽക്കരണ സെമിനാറുകളിലൂടെ വിശദമാക്കുക.
7. കുരുമുളക് കാപ്പി തുടങ്ങിയവ സഹകരണ സംഘങ്ങൾ വഴി എടുക്കുക.
8. സഹകരണാടിസ്ഥാനത്തിൽ അഞ്ചുരുളിയിൽ നിന്നും മത്സ്യം സംഭരിക്കുകയും വിപണനം നടത്താനുള്ള സംഘങ്ങൾ ആരംഭിക്കുക.
9. മേപ്പാറയിലും സ്വരാജിലും കുറഞ്ഞ വിലക്ക് സാധനങ്ങൾ ലഭ്യമാക്കാൻ സഹകരണ സ്റ്റോർ ആരംഭിക്കുക.
10 പഞ്ചായത്തിലെ പാൽ സൊസൈറ്റികളിൽ നിന്നും നീതിപൂർവ്വമായ സേവനം ലഭിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക.
11 സഹകരണ അടിസ്ഥാനത്തിൽ സാങ്കേതിക വിദ്യാലയ സൗകര്യങ്ങൾ ഏർപ്പെടുത്തുക
12. സഹകരണ അടിസ്ഥാനത്തിൽ **തടിമില്ല്** സ്ഥാപിക്കുക.
13 ചുടുകട്ട നിർമ്മാണ ഫാക്ടറി ആരംഭിക്കുക
14. കോടാലിപ്പാറയിൽ ഹരിജൻ വ്യവസായ സഹകരണ സംഘം ആരംഭിക്കുക.
15. പൊരിയോൻ കവലയിൽ ക്ഷീരോല്പാദക സംഘം
16. സ്വരാജിൽ കാലിത്തീറ്റ നിർമ്മാണ ഫാക്ടറി
17 ഈ പഞ്ചായത്തിന്റെ പരിധിക്കുള്ളിൽ സഹകരണ കോളേജ് ആരംഭിക്കണം. (JDC, HDC)
18. പാറമടത്തൊഴിലാളികൾക്കായി സഹകരണ സംഘം സ്ഥാപിക്കുക
19 കൽത്തൊട്ടിയിൽ നാണ്യവിള സംരംഭകേന്ദ്രം ആരംഭിക്കുക.
20 വ്യവസായിക പുരോഗതിയ്ക്ക് സഹകരണ സംഘങ്ങൾ വഴിയുള്ള വായ്പകൾ ഉപയുക്തമാക്കുക.
21. കരകൗശല വസ്തുക്കളുടെ ഉല്പാദനത്തിനും വിപണനത്തിനും സഹകരണ സംഘങ്ങൾ രൂപീകരിക്കുക.
22. കാലിവളർത്തലിനും പുൽകൃഷിയ്ക്കും സഹകരണ സംഘങ്ങൾ വഴി വായ്പ നൽകുക.
23. ആട്, കോഴി, പന്നി, എന്നിവയെ വളർത്തുന്നതിനുള്ള സഹകരണ സംഘങ്ങൾ രൂപീകരിക്കുക.
24. സഹകരണാടിസ്ഥാനത്തിൽ വനിതകളുടെ കുടിൽ വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുക.
25. ഏലക്കാ സംഭരണ കേന്ദ്രം ആരംഭിക്കുക.
26. മെഴുകുതിരി ഉല്പാദന സഹകരണ സംഘം ആരംഭിക്കുക.
27. മൂന്നാം വാർഡിൽ ക്ഷീരോല്പാദന സഹകരണ സംഘം ആരംഭിക്കുക.
28 പള്ളിക്കവലയിൽ ഹരിജൻ സഹകരണ സംഘം ആരംഭിക്കുക
29 സഹകരണാടിസ്ഥാനത്തിൽ പൗഡറിംഗ് യൂണിറ്റ് ആരംഭിക്കുക. (മല്ലി, മുളക്..)

5-11

പട്ടികജാതി പട്ടികവർഗ്ഗം

പൊതുവിവരണം

കാഞ്ചിയാർ പഞ്ചായത്തിൽ അധിവസിക്കുന്ന പട്ടികജാതിക്കാർ ഭൂരിഭാഗവും സംസ്ഥാനത്തിന്റെ മറ്റു ജില്ലകളിൽ നിന്നും കുടിയേറിപ്പാർത്തവരാണ്. ഇടുക്കി ജില്ല തന്നെ ഒരു കുടിയേറ്റ ജില്ലയാണല്ലോ കൂടാതെ പലപ്പോഴായി സ്ഥലം വിലയ്ക്കു വാങ്ങി വന്നവരും ഉണ്ട്. കുടിയേറ്റകാലം മുതൽ പട്ടിക ജാതിക്കാരും ഈ പഞ്ചായത്തിൽ ഉണ്ട്. പുതുക്കാട് അംബേദ്കർ ഗ്രാമം, കോടാലിപ്പാറ, കാഞ്ചിയാർ, കിടങ്ങുഭാഗം, കാവടിക്കവല, തൊപ്പിപ്പാള എന്നീ 5 പട്ടിക ജാതി കോളനികൾ ഈ പഞ്ചായത്തിലുണ്ട്. കൂടാതെ പട്ടിക ജാതിയിൽപ്പെട്ടവർ ഒറ്റതിരിഞ്ഞും താമസിക്കുന്നു. പട്ടികജാതിയിൽപ്പെട്ട 1432 പേർ (911 ലെ സെൻസസ്) ഈ പഞ്ചായത്തിൽ താമസിക്കുന്നു.ജാതിയുടെ പേരിൽ ഉള്ള ഉച്ചനീചത്വങ്ങൾ ഇന്നും ഭാഗികമായി നിലനിൽക്കുന്നു. വിവാഹമരണാനന്തര ചങ്ങുകളിൽ മറ്റു മുന്നോക്കജാതിക്കാർ തൃപ്തികരമായ രീതിയിൽ പങ്കെടുത്തു കാണുകയില്ല.

ഈ പഞ്ചായത്തിലെ പ്രബല ആദിവാസി വിഭാഗങ്ങൾ മാന്നാൻ, ഊരാളി, എന്നിവരാണ്. കൂടാതെ മലയരയർ, ഉള്ളാടർ, എന്നീ വിഭാഗത്തിൽപ്പെട്ടവരും നാമമാത്രമായി ഇവിടെ ഉണ്ട്.

ഇതിൽ മന്നാൻ വിഭാഗക്കാർ ആനേക വർഷങ്ങൾക്കു മുൻപ് തമിഴ്നാട്ടിലെ മധുര ജില്ലയിൽ നിന്നും കേരളത്തിലെ വനാന്തരങ്ങളിൽ കുടിയേറിപ്പാർക്കുകയും കാലാന്തരത്തിൽ ഈ പഞ്ചായത്തിലും വന്നു ചേരുകയും ചെയ്തു. സംസ്ഥാനത്ത് രാജാവ് നിലവിലുള്ള ഏക ആദിവാസി സമൂഹം മന്നാന്മാരാണ്. കാഞ്ചിയാർ പഞ്ചായത്തിലെ കോവിൽമലയിലാണ് രാജാവിന്റെ ആസ്ഥാനം. പ്രത്യേകമായ ആചാരരീതികളും ജീവിതരീതികളും ഈ വിഭാഗത്തിന്റെ പ്രത്യേകതയാണ് ഇവരെപ്പോലെ ഊരാളി വിഭാഗവും തമിഴ്നാട്ടിൽ നിന്നു വന്നവരാണ്. ശാന്തശീലരായ ഇവർക്ക് ഓരോ കുടിയിലും കാണിക്കാരും ഉണ്ട്.

വിദ്യാഭ്യാസ സാംസ്ക്കാരിക രംഗങ്ങളിൽ മറ്റ് ആദിവാസി വിഭാഗങ്ങളെ അപേക്ഷിച്ച് മന്നാൻ വിഭാഗം വളരെ പിന്നിലാണ്. മന്നൻ എന്ന വാക്കിൽ നിന്നാണ് മന്നാൻ എന്ന പേരുണ്ടായതെന്നു വിശ്വസിക്കുന്നു. ഈ പഞ്ചായത്തിൽ പാമ്പാടിക്കുഴി, കോഴിമല, മുരിക്കാട്ടുകുടി, കോടാലിപ്പാറ, അഞ്ചുരുളി എന്നീ ആദിവാസി കോളനികളാണുള്ളത്. കൂടാതെ കിഴക്കെ മാട്ടുക്കട്ടയിലും ആദിവാസികൾ കോളനിയായി താമസിക്കുന്നു.

ഈ പഞ്ചായത്തിൽ 1141 (1991 ലെ സെൻസസ്) ആദിവാസികൾ ഉണ്ട്.

അടിസ്ഥാന പ്രശ്നങ്ങൾ

പാർപ്പിടം

പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് പാർപ്പിട പ്രശ്നം ഒരു പ്രശ്നംമായി തന്നെ അവശേഷിക്കുന്നു. കുടിലുകളിൽ കഴിയുന്നവരാണ് അധികവും. സർക്കാരിന്റെ പല സ്കീമുകളിൽ പെടുത്തി നൽകുന്ന വീടിന്റെ ലോണുകൾ അപര്യാപ്തമാണ്. കൂടാതെ അനുവദിക്കുന്ന തുക മുഴുവനായി കിട്ടാറുമില്ല. ഉദ്യോഗസ്ഥന്മാരായിട്ടും ഇടനിലക്കാരായിട്ടും അവ തട്ടിയെടുക്കുന്നു. സർക്കാരിന്റെ ലോണുകൾ കൊണ്ടു പണി കഴിപ്പിച്ചിട്ടുള്ള വീടുകൾ പലതും ഇന്നും പൂർണ്ണതയിലെത്താതെ നിൽക്കുന്നു. കുളിമുറി കക്കൂസ് എന്നിവ ഈ വിഭാഗത്തിന് ഒരു സ്വപ്നം മാത്രമായി അവശേഷിക്കുന്നു. വിരലിലെണ്ണാവുന്ന വർക്കുമാത്രമേ ഈ സൗകര്യമുള്ളു. ഇന്നും പുൽകുടിലുകളിൽ കഴിയുന്ന ഈ ജനവിഭാഗത്തിന് സ്വന്തമായൊരു വീടെന്ന സ്വപ്നം സാക്ഷാത്ക്കരിക്കേണ്ടിയിരിക്കുന്നു.

വിദ്യാഭ്യാസ സാംസ്ക്കാരിക നിലവാരം

പട്ടികജാതിയിൽപ്പെട്ട ചിലർക്ക് ഇതുവരെയും പ്രാഥമിക വിദ്യാഭ്യാസം പോലും കിട്ടാത്തവരുണ്ട്. എന്നാൽ ആദിവാസിവിഭഗത്തിൽപ്പെട്ട ബഹു ഭൂരിപക്ഷം പേരും പ്രൈമറി തലത്തിലും അപ്പർ പ്രൈമറി തലത്തിലും വച്ചു പഠിത്തം നിർത്തുന്നു. ചുരുക്കം ചിലർ മാത്രമാണ് ഹൈസ്ക്കൂൾ തലം വരെ എത്തുന്നത്. അവരിൽ വിരലിലെണ്ണാവുന്നവർ മാത്രമാണ് ഉപരി വിദ്യാഭ്യാസഘട്ടം വരെ എത്തുന്നത്. വിദ്യാഭ്യാസ നിലവാരം കുറയാനുള്ള കാരണം ദാരിദ്ര്യം ജീവിത സാഹചര്യം എന്നിവയാണ്. കൂടാതെ വിദ്യാഭ്യാസകാര്യത്തിൽ മാതാപിതാക്കൾ കൂടുതൽ പ്രാധാന്യം കൽപ്പിക്കാറില്ല. എങ്ങനെയും ആകട്ടെ എന്നൊരു തോന്നൽ. ഈ രംഗത്ത് ബോധവൽക്കരണത്തിന്റെ ആവശ്യമുണ്ട്. സാക്ഷരതാ പരിപാടിയിലൂടെ വളരെയേറെപ്പേർ സാക്ഷരായിയെങ്കിലും തുടർച്ചയായി ആ പ്രവർത്തനങ്ങൾ നടത്തിയെ

ങ്കിലെ ആദിവാസി മേഖലയിലും പട്ടികജാതി മേഖലയിലും കാര്യമായ പുരോഗതിയുണ്ടാക്കാൻ കഴിയുകയുള്ളു. ഇപ്പോൾ നടക്കുന്ന സാക്ഷരതാ പ്രവർത്തനങ്ങൾ കുടുതൽ ഊർജ്ജിതപ്പെടുത്തുകയും തുടർവിദ്യാഭ്യാസ കേന്ദ്രങ്ങളും ഏകാദ്ധ്യാപക സ്ക്കൂളുകളും സ്ഥാപിച്ച് വിദ്യാഭ്യാസ കാര്യങ്ങൾ ശക്തമാക്കേണ്ടതാണ്. പലവിധ ചൂഷണങ്ങളിൽ നിന്നു മോചിതമാകുവാനും ഇത് അത്യാവശ്യമാണ്.

തൊഴിൽ മേഖല

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ കൂടുതലും കാർഷിക മേഖലയിൽ കൂലിപ്പണി ചെയ്ത് ഉപജീവനം നടത്തുന്നവരാണ്. കൂടാതെ റോഡു പണി, വീടുപണി തുടങ്ങിയവയിലൂടെയും കുറേപ്പേർക്ക് ഭാഗികമായി തൊഴിൽ ലഭിക്കുന്നു. ഭൂരിപക്ഷം പേർക്കും തൊഴിൽ ലഭിക്കാത്ത സാഹചര്യം നിലവിലുണ്ട്. ചില സന്ദർഭങ്ങളിൽ പഞ്ചായത്തിനു പുറത്തും ജില്ലയിലും സംസ്ഥാനം വിട്ടും പണിയ്ക്കായി പോകാറുണ്ട്. ചില ദല്ലാളന്മാരുടെ സഹായത്താൽ പണിക്കു പോകുന്ന പലർക്കും പലവിധത്തിലുള്ള ചൂഷണത്തിനു വിധേയമാകേണ്ടി വരുന്നു. പലരും തൊഴിലന്വേഷിച്ച് അലഞ്ഞുതിരിയുന്ന സന്ദർഭങ്ങളും ഉണ്ടാകാറുണ്ട്, ബഹു ഭൂരിപക്ഷത്തിനും കൃഷിസ്ഥലങ്ങൾ കുറവാണ്. ബഹു ഭൂരിപക്ഷം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കും തൊഴിലില്ലാത്ത അവസ്ഥയാണ്. നിലവിലുള്ളത് കുടിൽ വ്യവസായത്തിൽ പെട്ട കുട്ട, വട്ടി പരമ്പ്, പായ് നെയ്ത്ത് എന്നിവ നടത്തുന്ന വർക്ക് അസംസ്കൃത വസ്തുക്കൾ ലഭിക്കാത്തതിനാൽ ആരും ഏർപ്പെടാറില്ല.

പൊതു പ്രശ്നങ്ങൾ

കോളനിയിലെ അടിസ്ഥാന സൗകര്യങ്ങളായ വീട്, കക്കൂസ്, വൈദ്യുതി, ഗതാഗത യോഗ്യമായ റോഡുകൾ, പൊതു ശ്മാശാനങ്ങൾ കോളനിയിൽ കമ്മ്യൂണിറ്റി ഹാളുകൾ സാംസ്ക്കാരിക നിലയങ്ങൾ വായനശാലകൾ എന്നിവ മിക്ക കോളനികളിലും ഇല്ല. പൊതു റ്റി.വി., റേഡിയോ, പൊതുകളിസ്ഥലം, ചെറുകിട വ്യവസായ പരിശീലനകേന്ദ്രങ്ങൾ എന്നിവ കോളനികളിലില്ലാത്തതിനാൽ ടി സൗകര്യങ്ങൾ കൂടി എല്ലാ SC/ST കോളനികളിലും ഏർപ്പെടുത്തേണ്ടതാണ്.

യഥാർത്ഥ പട്ടിക ജാതിക്കാർക്കു ലഭ്യമാക്കേണ്ട ആനുകൂല്യങ്ങൾ കൃത്രിമമായി രേഖകൾ ഉണ്ടാക്കിയും മറ്റും കൈപ്പറ്റുന്ന രീതിയ്ക്കു മാറ്റമുണ്ടാക്കി യഥാർത്ഥ പട്ടികജാതിക്കാർക്ക് ടി ആനുകൂല്യങ്ങൾ ലഭ്യമാക്കണം.

പരിഹാരമാർഗ്ഗങ്ങൾ

1. പാരമ്പര്യ കലകൾ നിലനിർത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യുക
2. SC യിൽ പെട്ടവർക്കുള്ള ആനുകൂല്യങ്ങൾ യഥാർത്ഥ SCയ്ക്കു തന്നെ ലഭ്യമാക്കുവാൻ ശ്രദ്ധിക്കുക.
3. SC/ST വിഭാഗങ്ങൾക്ക് ആനുകൂല്യങ്ങൾ നൽകുന്നിതനോടൊപ്പം തന്നെ ബോധവൽക്കരണ പരിപാടികളും നടത്തുക.
4. നൽകുന്ന ധനസഹായം ദുരുപയോഗം ചെയ്യുന്നതു തടയുവാൻ നടപടികൾ ഉണ്ടാകണം.
5. വീടില്ലാത്ത പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് നിലവിൽ നൽകുന്ന വീടിനെക്കാൾ മെച്ചമായ വീടുകൾ ലഭ്യമാക്കുന്നതിനും വീടിനോടൊപ്പം കക്കൂസ്, കുളിമുറി എന്നിവ നിർമ്മിക്കുന്നതിനും ആവശ്യമായ ധനസഹായം ലഭ്യമാക്കുക.
6. പട്ടികജാതി പട്ടിക വർഗ്ഗ കോളനികളിലെ റോഡു സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും നിലവിലുള്ള റോഡുകൾ ടാർ ചെയ്യുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.
7. ബഹുഭൂരിപക്ഷം SC/ST കുടുംബങ്ങൾക്കും വൈദ്യുതി ലഭ്യമല്ലാത്തതിനാൽ വൈദ്യുതി ലഭ്യമാക്കേണ്ടതിനുള്ള നടപടികൾ സ്വീകരിക്കുക.
8. മിക്ക പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലും ശുദ്ധജലം ലഭിക്കാത്തതിനാൽ പലവിധ രോഗങ്ങളും പടർന്നു പിടിക്കാറുണ്ട്. ഇതു തടയുന്നതിനായി നിലവിലുള്ള കുളങ്ങളും കിണറുകളും വൃത്തിയായി ശുദ്ധജലമില്ലാത്ത പ്രദേശങ്ങളിൽ ശുദ്ധജലം ലഭ്യമാക്കുന്നതിനും വേണ്ട കാര്യങ്ങൾ ബന്ധപ്പെട്ട ഡിപ്പാർട്ടുമെൻറുകളും പഞ്ചായത്തും ചെയ്യേണ്ടതാണ്.
9. പഞ്ചായത്തിൽ ആകെയുള്ള 1432 പട്ടികജാതി കുടുംബങ്ങളും 1141 പട്ടകവർഗ്ഗകുടുംബങ്ങളും ഉള്ളിതിനാൽ 90% പേർക്കും കക്കൂസ് സൗകര്യം ഇല്ല. ഇവർക്ക് അടിയന്തരമായി കക്കൂസ് നിർമ്മിച്ചു നൽകേണ്ടതാണ്.
10. SC/ST. കോളനികളിൽ ഒന്നും തന്നെ കമ്മ്യൂണിറ്റിഹാളുകൾ ഇല്ലാത്തതിനാൽ കമ്മ്യൂണിറ്റിഹാൾ നിർമ്മിക്കുക.
11. SC/ST വിഭാഗങ്ങളിൽ ഒരു നല്ല ശതമാനം നിരക്ഷരരും നവസാക്ഷരരുമാണ്. ഇവർക്കു വേണ്ടി പഞ്ചായത്തിലെ എല്ലാ SC/.ST കോളനികളിലും സാക്ഷരതാ കേന്ദ്രങ്ങൾ തുടർവിദ്യാഭ്യാസ കേന്ദ്രവും ആരംഭിക്കുക.
12. ആദിവാസി സക്ഷരതാ പരിപാടികൾ ST കോളനിക ളിൽ നടപ്പിലാക്കുക.
13. കോളനികളിൽ പച്ചക്കറി കൃഷി നടപ്പിലാക്കുന്നതിനുള്ള പ്രത്യേക പരിപാടി നടപ്പിലാക്കുക.
14. പട്ടികജാതി പട്ടികവർഗ്ഗ കോളനികളിൽ ചെറുകിട കുടിൽ വ്യവസായ സംരഭങ്ങൾ ആരംഭിച്ച് കുടികളിൽ രൂക്ഷമായ തൊഴിലി

ല്ലായ്മ പ്രശ്നം പരിഹരിക്കുക.

15. റോഡുപുറമ്പോക്കുകളിലും മറ്റും താമസിക്കുന്നവരും ഭൂമിയില്ലാത്തവരുമായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരെ പുരധിവസിപ്പിക്കുന്നതിനു വേണ്ടി നടപടികൾ സ്വീകരിക്കുക.

16. പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കു നൽകുന്ന എല്ലാവിധ സർട്ടിഫിക്കറ്റുകളും ഗ്രാമ പഞ്ചായത്തിൽ നിന്നു ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടാണ്.

ഗ്രാമസഭാ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. സാക്ഷരതാ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുക.
2. പട്ടികജാതി പട്ടികവർഗ്ഗക്കാർ കൂടുതലായി താമസിക്കുന്ന സ്ഥലങ്ങൾ അവരുടെ കോളനിയാക്കുക.

   ഉരാളികുടി, പെരുമ്പടപ്പ്, 7–ാം വാർഡ് കുഞ്ഞുമല, പാമ്പാടിക്കുഴി, മുരിക്കാട്ടുകുടി കോഴിമല)
3. കുടിവെള്ള ജലസേചന സൗകര്യങ്ങൾ മെട്ടച്ചപ്പെടുത്തുക. (മൂപ്പള്ളി, കാവടിക്കവല ഭാഗം)
4. റോഡ്, വൈദ്യുതി പ്രാഥമികാവശ്യ സൗകര്യങ്ങൾ ടി പറഞ്ഞവ കോളനികളിൽ ഏർപ്പെടുത്തുക.
5. നിലവിലുള്ള ട്രൈബൽ ഹോസ്റ്റലുകൾക്ക് ആവശ്യമായ തുക വിഭവ സമാഹരണത്തിലൂടെ സമാഹരിക്കുക

   (കോടാലിപ്പാറ പോലെയുള്ള സ്ഥലങ്ങൾ എടുത്തിട്ടുള്ള പ്രദേശത്ത് കെട്ടിടം നിർമ്മിക്കുക)
6. ചെറുകിട വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള സാമ്പത്തിക സഹായം അനുവദിക്കുക. (വനിതകൾക്കും)
7. 3ാം വാർഡിലെയും ഇതരവാർഡുകളിലെയും സാംസ്ക്കാരിക നിലയങ്ങളും വിദ്യാഭ്യാസ സൗകര്യങ്ങളും വർദ്ധിപ്പിക്കുക.
8. മുരിക്കാട്ടുകുടിയിൽ പ്രവർത്തിക്കുന്ന വികാസ് കമ്മ്യൂണിറ്റിഹാൾ സൗജന്യമായി നൽകിയ സ്ഥലത്താകയാൽ പഞ്ചായത്ത് ഏറ്റെടുക്കുക.
9. പ്രാഥമിക വിദ്യാഭ്യാസ സൗകര്യങ്ങൾക്കായി കുട്ടികളുടെ പ്രാഥമികാവശ്യങ്ങൾ നടപ്പിലാക്കുക (വസ്തു, പുസ്തകം, കുട, ബുക്ക്)
10. വാർദ്ധ്യകാല പെൻഷൻ (കർഷക പെൻഷൻ)
11. കലാകായികരംഗങ്ങളിൽ അവർക്ക് വേണ്ട പ്രോത്സാഹനം നൽകുക.
12. പൊതു ശ്മശാനം അനുവദിക്കുക.
13. പെൺകുട്ടികളുടെ വിവാഹം നടത്തുന്നതിനു സാമ്പത്തിക സഹായം
14. ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള ഔദ്യോഗികതലത്തിലുള്ള അലംഭാവം ഒഴിവാക്കുക (കൃഷി, വില്ലേജ്, ആരോഗ്യം, മൃഗസംരക്ഷണം)
15. പട്ടികജാതി പട്ടികവർഗ്ഗത്തിന് തൊഴിൽ അവസരങ്ങൾക്ക് പ്രാതിനിധ്യം നൽകുക.
16. ആടുമാടുകൾക്കുള്ള സൗജന്യ ധനസഹായം അതോടൊപ്പം സൗജന്യമായി ബയോഗ്യാസ് നിർമ്മാണത്തിനുള്ള സഹായം നൽകുക.
17. മിച്ചഭൂമി വിതരണം ചെയ്യുമ്പോൾ 50 സെൻറിൽ കുറവുള്ളവർക്ക് മുൻഗണന നൽകുക.
18. പലിശയില്ലാത്ത ലോൺ സൗകര്യങ്ങൾ ഏർപ്പെടുത്തുക.
19. ദളിത് ക്രൈസ്തവസമൂഹത്തിൻെറ വാസസ്ഥലങ്ങൾ കോളനിയായി അംഗീകരിക്കുക. ടി വിഭാഗങ്ങൾക്ക് സൗജന്യ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുക.
20. ആപ് കോസ് സംഘങ്ങളിൽ SC/ST വിഭാഗത്തിന് ഭരണസമിതിയിൽ സംവരണം ഏർപ്പെടുത്തുക മേപ്പടി കോളനികളിൽ വഴിവിളക്കുകൾ സ്ഥാപിക്കുക
21. തൊഴിൽ അധിഷ്ഠിത വിദ്യാഭ്യാസം നൽകുക.
22. വാർഡ് 3ലെ അംബേദ്കർ കോളനിവികസനം ത്വരിതപ്പെടുത്തുക
23. ടി വാർഡിലെ ഗവൺമെൻറ് ട്രൈബൽ സ്ക്കൂളിൻെറ കാര്യക്ഷമത വർദ്ധിപ്പിക്കുക.
24. അന്യമായികൊണ്ടിരിക്കുന്ന ആയുർവേദ ഔഷധപ്രയോഗം സാമൂഹ്യവൽക്കരിക്കാൻ ശ്രമിക്കുക.
25 മേപ്പടി കോളനിയിൽ ക്ലബ്ബുകൾ ആരംഭിക്കുക.
26. കോഴിമല LPS, UPS ആക്കി ഉയർത്തുക
27. ആദിവാസി ജനവിഭാഗത്തിന് തൊഴിൽ സൗകര്യം വർദ്ധിപ്പിക്കാൻ പരമ്പരാഗത കൈതൊഴിൽ മേഖലകളായ കൊട്ട, പായ് പരമ്പ് എന്നിവയുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുക. ഈ തൊഴിൽ സൗകര്യം ലാക്കാക്കി ഇടുക്കി ഡാമിൻെറ കാച്ച്മെൻറ് ഏരിയാ പ്രദേശങ്ങളിൽ ഈറ്റ, തഴ ഇവ വച്ച് പിടിപ്പിക്കുക.
28. ആദിവാസികളായ വിദ്യാർത്ഥികളുടെ പഠനം പ്രത്യേകമായി വിലയിരുത്തുകയും പിന്നോക്കം നില്ക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേകം ട്യൂഷൻ നല്കുകയും ചെയ്യുക.

5-12

വിഭവ സമാഹരണം

ഈ പഞ്ചായത്തിന്റെ പ്രധാന വികസന പ്രതിസന്ധി കാർഷിക വ്യാവസായ മേഖലയുടെ പിന്നോക്കാവസ്ഥയാണ്. വൻകിട വ്യവസായിക സ്ഥാപനങ്ങൾ ഒന്നും തന്നെ ഈ പഞ്ചായത്തിൽ ഇല്ല. നാമമാത്രമായ ചെറുകിട കുടിൽ വ്യവസായ സംരംഭങ്ങളെ പഞ്ചായത്തിലുള്ളു. കാർഷിക മേഖലയിലെ ഉൽപാദനക്ഷമത സമീപ പഞ്ചായത്തുകളെ അപേക്ഷിച്ച് പിന്നിലാണ്. ഈ പിന്നോക്കാവസ്ഥയുടെ ഫലമായി തൊഴിലില്ലായ്മയും ഇതര ജീവിതപ്രശ്നങ്ങളും അതിരൂക്ഷമായി അനുഭവപ്പെടുന്നു. കാർഷിക വ്യാവസായിക മേഖലകളിലെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിലൂടെ വികസന പ്രതിസന്ധികളെ ഒരു പരിധി വരെ പരിഹരിക്കാനാവും. ജനങ്ങളുടെ ആഗ്രഹ അഭിലാഷങ്ങൾക്കനുസരിച്ച് അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാനും പഞ്ചായത്തിന്റെ വിഭവപരിമിധി അനുവദിക്കുന്നില്ല. വിഭവ ദൗർലഭ്യമല്ല മറിച്ച് അത് വേണ്ട രീതിയിൽ സമാഹരിക്കുവാൻ കഴിയാത്തതാണ് നമ്മുടെ വികസന പ്രതിസന്ധിയ്ക്ക് കാരണം. സമ്പന്നതയുടെ നടുവിലും ദാരിദ്യം എന്ന ചൊല്ല് നമുക്ക് വളരെ അന്വർത്ഥമാണ്.

ഈ പഞ്ചായത്തിലെ കൃഷിഭൂമികളിൽ പകുതിയിലേറെയും പട്ടയം ലഭിക്കാത്തതാണ്. ഇതുമൂലം കർഷകരുടെ തനതായ വിഭവസമാഹരണത്തിനും, നികുതിയിലൂടെ സർക്കാരിലേയ്ക്ക് ലഭിക്കേണ്ട വരുമാനത്തിനും സാരമായ കുറവുണ്ടാകുന്നു. ഊർജ്ജപ്രതിസന്ധിയും വായ്സൗ സൗകര്യങ്ങളുടെ അപര്യാപ്തതയും ഈ പ്രതിസന്ധിയെ മൂർച്ചിപ്പിക്കുന്ന ഘടകങ്ങളാണ് കുരുമുളക്, ഏലക്കാ തുടങ്ങിയ കാർഷികോൽപ്പാദനങ്ങളുടെ അന്യ സംസ്ഥാനങ്ങളിലേക്കുള്ള കള്ള കടത്തിലൂടെ സംസ്ഥാനത്തിനു നികുതിയിനത്തിൽ ലഭിക്കേണ്ട കോടിക്കണക്കിനു രൂപ നമുക്ക് നഷ്ടമാകുന്നു.

വരവു സംബന്ധിച്ച വിവരങ്ങൾ (95–96)

1 ഇനം	2 ധനാഭ്യർത്ഥന	3 പിരിച്ചത്	4 ബാക്കി
കെട്ടിടനികുതി	188655	147428	41227
സർവ്വീസ് ചാർജ്ജ്			
തൊഴിൽനികുതി	108413	92655	15758
വാഹന നികുതി			
അഡി.			
വിനോദ നികുതി			
പ്രദർശനനികുതി			
ചന്തവരവ്			
ലാന്റ് സെസ്സ്			
ലൈസൻസ് ഫീസ്	324	324	
കെട്ടിടനികുതി സർച്ചാർജ്			
വസ്തു കൈമാറ്റ നികുതി 75%	140139	140139	
വസ്തു കൈമാറ്റ നികുതി 25%			
സർക്കാർ ഗ്രാന്റുകളും മറ്റും ഒഴികെയുള്ള മറ്റുവരവുകൾ	79734	79734	
സംഭാവന			
ഡെപ്പോസിറ്റ്	3675	3675	
മറ്റുള്ളവ			
ആകെ	520940	463955	56985

തനതു വരുമാനങ്ങൾ പരിശോധിച്ചതിൽനിന്നും പഞ്ചായത്തിൽ ആകെ നിലവിലുള്ള കെട്ടിടങ്ങളായ 6112–ൽ 2711–ന് നികുതി വിധേയമാണ്. ഈ കെട്ടിടങ്ങൾക്കെല്ലാംകൂടി ശേഖരിക്കുന്ന നികുതി. 188655 ആണ്.

കെട്ടിടനികുതി

കെട്ടിട നികുതി നിർണ്ണയത്തിൽ അശാസ്ത്രീയത നിലനിൽക്കുന്നതുകൊണ്ട് വർഷംതോറും പഞ്ചായത്തിനു ലഭിക്കേണ്ട വരുമാനം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതിനാൽ കെട്ടിടനികുതി ശാസ്ത്രീയമായും അഴിമതിരഹിതമായും പുനർനിർണ്ണയം ചെയ്തു വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

ധനകാര്യ സ്ഥാപനങ്ങൾ

നമ്മുടെ പഞ്ചായത്തിലെ ആകെയുള്ള ധനകാര്യ സ്ഥാപനങ്ങൾ കാഞ്ഞിയാർ സർവ്വീസ് സഹകരണബാങ്കും ഫെഡറൽ ബാങ്കും ആണ്. സർവ്വീസ് സഹകരണ ബാങ്ക് ഈ ഗ്രാമത്തിൽ നിന്നും സ്വരൂപിക്കുന്ന പണത്തെക്കാൾ കൂടുതൽ ഇവിടെ വായ്പയായി വിതരണം ചെയ്യുമ്പോൾ ഇവിടുത്തെ പണത്തിന്റെ മുഖ്യ പങ്കും സമാഹരിക്കുന്ന ഷെഡ്യൂൾ ബാങ്ക് സ്വർണ്ണപ്പണയത്തിൽമേൽ നൽകുന്നതൊഴിച്ചാൽ നാമമാത്രമായ വായ്പകളെ

നൽകുന്നുള്ളു. അതിനാൽ നമ്മുടെ പണം നമ്മുടെ ഗ്രാമത്തിൽ തന്നെ വിനിയോഗിക്കുവാൻ കഴിയുന്ന സംവിധാനങ്ങളെക്കുറിച്ച് ഗൗരവമായി ആലോചിക്കുകയും ജനങ്ങളിൽ ആവശ്യമായ ബോധവൽക്കരണം നടത്തേണ്ടതുണ്ട്.

ചെലവുകൾ

നമ്മുടെ പഞ്ചായത്തിലെ വിഭവങ്ങൾ അശാസ്ത്രീയവും അനൗചിത്യവുമായ രീതിയിലാണ് ചെലവഴിക്കുന്നത്. ചെലവു സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	തുക	ശതമാനം
ഭരണം	550,860	38%
പൊതുമരാമത്ത്	636, 499	43.75%
വിദ്യാഭ്യാസം	36,306	2.5%
ജലവിതരണം, ഓട പൊതുജനാരോഗ്യം	76,609	5.25%
തെരുവുവിളക്കു കത്തിക്കുന്നതിന്	28,827	2%
മറ്റുള്ളവ	124,882	8.5
ആകെ	1,453,983	

വികസന പ്രവർത്തനങ്ങൾക്കായി നൽകുന്ന ഒരു സംഭാവന എന്ന നിലയിൽ പഞ്ചായത്തിലെ എല്ലാ വീട്ടുകാർക്കും നാമമാത്രമായെങ്കിലും നികുതി ഏർപ്പെടുത്താവുന്നതാണ്.

തൊഴിൽനികുതി

തൊഴിൽ നികുതി ഇപ്പോൾ നാമമാത്രമായ ജനവിഭാഗങ്ങളിൽ നിന്നു മാത്രമെ ഈടാക്കുന്നുള്ളു. എന്നാൽ തൊഴിൽ നികുതി പിരിക്കാവുന്ന പല മേഖലകളും നമ്മുടെ പഞ്ചായത്തിലുണ്ട്. അങ്ങനെയുള്ള ആൾക്കാരെ കണ്ടെത്തി അവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

ലൈസൻസ്ഫീസ്

പഞ്ചായത്തിലെ മുഴുവൻ വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഇനത്തിലുള്ള ആകെ വരുമാനം 3126 രൂപാ മാത്രമാണ്. ആകെ ലൈസൻസ് ഉള്ള വ്യാപാര സ്ഥാപനങ്ങളുടെ എണ്ണം 112 ആണ്. വരവും സ്ഥാപനങ്ങളുടെ എണ്ണവും കണക്കിലെടുക്കുമ്പോൾ ഇത് തീരെ കുറവാണ്. എതിനാൽ ഈ ഇനത്തിൽ ഉള്ള വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

മറ്റു ധനാഗമമാർഗ്ഗങ്ങൾ

1. പഞ്ചായത്ത് അതിർത്തിക്കുള്ളിൽ സ്ഥാപിച്ചിരിക്കുന്ന പരസ്യ ബോർഡുകൾ, ചുവർ പരസ്യങ്ങൾ എന്നിവയ്ക്ക് നികുതി ഈടാക്കേണ്ടതാണ്.
2. പഞ്ചായത്തിൽ സാദ്ധ്യമായ സ്ഥലങ്ങളിൽ കമ്മ്യൂണിറ്റി ഹാളുകൾ പണിത് വാടകയ്ക്ക് കൊടുത്ത് വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.
3. പഞ്ചായത്തിലെ മാർക്കറ്റിംഗ് സമ്പ്രദായം ഫലപ്രദമല്ലാത്തതിനാൽ അന്യ പഞ്ചായത്തുകളെയും സംസ്ഥാനങ്ങളെപ്പോലും ആശ്രയിക്കേണ്ട സ്ഥിതിയാണുള്ളത്. ഇതിന്റെ ഫലമായി പഞ്ചായത്തിന് വൻപിച്ച ധനചോർച്ച ഉണ്ടാകുന്നു. സാദ്ധ്യമായ പ്രദേശങ്ങളിലെല്ലാം പൊതുമാർക്കറ്റുകൾ തുറന്ന് ഇതിന് പരിഹാരം കാണേണ്ടതാണ്.
4. പഞ്ചായത്തിൽ ഒരു സിനിമാ തീയേറ്റർ സ്ഥാപിക്കാനുള്ള ശ്രമത്തെ പ്രോത്സാഹിപ്പിക്കേണ്ടതാണ്.
5. ഇൻഡസ്ട്രീയൽ എസ്റ്റേറ്റുകൾ സ്ഥാപിച്ച് വാടകയിനത്തിലും പരോക്ഷമായും വിഭവസമാഹരണം നടത്താവുന്നതാണ്.
6. പഞ്ചായത്തിന്റെ അധീനതയിലുള്ള പൊതുസ്ഥലങ്ങളിൽ ഫലവൃക്ഷങ്ങൾ വച്ചു പിടിപ്പിച്ച് വരുമാനം ഉണ്ടാക്കാവുന്നതാണ്.
7. നമ്മുടെ പഞ്ചായത്തിൽ ടൂറിസത്തിന് വൻസാദ്ധ്യതകളുണ്ട്. ഇതിലൂടെ വമ്പിച്ച വിഭവസമാഹരണ സാദ്ധ്യതയുണ്ട്. (വിശദാംശങ്ങൾ അന്യത്ര ചേർത്തിട്ടുണ്ട്)

മനുഷ്യാദ്ധ്വാനം

നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട വിഭവം മനുഷ്യാദ്ധ്വാനം തന്നെയാണ്. എല്ലാ ഗ്രാമസഭാ റിപ്പോർട്ടുകളിലും ഇതു സംബന്ധമായി നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. ഇത് ഫലപ്രദമായി വിനിയോഗിക്കുവാൻ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

ഓരോ വാർഡിലും അയൽക്കൂട്ടങ്ങൾ രൂപീകരിച്ച് വാർഡുതല സമിതികളായും വാർഡു തല സമിതികൾ ചേർന്ന് പഞ്ചായത്തു തല സമിതികളായും രൂപപ്പെടുത്തണം.

ഈ സമിതികളെ ഉപയോഗിച്ച് വാർഡ് പഞ്ചായത്തു തല വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കണം. ഇതുമൂലം നിലവിലുള്ള നോമിനി സമ്പ്രദായം പരിപൂർണ്ണമായി ഒഴിവാക്കാം എന്നു മാത്രമല്ല മനുഷ്യാദ്ധ്വാനം ഉൾപ്പെടെയുള്ള വിഭവങ്ങൾ സൗജന്യമായി ലഭ്യമാക്കാൻ കഴിയും

പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ പല കാരണങ്ങളാൽ തരിശായി കിടക്കുന്ന കൃഷിയോഗ്യമായ ഭൂമി കൃഷി ചെയ്യുന്നതിനു വേണ്ടി ബോധവൽക്കരണമുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

തെരുവുവിളക്കുകൾ കത്തിക്കുന്നതിനു വേണ്ടി പ്രതിവർഷം 29000ഓളം രൂപ മുടക്കുന്നുണ്ടെങ്കിലും അതിന്റെ ഗുണം ജനങ്ങൾക്ക് ഉണ്ടാകുന്നില്ല. ഇത്തരം കാര്യങ്ങൾ ഗൗരവമായി പരിശോധിക്കുകയും മുടക്കുന്ന തുക ഫലപ്രദമായി വിനിയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും വേണം.

5-13 ടൂറിസം

ഒരു വരുമാന മാർഗ്ഗം എന്ന നിലയിൽ ടൂറിസത്തിന് ഈ പഞ്ചായത്തിൽ അനേക അനന്ത സാദ്ധ്യതകളാണ് ഉള്ളത്. എന്നാൽ ഇതു പ്രയോജനപ്പെടുത്തുന്ന കാര്യത്തിൽ നാം ഒന്നുമുതൽ ആരംഭിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ടു ഈ പഞ്ചായത്തിലെ ടൂറിസം സാദ്ധ്യതകളെ സംബന്ധിച്ച് വിശദമായി വിശകലനം ചെയ്യേണ്ടിയിരിക്കുന്നു.

ഇടുക്കി തടാകത്തിന്റെ ഒരു ഗണ്യമായ ഭാഗം നമ്മുടെ പഞ്ചായത്തിൽ ഉൾപ്പെട്ടിരിക്കുന്നു. അവിടെ ടൂറിസ്റ്റ് റിസോർട്ടുകൾ, ബോട്ടിംഗ് സൗകര്യങ്ങൾ, പെഡസ്ട്രൽ ബോട്ടുകൾ, റോപ്പ്വേ മെച്ചപ്പെട്ട ഗതാഗത സൗകര്യങ്ങൾ മുതലായവ ഏർപ്പെടുത്തിയാൽ, പ്രകൃതി അതിന്റെ മുഴുവൻ സൗന്ദര്യവും കനിഞ്ഞു നൽകിയിരിക്കുന്ന ഈ തടാകവും പരിസരവും (അഞ്ചുരുളി) ആഭ്യന്തര ടൂറിസ്റ്റുകളെയും വിദേശ ടൂറിസ്റ്റുകളെയും ഒരു പോലെ ആകർഷിക്കുന്ന ഒരു വൻ ടൂറിസ്റ്റ് കേന്ദ്രമായി മാറും. ഇതിനു വേണ്ടി വിവിധ വകുപ്പുകളിൽ നിന്നും ലഭിക്കേണ്ട സഹായ സഹകരണങ്ങൾ ലഭ്യമാക്കുവാൻ നാം കൂട്ടായി ശ്രമിക്കേണ്ടതാണ്. മാത്രവുമല്ല ഇത് ഇപ്പോഴുള്ള വനനശീകരണം, വന്യജീവിനശീകരണം, അനധികൃത മത്സ്യബന്ധനം തുടങ്ങിയ ഗുരുതമായ പരിസ്ഥിതി പ്രശ്നങ്ങളെ തടയുന്നതിനു സഹായകവുമാണ്.

ഈ പഞ്ചായത്തിന്റെ മുഴുവൻ ഗാംഭീര്യവും തന്നലേക്കാവാഹിച്ച് തലയുർത്തി നിൽക്കുന്ന നരിയമ്പാറ മല അതീവ ഹൃദ്യമായ ഒരു കാഴ്ച തന്നെയാണ്. ഇതിനെ ഒരു മല കയറ്റം കേന്ദ്രമായി (ട്രക്കിംഗ്) രൂപകൽപ്പന ചെയ്താൽ ധാരാളം ടൂറിസ്റ്റുകളെ ആകർഷിക്കുവാൻ കഴിയും. ഔഷധ സസ്യ സമ്പന്നമായ ഈ മലമുകൾ ഒരു പ്രകൃതി ചികിത്സാ കേന്ദ്രമായി വികസിപ്പിക്കാവുന്നതാണ്. ഇതോടൊപ്പം തന്നെ ഒരു ഔഷധത്തോട്ടമായും വികസിപ്പിക്കാവുന്നതാണ്.

കൂടാതെ നൂറ്റാണ്ടുകൾ പഴക്കമുള്ള അയ്യപ്പൻകോവിൽ ശ്രീ ധർമ്മശാസ്താ ക്ഷേത്രം ഒരു വലിയ തീർത്ഥാടന കേന്ദ്രമാക്കി മാറ്റാവുന്നതാണ്.

കൊച്ചിടുക്കി, തേൻപാറ, കൊക്കോമല, വാളാടുപാറ, ഭീമൻചുവട്, സീതക്കയം, ഇടത്തുരുത്ത്, കരടിയള്ള് എന്നീ സ്ഥലങ്ങൾ മേൽപറഞ്ഞ ടൂറിസ്റ്റ് പാക്കേജിൽ ഉൾക്കൊള്ളിക്കാൻ പറ്റിയ പ്രദേശങ്ങളാണ്.

ഗ്രാമ സഭാ നിർദ്ദേശങ്ങൾ

1. ടൂറിസം ഫെസ്റ്റുകൾ സംഘടിപ്പിക്കുക
2. 'അഞ്ചുരുളി' കേന്ദ്രമാക്കിക്കൊണ്ട് കാഞ്ചിയാർ, പള്ളിക്കവല, ഇടത്തുരുത്ത്, അയ്യപ്പൻകോവിൽ തേൻപാറ എന്നിവിടങ്ങളിൽ ടൂറിസ്റ്റ് റിസോർട്ടുകൾ സ്ഥാപിക്കുക.
3. തട്ടാത്തിക്കുടി ടൂറിസ്റ്റ് കേന്ദ്രമാക്കി വികസിപ്പിക്കുക.

4. ഇടുക്കി ഡാമിന്റെ കാച്ച്മെൻറ് ഏറിയയും അവയോടു ചേർന്ന് തേക്കിൻ കാടുകളും ചേർന്ന് ഒരു പക്ഷി വളർത്തൽ കേന്ദ്രമാക്കിയാൽ കേരളത്തിലെ തന്നെ ഏറ്റവും പ്രമുഖ പക്ഷിവളർത്തൽ കേന്ദ്രങ്ങളിൽ ഒന്നാക്കി മാറ്റുവാൻ കഴിയും.

5-14 പരിസ്ഥിതി

പട്ടണപ്രദേശങ്ങളെ അപേക്ഷിച്ച് പരിസ്ഥിതീക പ്രശ്നങ്ങൾ നമ്മുടെ പഞ്ചായത്തിൽ പ്രത്യക്ഷത്തിൽ പ്രകടമല്ലെങ്കിലും സ്പഷ്ടമായി പരിശോധിച്ചാൽ കുറെയേറെ പ്രശ്നങ്ങൾ ഉണ്ടെന്ന് മനസ്സിലാക്കുവാൻ കഴിയും.

ഈ പഞ്ചായത്തിനെ സംബന്ധിച്ച് പ്രാധാന്യമർഹിക്കുന്ന ചില പ്രശ്നങ്ങൾ ചുവടെ ചേർക്കുന്നു.

1. ആധുനികവൽക്കരണത്തിന്റെ ഭാഗമായി പ്ലാസ്റ്റിക് സാധനങ്ങളുടെ ഉപയോഗം ക്രമാതീതമായി വർദ്ധിച്ചു വരികയാണ്. ഓരോ വീടുകളിലും ഉപയോഗിച്ചു വലിച്ചെറിയുന്ന ധാരാളം പ്ലാസ്റ്റിക് ഇനങ്ങളിൽ കാരിബാഗിന്റെ ഷ്രിമ്മിക്കൂട് കണക്കു മാത്രം മതി, ഇതുയർത്തുന്ന ഭീഷണി എത്ര വലുതാണെന്നു മനസ്സിലാക്കാൻ. ദൈനം ദിനം ഒരു കൂടെങ്കിലും ഉപയോഗിക്കാത്തവരുടെ എണ്ണം വളരെ വിരളമാണ്. ഇങ്ങനെ കണക്കു കൂട്ടുമ്പോൾ തന്നെ നമ്മുടെ പഞ്ചായത്തിൽ പ്രതിവർഷം 20 ലക്ഷത്തിൽ കൂടുതൽ കൂടുകൾ ഉപയോഗിച്ചു തള്ളുന്നതായി കാണാം.

ഒരു ഗ്രാമം എന്ന നിലയിൽ ഇതു നമ്മുടെ പഞ്ചായത്തിലെ പ്രാധാനപ്പെട്ട പരിസ്ഥിതി പ്രശ്നങ്ങളിൽ ഒന്നാണ്. വീട്ടു പിരസരങ്ങളിൽ പണിചെയ്യുന്ന കർഷകന് ഇതിന്റെര രൂക്ഷത പെട്ടന്നു ബോധ്യമാകുന്നതാണ്. പണിയിൽ തടസ്സം സൃഷ്ടിക്കുന്നു എന്നു മാത്രമല്ല മണ്ണിന്റെ ജൈവനാശത്തിനു വരെ ഇതു കാരണമാകുന്നു. അതുകൊണ്ടുതന്നെ പ്ലാസ്റ്റിക് സാധനങ്ങളുടെ ഉപയോഗം കർശനമായി നിരോധിക്കേണ്ടിയിരിക്കുന്നു. ഇതിനായി ബോധവൽക്കരണ പരിപാടികൾ ആവിഷ്ക്കരിക്കേണ്ടതാണ്.

രാസവളത്തിന്റേറയും രാസ കീടനാശിനികളുടെയും അശാസ്ത്രീയമായ ഉപയോഗം മൂലം പരാഗണ സഹായികളായ ജീവികളുടെ നാശം, സസ്യങ്ങളുടെ സ്വാഭാവീക പ്രതിരോധശേഷിയുടെ നാശം, മനുഷ്യനുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ തുടങ്ങി നിരവധി പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. അതിനാൽ പ്രകൃതിയുടെ സന്തുലിനാവസ്ഥയെ തകിടം മറിക്കുന്നു ഇവയുടെ ഉപയോഗം കുറയ്ക്കുകയും പരമാവധി ജൈവ വളങ്ങളുടെയും ജൈവകീടനാശിനികളുടെയും ഉപയോഗം വ്യാപകമാക്കേണ്ടതാണ്.

3. ഭൂമി ശാസ്ത്രപരമായ പ്രത്യേകതകളാൽ ഭൂമിയിൽ ജലത്തിന്റെ ഗണ്യമായ ഭാഗവും അപ്പോൾ തന്നെ കുത്തിയൊലിച്ചു പോകുന്നതിനാൽ ജലനഷ്ടം മാത്രമല്ല മണ്ണിന്റെ ഫലഭൂയിഷ്ടിയും നഷ്ടപ്പെടുകയും അതുവഴി പാരിസ്ഥിതിക പ്രശ്നത്തിന് കാരണമാവുകയും ചെയ്യുന്നു. ആയതിനാൽ ഇത്തരം പ്രദേശങ്ങളെ വാട്ടർ ഷെഡ് പദ്ധതി പ്രദേശമായി പ്രഖ്യാപിച്ച് സംരക്ഷിക്കേണ്ടതാണ്.

4. കർഷക ശത്രുക്കളായ ജീവികളെ നശിപ്പിച്ചു കൊണ്ടിരിക്കുന്ന കർഷക ബന്ധുക്കളായ ജീവികളുടെ (ചേരപാമ്പ്, മൂങ്ങ) നാശം കാർഷികരംഗത്തെ മറ്റൊരു പാരിസ്ഥിതിക പ്രശ്നമാണ്. ഇവകളുടെ നിലനിൽപ്പിനാവശ്യമായ ബോധവൽക്കരണ പരിപാടികളും ആവശ്യമാണ്.

ഉപസംഹാരം

വികസന ചരിത്രത്തിൽ ഒരു നാഴികക്കല്ലായി മാറിയ ജനകീയാസൂത്രണ പരിപാടിക ളുടെ ഭാഗമായുള്ള ഒന്നാം ഘട്ട പ്രവർത്തനങ്ങളുടെ വിജയകരമായി പൂർത്തിയാക്കി രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ ലക്ഷ്യമായ വികസന സെമിനാ റിന് നാം സാക്ഷ്യം വഹിക്കുകയാണ്.

അധികാരം മാത്രമല്ല, സമ്പത്തും (40% പദ്ധതി വിഹിതം) പഞ്ചായത്തുകൾക്കു നൽകുന്നതിനാൽ ജന താല്പര്യങ്ങൾ സംരക്ഷിക്കുവാൻ കഴിയുമെന്ന സ്ഥിതി വിശേഷവും വളർന്നു വന്നികയാണ്. സർക്കാർ വിഹിതം (40%) കേരള സർക്കാ വുംരിന്റെ 60% ൽപെട്ട സ്കീമുകൾ കേന്ദ്ര സർക്കാർ ഫണ്ട്, നികുതി വരുമാ നം, എല്ലാറ്റിനും പുറമെയുള്ള ജനകീയ സംഭാവനകൾ തുടങ്ങിയ വിവിധ വിക സന ശ്രോതസുകൾ നമ്മുടെ മുമ്പിലുണ്ട്. കേരളവും ഗ്രാമ പഞ്ചായത്തുകളും ഇന്നഭിമുഖീകരിക്കുന്ന വികസനപ്രതിസന്ധിക്ക് പൂർണ്ണമായില്ലങ്കിലും യുക്തികരമായ രീതിയിലുള്ള പരിഹാരം കാണാൻ ഈ പുത്തൻ ആസൂത്രണത്തിനു കഴിയു മെന്ന കാര്യത്തിൽ സംശയമില്ല, ബഹുജനപങ്കാളിത്തത്തോടുകൂടി ഫലപ്രദമായി വിനിയോഗിച്ചു കഴിയുമ്പോൾ സ്വാഭാവികമായും നിലവിലുള്ള സ്കീമുളുടേയും ഏറ്റെടുക്കുവാൻ പോകുന്ന പ്രവൃത്തികളുടെയും നടത്തിപ്പ് കാര്യക്ഷമവും ശീഘ്ര വുമാകും, ഇതിലൂടെ അഴിമതിയുടെ വാതായനങ്ങൾ ഓരോന്നും അല്പാല്പമാ യെങ്കിലും അടച്ചു പൂട്ടുന്നതിനും നമുക്കു സാധിക്കും.

ജനാധിപത്യം കേവലം വോട്ടു ചെയ്യൽ മാത്രമല്ലന്ന് നാം തിരച്ചറിയുകയാ ണ് അതിന്റെ അന്തസത്ത വാനോളം നാം ഉയർത്തിപ്പിടിക്കുവാൻ പരിശ്രമിക്കു കയാണ്. നമ്മുടെ നാളെകൾ എങ്ങനെയായിരിക്കണമെന്നും നമ്മുടെ സ്വപ്നങ്ങൾ എങ്ങനെയായിരിക്കണമെന്നും നാം തന്നെ നിശ്ചയിക്കുവാൻ പോകുകയാ ണ്.

ഭൗതിക പ്രചോദനത്തെ മാത്രം ആശ്രയിക്കാതെ, ധാർമ്മിക പ്രചോദനത്തിൽ അധിഷ്ഠിതമായതും ജനങ്ങളുടെ ഇച്ഛാശക്തിയെ കെട്ടഴിച്ചു വിടുന്നതുമായ ഒരു ബദൽ വികസന സംസ്കാരത്തിൽ ഊന്നി നിന്നു കൊണ്ട് നമുക്കു നമ്മുടെ നാളെകളെ പടുത്തുയർത്താം. ഐശ്വര്യ സമ്പൂർണ്ണമായ ഒരു ഗ്രാമീണ ജീവിതം കെട്ടിപ്പടുക്കാം.

ഈ രേഖക്കു പിന്നിൽ പ്രവർത്തിച്ച എല്ലാവരേയും നന്ദി പൂർവ്വം സ്മരിച്ചു കൊണ്ട് വിശദമായ വിശകലനത്തിനും ചർച്ചയ്ക്കും നിർദ്ദേശങ്ങൾക്കും വേണ്ടി കാഞ്ഞിയാർ പഞ്ചായത്തിലെ സമസ്ത ജന വിഭാഗങ്ങൾക്കും വേണ്ടി ഈ വിക സന രേഖ സമർപ്പിച്ചു കൊള്ളുന്നു.

ജേക്കബ് വടക്കൻ

കാഞ്ഞിയാർ ഗ്രാമ പഞ്ചായത്ത് കമ്മറ്റിക്കു വേണ്ടി

വികസന രേഖയ്ക്ക് പിന്നിൽ

ജനറൽ കൺവീനർ : കാഞ്ചിയാർ രാജൻ

ദ്വിതീയ വിവര ശേഖരണം

വത്സമ്മ ബേബി (ചെയർമാൻ)
കുമാരി ശേഖരൻ (വൈ. ചെയർമാൻ)
ജോർജ് ജോസഫ് മാമ്പറ (കൺവീനർ)
ഗോപി ഉപ്പനാംകുഴി (ജോ: കൺവീനർ)

അംഗങ്ങൾ

കെ. ജെ. ജയ്
ബിന്ദു പി. പി.
ജോയി ഈഴക്കുന്നേൽ
ഡെസ്മോൻ
റെജി വി. പി.
സി. ജെ. സാബു
കെ. ആർ. സുകുമാരൻ
എം. ആർ. പ്രസാദ്
ശ്രീദേവി രാജേന്ദ്രൻ
പി. എസ്. വിജയകുമാർ
പി. കെ. തങ്കച്ചൻ
ജയമോഹൻ
സന്ധ്യാ കെ. നായർ
സോജ താമരശേരിൽ
ശ്രീകുമാർ കൊന്നയ്ക്കൽ
സുധർമ്മ മോഹൻ
ത്രേസ്യാമ്മ ജോൺ
റജി ജോർജ്
ടി. എൻ. മുരളീധരൻ
എം. എൻ ഗോപാലകൃഷ്ണൻ
ഇ. കെ. രാജൻ
ശോഭന അപ്പു

ചരിത്ര പഠനം

വി. ആർ. ശശി (ചെയർമാൻ)
ലാലി ജോസഫ് (വൈ: ചെയർമാൻ)
റവ. കെ. രാമചന്ദ്രൻ (കൺവീനർ)
വത്സലകുമാരി (ജോ: കൺവീനർ)

അംഗങ്ങൾ

ആർ. രഘുനാഥ്
തോമസ് കുന്നേൽ
റോയി ജോൺ
എ എം. ജോർജ്
കെ. പി മാധവൻ
ലാലി ജോസഫ്
വി. പി. കുട്ടപ്പൻ നായർ

റിപ്പോർട്ട് ക്രോഡീകരണം

മധുസൂദനൻ നായർ റവ. കെ. (ചെയർമാൻ)
ജോയി കുട്ടൻ (വൈ. ചെയർമാൻ)
അഗസ്റ്റ്യൻ മാത്യു (കൺവീനർ)
പത്മകുമാരി (ജോ. കൺവീനർ)

അംഗങ്ങൾ

സന്ധ്യാ കെ നായർ
സോജ റവ. എൻ.
ഡോളിക്കുട്ടി ജോസഫ്
കുഞ്ഞമ്മ ബേബി
കെ സി ചാണ്ടി
വിൻസെന്റ് ജോസഫ്
എ. എൻ. ബാലൻ
വിജയമ്മ ശശി
സി. കെ രഘുനാഥ്
ഷാജു മുഞ്ഞനാട്ട്
റോയി ജോൺ

വിഭവ ഭൂപടം

എം. എൽ. ആഗസ്തി (ചെയർമാൻ)
എം ആർ. കൃഷ്ണൻ (വൈ. ചെയർമാൻ)
ബെന്നി തോമസ് (കൺവീനർ)
സെലിൻ തോമസ് (ജോ: കൺവീനർ)

അംഗങ്ങൾ

വി. കെ. തങ്കപ്പൻ
ആൻസി ജോസഫ്
അന്നമ്മ സ്കറിയ
ഇ. ജെ. തങ്കച്ചൻ
ബേബി ജോസഫ്
വി. വി. ജോസ്
ജിജോ ജോസ് വി.
എം. കെ. ശേഖരൻ
തങ്കമണി സുരേന്ദ്രൻ
കെ. എ. ജോണി
അന്നമ്മ മാത്യു
റോയി ജോൺ
ഇ. കെ. രാജൻ

ഡി. ആർ. പി. മാർ

അഗസ്റ്റ്യൻ മാത്യു
ബെന്നി തോമസ്
ഗോപി ഉപ്പനാംകുഴി
ടി. കെ. രാമചന്ദ്രൻ
കാഞ്ചിയാർ രാജൻ
പത്മകുമാരി
വത്സലകുമാരി
ജോർജ് ജോസഫ് മാമ്പറ
കെ. ആർ. സുകുമാരൻ



"ഇന്ത്യയുടെ ആത്മാവ്
കുടികൊള്ളുന്നത് ഗ്രാമങ്ങളിലാണ്."